വടക്കാഞ്ചേരി
BLK

# അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണ പ്രസ്ഥാനം

ഒമ്പതാം പഞ്ചവത്സര പദ്ധതി

## വേലൂർ ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട്

83-8

# വേലൂർ ഗ്രാമപഞ്ചായത്ത്
# സമഗ്ര വികസന റിപ്പോർട്ട്


| | | |
|---|---|---|
| | ആമുഖം | 2 |
| 1. | കൃഷി - ജലസേചനം | 11 |
| 2. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 25 |
| 3. | വിദ്യഭ്യാസം | 32 |
| 4. | ആരോഗ്യം, കുടിവെള്ളം, പരിസരശുചീകരണം | 38 |
| 5. | വ്യവസായം | 43 |
| 6. | ഗതാഗതം - ഊർജ്ജം - മാർക്കറ്റ് | 51 |
| 7. | ഭവന നിർമ്മാണ ക്ഷേമ പ്രവർത്തികൾ | 63 |
| 8. | സംസ്കാരം | 68 |
| 9. | വനിത | 72 |
| 10. | സഹകരണം | 75 |
| 11. | പട്ടികജാതി വികസനം | 79 |
| 12. | വിഭവ സമാഹരണം | 84 |
| 13. | ഭൂപടം | 88 |

# പൊതുവിവരങ്ങളും, ഭരണപരമായ ചരിത്രങ്ങളും.

| | | |
|---|---|---|
| 1. പഞ്ചായത്തിന്റെ പേര് | : | വേലൂർ ഗ്രാമപഞ്ചായത്ത് |
| 2. അതിലുൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | : | 1. കിരാലൂർ<br>2. വേലൂർ<br>3. തയ്യൂർ<br>4. വെള്ളാറ്റഞ്ഞൂർ |
| 3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1. മുണ്ടത്തിക്കോട്, വേലൂർ ഡിവിഷനുകൾ. |
| 4. ബ്ലോക്ക് പഞ്ചായത്ത് | : | വടക്കാഞ്ചേരി |
| 5. താലൂക്ക് | : | തലപ്പള്ളി |
| 6. ജില്ല | : | തൃശൂർ |
| 7. അസംബ്ലിമണ്ഡലം | : | വടക്കാഞ്ചേരി |
| 8. വിസ്തീർണ്ണം | : | 28.32 Sq. Km. |
| 9. ജനസഖ്യ | : | 22155 |
| 10. വാർഡുകളുടെ എണ്ണം | : | 10 |
| 11. പ്രസിഡണ്ട് | : | എ. പി. മർത്തടീച്ചർ |
| 12. വൈസ് പ്രസിഡണ്ട് | : | കെ. എ. ജോൺ |
| 13. സ്റ്റാണ്ടിങ്ങ് കമ്മിറ്റി ചെയർമാൻ | : | അഡ്വ. സി. കെ. കുഞ്ഞിപൊറിഞ്ചു |

# ആമുഖം

പ്രാദേശിക ഭൂപ്രകൃതിയും, വികസനസാദ്ധ്യതകളും, അസംസ്കൃത വസ്തുക്കളും കാലവ്യത്യാസങ്ങളും ഒന്നും കണക്കിലെടുക്കാതെ മേലെനിന്ന് രൂപപ്പെടുത്തുന്ന പദ്ധതികൾ നമ്മുടെ നാടിന്റെ വികസനത്തിന് അനുയോജ്യമല്ല. മാത്രമല്ല അത്തരം പദ്ധതികളുടെ നടത്തിപ്പിലും പൂർത്തീകരണത്തിലും വന്നിട്ടുള്ള കാലതാമസവും മറ്റും പ്രസ്തുത പദ്ധതികൾ മുഖേനയുള്ള വികസനപ്രവർത്തനങ്ങൾ അതിന്റെ ഉദ്ദേശലക്ഷ്യത്തിൽ എത്താതെ പോകുന്നു. ഗ്രാമസഭകളിലെ സജീവ ചർച്ചയുടെ പരിസമാപ്തിയിൽ ഉയർന്നു വന്നിട്ടുള്ള വികസനക്ഷേമനിർദ്ദേശങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടു കൂടി അതാത് പ്രദേശത്തന്റെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ രൂപപ്പെടുത്തിക്കഴിഞ്ഞ ഒമ്പതാം പദ്ധതിക്കുള്ള കരട്രേഖ ചർച്ച ചെയത് നടപ്പിലാക്കുമ്പോൾ മുൻകാല ആസൂത്രണ നിർവ്വഹണത്തിൽ വന്ന് ചേർന്ന പോരായ്മകളും പാകപിഴവുകളും പരിഹരിച്ചുകൊണ്ട് ഒരു പുതിയ വികസന സംസ്കാരത്തിന് തുടക്കം കുറിക്കുവാൻ കഴിയുന്നു എന്നതാണ് ഈ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രത്യേകത. ജനകീയ സഹകരണത്തോടുകൂടി ഈ സമ്പ്രദായം വിജയിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ പ്രധാന പ്രശ്നങ്ങളായ കാർഷികരംഗത്ത് ഇന്ന് കാണുന്ന മുരടിപ്പും, വ്യവസായരംഗത്ത് അനുഭവപ്പെടുന്ന വളർച്ചക്കുറവും രൂക്ഷമായ തൊഴിലില്ലായ്മയും ഒരു പരിധിവരെ പരിഹരിയ്ക്കുവാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

വികേന്ദ്രീകൃത ആസൂത്രണം സംബന്ധിച്ച പഞ്ചായത്ത്തല ഏകദിന പരിശീലനപരിപാടി 1996 സെപ്തംബർ 12ന്നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ തിരഞ്ഞെടുക്കപ്പെട്ട 105 അംഗങ്ങളും ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് ഭാരവാഹികളും അംഗങ്ങളും, ജില്ലാതലത്തിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സണും, പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. തുടർന്ന് 1996 സെപ്തംബർ 14, 15, 21, 22, 29 തിയതികളിലായി അവധി ദിവസങ്ങളിൽ മാത്രം ഗ്രാമസഭകളുടെ വാർഡ്തോറുമുള്ള പ്രത്യേക യോഗങ്ങൾ വിളിച്ചുകൂട്ടുകയും ചെയ്തു. വാർഡ് മെമ്പർമാർ ആശംസകൾ അർപ്പിച്ചതോടെ ആരംഭിച്ച യോഗങ്ങളിൽ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷത വഹിക്കുകയും, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, വൈസ് പ്രസിഡണ്ട് എന്നിവർ വിവിധ യോഗങ്ങൾ ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്തു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ സംബന്ധിച്ച് പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിചെയർമാൻ, വൈസ് പ്രസിഡണ്ട്, ഉദ്യോഗസ്ഥൻമാർ എന്നിവർ വിശദമായി സംസാരിച്ചു. 13 വിഷയങ്ങളെ 6 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പും തിരഞ്ഞെടുക്കപ്പെട്ട കൺവീനറുടെ നേതൃത്വത്തിൽ സജീവമായ ചർച്ചകൾ നടത്തുകയും അപ്രകാരം ഓരോ വാർഡിന്റേയും സമഗ്രവികസനത്തിനുള്ള നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തു.

ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ട പഞ്ചായത്ത്തല പരിശീലനം 1996 ഒക്ടോബർ 28 ന് നടത്തുകയുണ്ടായി, പരിശീലനപരിപാടിയിൽ ഗ്രൂപ്പ് കൺവീനർമാരും, വിഷയഗ്രൂപ്പുകൾ നിർദ്ദേശിച്ച രണ്ട് വീതമുള്ള പ്രതിനിധികളും ഉദ്യോഗസ്ഥൻമാരും, വിദഗ്ദരായ റിട്ടയേഡ് ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് ഭാരവാഹികളും, അംഗങ്ങളും ജില്ലാതലത്തിൽ പരിശീനം ലഭിച്ച റിസോഴ്സ് പേഴ്സൺ (2 പേർ) പരിപാടികൾക്ക് നേതൃത്വം നൽകി. പ്രസ്തുത പരിശീലനത്തോടനുബന്ധിച്ച് ആകെ ഹാജരായ പേർ പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് തിരഞ്ഞെടുത്ത ഗ്രൂപ്പ് കൺവീനർമാരുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും നേതൃത്വത്തിൽ ഗ്രാമസഭാനിർദ്ദേശങ്ങൾ, വിഭവഭൂപടം, സാമൂഹ്യസാമ്പത്തികസ്ഥിതി, വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച സ്ഥിതി വിവരകണക്കുകൾ എന്നിവയെ അടിസ്ഥാനമാക്കി ഓരോ വിഷയങ്ങളേയും സംബന്ധിച്ച പഞ്ചായത്ത്തല കരട് റിപ്പോർട്ടിന് രൂപം നൽകി. തുടർന്ന് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സമഗ്രവികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 3 ദിവസങ്ങളിലായി ഗ്രൂപ്പ് കൺവീനർമാരുടേയും മറ്റും യോഗം ചേരുകയും, നാട്ടിലെ പഴക്കം ചെന്ന വ്യക്തികളുമായി ബന്ധപ്പെട്ട് പൂർവ്വകാലചരിത്രവും, സാംസ്കാരിക പശ്ചാതലവും ചോദിച്ച് മനസ്സിലാക്കികൊണ്ട് വിഭവഭൂപടം മറ്റ് സ്ഥിതിവിവര കണക്കുകൾ എന്നിവ ആസ്പദമാക്കിയും പഞ്ചായത്തിന്റെ ഒമ്പതാം പദ്ധതിക്കുള്ള ക്ഷേമ ഐശ്വര്യ പ്രവൃത്തികൾ ഉൾക്കൊള്ളുന്ന കരട് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് അടുത്തുചേരുന്ന വികസന സെമിനാറിലേക്ക് സമർപ്പിക്കുന്നതിന് സജ്ജമാക്കിയിരിക്കുന്നു.

1936-ലാണ് വേലൂർ പഞ്ചായത്ത് നിലവിൽ വന്നത്. പ്രായപൂർത്തി വോട്ടവകാശം ആരംഭിക്കുന്നതിന് മുൻപ് പഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്ന സർവ്വശ്രീ. പറക്കൂത്ത് രാമൻ, എ. കെ. ചാക്കുണ്ണി, വി. കെ. നീലകണ്ഠയ്യർ, മാടമ്പ് ശങ്കരൻ നമ്പൂതിരി, വടക്കൻ ലോനചേറു, കണ്ടമ്മാട്ടിൽ വേലുകുട്ടിനായർ എന്നിവരായിരുന്നു പഞ്ചായത്തിന്റെ ഭരണസാരഥികൾ. പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നശേഷം യഥാക്രമം സർവ്വശ്രീ. ആർ. രാമകൃഷ്ണയ്യർ, എ. എൽ. വർഗ്ഗീസ് മാഷ്, പി. ഡി. തോമസ്, എ. എസ്. എൻ. നമ്പീശൻ, എം. ആർ. കൃഷ്ണൻ, കെ. എ. ജോൺ എന്നിവർ പഞ്ചായത്ത് പ്രസിഡണ്ടമാരായി അധികാരത്തിൽ വരുകയുണ്ടായി. കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിന് ശേഷം പഞ്ചായത്ത്രാജ് പ്രാബല്യത്തിൽ വന്നതിനു ശേഷം പ്രസിഡണ്ട് പദവി വനിതക്ക് സംവരണം ചെയ്ത ഈ പഞ്ചായത്തിൽ ആദ്യത്തേയും ഇപ്പോഴത്തേയും വനിതാ പ്രസിഡണ്ട് ശ്രീമതി. എ. പി. മർത്തടീച്ചറാണ്.

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽപ്പെട്ട ഈ പഞ്ചായത്തിൽ കിരാലൂർ, വേലൂർ, തയ്യൂർ, വെള്ളാറ്റഞ്ഞൂർ എന്നീ നാല് വില്ലേജുകൾ ഉൾപ്പെടുന്നു. 28.32 Sq. കി. മീറ്റർ വിസ്താരമുള്ള ഈ പഞ്ചായത്തിന്റെ അതിർത്തികൾക്ക് തുടക്കം മുതൽ ഇതുവരെ ഒരു മാറ്റവും വന്നിട്ടില്ല. എരുമപ്പെട്ടിയും കടങ്ങോടും, ചൂണ്ടൽ, കൈപ്പറമ്പ്, അവണൂരും, മുണ്ടത്തിക്കോട് എന്നീ പഞ്ചായത്തുകൾ യഥാക്രമം ഈ പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ്, തെക്ക് കിഴക്ക് എന്നീ ഭാഗങ്ങൾ അതിർത്തികളായി സ്ഥിതിചെയ്യുന്നു. വടക്കാഞ്ചേരി അസംബ്ളി നിയോജകമണ്ഡലത്തിലും, ചൂണ്ടൽ ജില്ലാപഞ്ചായത്ത് ഡിവിഷനിലും, മുണ്ടത്തിക്കോട് വേലൂർ ബ്ളോക്ക് ഡിവിഷനിലുമായി ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ 10 വാർഡുകളുണ്ട്. മൂന്ന്, ആറ്, എട്ട്, പത്ത് വാർഡുകൾ വനിതകൾക്കും ഒമ്പതാം വാർഡ് പട്ടികജാതി വിഭാഗത്തിനുമായി സംവരണം ചെയ്തിരിക്കുന്നു. പഞ്ചായത്തിന്റെ ജനസംഖ്യ 22155 ആണ്. പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളും, രണ്ട് യു. പി. സ്കൂളും, രണ്ട് എൽ. പി. സ്കൂളും മൂന്ന് സഹ. ബാങ്കുകൾ എന്നിവയ്ക്ക് പുറമെ, കൃഷിഭവൻ, വില്ലേജ് ഓഫീസ്, ഇലക്ട്രിസിറ്റി സബ്ബ് എഞ്ചിനീയർ ഓഫീസ്. എൽ. വി. ഇ. ഒ., പ്രാഥമിക ആരോഗ്യകേന്ദ്രം, മൃഗാശുപത്രി, ഫോറസ്റ്റ് റെയിഞ്ചാഫീസ്സ്, ടെലിഫോൺ എക്സേഞ്ച്, പോസ്റ്റ് ഓഫീസ്, എന്നീ കേന്ദ്രസംസ്ഥാന സർക്കാർ ഓഫീസ്സുകൾ സ്ഥിതിചെയ്യുന്നു.

## ഭൂപ്രകൃതിയും വിഭവങ്ങളും

### ഭൂപ്രകൃതി

പഞ്ചായത്തിന്റെ കിഴക്കുഭാഗപ്രദേശങ്ങൾ താരതമ്യേന ഉയരം കൂടിയും, ചെറുകുന്നുകളും ഉള്ളവയാണ്. പടിഞ്ഞാറോട്ട് പോകുന്തോറും താഴ്വരകളും ചെറു പീഠ ഭൂമികളും ആണ്. കിഴക്ക്വശത്ത് നിന്നും ചെറുതോടുകൾ പടിഞ്ഞാറോട്ട് ഒഴുകി പാടശേഖരങ്ങളിൽ കൂടി വടക്കാഞ്ചേരി പുഴയിൽ ചെന്ന് ചേരുന്നു. മൊത്തത്തിൽ പടിഞ്ഞാറു ഭാഗത്തേക്കാണ് ഭൂമിയുടെ ചരിവ്. താഴ്വരകളിൽ നെൽകൃഷിയും പീഠഭൂമികളിൽ കവുങ്ങ്, തെങ്ങ്, വാഴ മറ്റു ഫലവൃക്ഷങ്ങൾ എന്നിവയാണ് മുഖ്യകൃഷികൾ. ഈയിടെയായി കിഴക്കുഭാഗപ്രദേശങ്ങളിൽ റബ്ബർകൃഷിയും നടക്കുന്നുണ്ട്. വേലൂർ, തയ്യൂർ, പഴവൂർ എന്നീ പ്രദേശങ്ങളാണ് ഉയർന്ന പ്രദേശങ്ങൾ. ഏറ്റവും താഴ്ന്ന പീഠഭൂമി പ്രദേശങ്ങൾ തണ്ടിലം, കുറുവന്നൂർ, പുലിയന്നൂർ എന്നിവയാണ്. ഇടനാടുകളുടെ വിഭാഗത്തിലാണ് വേലൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വേലൂർ പഞ്ചായത്തിൽ 7-ാം വാർഡിൽ വടക്കാഞ്ചേരി പുഴ 75 വർഷങ്ങൾക്കുമുൻപ് ഒഴുകിയിരുന്നത് ഇന്ന് കാണുന്ന തരത്തിലായിരുന്നില്ല. പാത്രമംഗലം കഴിഞ്ഞാൽ കല്ലിങ്ങൽ അമ്മുണ്ണിയുടെ വീടിന് വടക്കുവശത്ത് കൂടി തണ്ടിലത്തിന്റേയും, കുറുവന്നൂരിന്റേയുംഇടക്ക് ഇന്ന് കാണുന്ന പുഴയിലേക്ക് ചേരുകയായിരുന്നു. അത് നാമംഗലത്ത് മനയ്ക്കൽ തുപ്പൻ നമ്പൂതിരി അദ്ദേഹത്തിന്റെ സ്വന്തം ചിലവിൽ പുഴയുടെ ഗതി ഇന്ന് കാണുന്ന ഗതിയിലാക്കി. തന്മൂലം തോട് തൂർത്ത നിലങ്ങൾ എന്ന പേരിൽ ഏകദേശം 250 ഏക്കർ സ്ഥലം നല്ല ഫലഭൂയിഷ്ടമായത് കൃഷിക്ക് ഉപയുക്തമായി. കൂടാതെ കുറുവന്നൂർ പ്രദേശവും പുലിയന്നൂർ കരയുടെ പടിഞ്ഞാറ് ഭാഗവും ജലസേചനത്തിന് ഉപയുക്തമായി.

### കാലാവസ്ഥ.

ഏപ്രിൽ, മെയ് മാസങ്ങളിൽ കാലവർഷത്തിന്റെ മുന്നോടിയായുള്ള ഇടമഴകളും, ജൂൺ ആരംഭത്തോടുകൂടി കാലവർഷവും തുടങ്ങുന്നു. സെപ്തംബർ മഴക്ക് ചെറിയ ഇടവേളയും, ഒക്ടോബർ

അവസാനത്തോടുകൂടി തുലാവർഷവും ആരംഭിക്കുന്നു. തുലാവർഷം ചില വർഷങ്ങളിൽ അധികം ശക്തി പ്രാപിക്കാറില്ല. ഈ വർഷങ്ങളിൽ വേനൽക്കാല വരൾച്ച കൂടുതൽ അനുഭവപ്പെടുകയും ചെയ്യുന്നു.

മഴക്കാലം - മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ പകുതിവരെ

തണുപ്പുകാലം - നവംബർ, ഡിസംബർ, ജനുവരി (രാത്രികളിൽ മാത്രം)

വേനൽക്കാലം -ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്, താരമ്യേന ഉയർന്ന പ്രദേശമായതുകൊണ്ട് ഏപ്രിൽ മേയ് മാസങ്ങളിൽ ചിലവർഷങ്ങളിൽ ഇടമഴ ലഭിക്കാറുണ്ടെങ്കിലും ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. കുടിവെള്ളത്തിനുപോലും ക്ഷാമം അനുഭവപ്പെടാറുണ്ട്.

## ജലലഭ്യത

മഴയെ ആശ്രയിച്ചാണ് കൃഷികളും മറ്റും നടത്തുന്നത്. തോടുകൾ, പുഴകൾ എന്നിവകൾ ഉണ്ടെങ്കിലും ജലശേഖരണം,സംഭരണം, നിയന്ത്രിതവിതരണം എന്നീ തുറകളിൽ വ്യവസ്ഥാപിതമായ പലതും ചെയ്യേണ്ടതുണ്ട്. വെള്ളം മുഴുവനും ഒഴുകി പുഴയിൽ ചെന്നു ചേരുകയാണ് പതിവ്. ചിലയിടങ്ങളിൽ ഭൂഗർഭജലം ഉണ്ടെങ്കിലും പരീക്ഷണാർത്ഥം കുഴിച്ചുനോക്കിയ പല കിണറുകളും ലക്ഷ്യം കണ്ടിട്ടില്ല. തുറന്ന കിണറുകളാണ് വേനൽകാലങ്ങളിലെ മുഖ്യ ജല സ്രോതസ്സ്. ജലനിരപ്പ് താരതമ്യേന താഴ്ന്നു പോകുന്നതുകൊണ്ട് വേനൽക്കാലത്ത് ജലക്ഷാമം തന്നെ നേരിടുന്നു. അടിയന്തിര മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്.

## മണ്ണ്

കിഴക്കൻ പ്രദേശങ്ങളിൽകരിങ്കല്ലുകലർന്നമണ്ണാണ് ഭൂരിഭാഗങ്ങളിലും. ഇത് ഏതാണ്ട് 5% പ്രദേശങ്ങളിൽ വരും. 70% പ്രദേശങ്ങളിലും ചരൽ മണ്ണാണ് ബാക്കി 25% പ്രദേശങ്ങൾ പാടശേഖരങ്ങളും പശിമരാശി മൺപ്രദേശങ്ങളും ആണ്. രാസവളത്തിന്റെ പ്രയോഗം മൂലം മണ്ണിന്റെ ഘടനയിൽ തന്നെ വളരെ മാററങ്ങൾ വന്നിണ്ടുണ്ട്. ജൈവാംശം കുറഞ്ഞുവരുന്നു.

## ഭൂവിനിയോഗവും ജൈവസമ്പത്തും

ചരൽ മൺപ്രദേശങ്ങളിൽ 2% ത്തോളം പ്രദേശങ്ങൾ തരിശുഭൂമികളാണ്. ജലദൗർലഭ്യം മൂലം മാവ്, പ്ലാവ്, മററു വൃക്ഷങ്ങൾ എന്നിവയാണ് ഇവിടെ അധികവും. പാടശേഖരങ്ങളോടുചേർന്നു കിടക്കുന്ന ഉയർന്ന പ്രദേശങ്ങളിലാണ് തെങ്ങ്, കവുങ്ങ്, വാഴ എന്നിവ കൃഷിചെയ്യുന്നത്.നെൽകൃഷിചെയ്യുന്ന പ്രദേശങ്ങൾ എല്ലാം തന്നെ ഇരുപ്പുകൃഷിചെയ്യുന്നവയാണ് നാമമാത്രമായ പുഞ്ചകൃഷിയേ ഉള്ളൂ. പൊതുവെ ഉൽപാദനക്ഷമത കുറഞ്ഞ ഭൂപ്രദേശമാണ്. ജൈവാംശം ഭൂമിയിൽ കുറഞ്ഞു വരികയും ജൈവവളങ്ങളുടെ ലഭ്യത കുറവും വിലക്കൂടുതലും മൂലം ജൈവവളപ്രയോഗം കുറഞ്ഞുവരുന്നത് ഉൽപാദനരംഗത്തെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. തമിഴ്നാട്, കർണാടകം എന്നിവിടങ്ങളിൽ നിന്നാണ് ആട്ടിൻകാഷ്ടം, വെണ്ണീറ്, മുതലായ ജൈവവളങ്ങൾ കൊണ്ടുവരുന്നത്. അമിതമായ വിലയും കൊടുക്കേണ്ടിവരുന്നു. പശു, കോഴി, ആട് മുതലായവയെ വളർത്തുന്നുണ്ടെങ്കിലും നമ്മളുടെ ആവശ്യത്തിനുള്ള ജൈവവളം ലഭ്യമല്ല.

## മനുഷ്യവിഭവം

മനുഷ്യവിഭവം ധാരാളമുണ്ടെങ്കിലും കൃഷിമേഖലയിൽനിന്നും തൊഴിലാളികൾ പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്.അഭ്യസ്ഥവിദ്യരും കൃഷിതൊഴിലാക്കിയിട്ടില്ലാത്തവരും നഗരങ്ങളിലേക്കും ജോലിസ്ഥലങ്ങളിലേക്കും കുടിയേറാനുള്ള പ്രവണത കാണുന്നുണ്ട്. നൂതന ജീവിത മാർഗ്ഗങ്ങളുടെ അപര്യാപ്തത വികസന പ്രക്രിയയിലെ മാന്ദ്യം, കുട്ടികൾക്ക് വിദ്യാഭ്യാസം ഉയർന്ന നിലവാരത്തിൽ കൊടുക്കാനുള്ള സാദ്ധ്യതകുറവ് എന്നിയാണ് ഈ പ്രവണതയെ പ്രോൽസാഹിപ്പിക്കുന്ന ഘടകങ്ങൾ. വ്യവസായികമായി വളർച്ചയില്ലാത്തതുകൊണ്ട് മുഖ്യ തൊഴിൽ മേഖല കാർഷികം തന്നെയാണ്. എന്നിരുന്നാലും ആ മേഖലയിൽ പിടിച്ചുനില്ക്കാൻ ആരും താല്പര്യം കാണിക്കുന്നില്ല. 40 വയസ്സിനുതാഴെയുള്ളവർ വളരെ കുറച്ചുമാത്രമേ കൃഷി മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരാകുന്നുള്ളൂ. നിർമ്മാണപ്രവർത്തനങ്ങളിൽ തരതമ്യേന കൂലി കൂടുതലും കണ്ടത്തിൽ ഇറങ്ങി ശരീരത്തിൽ അഴുക്കാകാൻ ആരും

ആഗ്രഹിക്കാത്തതുകൊണ്ടും യുവതീയുവാക്കൾ വരുമാനം കുറഞ്ഞാൽ പോലും, ബീഡി, തയ്യൽ, വൈരക്കൽ എന്നീ മേഖലയാണ് ഇഷ്ടപ്പെടുന്നത്. അദ്ധ്വാനത്തിന്റെ മഹത്വം ഉൾക്കൊള്ളാനും ഉൽപാദനമേഖലയുടെ വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുക്കാത്തതുമാണ് ഇതിന്റെ കാരണം. കാർഷികമേഖലയിൽ തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ രംഗപ്രവേശം ചെയ്തു തുടങ്ങിയിട്ടുണ്ട്. കാർഷികമേഖലയിൽ തൊഴിൽ ചെയ്ത് ജീവിക്കാമെന്നുള്ള ധാരണ വെറും മിഥ്യയായി മാറുകയാണ്. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം ഉൽപാദനം ലാഭകരമാക്കാൻ സഹായിക്കും.

## സാംസ്ക്കാരിക പശ്ചാത്തലം

വേലൂർ പഞ്ചായത്തിന്റെ ചരിത്രപരമായ സാംസ്ക്കാരിക പൈതൃകത്തിലേക്ക് ഒരു എത്തിനോട്ടം നടത്തുവാനുള്ള പരിശ്രമം മാത്രമാണ് ഇത്. ഐതിഹ്യങ്ങളുടെയും, കാരണവൻമാരായി നടത്തിയ സംഘാദങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടേയും, പഞ്ചായത്തിലുള്ള പ്രഗദ്ഭ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരുടെയും സംവാദങ്ങളിൽ നിന്ന് അറിവായ വസ്തുതകളുടെയും ഒരു സമന്വയം മാത്രമാണിത്. ഗവേഷണ കുതുകികൾക്ക് ഇത് ഒരു മാർഗ്ഗദർശകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജൻമി നാടുവാഴിത്ത വ്യവസ്ഥയിൽ നിന്ന് ആരംഭിക്കാം. പെരുമ്പടപ്പ് സ്വരൂപത്തിന്റെ ഒരു സാമന്തരാജാവായിരുന്ന തലപ്പിള്ളി രാജാവിന്റെ ഭരണാതൃത്തിയിൽപ്പെട്ടതായിരുന്നു ഈ പഞ്ചായത്ത് പ്രദേശം. ചെങ്ങഴി നമ്പ്യാർ നാടുവാഴിയായിരുന്നു. പിന്നീട് പെരുമ്പടപ്പ് സ്വരൂപത്തിന്റേ ആസ്ഥാനം കൊച്ചിയിലേക്ക് മാറുകയും (സാമൂതിരിയുടെ ആക്രമണ ഫലമായി പെരുമ്പടപ്പ് പ്രദേശം അന്യാധീനപ്പെടുകയാൽ) തത്ഫലമായി കൊച്ചി രാജ്യ ഭാഗമാവുകയും ചെയ്തു. പതിനെട്ട് പ്രദേശങ്ങളുടെ പ്രാദേശിക ഭരണാധികാരം നമ്പ്യാർക്ക് ആയിരുന്നു. ഭരണ സൗകര്യത്തിന് വേണ്ടി ഓരോ ദേശത്തും ഓരോ സ്ഥാനിനായരെ പടത്തലവൻമാരായി നിയോഗിച്ച് അധികാരം കൊടുത്തു. അധികാര ചിഹ്നമായ "കടുത്തല" (ഒരു തരം വാൾ) ചില പടനായക ഭവനത്തിൽ ഇപ്പോഴും കാണാം.

സാമ്പത്തിക ചുമതല ജന്മിമാർക്കായിരുന്നു. ജന്മിമാർ മിക്കതും ബ്രാഹ്മണർ ആയിരുന്നു. ആത്മീയാധിപത്യം ബ്രാഹ്മണർക്ക് (നമ്പൂതിരിമാർക്ക്) കൊടുത്തു. ഈ പഞ്ചായത്തിലെ മണിമലർക്കാവ് നമ്പ്യാരുടെ പരദൈവമായി കരുതി പതിനെട്ടു ദേശങ്ങളും മണിമലർക്കാവിന്റെ തട്ടകമെന്ന പേരിൽ വന്നു. തട്ടകത്തിന്റെ ഭൗതികവുംആത്മീയവുമായ കേന്ദ്രമായി പ്രസ്തുത ദേവാലയം ആണ്ടിൽ ഒരിക്കൽ തട്ടക നിവാസികൾ മുഴുവൻ (കുംഭഭരണി) ക്ഷേത്രത്തിൽ സമ്മേളിക്കുക നിർബന്ധമായിരുന്നു. സൈനിക മേധാവിത്വവും പരിശീലന കളരികളുടെ ഉടമസ്ഥതയും അമ്പക്കാട്ട്പണിക്കന്മാർക്കായിരുന്നു. ആ സ്ഥാനം കരിയന്നൂരിൽ ആയിരുന്നുവെങ്കിലും ഇപ്പോഴും അതിന്റെ ഒരു ശാഖ പഴവൂരിൽ ഉണ്ട്.

ദേശങ്ങളിൽ വിവിധ ആരാധനാലയങ്ങൾ ഉണ്ടായിരുന്നു എങ്കിലും (കോവിലുകൾ, കാവുകൾ) ക്ഷേത്രങ്ങൾക്കായിരുന്നു പ്രാധാന്യം. ദേശത്തുള്ള ഭൂമി മുഴുവനും ദേവസ്വമായിരുന്നു. അവയുടെ നിയന്ത്രണാധികാരം ഊരായ്മക്കാരായി അധികവും നമ്പൂതിരിമാർക്ക് ആയിരുന്നു. അവരുടെ അധീനതയിൽ കുടിയാന്മാർ ഭൂമി കൈവശം വെച്ച് കൃഷി ചെയ്തുപോന്നു. നിശ്ചിതമായ പാട്ടം ജന്മിമാർക്ക് കൊടുത്തിരുന്നു. അതിന്റെ ഒരു ഭാഗം ജന്മികൾ ദേവാലയങ്ങളുടെ നടത്തിപ്പിന് വിനിയോഗിച്ചിരുന്നു.

വസ്ത്രനിർമ്മാണം, തുന്നൽ, മൺപാത്രനിർമ്മാണം, ഓട്, ചെമ്പ്പാത്രനിർമ്മാണം, മരപ്പണി, കല്ലപണി, ഇരുമ്പ്പണി, തുകൽപണി, അലക്കുപണി, ക്ഷൗരപണി എന്നിങ്ങനെയുള്ളവ ഓരോ ജാതികളുടെയും പരമ്പരാഗത തൊഴിൽ ആയിരുന്നു. തൊഴിലധിഷ്ഠിതമായി ജാതിവ്യവസ്ഥ നിലവിൽ വന്നു. തൊഴിലുകൾ ഉത്തമമധ്യമങ്ങളായി തരം തിരിച്ച് ജാതിക്കാർക്കും ഉച്ചനീചത്വം ഉണ്ടായി അങ്ങനെ ആത്മീയരംഗത്ത് പ്രവർത്തിക്കുന്ന നമ്പൂതിരിമാർ ഉത്തമന്മാരായി പരദേശ ബ്രാഹ്മണർ അവരിൽ രണ്ടാന്തരക്കാരായി നമ്പൂതിരിമാരോട്, നേരിട്ട് ബന്ധപ്പെടേണ്ട അമ്പലവാസികൾ നായന്മാർ എന്നിവർ മൂന്നാം തരക്കാരും എന്നിങ്ങനെ സവർണ്ണർ എന്ന വിഭാഗവും മററുള്ളവർ അവർണ സമുദായവും ആയി. സവർണ്ണരിലും അവർണരിലും അയിത്തം, അസ്പൃശ്യത എന്നിവ ഉണ്ടായി. മേൽ പറഞ്ഞക്രമം അനുസരിച്ച് സവർണ്ണരിൽ അസ്പൃശ്യതയും അവർണരിൽ അയിത്തം എന്ന ആചാരവും ഏല്പിക്കപ്പെട്ടു. 1936 നവംബർ 13-ാം

തിയ്യതി പുറപ്പെടുവിച്ച ക്ഷേത്ര പ്രവേശന വിളംബരത്തോടെ ഈ വ്യവസ്ഥകൾക്ക് മാററം വന്നു. സമൂഹത്തിൽ ഉയർന്ന നിലവിലുള്ള നമ്പൂതിരിമാരും ജന്മികളും സർവ്വസ്വതന്ത്രരും വിധകർത്താക്കളും ആയി. ബ്രിട്ടീഷുകാരുടെ അധികാരത്തിൻ കീഴിൽ നാട്ടുരാജാക്കന്മാർ നടപ്പാക്കിയ വിവിധ ഭൂനിയമങ്ങൾ ഉണ്ടായെങ്കിലും 1957 ൽ പ്രവർത്തനം ആരംഭിച്ചതും 1967 ൽ പ്രാവർത്തികമായതുമായ ഭൂപരിഷ്കകരണ നിയമം വരെ ഈ വ്യവസ്ഥ ഏതാണ്ട് തുടർന്ന് വന്നു.

ഫ്യൂഡൽ വ്യവസ്ഥയിൽ ഒരു ചെറിയ വരേണ്യ വർഗ്ഗമൊഴിച്ചാൽ എല്ലാവരും അടിമകളായിരുന്നു. മനുഷ്യത്വപരമായ യാതൊരു അവകാശവും അവർക്കില്ലായിരുന്നു. പ്രത്യേകിച്ച് സ്ത്രീകളുടെ സ്ഥിതി അത് വരേണ്യ വർഗ്ഗത്തിനും ഒരു പരിധിവരെ ബാധകമായിരുന്നു. അതിദയനീയമായിരുന്നു. മുട്ടിന് താഴെ വസ്ത്രം ധരിക്കാനോ, മാറ് മറക്കുവാനോ വരെ കീഴത്തട്ടുകാർക്ക് അവകാശമില്ലായിരുന്നു. "ന സ്ത്രീ സ്വാതന്ത്ര്യമഹതി" എന്നതായിരുന്നു നിയമം. പുരുഷന്റെ ഒരു വിനോദോപകരണം എന്ന നിലയിലായിരുന്നു സ്ത്രീകളോടുള്ള സമീപനം. ശീലാവതിയും, സാവിത്രിയുംമായിരുന്നു അവർക്ക് മാതൃകകൾ. 1950 വരെ കാവുകളിലെ താലപ്പൊലികൾക്ക് അർദ്ധനഗ്നരായി സ്ത്രീകൾ താലമെടുത്ത് പൂരപറമ്പിൽ നില്ക്കുന്ന കാഴ്ച കാണാമായിരുന്നു. തമ്പുരാക്കൻമാരുടേയും, കോമരങ്ങളുടേയും ഭീഷണിയെ ചെറുത്തു തോല്പിച്ചുകൊണ്ട് സംഘടിതമായ ബഹുജനമുന്നേറ്റത്തോടെ ആ പ്രാകൃതാചാരം നാമാവശേഷമായി.

കൃഷിക്കാരന് ഭൂമിയിൽ ഒരു അവകാശവും ഉണ്ടായിരുന്നില്ല. കിട്ടുന്ന ഉല്പന്നങ്ങളിൽ മഹാഭൂരിപക്ഷവും ജന്മിക്ക് പാട്ടമായി കൊടുക്കേണ്ടി വന്നു. പാട്ടം കൃത്യമായി അളക്കാത്ത കുടിയാനെ നിഷ്കരുണം ഒഴിപ്പിക്കുവാൻ നിയമ തടസ്സമൊന്നും ഇല്ലായിരുന്നു.

അധ്വാനശക്തിയുടെ വളരെ ചെറിയ ഒരളവിലേ കൂലി കൊടുത്തിരുന്നുള്ളൂ. ജോലിസമയം ഉടമയുടെ ഇഷ്ടമായിരുന്നു. തൊഴിലവസരം വളരെ കുറച്ചു മാത്രമായിരുന്നതുകൊണ്ട് കിട്ടിയ കൂലിക്ക് പറഞ്ഞ വ്യവസ്ഥക്ക് അടിയാളർ അരപ്പട്ടിണിയും, മുഴുപട്ടിണിയുമായി ഒരു ചെറിയ വരേണ്യ വർഗത്തിന്റെ സുഖലോലുപതക്കുവേണ്ടി വിയർപ്പൊഴുക്കി

## ആരാധനാലയങ്ങൾ

ആസ്തിക ദർശനവും, നാസ്തിക ദർശനവും ഏതാണ്ട് ഒരുമിച്ച് ഉണ്ടായവയാണ്. പ്രകൃത്യാധീതമായ ശക്തി ഉണ്ടെന്നും, ഇല്ലെന്നുമാണ് ഇവയുടെ അടിസ്ഥാനം. ഇതിൽ ആസ്തിക ദർശനം ഉള്ള എല്ലാ മതങ്ങൾക്കും ആരാധനാലയങ്ങൾ ഉണ്ട്. ആസ്തികത്തിൽ തന്നെ സഗുണോപാസകരും, നിർഗുണോപാസകരും ഉണ്ട്. കർമ്മഭക്തിജ്ഞാനമാർഗ്ഗങ്ങളിൽ ഭക്തി പ്രസ്താനക്കാർ അധികവും സഗുണോപാസകരാണ്. സഗുണോപാസകരിൽ തന്നെ വിഗ്രഹാരാധകരും, അല്ലാത്തവരും ഉണ്ട്. ഹിന്ദുമതാനുയായികളും, ക്രിസ്തുമതാനുയായികളിൽ ചില വിഭാഗവും വിഗ്രഹാരാധനയിൽ വിശ്വസിക്കുന്നു. മുഹമ്മദീയ മതം വിഗ്രാഹാരധകരല്ല. മേൽപറഞ്ഞ എല്ലാ മതാനുയായികളേയും മാർഗാനുസാരികളേയും കേരളത്തിൽ കാണാമെങ്കിലും ഈ പഞ്ചായത്തിൽ ഹൈന്ദവ കൈസ്തവ മുഹമ്മദീയ മതാനുയായികൾ മാത്രമാണുളളത്. അവർക്ക് ഓരോന്നിനും ആരാധനാലയങ്ങൾ ഉണ്ട്.

## ദേവാലയങ്ങൾ

**ഹൈന്ദവ -24, കൃസ്തീയം - 8, മുഹമ്മദീയം -2**

## ഹൈന്ദവാരാധനാലയങ്ങൾ

ഇവയെ പ്രധാനമായി അഞ്ചു വിധം തിരിക്കാം. 1. ശിവൻ, വിഷ്ണു, ദുർഗ്ഗാ ക്ഷേത്രങ്ങൾ. 2. കാളിക്ഷേത്രങ്ങൾ 3. ശാസ്ത്രാക്ഷേത്രങ്ങൾ, 4. കുടുംബപരദൈവങ്ങൾ, 5. പാമ്പിൻകാവുകൾ ഇവയിൽ ആദ്യത്തേതിൽ മാത്രമേ നമ്പൂതിരിമാർ പൗരോഹിത്യം നിർവ്വഹിച്ചിരുന്നുള്ളൂ. കുടുംബപരദൈവങ്ങൾ ഒഴികെ മറ്റെല്ലാറ്റിലും പരദേശി ബ്രാഹ്മണർ (കർണാടകത്തിൽ നിന്ന് കുടിയേറിയ എമ്പ്രാംതിരിമാർ) ആണ് പൂജാദികൾ നിർവ്വഹിച്ചിരുന്നത്. ഇവയിൽ രണ്ടും,. നാലും ഒഴികെ മറ്റെല്ലാ ആരാധനാലയങ്ങളും സസ്യോല്പന്നം മാത്രം നിവേദ്യമായിട്ടുള്ളവയും, മറ്റു രണ്ടെണ്ണം മദ്യമാംസാദികളാൽ അർപ്പിക്കപ്പെടുന്നവയുമാണ്. ഇവയിൽ ശാസ്ത്രാക്ഷേത്രങ്ങൾക്ക് ബുദ്ധമതത്തോടും, കാളിക്ഷേത്രങ്ങൾക്ക്

ഇളംകോവടികളുടെ ചിലപതികാരത്തോടും ഉള്ള ബന്ധം പ്രകടമാണ്. ഇവയ്ക്കു പുറമെ കുംഭാരന്മാരുടെ ആരാധനാ മൂർത്തിയായ മാറിയമ്മനെ പ്രതിഷ്ഠിച്ച ഒരു ആരാധനാലയവും ഈ പഞ്ചായത്തിൽ ഉണ്ട്. തുലാമാസത്തിലെ വാവ് പ്രധാനമായ കോടശ്ശേരി മലയിലെ ആരാധനാലയവും പ്രസിദ്ധമാണ്.

ഹരിജനങ്ങളുടെ ആഭിമുഖ്യത്തിൽ പോത്തോട്ടം എന്ന പേരിൽ ആത്മീയപരിവേഷം കൊടുത്ത് നടത്തിവന്നിരുന്ന കാർഷികോത്സവം നാശോന്മുഖമായി കൊണ്ടിരിക്കുകയാണ്. ക്ഷേത്രപ്രവേശന വിളംബരം കേരള ഭൂപരിഷ്കാരബില്ല് എന്നിവയുടെ ആവിർഭാവം ക്ഷേത്രങ്ങളുടെ വ്യവസ്ഥകളിലും ഭരണസംവിധാനത്തിലും സമൂല പരിവർത്തനം വരുത്തി പഴയ ഊരാളന്മാരുടെ സ്ഥാനത്ത് സംരക്ഷണ കമ്മറ്റികൾ വന്നു കൊണ്ടിരിക്കുന്നു. ചിലവയുടെ ഭരണം ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. ആരാധകരുടെ എണ്ണവും ഉത്സവങ്ങളുടെ ആക്കവും കൂടിവരുന്നു.

ഇടവകകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്രൈസ്തവ ദേവാലയങ്ങളും, വഖഫ് ബോർഡ് ഭരണത്തിലുള്ള മഹമ്മദീയ ദേവാലയങ്ങളും കാര്യമായ മാറ്റമൊന്നും ഇല്ലാതെ പ്രവർത്തിക്കുന്നു. ദേവാലയങ്ങളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പ്രത്യേകം പരിശീലനം കിട്ടിയ പുരോഹിതന്മാരുടേയും മതമേലധ്യക്ഷന്മാരുടേയും ഇടവകക്കാരുടേയും നിയന്ത്രണത്തിൽ പ്രവർത്തനവും ആരാധനാ ക്രമങ്ങളും ചിട്ടപ്പെടുത്തുന്നു. ആണ്ടോടാണ്ട് നടത്തുന്ന ഉത്സവങ്ങളും, പെരുന്നാളുകളും മത്സര ബുദ്ധിയോടെ ആഘോഷിക്കപ്പെടുന്നു. മത നിരപേക്ഷമായി തന്നെ ഇവയിൽ ജനപങ്കാളിത്തം ഏറി വരുന്നു. പ്രാചീനങ്ങളും ആധുനികങ്ങളുമായ കലാപരിപാടികൾ കലാരംഗത്തിൽ പുരോഗതി ഉണ്ടാക്കുന്നുണ്ട്.

പ്രത്യേക വിശ്വാസ പ്രമാണങ്ങളും ആരാധനാസമ്പ്രദായങ്ങളും ആചാര്യവിശേഷങ്ങളുമാണെങ്കിലും എല്ലാ ജാതി മതസ്തരും പരസ്പര ബഹുമാനത്തോടെയും സൗഹാർദ്ദത്തോടെയും പ്രവർത്തിക്കുന്നു. മണിമലർക്കാവ് ക്ഷേത്രത്തിലെ കുതിരവേല, ഈ പഞ്ചായത്തിൽ പ്രത്യോകം പഠനാർഹമായ ആഘോഷമാണ്. കുംഭമാസത്തിലെ അശ്വതി, ഭരണി, കാർത്തിക ദിവസങ്ങളിലാണ് ഈ വേല നടക്കുന്നത്. മണിമലർക്കാവ് കാളിക്ഷേത്രത്തിലെ ദേവി ചങ്ങഴിക്കോട് പ്രവർത്തിയിലെ (ഇന്നത്തെ വേലൂർ പഞ്ചായത്ത് പ്രദേശമാണ്.) നാടുവാഴികളായിരുന്നു. ചങ്ങഴിക്കോട് നമ്പ്യാരുടെ പ്രത്യേകിച്ച് കഴകപ്പുര നമ്പ്യാരുടെ പരദൈവമാണ് ഈ ദേവി. ഈ തട്ടകത്തിൽ പതിനെട്ട് ദേശങ്ങൾ ആയിരുന്നു. ഈ പതിനെട്ട് ദേശങ്ങളിൽ നിന്നും പടയാളികളും, തലവന്മാരും, അടിമകളും കെട്ടുകുതിരകളെ എടുത്ത് ആർപ്പുവിളിച്ച് ക്ഷേത്രത്തിൽ എത്തിക്കുക ആവേശത്തിലുള്ള ആഘോഷങ്ങളിൽ ഒന്നായിരുന്നു. ഓരോ വീട്ടിൽനിന്നും ഒരാളെങ്കിലും കുതിരയെഴുന്നള്ളിപ്പിൽ പങ്കുചേരണമെന്ന് നാട്ടിൽ കർശനീയമായിരുന്നു. ഉച്ചതിരിഞ്ഞ് 7 മണിക്ക് ആരംഭിക്കുന്ന അരിപ്പറ എഴുന്നള്ളിപ്പിൽ പണ്ട് അർദ്ധനഗ്നകളായി ഒരുവരിയായി നില്ക്കുന്ന സ്ത്രീകളുടെ നടുവിലൂടെ പാണ്ടിമേളത്തിന്റെ താളമനുസരിച്ച് ഉറഞ്ഞുതുള്ളി നടക്കുന്ന വെളിച്ചപ്പാട് ഭഗവതിയുടെ പ്രതിരൂപമായി ഭക്തർ ദർശിച്ചു. പിറ്റേന്ന് കാലത്ത് കുതിരകളെ വേലകയറ്റി കോമരത്തിന്റെ അനുവാദത്തോടെ പടയണി തിരിച്ചുപോകുന്നു. പിന്നീട് ഏഴു ദിവസം നട തുറക്കില്ല. ഏഴാം ദിവസം കോഴി, ആട് എന്നിവയെ കുരുതി കൊടുക്കന്നതോടെ ഭരണിവേല അവസാനിക്കുന്നു. നാടുവാഴിഞ്ഞ വ്യവസ്ഥയുടെ ഒരു പ്രതീകമായി ഇന്നും ദേശങ്ങളുടെ എണ്ണം കുറഞ്ഞുവെങ്കിലും കാലോചിതമായി വസ്ത്രധാരണം കുംഭഭരണി ആഘോഷിക്കപ്പെടുന്നു.

ഇതുപോലെ ഈ പഞ്ചായത്തിൽ അതിപുരാതനവും പ്രസിദ്ധങ്ങളുമായ രണ്ട് ശിവക്ഷേത്രങ്ങളുണ്ട്. 1. കിരാലൂർ ശിവക്ഷേത്രം, ഇതിന് ഏതാണ്ട് രണ്ടായിരം വർഷത്തെ പഴക്കം ഉണ്ടെന്നും പറയുന്നു. ഈ മഹാദേവന്റെ സാന്നിദ്ധ്യത്താൽ ഈ പ്രദേശത്ത് സർപ്പദർശനത്താൽ മരണമുണ്ടായിട്ടില്ലെന്ന് പഴമക്കാർ പറയുന്നു. രണ്ടാമത്തേത് വെങ്ങിലശേരിയിലുള്ള ചേറൻതല ക്ഷേത്രമാണ്. ഇതാണ് പ്രബോധനം എന്ന സംസ്കൃത ഭാഷാ വ്യാകരണ ഗ്രന്ഥകർത്താവ് സ്തുതിക്കുന്ന വെള്ളൂർ മഹാദേവക്ഷേത്രം എന്നു പറയുന്നു. ഈ ക്ഷേത്രവും ചിരപുരാതനമെന്ന് പഴമക്കാർ പറയുന്നു.

## വിദ്യാഭ്യാസം

പ്രധാനമായി നാലു വിധം വിദ്യാഭ്യാസ സങ്കേതങ്ങളാണ് ഉണ്ടായിരുന്നത്. 1. ദേവാലയങ്ങൾ കേന്ദ്രീകരിച്ച്,

2. കുടിപള്ളിയിടങ്ങൾ. 3. കുടുംബപരമ്പരാഗത വിദ്യാഭ്യാസം ബ്രാഹ്മണർക്ക് മാത്രമുള്ളതായിരുന്നു. ഇതിൽ സംസ്കൃത ഭാഷ വേദോപനിക്ഷത്തുക്കളായിരുന്നു. പാഠ്യവിഷയങ്ങൾ, 4. കുടിപള്ളികൂടങ്ങൾ സവർണ്ണർക്കും അല്പസ്വല്പം അവർണ്ണർക്കും പ്രാപ്യമായിരുന്നു. സംസ്കൃത ഭാഷ ജോതിഷത്തിലെ പ്രാഥമിക പാഠങ്ങൾ, ഗണിതം, വൈദ്യം, രാമായണം മുതലായവയിൽ പരിശീലനമാണ്, ഇവയിൽ മുഖ്യമായും ഉണ്ടായിരുന്നത് ഓലയും എഴുത്താണിയുമാണ് ലേഖന സാമഗ്രികൾ.

വിദ്യാഭ്യാസത്തിൽ പരമ്പരാഗത രീതി ഗുരുനാഥൻ സ്വന്തം വീട്ടിൽവെച്ച് നടത്തുന്ന വിദ്യാദാനം ആയിരുന്നു. വീട്ടിലെ കുട്ടികളെ പ്രധാനമായി ഉദ്ദേശിച്ചിരുന്ന ഇതിൽ താല്പര്യമുള്ള മറ്റു ശിഷ്യരെകൂടി ഉൾപ്പെടുത്തിയാണ്. വൈദ്യം, ജോതിഷം, തച്ചുശാസ്ത്രം എന്നിവയായിരുന്നു മുഖ്യപാഠ്യവിഷയങ്ങൾ.

മേൽപറഞ്ഞവയിലെല്ലാം സമുദായത്തിൽ മുൻപന്തിയിൽ നില്ക്കുന്നവർക്ക് മാത്രമായിരുന്നു പഠനസൗകര്യങ്ങൾ ഉണ്ടായിരുന്നുത്. മാത്രമല്ല ആധുനിക വിജ്ഞാനവിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപെട്ടിരുന്നില്ല. ഈ രംഗത്ത് സമൂലമായ പരിവർത്തനം വന്നത് മത പ്രചാരകന്മാരായ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനഫലമാണ്. മെക്കാളയുടെ വിദ്യാഭ്യാസപദ്ധതിയനുസരിച്ച് പൊതു വിദ്യാലങ്ങൾ മിഷണറി പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ വന്നു. വിദ്യാലയങ്ങൾ സാർവ്വജനീയങ്ങളായിരുന്നു. ജാതിമതവർഗ്ഗ ഭേദം വിദ്യാലയത്തിൽ അനുസരിച്ചിരുന്നില്ല. ആധുനിക വൈജ്ഞാനിക വിഷയങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഈ വിദ്യാഭ്യാസ സമ്പ്രദായം സാർവ്വത്രികമായി അംഗീകാരം നേടി ഗവൺമെന്റ് ഉദ്യോഗങ്ങൾക്കുള്ള സാധ്യത ഈ രീതിക്ക് പ്രചുരപ്രചാരം വരുത്തി. ഈ പഞ്ചായത്തിൽ ആധുനിക രീതിയിൽ ആരംഭിച്ച ആദ്യത്തെ പള്ളിക്കൂടം സെന്റ്. സേവ്യേഴ്സ് സ്കൂളാകുന്നു. ഭാരതീയ ഭാഷകളോട് പ്രത്യേകിച്ച് സംസ്കൃതം, മലയാളം എന്നീ ഭാഷകളോട് വളരെ ആദരവും ഭാരതീയ ദർശനങ്ങളോടും ഭൗതിക വിഭവങ്ങളോടും അത്യധികം ബഹുമാനമുണ്ടായിരുന്ന അർണോസ് പാതിരിയുടെ സ്മാരകത്തിനടുത്ത് പ്രവർത്തിക്കുന്ന ഈ വിദ്യാലയം സംസ്കൃത മലയാള ഭാഷകളുടെ ഉപരിപഠനത്തിനുള്ള സർവ്വകലാശാലയാക്കി ഉയർത്തുന്നത് ആ ഭാഷാസ്നേഹിയുടെ ഭാഷാസാഹിത്യ സമർപ്പണത്തിന് നാം ചെയ്യുന്ന ആദരവും, കൃതജ്ഞതയുമായിരുക്കും എന്ന് സാന്ദർഭികമായി പറഞ്ഞുകൊള്ളട്ടെ.

## സ്ഥലപുരാണം

താലൂക്കിന്റെ പേരായ തലപ്പിള്ളിയിൽ നിന്നും തുടങ്ങാം ഈ പ്രദേശം കക്കാട് കാരണവന്മാർ പിൻകാലത്ത് കൊച്ചി രാജാക്കന്മാരുടെ ഭരണനേതൃത്വത്തിൽപ്പെട്ടതാണെന്നും നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ? ഇവിടം താരതമ്യേന അവികസിതവും ഇടയന്മാർ പട്ടികവർഗ്ഗക്കാർ എന്നിവരുടെ അധിനിവേശ പ്രദേശവുമായിരുന്നു ചാളകളും, ചെറുകുടിലുകളും നിറഞ്ഞ ഇവിടം സംസ്കൃതത്തിലെ പല്ലി (ഘോഷം, ആദീരം, പല്ലി, പക്കണം, ശബരാലയം എന്നിവ പര്യായങ്ങളാണ്) യായിരുന്നു. തലയിലെ അറ്റത്തെ പല്ലി തെരുവ് എന്നർത്ഥത്തിൽ തലപ്പള്ളി എന്ന പേർ വന്നിരിക്കണം, പള്ളിയോ പുള്ളിയോ അല്ല തലപ്പള്ളി തന്നെ.

വേലൂർ എന്ന് പ്രദേശത്തിന് പേരുണ്ടായതിനെ പറ്റി പ്രബലമായ മൂന്ന് യുക്തി ചിന്തകൾ ഉണ്ട്. ഒന്ന്, പാലക്കാട്ടു ജില്ലയിൽ വള്ളുവനാട് എന്ന പ്രദേശത്ത് അധിവസിച്ചിരുന്ന വള്ളുവർ - തിരുക്കുറൾ രചിച്ച തിരുവള്ളവരുടെ അനുയായികൾ - ഈ പ്രദേശത്ത് കുടിയേറി പാർത്തിരിക്കാമെന്നും, വള്ളുവരുടെ ഊര് എന്നത് ചുരുങ്ങി വള്ളൂർ എന്നായി മാറി പിന്നീട് ലളകൾക്ക് വരുന്ന അഭേദത്താൽ വല്ലൂർ എന്നും, തുടർന്ന് മലയാളത്തിലെ താലവ്യാദേശം സ്വാഭാവികമായ വിത്യാസത്തോടെ വെല്ലൂർ എന്നും, ഗുരുലഘു വിനിമയ നിയമമനുസരിച്ചു ഹ്രസ്വമായ എ കാരം ദീർഘിച്ച് ല്ല യെ കൂട്ടക്ഷരമല്ലാതാക്കി വേലൂർ എന്നായി എന്ന് ഒരു പക്ഷം.

ബാല പ്രബോധനക്കാരൻ സ്തുതിച്ച വള്ളൂർ എന്നത് രൂപഭേദപ്പെട്ട് വേലൂർ എന്നായി എന്ന് രണ്ടാമത്തെ പക്ഷം, വേലകളുടെ ഊര് എന്നത് ഒറ്റപദമായി വേലൂർ എന്നായി മാറിയിരിക്കും എന്നത് മൂന്നാമത്തെ പക്ഷം. ഇത് കൂടുതൽ ലാഘവമുള്ളതാണെങ്കിലും മണിമലർക്കാവിലല്ലാതെ അടുത്തൊന്നും വേലകൾ പ്രധാനമായി ഇല്ല എന്നതും മണിമലർക്കാവ് തന്നെ വെങ്ങിലിശ്ശേരി എന്ന ദേശത്തെയാണെന്നും ഒരു കുഴപ്പമുണ്ട്.

## മഹദ്വ്യക്തികൾ

1. ജർമ്മനിയിൽ നിന്ന് മിഷണറി പ്രവർത്തനത്തിനുവേണ്ടി കേരളത്തിൽ എത്തിയ അർണോസ് പാതിരി മുതൽതന്നെ തുടങ്ങാം. കേരളത്തിൽ വന്ന അദ്ദേഹം ഇവിടുത്തെ പ്രാദേശിക ഭാഷയായ മലയാളവും, സംസ്കൃത ഭാഷയും പഠിപ്പിയ്ക്കുവാൻ ഉത്സുകനായി. പക്ഷെ, ഒരു വിദേശിയെ സംസ്കൃതഭാഷ പഠിപ്പിക്കാൻ നമ്പൂതിരിമാർ ആരും തയ്യാറായില്ല. സ്ഥിര പരിശ്രമിയായ അദ്ദേഹം ആഴ്വഞ്ചേരി തമ്പ്രാക്കളെ സമീപിച്ച് സഹായം ആഭ്യർത്ഥിച്ചു. തമ്പ്രാക്കന്മാരുടെ നിർദ്ദേശാനുസരണം തലപ്പള്ളി രാജാവിനേയും തുടർന്ന് അവണപറമ്പ് നമ്പൂതിരിയേയും കണ്ട് സഹായം തേടി. അങ്ങനെ മച്ചാട്ട് ഇളയതിന്റെ (കുറ്റിക്കാട്ട് ഇളയതിന്റെ എന്നും അഭിപ്രായമുണ്ട്) ശിഷ്യനായി അമ്പഴക്കാട്ടുനിന്ന് വേലൂർക്ക് താമസം മാറ്റി സംസ്കൃതവും, മലയാളവും അഭ്യസിച്ചു. ഇരുഭാഷകളിലും അവഗാഢമായ പാണ്ഢിത്യം നേടി മലയാള നിഘണ്ടു, പർവ്വം തുടങ്ങി നിരവധി പുസ്തകങ്ങളും പുത്തൻ പാന മുതലായ കാവ്യങ്ങളും ഇദ്ദേഹം രചിച്ചു. മലയാള ഭാഷയ് പരിപുഷ്ടമാക്കി പ്രശസ്തമായ പഴയങ്ങാടി കുരിശുപള്ളിയും, വേലൂർ പള്ളിയും അദ്ദേഹം സ്ഥാപിച്ചതാണ്. അദ്ദേഹം തുടങ്ങിവെച്ച മതസൗഹാർദ്ദത്തിന്റേതായ പ്രവൃർത്തി പ്രത്യക്ഷ ഉദാഹരണമാണ്, മണിമലർക്കാവിന്റെ പറ എഴുന്നള്ളിപ്പ്, വേലൂർ പള്ളി പരിസരത്തുകൂടി നടമുറിഞ്ഞു കടക്കുമ്പോൾ ഒരു ക്രിസ്ത്യാനിയെ മുന്നിൽ നടത്തിയിരുന്ന സംഭവം.

2. കേരളേശ്വരൻ എന്ന നോവലിന്റെ കർത്താവായ താമരത്തിരുത്തി രാമൻ നമ്പീശൻ ഈ പഞ്ചായത്തിലെ കിരാലൂർ സ്വദേശിയാണ്. തിരുവിതാംകൂറിലെ സർവ്വാധികാര്യക്കാരായിരുന്നു.

## ദേശീയ നവോത്ഥാനപ്രസ്ഥാനം

ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമായി സാമൂഹ്യവും ദേശീയവുമായ ഒരു നവോന്മേഷം വളർന്നു ദേശീയതലത്തിലുള്ള നവോദ്ധാനത്തിന്റെ അലകൾ വളരെ കുറഞ്ഞ തോതിലാണെങ്കിലും കേരളത്തിലും അടിച്ചു. സത്യം, സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവ അഭ്യസ്തവിദ്യരുടെ ചിന്തയെ ഉദീപ്തമാക്കി ഒരു പരിവർത്തനത്തിന്റെ രൂപഭാവം നാട്ടിൽ പ്രകടമായി. ഇതിനെ അടിച്ചമർത്താനും, തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുവാനും വര്യേണവർഗ്ഗം കിണഞ്ഞു പരിശ്രമിച്ചു. ജാതിമത വർഗ്ഗങ്ങളെ പരസ്പരം ഭിന്നിപ്പിച്ചും അധികാരത്തിന്റെ ഇരുമ്പ് മുഷ്ടി ഉപയോഗിച്ചും നവോദ്ധാന പ്രസ്ഥാനത്തിനെ അടക്കി ഒതുക്കാൻ പരമാവധി ശ്രമിച്ചു. എങ്കിലും വർദ്ധമാനമായ തോതിൽ പുരോഗമിച്ച ജനകീയ ശക്തിത്യാഗോജ്വലമായ സമരങ്ങളിലൂടെ ആദർശനിഷ്ടമായ ബഹുജന പ്രസ്ഥാനത്തിന് അചഞ്ചലമായ അടിത്തറപാകി ജന്മിത്തത്തിനും നാടുവാഴിത്തത്തിനുമെതിരെ ആഞ്ഞടിച്ചു. അയിത്തം മുതലായ അനാചാരങ്ങൾക്കെതിരായും, അന്ധവിശ്വാസങ്ങൾക്കെതിരായും വിവിധ പ്രസ്ഥാനങ്ങൾ കർമ്മപക്ഷത്തിലിറങ്ങി. 1936-ൽ പ്രഖ്യാപിച്ച ക്ഷേത്ര പ്രവേശന വിളംബരം ഈ ജനകീയ ഇച്ഛനുശക്തിയുടെ വിജയമായിരുന്നു. സവർണരും, അവർണരുമായ നിരവധി പേർ ഈ പഞ്ചായത്തിലും ഇതിനു പിന്നിൽ അണിനിരന്നിട്ടുണ്ട്.

സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ പ്രക്ഷോഭ സമരങ്ങൾ നമ്പൂതിരി സമുദായത്തിൽ നിന്നു തന്നെ ആരംഭിച്ച് കീഴോട്ട് സർവ്വവ്യാപിയായ അവസ്ഥയിൽ എത്തിയതും ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ നിരവധി അനാചാരങ്ങളേയും, സ്ത്രീകളോട് കാണിക്കുന്ന അവഹേളനങ്ങളേയും ചെറുത്തു തോല്പിക്കാൻ സംഘടിത പ്രവർത്തനത്തിലൂടെ സാധിച്ചു. മാറു മറയ്ക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട സ്ത്രീകളുടെ അടിമത്തത്തിന് എതിരെ ആഞ്ഞടിക്കുന്ന പ്രക്രിയയിൽ ഈ പഞ്ചായത്തിനും അഭിമാനിക്കാവുന്ന നേട്ടം ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ മണിമലർക്കാവ് ക്ഷേത്രത്തിൽ 1958-ൽ വേളത്ത് ലക്ഷ്മികുട്ടിയുടെ നേതൃത്വത്തിൽ ബ്ലൗസ് ഇട്ട് സ്ത്രീകൾ കീഴ്വഴക്കത്തിന് വിപരീതമായി താലമെടുത്തത് പ്രത്യേകം സ്മരണീയമാണ്. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം കർഷകസമൂഹത്തിന്പോലും അരോചകവും, അന്യായവും, പാപവും എന്ന് തോന്നിയിരുന്ന ഒരു കാലഘട്ടമായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭ ദശകത്തിൽ കർഷകർതന്നെ ഈ ആശയം ആശങ്കയോടെയും ഭയത്തോടെയുമാണ് വീക്ഷിച്ചിരുന്നത്. നിരന്തരമായ പ്രവർത്തനങ്ങളിലൂടേയും, ത്യാഗോജ്വലമായ പ്രവർത്തനങ്ങളിലൂടേയും നിരവധി യാതന അനുഭവിച്ചുകൊണ്ടും കർഷകജനതയെ രംഗത്തിറക്കാൻ ഈ

പഞ്ചായത്തിലും നിരന്തരം പ്രവർത്തനം നടന്നിട്ടുണ്ട്, കുടിയാന്റെ കുഴിക്കൂറ് മുറിക്കാൻ വന്ന ജന്മിയുടെ ആൾക്കാർക്കെതിരായി തയ്യൂരിൽ നടന്ന ചെറുത്തുനില്പു സമരം 1974-ലെ കുറുമാൽ മിച്ചഭൂമിസമരം എന്നിവ എടുത്തു പറയത്തക്കതാണ്. തല്ഫലമായി 1974-ൽ കഷർസംഘത്തിന്റെ ഒരു മഹാസമ്മേളനം വേലൂരിൽ സംഘടിപ്പിക്കുവാനുള്ള സാധ്യതയുണ്ടായി. 1957-ൽ ഭൂനിയമ പരിഷ്കരണ നിയമത്തിലേക്ക് എത്തിയ പ്രസ്തുത ദേശീയ പ്രക്ഷോഭ സമരങ്ങളിൽ ഈ പഞ്ചായത്ത് അതിന്റെ പങ്ക് സുത്യർഹമായ വിധം നിർവ്വഹിച്ചിട്ടുണ്ട്.

തുച്ഛമായ കൂലിക്ക് മേലാളന്റെ ഇഷ്ടമനുസരിച്ച് അധ്വാനിക്കുവാൻ വിധിക്കപ്പെട്ടവരായിരുന്ന തൊഴിലാളികൾക്ക് ജോലിക്ക് സമയപരിധി ഉണ്ടായിരുന്നില്ല. തൊഴിൽ മേഖലപരിമിതമായിരുന്നതുകൊണ്ടും, തൊഴിലാളികൾക്കിടയിൽ ഐക്യം ഇല്ലാതിരുന്നതുകൊണ്ടും മുതലാളികൾ തൊഴിലാളികളെ അന്യായമായി ചൂഷണം ചെയ്തുപോന്നു. ഈ പഞ്ചായത്തിലും സ്ഥിതി വിത്യസ്തമല്ലായിരുന്നു. ഈ സ്ഥിതിക്ക് മാറ്റം വരുത്താൻ നിരന്തര പരിശ്രമം നമ്മുടെ പഞ്ചായത്തിലും വിവിധ പ്രസ്ഥാനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസിദ്ധമായ വേലൂരിലെ കനാൽസമരം തലപ്പള്ളി താലൂക്കിൽ ഉടനീളം ചലനം വരുത്തിയിട്ടുണ്ട്. കരിങ്കാലികളേയും പോലീസിനേയും ഉപയോഗിച്ച് തൊഴിലാളി സമരത്തെ അടിച്ചമർത്താനാവില്ലെന്ന് പ്രസ്തുതസമരം തെളിയിച്ചു മിച്ചഭൂമിസമരം മുതലായ നിരവധി സമരങ്ങൾ അവകാശബോധത്തിന്റേയും പ്രതികരണ ശേഷിയുടേയും ഉദാഹരണങ്ങളായി ഈ പഞ്ചായത്തിന്റെ ചരിത്രത്തിൽ തെളിഞ്ഞു നിൽക്കുന്നു.

മഹത്തായ ഈ സാമൂഹ്യ പരിഷ്കരണ യജ്ഞത്തിൽ ഇന്നും നമ്മോടൊപ്പം നിന്ന് മാർഗ്ഗ ദർശനം തരുന്നവരും മൺമറഞ്ഞുപോയവരുമായ ധീരനേതാക്കന്മാർക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് ഇനിയും ബഹുദൂരം മുന്നോട്ട് പോകുവാനുള്ള അതിന്റെ ആരംഭം വിവേചനശക്തിയോടേയും, സ്വയം സമർപ്പണത്തോടെയും ഈ ജനകീയാസൂത്രണ പ്രക്രിയയിലൂടെ നിർവ്വഹിക്കാം.

# കൃഷി - ജലസേചനം

## വേലൂർ ഗ്രാമ പഞ്ചായത്തിന്റേ കാർഷിക ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം:-

ശിലായുഗമനുഷ്യർ കൃഷിചെയ്യുവാൻ പഠിക്കുന്നതോടെ ഇന്നത്തെ മനുഷ്യനിലേക്കുള്ള വളർച്ചയുടെ തുടക്കമായി. ലോകചരിത്രം തന്നെ അടിസ്ഥാനപരമായി കാർഷികമേഖലയുടെ കൂടി ചരിത്രമാണ് ഇന്നും നമ്മുടെ രാജ്യത്ത് കൃഷിക്കുതന്നെയാണ് പ്രാധാന്യം.

എത്രയോ നൂറ്റാണ്ടു മുമ്പുതനെ ഇന്നത്തെ കേരളത്തിന്റെ മദ്ധ്യത്തിൽ സമ്പൽസമൃദ്ധമായ തലപ്പിള്ളിരാജ്യം നിലവിലുണ്ടായിരുന്നു. ഈ കാർഷിക സമ്പന്നത കൊച്ചിയുടെ ആധീനതയിലായിരുന്നു. ഈ രാജ്യത്തെ സാമൂതിരിയുമായുള്ള പ്രസിദ്ധമായ തലപ്പിള്ളി യുദ്ധത്തിലേക്കെത്തിച്ചു.

വടക്കാഞ്ചേരിപ്പുഴയുടെ തെക്കുഭാഗത്ത് തലപ്പിള്ളിയുടെ മധ്യത്തിലായി വേലൂർ, നല്ലമണ്ണ്, നല്ല കാലാവസ്ഥ, ധാരാളം വെള്ളം എല്ലാവരും കൃഷിയോ, അനുബന്ധതൊഴിലുകളോ ആയി ജീവിക്കുന്നവർ കുന്നിൻ ചെരിവുകൾ ജൈവവളത്തിനും, കന്നുകാലിസമ്പത്ത് കാലിവളത്തിനും സഹായകം. നെല്ല്, തെങ്ങ്, കവുങ്ങ്, മരച്ചീനി, കശുമാവും എന്നിവ അന്നത്തെ പ്രധാന കൃഷികൾ.

1957-ൽ വാഴാനിഡാമിന്റെ നിർമ്മാണത്തോടെ വേലൂരിന്റെ തെക്കൻ പ്രദേശങ്ങളിലെ തുരിശുഭൂമികൾ കൃഷിഭൂമികളായി, കശുമാവുതോട്ടങ്ങൾ, നെൽകൃഷി സ്ഥലങ്ങളായി. എന്നാൽ ജലം സംഭരിക്കുന്നതിനുള്ള ഡാമിന്റെ ശേഷി കുറഞ്ഞതോടെ ആ സ്ഥലങ്ങൾ തെങ്ങ്, കവുങ്ങ് തോട്ടങ്ങളായി മാറി. നെൽകൃഷി സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞു. ജന്മിത്തം അവസാനിക്കുകയും ഭൂനിയമം നടപ്പിൽ വരുകയും ചെയതത് കാർഷികരംഗത്ത് പുതിയ ഉണർവുണ്ടാക്കി.

1967 മുതൽ പുതിയ കൃഷി സമ്പ്രദായം ഉല്പാദനവർദ്ധനവിന് വഴിയൊരുക്കി. പുതിയ വിത്തിനങ്ങളും രാസവളങ്ങളും കാർഷികമേഖലയിലേക്ക് കടന്നു വന്നു. സഹകരണസംഘങ്ങളും കാർഷിക വായ്പകളും ഇതിന് സഹായകമായി. എന്നാൽ 1976 - 77 മുതൽ ഉല്പന്നത്തിന്റെ വിലകുറവും സാഹചര്യങ്ങളും നെൽകൃഷിയെ ക്രമേണ തളർത്തികൊണ്ടുവന്നു. വേലൂരിന്റെ വടക്കൻഭാഗത്തുകാർക്ക് പുഴയിലെ ആദൂർ ചിറ നിർമ്മാണം കൊണ്ട് നേരിയ ഗുണം ലഭിച്ചു. ജന്മി കുടിയാൻ വ്യവസ്ഥ കാലത്ത് 95 ശതമാനം കൃഷിക്കാരുടേയും പ്രധാന വരുമാനം നെല്ലിൽ നിന്നായിരുന്നു. ഇന്ന് പ്രധാനമായും നാണ്യവിളകളിൽ നിന്നാണ് അവരുടെ വരുമാനം.

കൃഷികളുടെ ചരിത്രം പ്രധാനമായും നെൽകൃഷിയുടേതാണ്. ഇന്ന് നാം സുഗന്ധ വിളകൾ തൊട്ട് മൾബറി വരെ കൃഷിചെയ്യുന്നു. പ്രകൃതി കൃഷിരീതി തൊട്ട് ഡ്രിപ്പ് സംവിധാനംവരെയുള്ള സമ്പ്രദായങ്ങളും നല്ലൊരു നാളേക്കുവേണ്ടി ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കാർഷീകമേഖലയെ പറ്റിയുള്ള ഒരു വിചിന്തനവും പ്രശ്നപരിഹാര നിർദ്ദേശങ്ങളുമാണ് ഈ കുറിപ്പുകൾ.

## ചരിത്രം

### കൃഷിഭൂമിയുടെ ചരിത്രം

വേലൂർ, തയ്യൂർ, കിരാലൂർ, വെള്ളാറ്റഞ്ഞൂർ എന്നീ വില്ലേജുകളിലെ സെറ്റിൽമെന്റ് രജിസ്റ്റാർ പ്രകാരം 4305-16 ഏക്കർ പുരയിടവും, 1727 ഏക്കർ നിലവും 897.59 ഏക്കർ പുറമ്പോക്കും 64.09 കരം പതിക്കാത്ത തുരിശുഭൂമിയും ഉണ്ട്.

ഇതിൽ 141.03 ഏക്കർ സ്ഥലം റോഡുകളും, 34.40 ഏക്കർ തോടുകൾ, 4.04 ഏക്കർ കുളങ്ങൾ, 85.84 ഏക്കർ പുഴ എന്നിവയാണ്. പുറമ്പോക്ക് പ്രദേശത്ത് വനം, മറ്റു പുറമ്പോക്കുകൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്.

കൃഷിഭവന്റെ റിക്കാർഡുകളിൽ 1530 ഏക്ര നിലമാണുള്ളത്. ബാക്കി 200 ഏക്കറോളം നിലം നികത്തപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. 50 ഏക്കർ നിലം ജലദൗർലഭ്യവും മറ്റു കാരണങ്ങളാലും തുരിശായി കിടക്കുന്നു.

***പ്രശ്നങ്ങൾ***

ഇന്നുള്ള ഓഫീസുകളുടെ സ്ഥിതി ദയനീയമാണ്. പഴയ റെക്കോഡുകൾ വില്ലേജാഫീസിൽ ഇരിക്കുന്നത് കേടുവന്ന നിലയിലാണ്. ഭൂമി ഇടപാടുകൾ വളരെ കൂടിയതുകൊണ്ട് ഇപ്പോഴത്തെ ആഫീസുകൾ അപര്യാപ്തമാണ് ഭൂമിയുടെ നാലതിരുകൾ അവ്യക്തമായതിനാൽ അതിർത്തി പ്രശ്നങ്ങളുണ്ടായിരുന്നു.

***പരിഹാരങ്ങൾ***

എത്രയും പെട്ടെന്ന് സർവ്വെ നടത്തി ഭൂമിയുടെ സ്കെച്ച് തയ്യാറാക്കുക. വെള്ളാറ്റഞ്ഞൂർ, തയ്യൂർ വില്ലേജുകൾ ചേർത്ത് പുതിയ പുലിയന്നൂർ വില്ലേജുണ്ടാക്കുക.

## വിളകൾ

**വിളകൾ**

നാണ്യവിളകൾ, സുഗന്ധവിളകൾ, ഔഷധവിളകൾ, ധാന്യവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, എണ്ണവിത്തുകൾ (എള്ള്, തേങ്ങ) പയർ വർഗ്ഗങ്ങൾ, മറ്റു ഫലങ്ങൾ എന്നിവ ഇവിടെ കൃഷിചെയ്യുന്നു.

തെങ്ങ്, കവുങ്ങ്, നെല്ല്, റബ്ബർ, കുരുമുളക്, വാഴ, കശുമാവ്, പച്ചക്കറി എന്നിവയാണ് മുഖ്യമായും കൃഷിചെയ്യുന്നത്.

***i. വ്യാപനം***

നെല്ല് ഒന്നാംവിള - 530 ഹെ, രണ്ടാം വിള -615 ഹെ, മൂന്നാംവിള 12 ഹെ എന്നിങ്ങനെയും, പയർ - 3, എള്ള് - 10, പച്ചക്കറികൾ -25, തെങ്ങ് - 480, വാഴ - 180, മരച്ചീനി - 50, കുരുമുളക് - 80, പ്ലാവ് - 10, കശുമാവ് - 120, മാവ് - 40, റബ്ബർ - 175, കവുങ്ങ് - 320, വെറ്റില - 1, ഇഞ്ചി - 10, മഞ്ഞൾ - 5, എന്നിങ്ങനെ ഹെക്ടർ കണക്കിൽ ഭൂമിയിൽ കൃഷിചെയ്യുന്നു.

***ii. ഭൂ ഉടമസ്ഥത***

ഒരേക്കറിൽ താഴെ കൃഷിഭൂമിയിലുള്ള 2820 നാമമാത്ര കൃഷിക്കാർ പഞ്ചായത്തിലുണ്ട്. ഒന്നു മുതൽ രണ്ടേക്കർ വരെ കൃഷിഭൂമിയിള്ള 355 ചെറുകിട കർഷകരും, രണ്ട് ഏക്കറിനു മുകളിൽ കൈവശമുള്ള 107 വൻകിട കർഷകരും ഇവിടെയുണ്ട് ഭൂപരിഷ്കരണം വഴി ഭൂമിയുടെ പരിധി നിശ്ചയിച്ചതിനാൽ ഭൂ ഉടമകളുടെ എണ്ണം വർദ്ധിച്ചു. കൃഷിയിടം തുണ്ടു ഭൂമികളായി മാറി. മറ്റു മേഖലകളിൽ നിന്നുള്ള ധനാഗമവും കൂട്ടുകുടുംബവ്യവസ്ഥ മാറിയതും ഭൂവുടമകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

**iii. സങ്കേതം**

ഭൂപ്രകൃതിയുടെ സൗകര്യങ്ങളനുസരിച്ചും ജലത്തിന്റെ ലഭ്യത പരിഗണിച്ചും പ്രദേശത്തിന് അനുയോജ്യമായ കൃഷികൾ ചെയ്തുവരുന്നു.

കുന്നിൻ പ്രദേശങ്ങളിൽ കശുമാവ്, ചെരുവുകളിൽ മരച്ചീനി, റബ്ബർ, പാഴ്മരങ്ങൾ എന്നിങ്ങനേയും സമതലങ്ങളിൽ നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കുരുമുളക്, പുഴയോരങ്ങളിൽ നെല്ല്, നേന്ത്രവാഴ, പച്ചകറികൾ എന്നിങ്ങനെയും ജലത്തിന്റെ ലഭ്യത അനുസരിച്ച് കാർഷിക സങ്കേതങ്ങൾ വളർന്നു വന്നിട്ടുണ്ട്.

***പ്രശ്നങ്ങൾ പരിഹാരങ്ങൾ നിർദ്ദേശങ്ങൾ***

കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും പ്രതിബന്ധമായി നില്ക്കുന്ന ചില ഘടകങ്ങളും ഗ്രാമസഭകളിൽ നിന്നും ലഭിച്ച പരിഹാരങ്ങളും നിർദ്ദേശങ്ങങ്ങളും താഴെ കൊടുക്കുന്നു. പ്രശ്നങ്ങൾപരിഹാരങ്ങൾ - നിർദ്ദേശങ്ങൾ.

1. സാമ്പത്തികം കൃഷിക്ക് ഇൻസെന്റീവ് കുടിശ്ശിക അടക്കം ലഭ്യമാക്കുക, ധനസഹായം,

| | | |
|---|---|---|
| | | വായ്പാരീതികൾ ലളിതമാക്കുക. |
| 2. | കീടനാശിനി വളം | മുഴുവൻ കവുങ്ങു കൃഷിക്കാർക്കും മഹാളിരോഗത്തിനെതിരെ ഉപയോഗിക്കുന്ന തുരിശ് ലഭ്യമാക്കുക, വളം സബ്സിഡി വ്യാപിപ്പിക്കുക. |
| 3. | വിത്ത് | പുതിയ വിത്തിനങ്ങൾ, തൈകൾ എന്നിവ കൂടുതൽ ലഭ്യമാക്കണം. |
| 4. | ഗതാഗതം | പാടശേഖരങ്ങളിലേയ്ക്കുള്ള വഴികൾ ടാക്ടർ, മറ്റു വാഹനങ്ങൾ (കറ്റ, വളം എന്നിവ കൊണ്ടുപോകാൻ) എന്നിവയ്ക്കു പോകാൻ വേണ്ടുന്ന തരത്തിലാക്കുക. തോടുണ്ടെങ്കിൽ, തോട്ടരികിൽ പാലംപണിയുന്നതാണ് ഉത്തമം. |

## വിളചേരുവ

### വ്യാപനവും ഉത്പാദനക്ഷമതയും

| വിള | വിസ്തീർണ്ണം (ഹെ.) | മൊത്തം ഉല്പാദനം (ടൺ) | ഉല്പാദനക്ഷമത (ഹെക്ടർ - ടൺ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 530 | 1060 | 2 |
| നെല്ല് (രണ്ടാംവിള) | 615 | 1080 | 2.5 |
| പയർ | 3 | 1 | 1 |
| എള്ള് | 10 | 2.5 | 0.80 |
| പച്ചകറികൾ | 25 | 6.25 | 8 |
| തെങ്ങ് | 480 | 48ലക്ഷം | 50 എണ്ണം |
| വാഴ | 180 | 108 | 2.5 |
| മരച്ചീനി | 5 | 62.5 | 12.5 |
| കുരുമുളക് | 80 | 520 | 6.5 |
| പ്ലാവ് | 10 | 37000 എണ്ണം | 3750 എണ്ണം |
| കശുമാവ് | 100 | 7.5 | 0.75 |
| മാവ് | 40 | 90 | 10 |
| റബ്ബർ | 125 | 312.5 | 2.5 |
| കവുങ്ങ് | 320 | 640 | 2 |
| വെറ്റില | 1 | 3250 കെട്ട് | 3250 |
| ഇഞ്ചി | 2 | 10 | 5 |
| മഞ്ഞൾ | 1 | 5 | 0.5 |

## ഉല്പാദനക്ഷമത

കാർഷിക മേഖലയിൽ ഉല്പാദദക്ഷമതയെ പരിശോധിക്കണമെങ്കിൽ ഒട്ടേറെ ഘടകങ്ങൾ പരിഗണിക്കണം. ഏതായാലും ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എടുത്തുപറയത്തക്ക മികവൊന്നും നമ്മുടെ പഞ്ചായത്തിനില്ല.

ജലസേചന സൗകര്യങ്ങൾ, ഉത്പാദനങ്ങളുടെ വിലയും വിപണനവും, കാർഷികബന്ധങ്ങൾ, കൂലി -

സേവന വ്യവസ്ഥകൾ, കീടനാശിനി വള ഉപഭോഗങ്ങൾ എന്നിങ്ങനെയുള്ള ഉല്പാദനക്ഷമതയെ ബാധിക്കുന്ന ഘടകങ്ങളെ നമുക്കൊന്ന് വിശകലനം ചെയ്യാം.

## 1. ജലസേചന സൗകര്യങ്ങൾ

മദ്ധ്യകാലാവസ്ഥ അനുഭവപ്പെടുന്ന വേലൂർ പഞ്ചായത്ത് സെൻട്രൽ മിഡ്‌ലാന്റ് സോണിൽ ഉൾപ്പെടുന്നു. നവംബർ മുതൽ ജനുവരി വരെ തണുപ്പുകാലവും, ഫെബ്രുവരി മുതൽ ജൂൺ മദ്ധ്യം വരെ വേനൽക്കാലവും ജൂൺ മദ്ധ്യം മുതൽ ഒക്ടോബർ വരെ വർഷക്കാലവും ഇവിടെ അനുഭവപ്പെടുന്നു.

തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂണുകളിൽ നിന്നും ഏകദേശം 300 സെ. മീ. മഴ ലഭിക്കുന്നു. ഈ മഴയെമാത്രം ആശ്രയിച്ചായിരുന്നു, പഴയ കൃഷിസമ്പ്രദായം, പുഴ തോടുകൾ, ചിറകൾ എന്നിവ ആവശ്യമുള്ള ജലം സംഭരിച്ചിരുന്നു. ചെറിയ തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ ഉണ്ടാക്കി കൊട്ടത്തേക്ക്, വേത്തി (സ്റ്റൺലിഫ്റ്റ്) കയറ്റുകൊട്ട, ചക്രംചവിട്ടൽ, കാലികളെ ഉപയോഗിച്ചുള്ള കാളത്തേക്ക് എന്നിവയിലൂടെ ആദ്യകാലങ്ങളിൽ ജലസേചനംനടത്തിയിരുന്നു. നെല്ലായിരുന്നു മുഖ്യവിള.

50 വർഷങ്ങൾക്കുമുമ്പ് ആദൂരിൽ വടക്കാഞ്ചേരിപ്പുഴക്ക് അണകെട്ടി ഇതുവഴി സമീപ പഞ്ചായത്തുകളിൽ അടക്കം 1000 ത്തിലധകം ഏക്ര സ്ഥലത്ത് നെൽകൃഷിക്കും 150 ഏക്രയോളം സ്ഥലത്തെ തോട്ട നാണ്യവിളകൾക്കും ജലസേചന സൗകര്യത്തിന് ആദൂർചിറ വഴിയൊരുക്കി. പഞ്ചായത്തിന്റെ വടക്കൻ മേഖലയ്ക്ക് ഇതൊരുനഗ്രഹമായി.

1957-ൽ വാഴാനി ഡാം വന്നതോടുകൂടി തെക്കൻ മേഖലയും ജലസേചനസൗകര്യങ്ങളിൽ മുന്നേറി. ചെരിഞ്ഞ ഭൂവിഭാഗങ്ങൾ തട്ടുകളാക്കിയും, കശുമാവിൻ തോപ്പുകൾ മുറിച്ചുമാറ്റിയും, ഏറെ അധ്വാനിച്ച് പുതിയ നെൽവയലുകളുണ്ടാക്കി. ഉയരങ്ങളിലേക്ക് സമീപത്തുള്ള നിലങ്ങളിലേയ്ക്കും കനാൽവഴി ജലം ലഭിച്ചു. കനാലിന്റെ സമീപത്തുള്ള തോട്ടങ്ങൾക്കും ഈ പദ്ധതി അനുഗ്രഹമായി.

കൃഷിയിടങ്ങളുടെ വിസ്തൃതി കൂടിയതുകൊണ്ടും കൂടുതൽ വിളകളെടുക്കുന്നതുകൊണ്ടും ആദൂർചിറയുടെ ജലസേചനസൗകര്യം ഇന്ന് അപര്യാപ്തമാണ്. വാഴാനി ഡാമിന്റെ പഴയ പ്രഭാവം ഇന്നില്ല. പല കാരണങ്ങൾകൊണ്ടും വേണ്ടത്ര ജലം സംഭരിക്കാൻ ഈ അണകെട്ടിനാകുന്നില്ല. കനാലിനു സമീപം രൂപം കൊണ്ട നെൽവയലുകൾ ഇപ്പോൾ തോട്ടങ്ങളായി മാറി.

പിന്നീട് ജലസേചന പ്രശ്നപരിഹാരത്തിനായി ഇറിഗേഷൻ വകുപ്പു വഴിയും, ജവഹർറോസ്ഗാർ യോജന പദ്ധതി പ്രകാരവും പ്രധാനമന്ത്രിയുടെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചും, കമാണ്ട് ഏരിയ വികസപദ്ധതികൊണ്ടും, ചെറിയ തോടുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും ചിലവ നന്നാക്കുകയും ചെയ്ത് വെള്ളം വെറുതെ നഷ്ടപ്പെടുന്നത് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

മാത്രമല്ല ഡീസൽ, വൈദ്യുതി എന്നിവ ഉപയോഗിച്ചുള്ള പമ്പുസെറ്റുകൾ ഈ രംഗത്ത് ഇപ്പോൾ ഉപയോഗിക്കുന്നു. ചെറുതും വലുതുമായി 1260 പമ്പ് സെറ്റുകൾ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 4.5 ഇഞ്ച് വ്യാസമുള്ള 300 ഓളം കുഴൽ കിണറുകൾ കുഴിച്ചതിൽ 175 എണ്ണവും നല്ല നിലയിൽ ഉപയോഗപ്പെടുത്തുന്നു. 5, 6 വാർഡുകളിൽ ഹോളണ്ടിന്റെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയിൽ 50 ഓളം ചെറുകിട നാമമാത്ര കർഷകർക്ക് ജലസേചന സൗകര്യം ലഭിച്ചിട്ടുണ്ട്,

പഞ്ചായത്തിന്റെ തെക്കൻഭാഗത്തും മധ്യഭാഗത്തും വേനൽകാലത്ത് തോട്ടംവിളകൾ വരൾച്ചയുടെ പിടിയിൽ നിന്നും കുറെയൊക്കെ മോചനം നേടിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശവും വടക്കെ അറ്റവും വരൾച്ചയുടെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ ഇനിയും പല പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ജലസേചന സംബന്ധമായി അടിയന്തിരമായി ചെയ്യേണ്ടുന്ന പ്രധാനകാര്യം പുഴയിലെ ചിറകളെ പുനർജീവിപ്പിക്കലാണ്. ആദൂർ ചിറയുടെ ഉയരം കൂട്ടുക, പുതിയ ഷട്ടറുകൾ ഫലപ്രദമായ സ്ഥലങ്ങളിൽ നിർമ്മിക്കുക എന്നിവ.

**വാർഡ് 1**

ചേനംചിറ, മേപ്പാടംകുളം, ആറാട്ടുകുളം, ചൂരയിൽകുളം എന്നിവ ആഴവും വിസ്താരവും കൂട്ടി സൈഡുകെട്ടണം. ചേനംചിറയ്ക്ക് പുറമ്പോക്ക് ഭൂമി ലഭ്യമാണ്.

തെക്കുവടക്കായി വാർഡിലൂടെ നീളം കിടക്കുന്ന തോട് ആഴവും, വീതിയും കൂട്ടി അരികുകൾ വൃത്തിയാക്കിയാൽ കിരാലൂരിലെ പാടശേഖരങ്ങൾ മുഴുവൻ ജലമെത്തിയ്ക്കാൻ കഴിയും.

**വാർഡ് 2**

പൊയ്‌ലിക്കുളം, ചക്കംകുളം എന്നിവ കൂടുതൽ ഉപയോഗ്യമാക്കണം. തെക്കെപ്പാടം തോട് സൈഡ് കെട്ടി ചീപ്പ് ഇട്ട് സംരക്ഷിക്കണം.

**വാർഡ് 3**

മാങ്കുളവും, പൊട്ടിണിച്ചിറ ജലസേചനത്തിന് ഉപയുക്തമാക്കണം കാഞ്ഞിരാൽകുന്നിന്റെ പടിഞ്ഞാറുള്ള ചിറ ഒരു ഇടത്തരം അണകെട്ടാക്കി മാറ്റാനുള്ള പ്രകൃതി സൗകര്യങ്ങൾ ഉള്ളതാണ്. ഒരു ഭാഗം ഉയർത്തുകയാണ് വേണ്ടത്. 5 കൊല്ലം കൊണ്ട് 3 കോടിയോളം ചിലവാക്കിയാൽ 200 ഏക്രയോളം കൃഷിസ്ഥലം ജലസൗകര്യമുള്ളതാക്കാം. ശ്രദ്ധിക്കപ്പെടേണ്ട ഒരു പദ്ധതിയാണിത്. വാർഡിന്റെ മധ്യത്തിലെ ലാട്രിന്റെ വടക്ക് ആറുകോൽ താഴ്ത്തി പന്ത്രണ്ട് കോൽ ഉയരവും നാല്പത്തെട്ട് അടി ചുറ്റളവും ഉള്ള ടാങ്ക് നിർമ്മിച്ചാൽ 250 ഏക്രയോളം കൃഷിക്ക് ഉപയുക്തമാക്കാം. ഈട്ടികുന്ന് ഭാഗത്ത് ടാങ്കു നിർമ്മിക്കണം ഇത് കിണറുകളുടെ മധ്യചീർപ്പുവെച്ച് സൗകര്യപ്രദമാക്കണം. 57A വടക്കെപാടവുമായി ബന്ധിപ്പിക്കണം.

**വാർഡ് 4**

ശങ്കരംകുളം, കൂത്തുകുളം, ഇടക്കുളം കുളം എന്നിവ നന്നാക്കുക. പോട്ടകണ്ടത്തിൽ തോടുണ്ടാക്കുക. കുട്ടാടൻ പാടത്തും തോടുണ്ടാക്കി ചെറുതോടുകൾ ഇതുമായി ബന്ധിപ്പിക്കുക. തോടുകൾക്ക് സ്രൂയിസ് ഷട്ടറുകൾ ഘടിപ്പിക്കണം. വാഴാനിയിൽ നിന്നും കുറുമാൽ പാടത്തേക്ക് ചാലുണ്ടാക്കണം.

**വാർഡ് 5**

കോതക്കുളം, അങ്ങാടിക്കുളം നന്നാക്കി കൂടുതൽ സൗകര്യപ്രദമാക്കണം. പൈനി പാടത്തെ സ്വകാര്യക്കുളം ഏറ്റെടുക്കണം. വേലൂർ - കുറുവന്നൂർ തോടിന്റെ സൈഡ് കെട്ടി ബണ്ട് ഉറപ്പിക്കുക. കോതക്കുളത്തിന്റെ വലത്തുഭാഗത്ത് സ്ലൂയിസ് വഴി ജലം തിരിച്ചുവിടണം. വാഴാനി 7B ചാൽപടിഞ്ഞാറെ തോടുമായി ബന്ധിപ്പിക്കുക. കാടവഴി വടക്കുപടിഞ്ഞാറെ പാടത്തേക്ക് പോകുന്നവെള്ളം ഹൈസ്കൂളിന്റെ കിഴക്കുനിന്നും വടക്കോട്ടെത്തിക്കുക. കോതക്കുളത്തിന്റെ ലിഫ്റ്റ് ഇരിഗേഷൻ സൗകര്യമുണ്ടാക്കണം. ഉള്ളുതോടുകൾ മൂന്നു ചീർപ്പുകൾ പലകകൾ സ്ഥാപിക്കണം.

**വാർഡ് 6**

അമ്പക്കാട്ടുകുളം അയ്യപ്പൻപാകുളം, അയ്യൻപാറക്കുളം എന്നിവ സംരക്ഷിക്കണം വടക്കാഞ്ചേരി പുഴയിൽ തണ്ടിലം, അല്ലിരുത്തിയിൽ ഒരു ബണ്ടും കുറുവന്നൂർ കണ്ണുംചാട്ടിൽ കടവിൽ ഒരു ചെക്ക്ഡാം കംഫൂട്ട് ബ്രിഡ്ജും സ്ഥാപിക്കുക. ലിഫ്റ്റ് ഇരിഗേഷൻ സൗകര്യങ്ങളും ഏർപ്പെടുത്തണം. ആറ്റൂർ ചിറയിൽ നിന്നും പുറപ്പെടുന്ന തോട് വേലൂർ കുറുവന്നൂർ തോട്ടിലേക്ക് ബന്ധിപ്പിക്കുക. ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഒരു ട്രാൻസ്ഫോമർ കുറുവന്നൂരിൽ സ്ഥാപിക്കണം.

**വാർഡ് 7**

തോനല്ലൂർ വലിയ തോടുകുളം സംരക്ഷിക്കണം, നാലു ലക്ഷം ചിലവു വരുന്നതാണ്. ആദൂർ ചിറ ഒരു കി. മീറ്റർ ഉയർത്തുക. ഇപ്പോഴുള്ള ഇരുമ്പു ഷട്ടർ ഒരു മീറ്റർ കൂടി ഉയർത്തണം. ചിറയിൽ രണ്ടു നിര ഷ്ട്ടർ ഇട്ട് ലീക്കു തടയണം. കൂടാതെ പുലിയന്നൂർ തോടിന്റെ തുടക്കത്തിൽ ഷട്ടർ സംവിധാനം വേണം. ആദൂർ പുത്തൻതോട്ടിൽ വെള്ളാറ്റഞ്ഞൂർ വില്ലേജിന്റെ അതിർത്തിയിൽ ക്രോസ് ബാർ നിർമ്മിച്ച് 150 മീറ്റർ നീളത്തിൽ ബണ്ടിന് പ്രൊട്ടക്ഷൻ കൊടുക്കണം. 35 ലക്ഷത്തോളം ചിലവു വരുന്നു. ആദൂർ പദ്ധതിയ്ക്ക് 200 മീറ്റർ ബണ്ട് വേണ്ടതുണ്ട്. കരിയന്നൂർ തോട് സർവ്വെ ചെയ്ത് വീതിയും ആഴവും കൂട്ടി സംരക്ഷിക്കണം. രണ്ടു ക്രോസ് ബാറുകളും സംരക്ഷിക്കണം. തോടിന്റെ വശത്തായി ലിഫ്റ്റ് ഇരിഗേഷൻ പദ്ധതിയുണ്ടാക്കി

ഒന്നര കി. മീ നീളത്തിൽ കോൺക്രീറ്റ് കനാൽ നിർമ്മിക്കേണ്ടതുണ്ട്. ഇതിലേക്ക് മൊത്തം 15 ലക്ഷം ചിലവു വരുന്നതായി കണകാക്കുന്നു. പാത്രമംഗലം പടിഞ്ഞാറെ പാടത്തേക്ക് വെള്ളാറ്റഞ്ഞൂർ സൊസൈറ്റി പമ്പു ചെയ്യുന്ന വെള്ളം വിടാൻ കോൺക്രീറ്റ് ചാൽ ഉണ്ടാക്കുന്നതാണ്. 3 ലക്ഷം രൂപ മതിപ്പ് ചിലവുണ്ട്. ആദൂർ പദ്ധതി ഒരു വാർഡിലെ പദ്ധതി എന്നതിനേക്കാൾ ഒരു പ്രദേശത്തിന് മുഴുവൻ ഗുണം ചെയ്യുന്നതാണ്.

**വാർഡ് 8**

വാർഡിലെ 5 കുളങ്ങൾ ആഭിവൃദ്ധിപ്പെടുത്തണം. പുഴയോരത്ത് 2 കിണറും കുന്ദംകുളത്തിനടുത്ത് ഒരു കിണറും സ്ഥാപിച്ച് ഇരിഗേഷൻ സൗകര്യമുണ്ടാക്കണം. കർഷകരുടെ 3 ഗ്രൂപ്പുകളുണ്ടാക്കി 3 ലിഫ്റ്റ് ഇരിഗേഷൻ പദ്ധതി നടപ്പാക്കണം. അടുത്ത പദ്ധതിയിൽ പട്ടികജാതി വികസനത്തിന് ഒഴികെ, ലഭിക്കുന്ന മുഴുവൻ തുകയും കൃഷിജലസേചനത്തിന് വിനിയോഗിയ്ക്കണമെന്നും 3 ഇരിഗേഷൻ പദ്ധതിയ്ക്കും ടാങ്ക് നിർമ്മാണത്തിനും കൂടി 9 ലക്ഷം രൂപ വിനിയോഗിക്കാമെന്നും ഗ്രാമസഭ കണക്കാക്കിയിട്ടുണ്ട്. ഒരു വർഷം ~~25 ലക്ഷം~~ രൂപ വരെ കാർഷികാദായം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ പദ്ധതിയിലെ മുതൽ മുടക്കുകളിൽ ഒരു വിഹിതം കർഷകരിൽ നിന്ന് സ്വരൂപിക്കാം.

**വാർഡ് 9**

കൊടുവള്ളിക്കുളം, താഴ്ത്തി കിഴക്കോട്ട് ലിഫ്ററ് ചെയ്യുക. ഒറ്റക്കുണ്ട്കുളം, പാറക്കുണ്ട്, മാങ്കുളം എന്നിവ ശരിയായി ഉപയോഗിക്കേണ്ടതുണ്ട്.

**വാർഡ് 10**

തലപ്പുറത്ത്കുളം, പാച്ചിറക്കുളം, കോൺകുളം എന്നിവ വേണ്ട വിധത്തിൽ കൃഷിക്ക് ഉപയുക്തമാക്കുക. പുഴയിൽ തടയണകെട്ടുകളും തയ്യൂർ ലിഫ്റ്റ് ഇരിഗേഷൻ നടപ്പിലാക്കുകയും ചെയ്യുക. തോടുകൾ വൃത്തിയാക്കി റാമ്പുകൾ നിർമ്മിക്കുക. ചുരുക്കത്തിൽ 1,2,3,4,5 വാർഡുകളിൽ വാഴാനികനാലും 6,7,8,9,10 വാർഡുകൾക്ക് വടക്കാഞ്ചേരിപുഴയും ശാസ്ത്രീയമായി ഉപയോഗിക്കാൻ കഴിയണം. ഉള്ള കുളങ്ങളും തോടുകളും നന്നാക്കിയും പുതിയവ നിർമ്മിച്ചും മററ് സ്ഥലങ്ങളിൽ കിണറുകളുണ്ടാക്കിയും ജലസേചനസൗകര്യം മെച്ചപ്പെടുത്തണം.

**ജലസേചനത്തെ സംബന്ധിച്ച് പഞ്ചായത്തിൽ ചെയ്യേണ്ട മുഖ്യകാര്യങ്ങൾ മുൻഗണനാക്രമത്തിൽ കൊടുക്കുന്നു.**

| | | |
|---|---|---|
| 1. | ആദൂർ ചിറയുടെ സംഭരണശേഷി ഉയർത്തൽ | 7-ാം വാർഡ് |
| 2. | അല്ലിതിരുത്തി ബണ്ട് ലിഫ്റ്റ് ഇരിഗേഷൻ | 6-ാം വാർഡ് |
| 3. | തയ്യൂർ ലിഫ്റ്റ് ഇരിഗേഷൻ പദ്ധതി പൂർത്തീകരണം | 10-ാം വാർഡ് |
| 4. | കുറുമാൽതോട് ബന്ധിപ്പിക്കലും, പുതിയ തോടുണ്ടാക്കലും | 4-ാം വാർഡ് |
| 5. | പൊട്ടണിച്ചിറ സംഭരണശേഷി വർദ്ധിപ്പിക്കൽ | 3-ാം വാർഡ് |
| 6. | കുന്നംകുളം കുഴൽകിണറർ ടാങ്ക് നിർമ്മാണപദ്ധതി | 8-ാം വാർഡ് |
| 7. | കൊടുവള്ളിക്കുളം ലിഫ്ററ് ഇരിഗേഷൻ പദ്ധതി | 9-ാം വാർഡ് |
| 8. | കിരാലൂർ തോട് ചേനംചിറ പദ്ധതി | 1-ാം വാർഡ് |
| 9. | വേലൂർ - കുറുവന്നൂർ തോട് പുനരുദ്ധാരണം | 5-ാം വാർഡ് |
| 10. | തെക്കെപൊടം തോട് നവീകരണം | 2-ാം വാർഡ് |

## 2. വളത്തിന്റെ ഉപയോഗം

വേലൂർ പഞ്ചായത്തിലെ കുണ്ടു നിലങ്ങളിലും, പശിമരാശി മണ്ണും, കരിനിലങ്ങളിലും പശമരാശിമണ്ണും, പറമ്പുകളിൽ മണലും, ചെങ്കല്ലുംഷ ചെമ്മണ്ണും, ചെരിവുനിലങ്ങളിൽ ചരൽമണ്ണും, ചെമ്മണ്ണും ഉയർന്ന പ്രദേശങ്ങളിൽ പാറകളും ചരലും ചേർന്ന മണ്ണുമാണ് കാണപ്പെടുന്നത്. പത്താം വാർഡിന്റെ ചിലപ്രദേശങ്ങളിൽ നീർവാർച്ചയുള്ള പ്രദേശവും ഉണ്ട്.

നെൽവയലുകളിലും, തോട്ടങ്ങളിലും, ജൈവവളവും, കാലികവളവും, ചാരമുമാണ് ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. ഒന്നാം വിളക്കുശേഷം നിലം ഉഴുത് ചപ്പുചവറുകൾ തീയിട്ടിരുന്നതുമൂലം കീടങ്ങൾ കുറവായിരുന്നു. രണ്ടാം വിളയ്ക്കും കവുങ്ങിനും, തെങ്ങിനും., പച്ചിലവളവും കാലിവളവും ധാരാളം ചേർത്തിരുന്നു.

കാലക്രമേണ പല കാരണങ്ങൾകൊണ്ടും ജൈവവളപ്രയോഗം കുറഞ്ഞു കുറഞ്ഞു വന്നു. കൈകാര്യം ചെയ്യുന്നതിലൂടെ എളുപ്പം കൊണ്ടും പെട്ടെന്ന് ഫലം കാണുന്നതുകൊണ്ടും, ജൈവവസ്തുക്കൾ ലഭിയ്ക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടും എല്ലാ കർഷകരും രാസവളപ്രയോഗത്തിൽ ആകൃഷ്ടരായി പതിവിലും കൂവിഞ്ഞ വിളവ് ലഭിക്കാനും തുടങ്ങി. കീടനാശിനി പ്രയോഗവും, മണ്ണിന്റെ ഘടനാ തകർച്ചയും ചെടികളുടെ രോഗാതുരത വർദ്ധിപ്പിക്കുകയും ചെയ്തു. ശാസ്ത്രീയമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ, മണ്ണിന്റെ ഘടന മനസ്സിലാക്കാതെ വന്നുപോയ വിനയായിരുന്ന ഇത്. കുമ്മായം ഉപയോഗിച്ചും, മറ്റു പല രീതികളിലും മണ്ണിന് കൂടുതൽ ജീവൻ കൊടുക്കാൻ ഒറ്റപ്പെട്ട ശ്രമങ്ങൾ ഇപ്പോഴും നടന്നു വരുന്നു.

ഇന്ന് കൃഷിക്കാർ രാസവളപ്രയോഗം നിയന്ത്രിച്ചു തുടങ്ങിയിട്ടുണ്ട്. കാലിസമ്പത്ത് നഷ്ടപ്പെട്ടതുകൊണ്ട് ജൈവവളത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. വേപ്പിൻ പിണ്ണാക്ക്, കടലപ്പിണ്ണാക്ക്, മരോട്ടിപിണ്ണാക്ക്, എല്ലുപൊടി എന്നിവയും ചാണകവും ആട്ടിൻകാട്ടവും അന്യസംസ്ഥാനങ്ങളിൽ നിന്ന് ധാരാളം കൊണ്ടുവരുന്നു. മാത്രമല്ല രാസവളങ്ങളുടെ വില കുതിച്ചുകയറുകയും ചെയ്തു.

വളപ്രയോഗത്തെകുറിച്ചുള്ള അജ്ഞതയും, അവശ്യസാധനങ്ങളുടെ ദൗർലഭ്യവും വിലകയറ്റവും ഇന്നത്തെ കർഷകരെ ഏറെ ബുദ്ധിമുട്ടിയ്ക്കുന്നു. വേലൂർ പഞ്ചായത്തിലെ മൂന്ന് സഹകരണസംഘം സ്റ്റോറുകളിൽ നിന്നുമായി 200 ടണ്ണോളം രാസവളങ്ങൾ പഞ്ചായത്തിൽ വർഷം തോറും വില്ക്കപ്പെടുന്നുണ്ട്.

### ഈ പഞ്ചായത്തിൽ ഈ കൊല്ലത്തെ (1995 - 96)
### രാസവളം കീടനാശിനി വിറ്റവിവരം കിലോകണക്കിൽ, ലിറ്റർ കണക്കിൽ.

| | യൂറിയ | ഫാക്ടംഫോസ് | പൊട്ടാഷ് | ഫ്യൂറഡാൻ BHC | ദ്രാവകരൂപത്തിലുള്ളത് |
|---|---|---|---|---|---|
| വേലൂർ സഹകരണ ബാങ്ക് | 45000 | 35000 | 30000 | 108 | 110 |
| | | | | 98 | |
| തയ്യൂർ സഹകരണ ബാങ്ക് | 12333 | 8177 | 4345 | 201 | 002 |
| വെള്ളാറ്റഞ്ഞൂർ | 20805 | 31403 | 5380 | 171 | 123 |
| | 300 | 400 | 300 | 60 | |
| | 78438 | 74980 | 40025 | 638 | 235 |

## *പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും*

1. സ്ഥിരസ്വഭാവമുള്ള കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാൻ ധനസഹായം നൽകുകയും പഞ്ജായത്ത് തലത്തിൽ ചെയ്തു കമ്പോസ്ററ് കുഴി ഉണ്ടാക്കുക. വിവിധ ഭാഗങ്ങളിലുള്ള ചപ്പു ചവറുകൾ ശേഖരിക്കാനുള്ള ഏർപ്പാടും ഉണ്ടാക്കുക. ഇതുകൊണ്ട് ബയൊഗ്യാസ് നിർമ്മാണവും നടത്താം.
2. ജൈവവളങ്ങൾക്കും സബ്സിഡി നൽകുക.
3. കൃഷിഭവൻ മുഖേന വളപ്പയർ വിത്തുകൾ സബ്സിഡി നിരക്കിൽ നൽകുക.
4. കാലിസമ്പത്ത് വർദ്ധിപ്പിക്കാൻ ശ്രമിക്കുക. കന്നുകാലികളെ വാങ്ങുന്നതിന് ലോൺസൗകര്യങ്ങൾ ഉണ്ടാക്കുക. കതിരിന് വളംവെച്ചിട്ട് കാര്യമില്ല എന്നാണ് പ്രമാണം. സർക്കാരിന്റെ പലസഹായങ്ങളും കൃഷിക്കാരിൽ എത്തിന്നത് ഏറെ വൈകിയാണ്. ഈ രീതി മാറ്റണം.

## 3. രോഗങ്ങളും കീടങ്ങളും

കാർഷികമേഘലയിലെ ഉല്പാദനക്ഷമതയെ ഏറ്റവും അധികം ബാധിക്കുന്നൊരു പ്രശ്നമാണ് കീടബാധയും രോഗബാധയും. വിവിധ വിളകൾക്ക് ഈ പ്രശ്നം മൂലം ഗുരുതരമായ ബുദ്ധിമുട്ടിലായിട്ടുണ്ട്.

### നെല്ല്

- കഴിഞ്ഞ കാലങ്ങളിൽ കുറഞ്ഞ അളവിലെ രൊഗങ്ങൾ ഉണ്ടായിരുന്നുള്ളു. ഓലചുരുട്ടിപ്പുഴു, ഓലപ്പുഴു, കറുകുറ്റിപ്പുഴു എന്നിങ്ങനെ. കറുകുറ്റിപ്പുഴുമൂലം വേലൂരിന്റെ വടക്കൻ ഭാഗത്തും അയൽപഞ്ചായത്തിലുമായി 6 വർഷം മുമ്പ് 300 ഏക്കറോളം നെൽകൃഷി നശിക്കുകയുണ്ടായി. എട്ടുകാലിവലകൾ വയലിൽ സ്ഥാപിക്കുക, ചേരയെകൊന്ന് പൊതിഞ്ഞു വെയ്ക്കുക, മുള്ളു വലിക്കുക, ചൂലുകൊണ്ട് അടിച്ച് പുഴുവിനെ എടുക്കുക എന്നിവയായിരുന്നു ആദ്യകാല പ്രതിരോധ രീതികൾ.

ഓലപ്പുഴു, കൊടപ്പുഴു, ഗ്വാളിച്ച, തണ്ടുതുരപ്പൻ, ഓലചുരുട്ടി, മുഞ്ഞ, ചാഴി എന്നീ കീടങ്ങളുടെ ബാധയും ബ്ലാസ്റ്റ് മഞ്ഞളിപ്പ്, ഓലകരിച്ചിൽ, കുലവാട്ടം എന്നീ രോഗങ്ങളുമാണ് ഇപ്പോൾ കണ്ടുവരുന്നത്. എലി, ചാഴി, ഞണ്ട്, കാരവണ്ട് തുടങ്ങിയവയുടെ ശല്യവുമുണ്ട്. പലതരം കീടനാശിനാകൾ കൃഷിക്കാർ ഇപ്പോൾ ധാരാളമായി ഉപയൊഗിക്കുന്നു.

### കവുങ്ങ്

മഞ്ഞളിപ്പ്, കൂമ്പടപ്പ്, മഹാളി, ചൊവ്വാരോഗം എന്നിവ കണ്ടു വരുന്നു. എലിയും, അണ്ണാനും, പുളിയുറുമ്പും നേരിയ ശല്യം ചെയ്യുന്നു.

മഹാളിരോഗത്തിന് ബോഡോ മിശ്രിതം അടിക്കുമെന്നല്ലാതെ മറ്റോരു ശ്രദ്ധയും ഈ കൃഷിക്ക് കൊടുക്കുന്നില്ല. ഏറ്റവും ഉന്നതമായ ഗുണനിലവാരം പുലർത്തുന്നതാണ് ഊ പഞ്ചായത്തിലെ അടയ്ക്ക. ഊ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### തെങ്ങ്

കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലിബാധ, മഞ്ഞളിപ്പ്, പട്ടപഴുപ്പ് എന്നിവയാണ് സാധാരണ കണ്ടുവരുന്ന കേടുകൾ.

### കുരുമുളക്

പഞ്ചായത്തിലെ 100 ഏക്കറോളം പ്രദേശത്ത് പ്രധാന വിളയായും, ഇടവിളയായും കുരുമുളക് കൃഷിചെയ്തിരുന്നു. ദ്രുതവാട്ടം എന്ന അജ്ഞാതരോഗംമൂലം ഏറെക്കുറെ കുരുമുളക് നശിച്ചു. പല പ്രതിവിധികളും പരീക്ഷിച്ചുവെകിലും എല്ലാം തന്നെ പരാജയത്തിൽ കലാശിച്ചു.

### വാഴ

ആദ്യകാലത്ത് വാഴയുടെ കിഴങ്ങിൽ കാണുന്ന കരിക്കക്കുത്ത് എന്ന രോഗമാണ് ദുർലഭമായി കണ്ടുവന്നിരുന്നത്. എന്നാൽ ഇപ്പോൾ ഇലകൾ പലതരത്തിൽ നശിപ്പിക്കുന്ന പലതരം പുഴുക്കൾ, വെള്ളകൂമ്പ്, ഉണങ്ങികയറൽ, കുറുനാമ്പുരോഗം, പിണ്ടി തുരക്കപ്പെട്ട് വാഴ ഒടിയൽ, വാഴയുടെ അടി ചീഞ്ഞ് അഴുകിപോകൽ തുടങ്ങിയ കേടുകൾ സാധാരണമായി കണ്ടുവരുന്നു. ഈ പ്രദേശത്തെ ചെങ്ങഴിക്കോടൻ നേന്ത്രകായകൾ പ്രസിദ്ധവും നല്ല വില കിട്ടുന്നവയും ആണ്. പുഴയോരത്തും മറ്റു സ്ഥലങ്ങളിലും ധാരാളമായി കൃഷി ചെയ്തുവരുന്ന നേന്ത്രവാഴ കൂടുതൽ ശ്രദ്ധിക്കപെടേണ്ടിയിരിക്കുന്നു.

### കശുമാവ്

കശുമാവിന്റെ അടിഭാഗം കാർന്നു തിന്നുന്ന പുഴുശല്യം, മഞ്ഞളിപ്പ് രോഗം, ഇല പെട്ടെന്ന് ഉണങ്ങിപോകുന്ന അവസ്ഥ, പൂങ്കുലചാഴി, തേയിലകൊതുക് എന്നിവ കശുമാവ് കൃഷിയെ സാരമായി ബാധിക്കുന്നു. പ്രത്യേകിച്ച് പ്രതിവിധിയൊന്നും കർഷകർ ചെയ്യാറില്ലതാനും.

### റബ്ബർ

പഞ്ചായത്തിലെ നാലാം വാർഡിലാണ് റബ്ബർ കൃഷി ആദ്യം ആരംഭിച്ചത്. ഇപ്പോൾ പല വാർഡുകളിലുമായി 350 ഓളം ഏക്കർ സ്ഥലത്ത് റബ്ബർ കൃഷി ഉണ്ട്. മരം ചീയൽ, പശ തനിയെ പൊട്ടി

മരം തന്നെ ഉണങ്ങൽ, പട്ടമരപ്പ് എന്നീ രോഗങ്ങൾ കാണാറുണ്ട്.

## പൈനാപ്പിൾ

പൈനാപ്പിൾ പൂക്കുന്നതിനു മുമ്പ് അനേകം തലകൾ പൊട്ടിമുളക്കുന്ന ആയിരം തല അഥവാ രാവണൻ തല എന്ന പ്രതിഭാസവും നല്ല വളർച്ചയുണ്ടെങ്കിലും പുഷ്പിക്കാതെ നിൽക്കുക എന്ന അവസ്ഥയും ഈ കൃഷിയിൽ കൃഷിക്കാരെ ബുദ്ധിമുട്ടിലാക്കുന്ന പ്രശ്നങ്ങളാണ്.

## മാവ്

കൊമ്പുകൾ വാടൽ, പൂവുകൾ കരിയൽ, കണ്ണിമാങ്ങ അധികമായി വീണുപോകൽ എന്നീ കേടുകൾ ബഡു ചെയ്ത മാവിനങ്ങളിൽ ധാരാളമായി കണ്ടുവരുന്നു. കൂടാതെ കൊതുകു ശല്യം മാവിന് ബാധിക്കുന്നു.

## ജാതി

പച്ചക്കായകൾ കൊഴിഞ്ഞുവീഴുക, ചെറു കായ്കൾ വിണ്ടുപൊട്ടി നശിക്കുക എന്നിവ ഈ കൃഷിയെ സാരമായി ബാധിക്കുന്നു.

## പച്ചക്കറി

പുള്ളിരോഗം, പഴുപ്പുരോഗം, പുഷ്ടിക്കായ്ക, മുരടിപ്പ്, ചെറുകീടങ്ങളുടെ ആക്രമണം തുടങ്ങി നിരവധി കേടുകൾ പച്ചക്കറി കൃഷി നേരിടുന്നു. പലയിടത്തും വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന ഈ കൃഷിക്ക് ഏറെ കീടനാശിനി പ്രയോഗം നടത്തേണ്ടിവരുന്നു.

## കീടബാധരോഗങ്ങൾ *പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും*

നിലവിലുള്ള കീടനാശിനികൾ മണ്ണിനേയും വായുവിനേയും വിഷമയമാക്കുന്നു. മിത്രകീടങ്ങളേയും, ജലജീവികളേയും നശിപ്പിക്കുകയും ചെയ്യുന്നു.

## *പരിഹാരനിദ്ദേശങ്ങൾ.*

1. മിത്രകീടങ്ങളെ സംരക്ഷിക്കേണ്ട അറിവ് കർഷകർക്ക് പകരുക, വേപ്പിൻ പിണ്ണാക്ക്, മരോട്ടിപിണ്ണാക്ക്, പുകയില വെളുതുള്ളി എന്നിവകൊണ്ടുള്ള കഷായങ്ങൾ, കശുവണ്ടി എന്നിവ ഉപയോഗിക്കാൻ കർഷകരെ ശീലിപ്പിക്കുക.
2. എലി നശീകരണം ഊർജ്ജിതപ്പെടുത്തുക, കൂടുതൽ എലിയെ പിടിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുക.
3. എല്ലാ വിളകളും ഏതു വിധത്തിൽ നശിച്ചാലും ഇൻഷുറൻസ് ആനുകൂല്യം കൊടുക്കുക. പ്രീമിയം 50 ശതമാനം ഗവൺമെന്റും 50 ശതമാനം കൃഷിക്കാരനും എന്നാക്കുക.
4. ജൈവപ്രകൃതി കൃഷിരീതികൾ കീടബാധയേയും രോഗങ്ങളേയും ഒരു പരിധി വരെ ദൂരീകരിക്കുന്നുവെന്ന് ചില കൃഷിക്കാർ അഭിപ്രായപ്പെടുന്നു. വർഷങ്ങളായി രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും ഇല്ലാതെ നല്ല വിളവെടുക്കുന്നു. ഈ അനുഭവങ്ങളും പ്രചരിപ്പിക്കേണ്ടതാണ്.

## 4. ഉപകരണങ്ങൾ

ശാരീരികാധ്വാനം മാത്രം ഉപയോഗിച്ച് ജോലി ചെയ്യാനുതകുന്ന ഉപകരണങ്ങളാണ് പഴയ തലമുറകൾ ഉപയോഗിച്ചിരുന്നത്. കൈക്കോട്ട്, വെട്ടുകത്തി, അരിവാൾ എന്നിവ ജലസേചനത്തിന് കയറ്റുകൊട്ട, തുലാത്തേക്ക്, കാളത്തേക്ക്, വേത്തി എന്നിവയും പിന്നീട് മരകലപ്പകൾക്കു പകരം ഇരുമ്പു കലപ്പകൾ ഉപയോഗിച്ചു.

ഇന്ന് ട്രാക്ടറുകളും പവർട്രില്ലറുകളുമാണ് കന്നു പൂട്ടിനു പകരം കർഷകർ ഉപയോഗിക്കുന്നത്. ഒരു ജോഡി കന്നിന് പതിനായിരങ്ങൾ മുടക്കണം എന്നതാണ് അവസ്ഥ. ജലസേചനത്തിന്റെ കാര്യത്തിൽ അധ്വാനഭാരം ഏറെ ലഘൂകരിക്കപ്പെട്ടു. ഓയിൽ എഞ്ചിനുകൾ ആ ചുമതല ഏറ്റെടുത്തു. കാലക്രമേണ മിക്കവാറും വൈദ്യുതി പമ്പുസെറ്റുകളായി മാറിക്കഴിഞ്ഞു. മെതിയന്ത്രം ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കീടനാശിനി പ്രയോഗത്തിനുള്ള സ്പ്രെയറുകളും ധാരാളം ഉപയോഗത്തിലായികഴിഞ്ഞു.

## ഉപകരണങ്ങൾ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

*പ്രശ്നങ്ങൾ*

യഥാസമയത്ത് കൃഷിയിറക്കാൻ സാധിക്കാതെ വരുന്നു. യന്ത്രങ്ങൾ ഉപകരണങ്ങൾ എന്നിവയ്ക്ക് ദൗർലഭ്യം നേരിടുന്നു. ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും വിലകൂടുതൽ.

*പരിഹാരനിർദ്ദേശങ്ങൾ*

1. രണ്ടു വാർഡുകൾക്ക് ഒരു ടാക്ടർ (ട്രെയിലർ) അടക്കം രണ്ട് പവർ ട്രില്ലർ എന്നിവ അനുവദിക്കണം.
2. കൊയ്ത്തുയന്ത്രം, മെതിയൽ യന്ത്രം, നടീൽ യന്ത്രം, സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം, അടക്ക വലിക്കാനും, ചക്ക മാങ്ങ എന്നിവ പൊട്ടിക്കാനും സ്പെഷൽ തോട്ടികൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുക.
3. കൂടുതൽ പമ്പുസെറ്റുകൾ സാധിക്കുക, സൗരോർജ്ജ പമ്പുകൾ വ്യാപകമാക്കുക. സ്പ്രിംഗ്ളറിന് സബ്സിഡി ഏർപ്പെടുത്തുക. ശാരീരിക യന്ത്രങ്ങളും ഉപരകരണങ്ങളും ഉപയോഗിച്ച് ശീലിച്ചാൽ മാത്രമേ ഈ കംപ്യൂട്ടർ യുഗത്തിൽ കൃഷിക്കാർക്ക് പുരോഗതിയുണ്ടാവൂ.

# 5. വിത്ത്നടീൽ വസ്തുക്കൾ

നെൽകൃഷി ഒന്നാം വിളയ്ക്ക്, കട്ടമോടൻ, തവളകണ്ണൻ, ആര്യൻ, ആര്യകാളി, ശീമചെമ്പാൻ, കുറുംകഴമ, പറമ്പ്വട്ടൻ, പള്ളിങ്ങൽ എന്നിവയും രണ്ടാം വിളയ്ക്ക് കൊടിയൻ, അടിയൻ, കർത്തപാണ്ടുകുറുക, ചിറ്റ്യാണി (ചുവപ്പ്, കറുപ്പ്) കുട്ടാടൻ, മുണ്ടോകുട്ടി എന്നീ നെൽവിത്തുകളും ഉപയോഗിച്ചിരുന്നു. മൂന്നാം വിളക്ക് ചീരയാണ് പുഴയോരത്ത് ഉപയോഗിച്ചിരുന്നത്. ഈ വിത്തിനങ്ങളിൽ ഒട്ടുമുക്കാലും ഇന്ന് പാടത്ത് കാണാനില്ല. പിന്നീട് വന്ന അത്യുല്പാദന വർഗ്ഗത്തിലെ IR-8 തൈനാൻ തുടങ്ങിയവയ്ക്കും പിടിച്ചുനിൽക്കാനായില്ല.

ഇക്കാലത്ത് ഒന്നാം വിളക്ക് പൂജ്യം പത്ത്, ചുവന്ന ത്രിവേണി, ജ്യോതി, പവിഴം, കുഞ്ഞുകുഞ്ഞ്, കട്ടമോടൻ, എന്നീ ഇനങ്ങളും രണ്ടാം വിളക്ക് ചിറ്റ്യാണി ചുവന്നതും കറുത്തതും, കറുകകൊടിയൻ ചുവന്ന ആദ്യൻ, മുണ്ടോകുട്ടി, സൂര്യകല എന്നിവയും ഉപയോഗിക്കുന്നു. രണ്ടാം വിളക്ക് കർഷകർ 95 ശതമാനത്തോളം പഴയ വിത്തിനങ്ങൾ ഉപയോഗിക്കുന്നു. മൂന്നാം വിള പുതുവിത്തുകളായും കൃഷി ചെയ്യുന്നു.

കിഴങ്ങുകൾ, പച്ചക്കറി, പയർ, വാഴ, എന്നിവയുടെ വിത്തുകൾ കൃഷിക്കാർ സ്വയം സംഘടിപ്പിക്കുന്നു. അപൂർവ്വം കൃഷിഭവനിൽ നിന്ന് ലഭിക്കുന്നു. നെൽവിത്ത് ഏഴര കിലോക്ക് 50 മുതൽ 55 രൂപ വരെ ഈടാക്കുന്നുണ്ട്.

- നല്ലതരം മാവിൻ തൈകൾ തെങ്ങിൻ തൈകൾ, ജാതി, കുരുമുളക്, ഗ്രാമ്പൂ, പച്ചക്കറി, പയർ എന്നീ വിത്തുകൾ ചില സന്ദർഭങ്ങളിൽ കൃഷിഭവനിൽ നിന്ന് ലഭിക്കാറുണ്ട്.

*പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും*

പലതരം വിത്തുകൾ ഇടകലർത്തി കൃഷി ചെയ്യുന്നത് ദോഷം ചെയ്യുന്നു. ഗ്രൂപ്പ് ഫാമിംങ്ങ് സമ്പ്രദായം ഈ മേഖലക്ക് അനുയോജ്യമാണ്. നെൽകൃഷിക്കാർ നെല്ലിനോടൊപ്പം വൈക്കോലിന്റെ ആദായവും അഭിലഷിക്കുന്നു അതിനാൽ നല്ലവണ്ണം വൈക്കോൽ ലഭിക്കുന്നതും, രോഗപ്രതിരോധശേഷിയുമുള്ളതുമായ വിത്തിനങ്ങൾ വിതരണം ചെയ്യപ്പെടണം.

തെങ്ങ് കവുങ്ങ് മാവ് മുതലായവയുടേയും കൂടുതൽ ഉല്പാദനശേഷിയും, രോഗപ്രതിരോധശേഷിയും ഉള്ള തൈകൾ വിതരണം ചെയ്യണം.

വിത്തുഗുണം പത്തുഗുണം എന്നാണല്ലോ പഴമൊഴി. അതിനാൽ നല്ല വിത്തും തൈകളും കർഷകനു ലഭ്യമായാലേ നല്ല വിളവുണ്ടാകൂ.

## 6. വിപണനം

ഇവിടുത്തെ കാർഷിക വിഭവങ്ങൾ മിക്കവാറും അന്യദേശങ്ങളിലെ വിപണനകേന്ദ്രങ്ങളിലെത്തിക്കേണ്ട ഗതികേടിലാണ് കർഷകർ. ഇടത്തട്ടുകാർ കൃഷിക്കാരെ കൊള്ളയടിക്കുന്ന അവസ്ഥ നിലനില്ക്കുന്നു.

പ്രധാന വിളയായ അടയ്ക്ക, പഴഞ്ഞി, ചാലിശ്ശേരി, അമല, കേച്ചേരി, കുന്ദംകുളം, മുണ്ടത്തിക്കോട് എന്നീ സ്ഥലങ്ങളിലാണ് വിറ്റഴിക്കപ്പെടുന്നത്. കൊപ്രക്കും വിപണനസാധ്യത ഇല്ല. നെല്ലു സംഭരണ കേന്ദ്രം അടുത്ത പഞ്ചായത്തിലെ അത്താണിയിൽ ഉണ്ടെങ്കിലും കർഷകർ കാര്യമായി ഉപയോഗിക്കുന്നില്ല. പച്ചക്കറിക്ക് പാവറട്ടി, കുന്ദംകുളം, തൃശൂർ മുതലായ സ്ഥലങ്ങളിലേ മാർക്കറ്റുള്ളൂ. കുരുമുളകിനും റബ്ബറിനും തൃശൂർ, കുന്നംകുളം മാർക്കറ്റുകളെ ആശ്രയിക്കണം. ചെറുകായയ്ക്കും വില ലഭിക്കുന്നില്ല.

പ്രസിദ്ധമായ ചെങ്ങഴിക്കോടൻ നേന്ത്രക്കായയും കുന്നംകുളത്തെ വിപണന കേന്ദ്രത്തെ ആശ്രയിക്കുന്നു. ഇവിടേയും ഇടത്തട്ടുകാരുടെ ചൂഷണമാണ്,

*വിപണനം പ്രശ്നങ്ങളും പരിഹാരങ്ങളും*

ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽനിന്നുള്ള മോചനത്തിനും ഉല്പന്നങ്ങൾക്ക് മാന്യമായ വില ലഭിക്കാനും വാർഡുതലങ്ങളിലും പ്രത്യേകിച്ച് പഞ്ചായത്തു കേന്ദ്രത്തിൽ പൊതുവിപണന കേന്ദ്രം ഉണ്ടാകണം.

സഹകരണ സംഘങ്ങൾ ഉല്പന്നങ്ങളുടെ സംഭരണം നടത്തണം. കൃഷിയിടങ്ങളുമായി ബന്ധപ്പെടുന്ന പാതകൾ ഉണ്ടാകണം. വിത്തു നടീൽ വസ്തുക്കൾ വളം വിളവ് എന്നിവയുടെ കൊണ്ടുപോകൽ സൗകര്യം വർദ്ധിപ്പിക്കാനും ട്രാക്ടർ, ട്രില്ലർ ഇവ എത്തിക്കാനും കഴിയണം.

## 7. വായ്പാസൗകര്യങ്ങൾ.

പ്രോനോട്ട് വ്യവസ്ഥ ചൂണ്ടിപ്പണയരീതി എന്നിങ്ങനെ വായ്പാസമ്പ്രദായം നിലനിന്നിരുന്ന സ്ഥാനത്ത് ബാങ്കിംഗ് സമ്പ്രദായം ഒട്ടേറെ മാറ്റങ്ങൾ വരുത്തി.

വിളയിറക്കാൻ നേരിടുന്നന ബുദ്ധിമുട്ടിന് പല രീതിയിലും ഇന്ന് പ്രതിവിധിയുണ്ട്. ഈ പഞ്ചായത്തിലെ തന്നെ മൂന്ന് സഹകരണ ബാങ്കുകൾ കൃഷിക്കാർക്ക് ഏറെ ആശ്വാസപ്രദമാണ്. വേലൂരിലെ സൗത്തിന്ത്യൻ ബാങ്ക്, മുണ്ടത്തിക്കോട് കാത്തലിക് സിറിയൻ ബാങ്ക്, മരത്തംകോട് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പേരാമംഗലത്ത് ബാങ്ക് ഓഫ് ബറോഡ, മുണ്ടൂരിലെ ധനലക്ഷ്മി ബാങ്ക്, എന്നീ സ്ഥാപനങ്ങൾ കൃഷിക്കാർക്ക് വായ്പകൾ നല്കുന്നു. കൊച്ചിൻ സഹകരണ ഭൂപണയ ബാങ്കിന്റെ വടക്കാഞ്ചേരി ശാഖയും, കുന്നംകുളത്തെ സ്റ്റേറ്റ് ബാങ്ക് ഓഫ്, ഇന്ത്യയും കാർഷിക വായ്പകൾ നൽകുന്നുണ്ട്.

*വായ്പ പ്രശ്നങ്ങളും നിർദ്ദേശങ്ങളും*

1. കാർഷിക വായ്പ പരിധി ഏക്കറിന് 25000 രൂപ ആക്കി വർദ്ധിപ്പിക്കണം.
2. കാർഷിക O. D. ക്ക് 3 വർഷത്തെ കാലയളവ് അനുവദിക്കുക.
3. എല്ലാ സഹകരണ ബാങ്കുകളും കർഷകന്റെ മാനദണ്ഡം നോക്കി 25000 രൂപവരെ വായ്പ കൊടുക്കുക.
4. കാർഷിക ലോണിന്റെ പലിശയിൽ 5% സബ്സിഡി അനുവദിക്കുകയും പണ്ടം പണയത്തിൻമേൽ സഹകരണ ബാങ്കുകൾ പലിശ കുറച്ചു ലോൺ കൊടുക്കുകയും ചെയ്യുക.
5. വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കുക.

## 8. സംസ്കരണം

പച്ചടയ്ക്ക സംസ്കരണം, മരച്ചീനി സ്റ്റാർച്ച് എടുക്കൽ, മരചക്കിൽ കൊപ്രയാട്ടൽ എന്നിങ്ങനെ അസ്തമിച്ചുപോയ പല സാംസ്കരണ രീതികളും വേലൂരിലുണ്ടായിരുന്നു. 2, 7 വാർഡുകളിൽ ചവിട്ടുകേന്ദ്ര

സഹായത്തോടെ നെല്ലു വാങ്ങി അരിയാക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു.

അടയ്ക്ക സംസ്കരണവും, മരച്ചീനി പദ്ധതിയും തീരെയില്ലാതായി. കൊപ്രയാട്ടലും, നെല്ലുകുത്തും, വൈദ്യുതയന്ത്ര സഹായത്താൽ സർവ്വസാധാരണമായിത്തീർന്നു.

*__സംസ്കരണം പ്രശ്നങ്ങൾ, പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ.__*

1. പഴ വർഗ്ഗ സംസ്കരണ ശാല തുടങ്ങുക,
2. നേന്ത്രപഴവും, ചക്കയും സൗകര്യപ്രദമായ രൂപത്തിലാക്കിയാൽ ഏറെ വിപണനസാധ്യകളുണ്ട്.
3. ചകിരി,. വാഴനാര് വ്യവസായങ്ങൾ ഏറെ സാധ്യതയുള്ളവയാണ്.

**ഈ പഞ്ചായത്തിലുള്ള കർഷകൻ കാർഷിക വായ്പ**
**എടുത്തതിന്റെ വിവരം നിലവിലുള്ളത്.**

| | | |
|---|---|---|
| 1. തയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് | വിള വായ്പ<br>ദീർഘകാല വായ്പ | 24. 90 ലക്ഷം<br>4.90 " |
| 2. വേലൂർ സർവ്വീസ് സഹകരണ ബാങ്ക് | വിളവായ്പ<br>മദ്ധ്യകാല വായ്പ<br>ദീർഘകാല വായ്പകൾ | 70.13 "<br>29.00 "<br>37.17 " |
| 3. വെള്ളാറ്റഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് | വിളവായ്പ<br>മദ്ധ്യകാല വായ്പ<br>ദീർഘകാല വീയ്പ | 32.06 "<br>56.08 "<br>54.08 " |
| 4. സൗത്ത് ഇന്ത്യൻ ബാങ്ക്, വേലൂർ. | കാർഷിക വായ്പ മൊത്തം | 7.00 " |
| 5. കാത്തലിക് ബാങ്ക് മുണ്ടത്തിക്കോട്<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | കാർഷിക വായ്പ മൊത്തം<br>കാർഷിക വായ്പ മൊത്തം | 3.00 "<br>1.75 " |
| | | 320. 07 കോടി |

## 9. കാർഷികബന്ധം

വിളസംരക്ഷണം, കാലിമേക്കൽ, എന്നിവയിലും, വിത്ത് പകരം കൊടുക്കൽ ജലസേചനം, ഉഴവുമാടുകളെ കൈമാറൽ എന്നിങ്ങനെ കർഷകനും, കർഷകനും തമ്മിലും, കർഷകനും കർഷകതൊഴിലാളിയും തമ്മിലും ബന്ധങ്ങൾ മുൻകാലങ്ങളിൽ നിലനിന്നിരുന്നു.

ഇപ്പോഴാണെങ്കിൽ ഗ്രൂപ്പ്ഫാമിംങ്ങ് മൂലവും, വിവിധ സഹകരണ സംഘങ്ങൾ വഴിയും കർഷകസമൂഹം ഉറച്ച ബന്ധങ്ങളിൽ എത്തിയിരിക്കുന്നു.

*__പ്രശ്നങ്ങൾ പരിഹാരങ്ങൾ__*

1. ഗ്രൂപ്പ് ഫാമുകൾ വേണ്ടത്ര കാര്യക്ഷമമായിട്ടില്ല. കൃഷിഭവനത്തിൽ വേണ്ടത്ര സ്റ്റാഫും സൗകര്യവും ഇല്ല. കൃഷിക്കാരുടെ അപേക്ഷകൾ ലഭിച്ച് ഗ്രൂപ്പു ഫാമുകൾ വഴി തൈകൾ വിതരണം ചെയ്യുക.
2. നല്ല കർഷകരെ തിരഞ്ഞെടുക്കുന്ന രീതി ഗ്രൂപ്പ് ഫാമുകൾ വഴിയാക്കുക.
3. കർഷക സമിതിക്ക് സ്ഥിരമായ രജിസ്ട്രേഷനും യഥാകാലം തിരഞ്ഞെടുപ്പും നടത്തണം.
4. വർഷത്തിൽ നാലു തവണയെങ്കിലും കർഷക സമിതികൾ കൃഷിയുദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുമായി കൂട്ടായ ചർച്ചകൾ നടത്തേണ്ടതാണ്.

## 10. കൂലി - സേവനം

ജന്മിത്തസമ്പ്രദായ കാലത്തെ ദുരിതങ്ങൾ ഇന്നും പഴമക്കാർ അയവിറക്കാറുണ്ട്. ജന്മി കുടിയാനോടും കുടിയാനായ കൃഷിക്കാരൻ കർഷക തൊഴിലാളിയോടും ദാക്ഷിണ്യം കാണിച്ചിരുന്നില്ല. കൂലി കൂടുതൽ ചോദിക്കാൻ കഴിയാത്ത അവസ്ഥ. വേണമെന്നുണ്ടെങ്കിലും ദാരിദ്ര്യം മൂലം കൊടുക്കാൻ കഴിയാത്ത സ്ഥിതി. വേതനം ഭക്ഷണമായും മറ്റു സാധനമായും കൊടുത്തിരുന്നു.

ഭൂനിയമം വന്നു കർഷകരും തൊഴിലാളികരും സംഘടിതരായി, വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഐക്യത്തോടെ അധ്വാനഭാരം കുറയ്ക്കാനും വേതനം കൂട്ടാനും ഉള്ള മുറവിളികൾ പഞ്ചായത്തിൽ പലയിടത്തും നടന്നു. കുറെയൊക്കെ ജോലി സ്ഥിരതയും ഭേദപ്പെട്ട വേതനവും കർഷക തൊഴിലാളികൾക്ക് ലഭിക്കുന്നു. എന്നാൽ കർഷകനും കർഷകതൊഴിലാളിയും തമ്മിലുള്ള ബന്ധത്തിന് കുറവു വന്നുവെന്നാണ് മിക്കവരും അഭിപ്രായപ്പെടുന്നത്. വേതനത്തിന്റെ കാര്യത്തിൽ ഐക്യരൂപം ഇല്ലായ്മയും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

### *പ്രശ്നങ്ങൾ പരിഹാരങ്ങൾ*

ജോലികൾക്ക്, സമയത്തിലും, കൂലിയിലും, ഏകീകൃത സ്വഭാവമില്ല. ജോലിക്ക് അടുക്കും ചിട്ടയും ആത്മാത്ഥതയും കുറയുന്നു.

1. പഞ്ചായത്ത് പ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ കാർഷിക വേലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്രൂപ്പ്ഫാമിന്റെ പ്രതിനിധികൾ, കർഷക, കർഷകത്തൊഴിലാളികളുടെ പ്രതിനിധികൾ എന്നിവ ഉൾക്കൊള്ളുന്ന യോഗംചേർന്ന് ഒരു വർഷത്തേയ്ക്കുള്ള വ്യവസ്ഥകൾ രൂപീകരിക്കുക. ഇത് വാർഡുതലങ്ങളിൽ നടപ്പാക്കുക.
2. ഒരു ഗ്രൂപ്പ് ഫാമുമായി ബന്ധപ്പെട്ട തൊഴിലാളികൾ ഒരു ചാർട്ട് അനുസരിച്ച് ഓരോ വയലുകളായി പണിതീർത്താൽ നെൽകൃഷിയെ സംബന്ധിച്ച തൊഴിലാളി ദൗർലഭ്യം അവസാനിക്കും.
3. എല്ലാ കർഷകതൊഴിലാളികൾക്കും ക്ഷേമനിധി പ്രയോജനപ്പെടുന്നതായി ഉറപ്പുവരുത്തണം.
4. അർഹതയുള്ള എല്ലാവർക്കും കർഷക തൊഴിലാളി പെൻഷൻ ഉടനടി ലഭ്യമാക്കണം.
5. കർഷകർക്ക് വരുമാനം നോക്കാതെ പെൻഷൻ കൊടുക്കണം.

## 11 കാർഷിക സംരഭങ്ങൾ

വികസന ബ്ലോക്കുകൾ ആരംഭിച്ച് പഞ്ചായത്തു തലത്തിൽ ഗ്രാമസേവകന്റെ സേവനം ലഭ്യമാകുന്നതോടെ കൃഷിക്കാരിൽ പുതിയൊരു ഉണർവുണ്ടായി. ചർച്ചകൾ സെമിനാറുകൾ, സ്ലൈഡ് ക്ളാസുകൾ എന്നിവ നടന്നു. ഉപകരണങ്ങൾ തൊഴുത്തുകൾ അപൂർവ്വം ലഭിച്ചിരുന്നു.

ചൂണ്ടലിൽ ആരംഭിച്ച ഏലാ അപ്പീസുമുഖേന നെൽകൃഷിക്കു വായ്പ ലഭിക്കാൻ തുടങ്ങി. വിത്തിനങ്ങളും, ഉപകരണങ്ങളും ഈ ആഫീസുമുഖേന വേലൂരിലെ കർഷകർക്ക് ലഭിച്ചിരുന്നു. ബയോഗ്യാസ് പ്ളാന്റിനുള്ള ആനുകൂല്യങ്ങളും അവിടെനിന്നും ലഭിച്ചു.

എല്ലാ പഞ്ചായത്തിലും കൃഷി ഓഫീസുകളായപ്പോൾ ഈ പഞ്ചായത്തിലെ ഓഫീസ് പുലിയന്നൂരിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് സൗകര്യാർത്ഥം വേലൂർ സഹകരണ ബാങ്ക് കെട്ടിടത്തിലേക്ക് പഞ്ചായത്തിലെ കൃഷി ഓഫീസ് മാറ്റി സ്ഥാപിച്ചു.

പ്രൊഡക്ഷൻ ഇൻസെന്റീവ് പട്ടികജാതിക്കാർക്ക് ഉപകരണങ്ങളും, തൈകളും കൊടുക്കുക, കിണർ മോട്ടോർ എന്നിവയ്ക്ക് ആനുകൂല്യങ്ങൾ ഏർപ്പാടാക്കുകയും ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, എന്നിവയും കർഷകർക്ക് ലഭിച്ചതും കൃഷി ഓഫീസിന്റെ പ്രവർത്തനഫലമാണ്.

### *കാർഷികസംരഭങ്ങൾ പ്രശ്നങ്ങൾ പരിഹാരങ്ങൾ*

ട്രാക്ടർ, ട്രില്ലർ സമ്പ്രദായം എല്ലാവർക്കും ലഭിച്ചിരുന്നില്ല. കൂടുതൽ ട്രാക്ടറുകളും, ട്രില്ലറുകളും ലഭ്യമാക്കണം. ഗ്രൂപ്പ് ഫാം അംഗങ്ങൾ സീസണു മുമ്പ് യോഗം ചേർന്ന് യന്ത്രങ്ങൾക്ക് ടൈംടേബിൾ ഉണ്ടാക്കുക.

# 12. വികസനസംരഭങ്ങൾ

പ്രധാനമായും മൂന്ന് സഹകരണ സംഘങ്ങളാണ് ഈ പ്രദേശത്തെ കർഷകരുടേയും കർഷക തൊഴിലാളികളുടേയും ജീവിത പുരോഗതിക്ക് വഴിയൊരുക്കുന്നത്. ഗ്രൂപ്പ് ഫാമുകൾ രൂപം കൊണ്ടെങ്കിലും പ്രവർത്തനസജ്ജമായിട്ടില്ല.

## *വികസനം പ്രശ്നങ്ങൾ പരിഹാരങ്ങൾ*

ഭൂമി മണ്ണൊലിപ്പു മൂലം നശിക്കുന്നു, വികസന സമിതികൾ മുൻകൈ എടുത്ത് ബണ്ടു കെട്ടിയും വൃക്ഷങ്ങൾ വെച്ചും തട്ടുകളാക്കി തിരിച്ചും മണ്ണൊലിപ്പ് നിയന്ത്രിക്കാം. പട്ടുനൂൽ കൃഷി സഹകരണസംഘം പ്രവർത്തനം ഉഷാറാക്കണം. കേരവികസനസമിതിയും കൂടുതൽ കാര്യക്ഷമമാക്കണം.

കാർഷിക മേഖലയിൽ ഒട്ടേറെ പ്രശ്നങ്ങൾ നിലനില്ക്കുന്നു ഈ പ്രശ്നങ്ങൾ തിരിച്ചറിയുകയും, കൂട്ടായ പ്രവർത്തനത്തിലൂടെ ഇവ പരിഹരിക്കുകയും ചെയ്താൽ മാത്രമേ നാടിന് വികസനത്തിന്റെ വഴിയിലെത്തിക്കാൻ നമുക്ക് കഴിയൂ. കൃഷിയാണ് നാടിന്റെ നട്ടെല്ല്. കർഷകരുടെ മക്കൾക്ക് കാർഷിക സർവ്വകലാശാലയിൽ അമ്പത് ശതമാനം സംവരണം ഏർപ്പെടുത്തുക.

# 2. മൃഗ സംരക്ഷണം മത്സ്യബന്ധനം

### ആമുഖം

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽപ്പെട്ട വേലൂർ ഗ്രാമപഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം എടുത്തുനോക്കുകയാണെങ്കിൽ വളരെയധികം ചരിത്ര പ്രധാന്യമർഹിക്കുന്ന ഒരു പഞ്ചായത്താണ് വേലൂർ ഗ്രാമപഞ്ചായത്ത്.

ഈ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി തന്നെ മൃഗസംരക്ഷണത്തിനനുയോജ്യമായ രീതിയിലുള്ളതായിരുന്നു. പതിറ്റാണ്ടുകൾക്കുമുമ്പ് ഇവിടെ കുന്നിൻ ചെരിവുകളും കൃഷിയിടങ്ങളും കൂടാതെ കന്നുകാലികൾക്ക് മേയുവാൻ അനുയോജ്യമായ മേച്ചിൽപുറങ്ങളും ധാരാളമുണ്ട്. വിശാലമായ തരിശുഭൂമികളും കശുമാവിൻ തോപ്പുകളും ഇതിനുദാഹരണമാണ്. അന്ന് ഇവിടുത്തെ ജന്മങ്ങളിൽ ഭൂരിഭാഗവും ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത് പക്ഷിമൃഗാദികളുടെ സംരക്ഷണത്തിലൂടെയായിരുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധനത്തിനനുയോജ്യമായ കായൽ പ്രദേശങ്ങളോ സമുദ്രതീരങ്ങളോ ഇല്ല. എന്നിരുന്നാലും മത്സ്യകൃഷിക്കുതകുന്ന രീതിയിലുള്ള ഉൾനാടൻ ജലാശയങ്ങളും കുളങ്ങളും ധാരാളമുണ്ട്.

## പൊതു വിവരണം

കാർഷിക മേഖലയുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന വേലൂർ ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണത്തിന്റെ കാര്യത്തിൽ നാൾക്കുനാൾ പുറകോട്ട് പോയികൊണ്ടിരിക്കുന്നു. കാരണം അര നൂറ്റാണ്ടു കാലത്തെ ചരിത്രം എടുത്തു നോക്കുമ്പോൾ അന്നത്തെ കന്നുകാലികളുടെ നാലിലൊരംശം പോലും ഇന്ന് കാണാനില്ല. അക്കാലത്ത് ചുരുങ്ങിയത് ഓരോ വീട്ടിലും നാലോ അഞ്ചോ പശുക്കളും ഒന്നോ രണ്ടോ ജോഡി ഉഴവുമൃഗങ്ങളും കൂടാതെ കോഴി, താറാവ് എന്നീ വളർത്തുപക്ഷികളും ധാരാളം കാണാൻ കഴിഞ്ഞിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണ്. ഇതിന്റെ പ്രധാനമായ ഒരു കാരണം മേച്ചിൽപുറങ്ങളുടെ അഭാവം തന്നെയാണ്. പണ്ടുകാലത്ത് കന്നുകാലികളെ കുന്നിൻ ചെരുവുകളിലേക്ക് കറവകഴിഞ്ഞ ശേഷം അഴിച്ചുവിടുന്ന സമ്പ്രദായമാണ്. ഉച്ചതിരിഞ്ഞ് കറവസമയത്ത് അവ തനിയെ തിരിച്ചുവരികയും ചെയ്യുന്നതുകൊണ്ട് പ്രത്യേകമായി ഒരാഹാരം അവയ്ക്ക് നൽകേണ്ടിയിരുന്നില്ല. ഇന്നത്തെ സ്ഥിതി അതല്ല. കൃഷിയിടങ്ങൾ നികത്തിയും ഉള്ള ഭൂമികൾ തന്നെ തട്ടുകൾ തട്ടുകളായി തിരിച്ചും ജനങ്ങൾ പൊതുവേ ലാഭക്കച്ചവടത്തിലേക്ക് കുതിച്ചുയർത്തുന്നതുമൂലവും കന്നുകാലികളുടെ മേച്ചിൽ പുറങ്ങൾ പാടെ നശിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ ഇവയ്ക്ക് തീറ്റ കൊടുക്കുന്നതിനുള്ള ഒരു പുതിയ സംരംഭം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഉഴവ മൃഗങ്ങളുടെ കാര്യമെടുത്തു നോക്കുകയാണെങ്കിൽ ആധുനിക യന്ത്രവത്കരണം വന്നതോടുകൂടി അവയുടെ വംശ നാശത്തിന് തുടക്കം കുറിച്ചു. പണ്ട് കാളവണ്ടികൾ വലിക്കുന്നതിനും പാടത്ത് ഉഴുന്നതിനുപയോഗിച്ചിരുന്ന പോത്ത്, കാള എന്നീ മൃഗങ്ങളും കരി, കലപ്പ തുടങ്ങിയ ഉപകരണങ്ങളും കാളവണ്ടികളും ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ വിരളമാണ്.

കാലീത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലവർദ്ധനയും കന്നുകാലി വളർത്തലിനെ സാരമായി ബാധിക്കുന്നു. കാലിത്തീറ്റയും കോഴിത്തീറ്റയും സബ്സീഡി നിരക്കിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാവുകയും അതിനുപുറമെ ഈ ഗ്രാമപഞ്ചായത്തിലെ പത്ത് വാർഡുകൾക്കും കൂടി ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുകയാണെങ്കിൽ ഇവിടുത്തെ തൊഴിലില്ലാത്ത കുറച്ച് യുവാക്കൾക്ക് തൊഴിൽ ലഭിക്കുകയും അതോടൊപ്പം തന്നെ നമ്മുടെ ഈ പഞ്ചായത്തിനു വേണ്ടതായ ഗുണമേൻമയുള്ള കാലീത്തീറ്റ പരമാവധി വില കുറച്ച് കർഷകന്റെ കൈകളിലെത്തിക്കാൻ സാധിക്കും. ക്ഷീരവ്യവസായ സംരംഭങ്ങളുടെ അപര്യാപ്തതയാണ് മറ്റൊരു കാര്യം ഇന്നത്തെ സ്ഥിതിയിൽ വളരെയധികം വിലപിടിപ്പുള്ള തീറ്റകൾ കൊടുത്ത് ലഭിക്കുന്ന പാലിന് കർഷകന് ന്യായമായ വില ലഭിക്കുന്നതിന് വേണ്ടതായ ആധുനിക സൗകര്യങ്ങൾ നമ്മുടെ ഈ പഞ്ചായത്തിൽ വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമെയുള്ളു. അതുകൊണ്ട്

ഈ ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിനും ക്ഷീരവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും പാലിന് ന്യായമായ വില നൽകുകയും കാലിത്തീറ്റ സബ്സീഡി നിരക്കിൽ നൽകുകയും ചെയ്താൽ ഒരളവ് വരെ കർഷകന് പിടിച്ചു നിൽക്കാൻ സാധിക്കും.

ഇന്ന് വേലൂർ ഗ്രാമപഞ്ചായത്തിലെ പത്ത് വാർഡുകളിലെ സ്ഥിതി വിവരണക്കണക്കെടുത്ത് പരിശോധിച്ചു നോക്കുമ്പോൾ നാടൻ വർഗത്തിൽപ്പെട്ട കന്നുകാലികൾ നൂറിലൊരംശം മാത്രമെ കാണാനുള്ളൂ. ഭൂരിഭാഗവും സങ്കരവർഗങ്ങളാണെങ്കിലും ഇവയ്ക്ക് പൊടുന്നനെ രോഗം ബാധിക്കുന്നതിനാ കർഷകന് മൃഗശുശ്രൂഷയ്ക്കാവശ്യമായ മൃഗാസ്പത്രികളോ മറ്റ് സൗകര്യങ്ങളോ ലഭ്യമല്ലാത്തതിനാൽ വളരെയധികം ദുരിതമനുഭവപ്പെടുന്നു. ആയതുകൊണ്ട് ഒരു മാസത്തിന് മുമ്പ് മാത്രം വന്ന വേലൂർ ഗ്രാമപഞ്ചായത്തിലെ മൃഗാസ്പത്രി കുറച്ചുകൂടി വിപുലീകരിക്കുകയും കൂടാതെ ഓരോ വാർഡിലും അതിന്റെ Sub Centre കൾ സ്ഥാപിക്കുകയും കർഷകന് രോഗാതുര ശുശ്രൂഷയെ പറ്റിയുള്ള പൊതുവിവരണ ക്ലാസ്സുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വഴി നൽകുകയും വേണം.

വളർത്തുപക്ഷികളുടെ കാര്യമെടുക്കുകയാണെങ്കിൽ കോഴി, താറാവ്, Lovebirds കൂടാതെ വളർത്തുമൃഗങ്ങളായ മുയൽ, പന്നി എന്നിവയുടെ പരിപാലനത്തിന് അനേകം ആളുകൾ ഈ പഞ്ചായത്തിൽ മുന്നോട്ട് വരുന്നുണ്ടെങ്കിലും സാമ്പത്തിക പരാധീനത മൂലവും ശരിയായ പരിജ്ഞാനത്തിന്റെ അഭാവം മൂലവും വേണ്ടരീതിയിലുള്ള ശുശ്രൂഷ നൽകാനുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും പലരും പുറകോട്ട് പോകുന്നു. അതിനു വേണ്ടതായ സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കികൊടുക്കുകയാണെങ്കിൽ ഇറച്ചി കോഴി, കോഴിമുട്ട, മാംസം എന്നിവയ്ക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ആവശ്യം തന്നെ വരികയില്ല. ശുചിത്വമില്ലാത്ത അറവുശാലകളും ലൈസൻസില്ലാത്ത അറവുശാലകളും കണ്ടുപിടിച്ച് വേണ്ടപ്പെട്ട ഉദ്യോഗസ്ഥർ മുഖേന നടപടിയെടുക്കുകയാണെങ്കിൽ അറവുശാലകളിൽ നിന്നും ജനങ്ങൾക്ക് പിടിപെടുന്ന രോഗങ്ങളെ ഒരു പരിധിവരെ തടഞ്ഞു നിർത്താനാകും.

പേപ്പട്ടി ശല്യത്തിന്റെ കാര്യത്തിൽ അന്നത്തെ അവസ്ഥയും ഇന്നത്തെ അവസ്ഥയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഇതിന് പഞ്ചായത്ത് മുൻകൈെടുത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളെ കൊന്നൊടുക്കുവാനുള്ള സൗകര്യങ്ങൾ ചെയ്യുകയും വീടുകളിൽ വളർത്തുന്നവയ്ക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്താൽ ഒരു പരിധിവരെ പേപ്പട്ടിശല്യം ഒഴിവാക്കാൻ സാധിക്കും.

## മത്സ്യബന്ധനം

വേലൂർ പഞ്ചായത്തിലെ മത്സ്യബന്ധനതുറകൾ വെച്ച് നോക്കുമ്പോൾ വലിയ പുരോഗതിയൊന്നും പഴയ കാലത്തും ഉണ്ടായിരുന്നില്ല. കാരണം സമുദ്രതീരങ്ങളോ കായൽ പ്രദേശങ്ങളോ ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നില്ല എന്നതുതന്നെയാണ്. പൊതുവെ ഉൾനാടൻ മത്സ്യബന്ധനം മാത്രമാണ് ഇവിടെ നടന്നു വന്നിരുന്നത്. താരതമ്യേന അതും കുറഞ്ഞു വരുന്നു. കുളങ്ങളിലും പാടങ്ങളിലും ഉള്ള മത്സ്യങ്ങൾ ചത്തൊടുങ്ങുന്നത് തന്നെ ഇതിനൊരുദാഹരണമാണ്. വേണ്ടത്രരീതിയിൽ പരിചരിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങളോ സാങ്കേതിക വിദ്യകളോ ലഭ്യമല്ലാത്തതിനാൽ ഈ ഗ്രാമപഞ്ചായത്തിന്റെ നാനാഭാഗങ്ങളിലുള്ള കുളങ്ങളിലും തോടുകളിലും മത്സ്യകൃഷി സാധ്യമാണെങ്കിലും വേണ്ടത്ര പുരോഗതി പ്രാപിക്കുന്നില്ല. ഉൾനാടൻ മത്സ്യബന്ധനത്തിൽ നിന്നും ലഭിച്ചിരുന്ന മത്സ്യങ്ങൾ താഴെ പറയുന്നവയാണ്. ബ്രാല്, മുശു, കടു, പരൽ, പിലോപ്പി ആരൻ, കോലാൻ, കല്ലുത്തി, മൊയ്പാമ്പ്. മറ്റു കടൽ മത്സ്യങ്ങൾ കച്ചവടം ചെയ്യുന്നവരും ഈ ഗ്രാമപഞ്ചായത്തിൽ കുറവല്ല. ആയതിനാൽ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നവർക്ക് ബാങ്കുകൾ വഴി സാമ്പത്തികസഹായവും സബ്സീഡികളും പ്രോത്സാഹന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകുകയാണെങ്കിൽ മത്സ്യബന്ധനം വേണ്ടത്ര രീതിയിൽ പരിപോഷിപ്പിക്കാം.

### പ്രധാന പ്രശ്നങ്ങൾ

1. മൃഗപരിപാലനത്തിന് പൊതുവിവരണങ്ങളോ സാങ്കേതിക പരിജ്ഞാനങ്ങളോ ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.
2. മൃഗാസ്പത്രികളുടെ അഭാവം

3. കാലിത്തീറ്റയുടെ വിലക്കയറ്റത്തിനനുസരിച്ച് പാലിന്റെ വിലയിൽ മാറ്റം വരുന്നില്ല.
4. കാലിത്തീറ്റ സബ്സീഡി നിരക്കിൽ ലഭിക്കണം.
5. നെൽകൃഷിയുടെ നാശം മൃഗങ്ങൾക്കുള്ള തീറ്റയുടെ വിലക്കയറ്റത്തിന് കാരണമാകുന്നു.
6. സങ്കരയിനം പശുക്കൾക്ക് വില വളരെ കൂടുതലായതിനാൽ സാധാരണ കർഷകന് സാമ്പത്തികമായ ബുദ്ധിമുട്ടുകളനുഭവപ്പെടുന്നു.
7. നല്ലയിനം പശുക്കളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം
8. ആധുനിക രീതിയിലുള്ള യന്ത്രവത്ക്കരണം.
9. ക്ഷീര വ്യവസായ സഹകരണ സംഘങ്ങളുടെ അപര്യാപ്തത.
10. മത്സ്യകൃഷി നടത്തുന്നതിന് വേണ്ടത്ര രീതിയിൽ ഉള്ള സൗകര്യങ്ങൾ ഇല്ലായ്മ.
11. മത്സ്യ കുഞ്ഞുങ്ങളുടെ അഭാവം.
12. പേപ്പട്ടി ശല്യം.

## പരിഹാര മാർഗങ്ങളും നിർദ്ദേശങ്ങളും.

1. ഓരോ വാർഡിലും മൃഗാസ്പത്രിയോ അല്ലെങ്കിൽ Sub Centre കളോ സ്ഥാപിക്കുക.
2. കർഷകന് വേണ്ട വിധത്തിലുള്ള ബോധവത്കരണ ക്ലാസ്സുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന നൽകുക.
3. കാലിത്തീറ്റയുടെ ഒരു ഫാക്ടറി ഈ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുക.
4. പാടങ്ങൾ നികത്തുന്നതിന് കർശനമായി തടയുക.
5. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
6. തരിശു ഭൂമിയിൽ തീറ്റ പുൽകൃഷി നടത്താനാഗ്രഹിക്കുന്നവർക്ക് സബ്സീഡി നൽകി അവരെ പ്രോത്സാഹിപ്പിക്കുക.
7. ദേശസാത്കൃത ബാങ്കുകൾ വഴിയും സഹകരണ സംഘങ്ങൾ വഴിയും മുയൽ, ആട്, പന്നി എന്നിവയുടെ വളർത്തലിന് പരമാവധി സഹായം നൽകുക.
8. മത്സ്യകൃഷി ലാഭകരമാക്കുന്നതിന് പൊതു കുളങ്ങളും പ്രൈവറ്റ് കുളങ്ങളും കിണറുകളും വിട്ടുകൊടുത്ത് ജനങ്ങൾക്ക് അതിനുള്ള പരിജ്ഞാനം നൽകുക.
9. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾ നിർത്തലാക്കുക മത്സ്യമാംസ സംസ്കരണത്തിനുതകുന്ന യൂണിറ്റുകൾ സ്ഥാപിക്കുക. പേപ്പട്ടി ശല്യത്തിന് മൂന്ന് മാസത്തിലൊരിക്കലെങ്കിലും അലഞ്ഞുതുരിഞ്ഞു നടക്കുന്ന പട്ടികളെ കൊന്നൊടുക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

## അനുബന്ധം

1. വേലൂർ പഞ്ചായത്തിൽ പലതരത്തിലുള്ള മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നതിന്വേണ്ടി. ഒരു സ്ഥാപനം പ്രവർത്തനം ആരംഭിക്കണം.
2. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന മൃഗാസ്പത്രിക്ക് ആവശ്യത്തിനുള്ള സ്റ്റാഫ് വേണം. ബീജം മുതലായ സാധനങ്ങൾ വേണം.
3. പഞ്ചായത്തിന്റെ സ്ഥലങ്ങളിൽ മാതൃക പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുക.
4. പേപ്പട്ടി ശല്യത്തിൻെറ ഭാഗമായി മൂന്ന് മാസങ്ങളിലെങ്കിലും പട്ടികളെ പിടിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.
5. പട്ടികളെ പിടിച്ച് കൊല്ലുന്നതിന് പഞ്ചായത്ത് തലത്തിൽ സന്നതസംഘടനകൾ തുടങ്ങണം.
6. ക്ഷീര സംഘത്തിന്റെ വികസനത്തിന് വേണ്ടി എല്ലാവരുടേയും സഹകരണത്തോട് കൂടിയുള്ള സംഘങ്ങൾ തുടങ്ങണം.
7. ഇപ്പോൾ നിലവിലുള്ള സംഘങ്ങളിൽ നിന്ന് വേലൂർ കുറുമാൽ ക്ഷീരസംഘത്തിൽ നിന്ന് 3-ാം വാർഡ്

ഒഴിവാക്കുകയും അത് കിരാലൂർ ഉൾപ്പെടുന്ന ഒന്നും രണ്ടും വാർഡുകളോട് കൂടിയ സംഘത്തിൽ ചേർക്കണം.

8. ഓരോ വാർഡിലും തേനിച്ച വളർത്തുവാനുള്ള സംഘങ്ങൾ സ്ഥാപിക്കണം.
9. സഹകരണ അടിസ്ഥാനത്തിൽ കാലിതീറ്റ നിർമ്മാണ യൂണിറ്റ് രൂപികരിക്കണം. മാംസാവശ്യത്തിനുള്ള കന്നുകാലികളെ വളർത്തിയെടുക്കുന്നതിന് സബ്സീഡി ലഭ്യമാക്കണം.
10. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയണം. അതിനോട്ചേർന്ന് ആവശ്യമായ ലാബ്രറട്ടറി, ഫ്രിഡ്ജ്, മിനി ഓപ്പ്റേഷൻ തിയ്യറ്റർ, ക്രിത്രിമ ബീജദാന സൗകര്യം, ടെലിഫോൺ, ആവശ്യമായ ഫർണീച്ചർ, മരുന്നുകൾ മുതലായവ ലഭ്യമാക്കണം.
11. പേവിഷബാധ നിർമ്മാർഇജ്ജനത്തനായി പഞ്ചായത്തിലെ എല്ലാ പട്ടികളെയും പേവിഷബാധയ്ക്കെതിരെ കുത്തുവെയ്പ്പിന് വിധേയമാക്കണം.

## അനുബന്ധം - 4:1

### വേലൂർ ഗ്രാമപഞ്ചായത്ത്

**4 : 1 വളർത്തുമൃഗ സംഖ്യ**

**1996 ലെ കണക്ക്**

| വാർഡ് നമ്പർ | കാള | നാടൻ | കാള | സങ്കരം | പശു | നാടൻ | പശു | സങ്കരം | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ്വുള്ളത് | കറവയില്ലാത്തത് | കറവ്വുള്ളത് | കറവയില്ലാത്തത് | കറവ്വുള്ളത് | കറവയില്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | - | - | 2 | - | 15 | 10 | 175 | 50 | - | - | - | 500 | 100 | - |
| II | - | - | 4 | - | 25 | 18 | 250 | 57 | 1 | - | 6 | 550 | 150 | - |
| III | - | - | 4 | - | 18 | 5 | 350 | 127 | 1 | - | 6 | 200 | 300 | - |
| IV | - | - | 6 | - | 10 | 8 | 200 | 32 | 2 | 1 | 4 | 300 | 75 | - |
| V | - | - | 8 | - | 8 | 2 | 250 | 140 | 10 | 2 | 2 | 600 | 100 | - |
| VI | - | - | 8 | - | 15 | 10 | 175 | 50 | 8 | - | 8 | 200 | 75 | - |
| VII | 1 | - | - | - | 35 | 5 | 150 | 60 | 4 | 1 | 16 | 200 | 80 | - |
| VIII | - | - | - | - | 5 | 4 | 350 | 100 | 6 | 3 | 8 | 350 | 200 | - |
| XI | 12 | - | - | - | 15 | 7 | 208 | 70 | 3 | - | 18 | 300 | 118 | - |
| X | 1 | - | - | - | - | 5 | 200 | 70 | 5 | 1 | 6 | 475 | 205 | - |
| 10 | 14 | 0 | 32 | - | 146 | 74 | 2308 | 756 | 40 | 8 | 74 | 3675 | 1403 | - |

# വേലൂർ ഗ്രാമപഞ്ചായത്ത്

## 4 . 2 വളർത്തുപശു സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടകോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 250 | 500 | 250 | - | - | ഗിനി 5 |
| II | 350 | 300 | 150 | 8 | 2 | 10 |
| III | 475 | 800 | 225 | 15 | 2 | - |
| Iv | 180 | 575 | 245 | 10 | 4 | - |
| V | 500 | 1000 | 300 | 14 | 2 | - |
| VI | 80 | 400 | 300 | 12 | 3 | - |
| VII | 75 | 500 | 150 | 11 | 4 | 8 |
| VIII | 475 | 800 | 200 | 20 | - | 2 |
| IX | 825 | 1400 | 725 | 12 | 7 | - |
| X | 950 | 1075 | 250 | 25 | 5 | 10 |
| | 4160 | 7350 | 2795 | 127 | 29 | 35 |

# വേലൂർ ഗ്രാമപഞ്ചായത്ത്

## 4.3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ Digestive disorders | 600 | 10 | 1400 | - | - | - | - | - | - | - |
| 2. | ശ്വാസകോശസംബന്ധം Respiratory diseases | 200 | 5 | 600 | - | - | - | - | - | - | - |
| 3. | ഉപാപചയ സംബന്ധം Metabolic diseases | 185 | 2 | 200 | - | - | - | - | - | - | - |
| 4. | ത്വക്‌രോഗങ്ങൾ Skin diseases | 250 | 2 | 500 | - | 20 | - | - | - | - | - |
| 5. | പരാദങ്ങൾ Parasitic diseases | 25 | 1 | 175 | - | 1 | - | - | - | - | - |

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 6. | ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 700 | 5 | 800 | - | 2 | - | - | - | - | - |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 400 | 8 | 675 | - | - | - | - | - | - | - |
| 8. | വന്ധ്യത Infertility | 100 | 2 | 200 | - | - | - | - | - | - | - |
| 9. | അകിടുവീക്കം Mastitis | 900 | 8 | 705 | - | - | - | - | - | - | - |
| 10. | മുടന്തൻ പനി Emphemeral fever | 650 | 2 | 850 | - | - | - | - | - | - | - |
| 11. | പകർച്ചവ്യാധികൾ Contagion diseas | | | | | | | | | | |

## വേലൂർ ഗ്രാമപഞ്ചായത്ത്

### 4.4. പേ വിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നൽകിയവരുടെ എണ്ണം | 300 | - | 200 | 5 | - | - |
| കടിയേറ്റതിനു ശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | - | - | - | 1 | - | - |

# വേലൂർ ഗ്രാമ പഞ്ചായത്ത്

## 4.5. കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 3340 | 1850 | 400 |
| കിടാരി | 1200 | 650 | 100 |
| എരുമ | 48 | 15 | 5 |

# വേലൂർ ഗ്രാമ പഞ്ചായത്ത്

## 4.6 മത്സ്യബന്ധനം

| വാർഡ് നമ്പർ | കടൽ മത്സ്യം | | | | | ഉൾനാടൻ മത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | മത്സ്യബന്ധന തൊഴിലാളികൾ | | മറ്റ് തൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യ വിപണനം | വല നന്നാക്കൽ | സംസ്കരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | | | 10 | 2 | - | | - | - | Nil | Nil |
| 2 | | | 12 | 3 | | | 1 | - | | |
| 3 | | | 10 | 2 | | | - | - | | |
| 4 | | | 5 | 1 | | | 1 | - | | |
| 5 | | | 4 | 1 | | | - | - | | |
| 6 | | | 4 | 1 | | | | - | | |
| 7 | | | 5 | 10 | | - | - | - | | |
| 8 | | | 2 | 8 | | | 5 | - | | |
| 9 | | | 4 | 4 | | | 2 | - | | |
| 10 | | | 6 | - | | | 2 | - | Nil | Nil |

കാർഷിക സർവ്വകലാശാല പഠനത്തിന് കർഷകരുടെ മക്കൾക്ക് 50% സംവരണം ഏർപ്പെടുത്തണം.

# 3. വിദ്യാഭ്യാസം

എന്തെല്ലാം കുറ്റങ്ങളും, കുറവുകളും ഉണ്ടെങ്കിലും വിദ്യാഭ്യാസ രംഗത്ത് ക്രിസ്ത്യൻ മിഷ്യനറിമാർ ചെയ്ത സേവനം നമുക്ക് നിഷേധിയ്ക്കാനാവില്ല. വേലൂർ പഞ്ചാത്തിന്റെ കാര്യത്തിലും അത് തന്നെയാണ് സ്ഥിതി. ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാലയം വേലൂർ സെൻറ് സേവിയേഴ്സ് വിദ്യാലയമാണ്. ബഹുമാന്യനായ അർണോസ് പാതിരിയുടെ സേവന സ്ഥലത്താണ് ആദ്യത്തെ ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത് എന്നത് മുൻപറഞ്ഞ വസ്തുതക്ക് ഊന്നൽ നൽകുന്നു. ചെറുകഥകളും, സമതലവും, വയലുകളും നിറഞ്ഞ ഈ പഞ്ചായത്തിന്റെ പലഭാഗവും ജനസാന്ദ്രത താരതമ്യേന കുറഞ്ഞ ഭാഗമാണ്. ഗതാഗതത്തിന്റെയും, വികസനത്തിന്റേയും, കാര്യത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിലാണ്. ഈ പിന്നോക്കാവസ്ഥ വിദ്യാഭ്യാസ രംഗത്തും കാണാൻ കഴിയും. രണ്ട് ഹൈസ്കൂളും, രണ്ട് യു. പി. സ്കൂളും, രണ്ട് എൽ. പി. സ്കൂളും ആണ് ഉള്ളത്. പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി വേലൂർ ഗവൺമെൻറ് ഹൈസ്കൂളും, വടക്കെ പകുതിയിൽ തയൂർ ഗവൺമെൻറ് ഹൈസ്കൂളും, പ്രവർത്തിക്കുന്നു. മദ്ധ്യഭാഗത്ത് കിഴക്കോട്ടുമാറി വേലൂർ സെൻറ് സേവിയേഴ്സ് യു.പി. സ്കൂളും, വടക്കെ പകുതിയിൽ പടിഞ്ഞാറെ ഭാഗത്ത് പുലിയന്നൂർ യു. പി. സ്കൂളും, തെക്കെ പകുതിയിൽ തെക്കു കിഴക്കെ അറ്റത്ത് കിരാലൂർ എൽ. പി. സ്കൂളും, മദ്ധ്യഭാഗത്ത് പടിഞ്ഞാട്ടു മാറി ആർ. എം. എൽ. പി. സ്കൂളും പ്രവർത്തിക്കുന്നു. I, II, V, VII, IX എന്നീവാർഡുകളിലാണ് ഇവ. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഒരൊറ്റ പുതിയ വിദ്യാലയങ്ങളും തുടങ്ങുകയോ, പൂട്ടുകയോ ഉണ്ടായിട്ടില്ല.

## പൊതുവിവരം

മേൽപറഞ്ഞ 6 വിദ്യാലയങ്ങളിൽ 1868 ആൺകുട്ടികളും 1739 പെൺകുട്ടികളും അടക്കം 3607 കുട്ടികൾ പഠിക്കുന്നു. 131 ആദ്യാപക പോസ്റ്റുകൾ അനുവദിച്ചതിൽ 25 + 107 = 132 അദ്യാപകർ പ്രവർത്തിക്കുന്നു. ഇവരിൽ 25 പേർ അദ്യാപകരും 107 അദ്യാപികമാരും ആണ്. 6 വിദ്യാലയത്തിനും കൂടി 11 ഏക്കർ 13 സെൻറ് സ്ഥലമുണ്ട്. 7 ഏക്കർ 61 സെൻറ് കളിസ്ഥലമുണ്ട്. 6 വിദ്യാലയങ്ങളിൽ 2 ഹൈസ്കൂളുകൾ, സർക്കാർ ഉടമയിലും 2 യു.പി.യും, 2 എൽ.പി. യും സ്വകാര്യ മാനേജ്മെൻറ്-ലെ എയ്ഡഡ് സ്കൂളുകളുമാണ്.

## കുട്ടികളെ സംബന്ധിക്കുന്ന വിവരം

പഞ്ചായത്തിൽ മൊത്തം 3607 കുട്ടികൾ ഉള്ളതിൽ പട്ടിക ജാതി വിഭാഗത്തിൽ 281 ആൺകുട്ടികളും, 310 പെൺകുട്ടികളും അടക്കം 591 കുട്ടികൾ പഠിക്കുന്നു. അതിൽ 32 ആൺകുട്ടികളും, 34 പെൺകുട്ടികളും കൂടി 66 പേർ ഒരു വർഷം തോറ്റു പഠിക്കുന്നവരാണ്. ഈ ഇനത്തിൽ പട്ടിക ജാതിക്കാരല്ലാത്ത മറ്റുളളവർ 161 ആൺകുട്ടികളും, 103 പെൺകുട്ടികളും കൂടി 264 പേർ ആണ്. ഇടക്കുവെച്ച് പഠനം നിറുത്തിയവർ പട്ടിക ജാതിയിൽ 2 ആണും, 1 പെണ്ണും മറ്റുള്ളവർ 18 ആൺകുട്ടികളും 11 പെൺകുട്ടികളും മൊത്തം 32 പേർ പഠനം നിറുത്തിയവരാണ്. സ്കൂളിൽ പഠിച്ചിരുന്ന കഴിഞ്ഞ 5 വർഷത്തെ കുട്ടികളുടെ സ്കൂൾ തിരിച്ച കണക്ക് താഴെ കൊടുക്കുന്നു.

### ഗവൺമെൻറ് ഹൈസ്കൂൾ വേലൂർ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1992- 93 | 520 | 460 | 980. |
| 1993- 94 | 515 | 461 | 976 |
| 1994- 95 | 477 | 450 | 927 |
| 1995- 96 | 466 | 418 | 888 |
| 1996- 97 | 418 | 396 | 814 |

## ഗവൺമെൻറ് ഹൈസ്കൂൾ തയ്യൂർ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1992- 93 | 465 | 438 | 903 |
| 1993- 94 | 448 | 427 | 875 |
| 1994- 95 | 433 | 428 | 861 |
| 1995- 96 | 425 | 438 | 863 |
| 1996- 97 | 439 | 404 | 843 |

## സെൻറ് സേവിയേഴ്സ് യു.പി. വേലൂർ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1992- 93 | 468 | 414 | 882 |
| 1993- 94 | 454 | 404 | 852 |
| 1994- 95 | 439 | 383 | 822 |
| 1995- 96 | 416 | 378 | 794 |
| 1996- 97 | 406 | 376 | 782 |

## സെൻറ് തോമസ് യു.പി. സ്കൂൾ പുലിയന്നൂർ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1992- 93 | 398 | 342 | 740 |
| 1993- 94 | 378 | 336 | 714 |
| 1994- 95 | 370 | 331 | 701 |
| 1995- 96 | 365 | 342 | 707 |
| 1996- 97 | 368 | 312 | 680 |

## ആർ. എം. എൽ. പി. സ്കൂൾ കിരാലൂർ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1992- 93 | 136 | 134 | 270 |
| 1993- 94 | 132 | 130 | 262 |
| 1994- 95 | 128 | 123 | 251 |
| 1995- 96 | 128 | 119 | 247 |
| 1996- 97 | 114 | 127 | 241 |

## പി. എം. എൽ. പി. സ്കൂൾ കിരാലൂർ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1992- 93 | 93 | 119 | 212 |
| 1993- 94 | 99 | 114 | 213 |
| 1994- 95 | 110 | 119 | 229 |
| 1995- 96 | 104 | 126 | 230 |
| 1996- 97 | 116 | 126 | 242 |

## 3-ാം ക്ലാസുമുതൽ 10 വരെ കുട്ടികളുടെ അക്കാഡമിക്ക് നിലവാരം

| സ്കൂളിന്റെ പേര് | ആകെ | 30% താഴെ | 30-40% താഴെ | 40-50% താഴെ | 50-60% താഴെ | 60% കൂടുതൽ |
|---|---|---|---|---|---|---|
| R.M.S. L.P. | 121 | 13 | 13 | 25 | 40 | 30 |
| VELUR H.S. | 814 | 144 | 301 | 249 | 51 | 69 |
| THAYYUR H.S. | 693 | 274 | 157 | 95 | 73 | 94 |
| KIRALUR L.P. | 122 | 9 | 9 | 21 | 20 | 63 |
| PULIYOOR U.P | 680 | 125 | 108 | 119 | 104 | 224 |
| VELUR U.P. | 495 | 121 | 80 | 66 | 47 | 181 |

## അദ്ധ്യാപകരുടെ വിവരം

6 വിദ്യാലയത്തിലും കൂടി 132-ൽ അദ്ധ്യാപകർ 25 അദ്ധ്യാപികമാർ 107

## 5 വർഷത്തെ എസ്.എൽ.സി. വിജയ ശതമാനം

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഗവൺമെൻറ് H.S. തയൂർ | 56% | 57% | 36% | 70% | 59% |
| ഗവൺമെൻറ് H.S. വേലൂർ | 37% | 33.3% | 40% | 23% | 35% |

## അക്കാഡമിക്ക് സൗകര്യങ്ങൾ

എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറി ഉണ്ട്. കിരാലൂർ എൽ.പി.യിലും, വേലൂർ സെൻറ് സേവിയേഴ്സ് യു.പി. സ്കൂളിലും ലാബറട്ടറി ഇല്ല. തയ്യൂർ എച്ച്.എസ്., കിരാലൂർ എൽ.പി., സെൻറ് സേവിയേഴ്സ് യു.പി. എന്നിവിടങ്ങളിൽ വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല. കിരാലൂർ എൽ.പി.യിൽ ഒരു ഗ്ലോബുപോലും ഇല്ല. സെൻറ് സേവിയേഴ്സ് യു.പി.യിലും, പുലിയന്നൂർ യു.പി.യിലും തയ്യൂർ ഹൈസ്കൂളിലും റേഡിയോ ഉണ്ട്. തയ്യൂരിലെ റേഡിയോ പ്രവർത്തനക്ഷമമല്ല. തയ്യൂർ സ്കൂളിലും, കിരാലൂർ സ്കൂളിലും ടേപ്പ്റിക്കോർഡർ ഉണ്ട്. ടി.വി.യും വി.സി.ആറും ഒരു സ്കൂളിലും ഇല്ല. രണ്ട് ഹൈസ്കൂളിലും സിനിമാ പ്രൊജക്ടറും, സ്ലൈഡ് പ്രൊജക്ടറും ഓവർ ഹെഡ് പ്രൊജക്ടറും ഉണ്ട്. കമ്പ്യൂട്ടർ ഒരു സ്കൂളിലും ഇല്ല. ബ്ലാക്ക് ബോർഡുകൾ ആവശ്യത്തിനുണ്ട്. 1995-96 വർഷത്തിൽ ആർ.എം.എസ്. എൽ.പി., കിരാലൂർ എൽ.പി., സെൻറ് സേവിയേഴ്സ് യു.പി., പുലിയന്നൂർ യു.പി. എന്നിവയിൽ 194 ഉം, വേലൂർ എച്ച്.എസ്. 193 ഉം, തയ്യൂരിൽ 192 ഉം പ്രവർത്തി ദിവസങ്ങൾ ഉണ്ടായിരുന്നു. സമരം മൂലം വേലൂരിൽ 5 പ്രവർത്തി ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. ആർ.എം.എസിൽ നാല്, വേലൂർ എച്ച്.എസ്. ഒന്ന് തയൂർ എച്ച്.എസ്. എട്ട്, കിരാലൂർ എൽ. പി. അഞ്ച്, സെൻറ് സേവിയേഴ്സ് അഞ്ച്, പുലിയന്നൂർ ആറ് എന്നിങ്ങനെ ദിവസങ്ങൾ പ്രത്യേക അവധി കൊടുത്തതിനാൽ നഷ്ടപ്പെട്ടിട്ടുണ്ട്. മാതൃസംഗമവും, പി.ടി.എ.യും എല്ലാ സ്കൂളുകളിലും പ്രവ്രത്തിക്കുന്നു.

## സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

പഞ്ചായത്തിലെ ആറു വിദ്യാലയത്തിലും കൂടി ലംപ്സം ഗ്രാൻറ് കിട്ടുന്ന 603 വിദ്യാർത്ഥികളും മുസ്ലീം പെൺകുട്ടികളുടെ സ്കോളർ ഷിപ്പ് കിട്ടുന്നവർ 52 ഉം മെറിറ്റ് 2 ഉം വികലാംഗ സ്കോളർ ഷിപ്പുകാർ 16 ഉം ജവാൻമാരുടെ മക്കൾക്കുള്ള വിദ്യഭ്യാസാനുകൂല്യം ലഭിക്കുന്നവർ 7 ഉം ബീഡി തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർ ഷിപ്പ് 7 ഉം മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ളത് 13 ഉം മറ്റുള്ളവർ 16 ഉം ആകുന്നു.

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

6 വിദ്യാലയത്തിലും കൂടി 101ക്ലാസ്സ് ഡിവിഷനുകളുടെ 17 സ്ഥിരം കെട്ടിടങ്ങളും 13 അർദ്ധസ്ഥിര കെട്ടിടങ്ങളും ഒരു താല്കാലിക കെട്ടിടവും ഉണ്ട്. ആകെ 82 സ്ഥിരം മുറികളും 57 അർദ്ധസ്ഥിരം മുറികളും 3 താല്കാലിക ക്ലാസ്സ് മുറികളും ഉണ്ട്. 3 മുറികൾ കൂടി തയ്യൂർ ഹൈസ്കൂളിന് ആവശ്യമുണ്ട്. അതിനുള്ള ഭൂമി കൈവശമുണ്ട്. 10 മൂത്രപ്പുരകളും 50 കുട്ടികൾക്ക് ഒരേ സമയം ഉപയോഗിക്കാം. 8 മൂത്രപ്പുരകൾ കൂടി ആവശ്യമാണ്. 8 കക്കൂസ്സുകൾ ഉണ്ട്. കുടി വെള്ളത്തിന് സെൻറ് സേവിയേഴ്സ് യു.പി., തയ്യൂർ, വേലൂർ ഹൈസ്കൂളുകളിൽ പൈപ്പ് സംവിധാനവും ബാക്കി മൂന്നു സ്കൂളുകളിൽ കിണർ സൗകര്യവും ഉണ്ട്. കിരാലൂരിൽ ഒഴിച്ച് ബാക്കി 5 സ്കൂളുകളിലും വൈദ്യുതി സൗകര്യവും ഉണ്ട്. തയൂർ എച്ച്. എസ്ലും സെൻറ് സേവിയേഴ്സിലും മാത്രം പാചക മുറി താല്ക്കാലികമാണ്. സെൻറ് സേവിയേഴ്സിലും, കിരാലൂർ എൽ.പി. ആർ.എം.എസ്. എൽ.പി എന്നിവയിലും സ്റ്റാഫ് റൂം ഇല്ല. ആർ.എം.എസ്. എൽ.പി. യിലും പുലിയന്നൂർ എൽ.പി.യിലും ഫർണീച്ചറുകൾ ആവശ്യമില്ല. സെൻറ് സേവിയേഴ്സ് യു.പി.യിൽ 15 ഡസ്ക്, 30 ബഞ്ച്, 4 മേശ, 6 കസേര എന്നിവയും കിരാലൂരിൽ 2 അലമാര, 2 മേശ 5 കസേര എന്നിവയും തയ്യൂരിൽ 25 ഡസ്ക്, 25 ബഞ്ച്, 4 മേശ, 4 കസേര എന്നിവയും വേലൂർ എച്ച്.എസ്. ൽ 75 ഡസ്ക്, 75 ബഞ്ച്, 30 മേശ, 30 കസേര ഓഫീസ് ഫർണീച്ചറുകൾ 5 കസേര 5 അലമാര 3 മേശ എന്നിവയും വേണം.

## വരവ് ചെലവുകൾ

6 വിദ്യാലയത്തിനും കൂടി വർഷത്തിൽ അറ്റകുറ്റ പണികൾക്ക് 23000/- രൂപയും ഉപകരണങ്ങളുടെ കേടുപാട് തീർക്കാൻ 1210/- രൂപയും ഉപകരണങ്ങൾ രാസവസ്തുക്കളുടെ ഉപയോഗത്തിനുള്ള സാധനങ്ങൾ എന്നിവയ്ക്ക് 1100/- രൂപയും, സ്പോർട്സ് സാമഗ്രികൾക്ക് 3808/- രൂപയും, കലാവിനോദങ്ങൾക്ക് 4500 രൂപയും ലൈബ്രറികൾക്കും മറ്റിനങ്ങൾക്കും 1000/- രൂപയും, ഉച്ച കഞ്ഞിക്ക് 3625/- രൂപയും മറ്റിനങ്ങൾക്ക് 5317/- രൂപയും ചെലവ് വരുന്നു. വരുമാനത്തിൽ സർക്കാരിൽ നിന്ന് 5900/- രൂപയും തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് 5150/- രൂപയും ഫീസിനത്തിൽ 21050/- രൂപയും, എൻഡോവ്മെൻറ് ഇനത്തിൽ 185/- രൂപയും, പി.ടി.എ. ഫണ്ട് 38028/- രൂപയും മറ്റിനത്തിൽ 13360/- രൂപയും ആണ്. അദ്ധ്യാപകരുടെ ശമ്പളവും മെയ്ന്റനൻസ് ഗ്രാന്റുകളും ഈ ഇനത്തിൽ പെടുന്നില്ല.

## സമാന്തര വിദ്യാലയങ്ങൾ

ഈ പഞ്ചായത്തിൽ വെള്ളാറ്റഞ്ഞൂരിൽ അംഗീകാരമില്ലാത്ത ഒരു ഇംഗ്ലീഷ് മീഡിയം, എൽ.കെ.ജി., യു.കെ.ജി. വിദ്യാലയം അടുത്തിട ആരംഭിച്ചതല്ലാതെ മറ്റ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളൊന്നും നിലവിലില്ല.

## പാരലൽ വിദ്യാലയങ്ങൾ

പഞ്ചായത്തിൽ നാല് പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ ഒരു ഐ.ടി.സി.യും രണ്ട് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നു.

## അനൗപചാരിക വിദ്യഭ്യാസം

നിശാ പാഠശാലകൾ മുമ്പ് നടത്തിയിരുന്നുവെങ്കിലും ഇപ്പോൾ പന്ത്രണ്ടു വായനശാലകളും പഞ്ചായത്തു വക ഒരു സംസ്കാരിക നിലയവും പ്രവർത്തിക്കുന്നു. സ്വന്തമായ കെട്ടിടങ്ങളടക്കം ഉള്ള വായനശാലകൾ എട്ടെണ്ണമുണ്ടെങ്കിലും മൂന്നെണ്ണത്തിനു മാത്രമേ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാര ഗ്രാൻറ് ലഭിക്കുന്നുള്ളു. പതിനൊന്ന് കലാസമിതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പത്ത് വാർഡിലും പഞ്ചായത്ത് വക ടി.വി. പ്രവർത്തിക്കുന്നുണ്ട്.

## സാക്ഷരത

100 ശതമാനം സാക്ഷരത കൈവരിച്ചിരുന്നുവെങ്കിലും തുടർ വിദ്യഭ്യാസത്തിന്റെ അഭാവം ഇതിന്റെ വിജയത്തിന് മങ്ങലേല്പിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
2. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര ഇല്ല.
3. പഞ്ചായത്തിൽ നിന്ന് പുറത്തേക്കുള്ള ഇംഗ്ലീഷ് മീഡിയം, റക്കഗ്നൈസ്ഡ്, അൺ റക്കഗ്നൈസ്ഡ്, എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകുന്നു.
4. പി.ടി.എ. വിദ്യാലയങ്ങളിൽ ഫലപ്രദമല്ല.
5. കലാകായിക മത്സരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
6. തൊഴിലധിഷ്ഠിത വിദ്യാലയത്തിന്റെ അഭാവം.
7. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.
8. പ്രാഥമിക വിദ്യാലയങ്ങളുടെ കുറവ്.
9. നിശാപാഠശാലകളുടെ ആവശ്യം.

## പരിഹാരമാർഗം

1. കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് ജനന നിരക്ക് കുറയുന്നതുകൊണ്ടും, മെച്ചപ്പെട്ട വിദ്യഭ്യാസമാണെന്ന ധാരണയിൽ ഇംഗ്ലീഷ് മീഡിയ വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുന്നതുകൊണ്ടുമാണ് വമ്പിച്ച സാമ്പത്തിക ചെലവ് വരുന്ന സ്വകാര്യ മാനേജ്മെന്റിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് കിടപിടിക്കത്തക്ക നിലയിൽ സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലുമുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചു. ഓരോ ഡിവിഷനിലേയും കുട്ടികളുടെ എണ്ണം കുറച്ച് വ്യക്തിഗത ശ്രദ്ധക്ക് ഊന്നൽ നൽകാനുള്ള സന്ദർഭം ഉണ്ടാക്കി പഠന നിലവാരം ഉയർത്തി മേൽ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം.
2. നിരക്ഷരത പൂർണമായും ഒഴിവാക്കാൻ ഒരു കിലോമീറ്ററിനുള്ളിൽ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം. ആറാം വാർഡിലെ തോന്നല്ലൂർ, പത്താം വാർഡിലെ പഴവൂർ, രണ്ടാം വാർഡിലെ കുട്ടംകുളം, മൂന്നാം വാർഡിലെ വെങ്ങിലശ്ശേരി, നാലാം വാർഡിലെ കുറുമാൽ, ആറാം വാർഡിൽ കീഴ്ത്തണ്ടിലം, എട്ടാം വാർഡിൽ വെള്ളാറ്റഞ്ഞൂർ എന്നിവടങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിക്കണം.
3. വായശാലകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും ജനകീയ സഹകരണത്തോടുകൂടി സ്വന്തമായ കെട്ടിടങ്ങൾ ഉള്ള വായനശാലകൾ ആരംഭിക്കുകയും, അവ കേന്ദ്രീകരിച്ച് പഞ്ചായത്ത് പ്രതിഫലം കൊടുത്ത് എല്ലാ വാർഡുകളിലും ഓരോ നിശാപഠനശാലകൾ സ്ഥാപിച്ച് തുടർ വിദ്യഭ്യാസം ഫലപ്രദമാക്കണം. പുതിയ വായനശാലാകെട്ടിടങ്ങൾ ഉണ്ടാകുന്നതുവരെ നിലവിലുള്ള കെട്ടിടങ്ങൾ ക്ലബ്ബുകൾ എന്നിവകളുടെ സഹകരണം തേടണം. എല്ലാ വായനശാലകളുടേയും, സജീവമായ പ്രവർത്തനം ഉറപ്പാക്കാണം.
4. വേലൂർ ഗവൺമെൻറ് ഹൈസ്കൂൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന വൊക്കേഷ്ണൽ ഹയർ സെക്കന്ററി സ്കൂളാക്കി ഉടനെ ഉയർത്തണം. അതിനാവശ്യമായ കെട്ടിടങ്ങൾ അവിടെ നിലവിലുള്ളത് അവയുടെ നവീകരണം മാത്രം നടത്തിയാൽ മതി.
5. തയ്യൂർ ഗവൺമെൻറ് ഹൈസ്കൂളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കണം.
6. കിരാലൂർ എൽ.പി.സ്കൂൾ അപ് ഗ്രേഡ് ചെയ്യണം.
7. പഞ്ചായത്തിൽ ഒരു സഹകരണ പാരലൽ കോളേജ് ആരംഭിക്കണം.
8. പഞ്ചായത്തിൽ സർക്കാർ ഉടമയിലുള്ള ഐ.ടി.ഐ., പോളിടെക്നിക് സ്ഥാപിക്കണം.
9. ഹൈസ്കൂളിലെങ്കിലും ലാബറട്ടറികൾ ഫലപ്രദമാക്കണം.
10. സ്കൂളുകളിലെ ഫിലിം പ്രൊജക്ടറുകളും മറ്റ് പഠനോപകരണങ്ങളും ഫലപ്രദമായി പ്രവർത്തിക്കണം.
11. പ്രൈമറി വിദ്യാലയങ്ങളിൽ ബാല സാഹിത്യം ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ പുസ്തകവും ഫലപ്രദമായി പ്രവർത്തിക്കുന്ന ലൈബ്രറിയും വേണം.

12. എല്ലാ അംഗൻവാടികൾക്കും വൃത്തിയായതും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വലിപ്പമുള്ളതും വായു ഗതാഗതവും മറ്റു പ്രാഥമിക സൗകര്യങ്ങളുള്ളതുമായ കെട്ടിടങ്ങൾ വേണം.
13. അംഗൻ വാടികളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
14. അദ്ധ്യാപിക അദ്യാപകൻമാർ പഠന കാര്യത്തിൽ മാത്രമല്ല അതാതു വിദ്യാലയത്തിന്റെ സർവ്വോന്മുഖമായ വളർച്ചയുടെ എല്ലാ രംഗത്തും സജീവമായി ശ്രദ്ധ പതിപ്പിക്കണം. ഔദ്യോഗിക ജോലിക്കു പുറമെ സാമൂഹിക വളർച്ചയുടെ പങ്കാളികളാകണം. അതിനാവശ്യമായ പരിശീലനം അവർക്കു നല്കണം.
15. വിദൂരസ്ഥരായ അദ്ധ്യാപിക അദ്ധ്യാപകർക്ക് കോർട്ടേഴ്സ് ഉണ്ടാക്കണം.
16. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം ഫലപ്രദമാക്കണം.
17. അദ്ധ്യാപക രക്ഷാകർത്തൃ സമിതി ഔദ്യേഗിക ചടങ്ങിന്റെ സ്വാഭാവം വിട്ട് സജീവ പ്രവർത്തനം സജ്ജമാക്കണം.
18. സഞ്ചയിക പിരിവിന്റെ പലിശ പി.ടി.എ. ഫണ്ടിലേക്ക് നൽകണം. ഹൈസ്കൂളുകൾക്ക് വിദ്യാർത്ഥികളെ കൊണ്ടുവരുവാനും വിടുവാനും പ്രത്യേക ബസ്സുകൾ വേണം.
19. കായിക കലാ വിദ്യാഭ്യാസത്തിന് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കോംപ്ലക്സ് അടിസ്ഥാനത്തിൽ നിയമിക്കണം. പ്രൈമറിഘട്ടം മുതൽ തന്നെ ഇതിനുള്ള സംവിധാനം വേണം.

# 4. ആരോഗ്യം കുടിവെള്ളം പരിസരശുചീകരണം

പഞ്ചായത്തിലെ 1995-'96 വർഷത്തെ മൊത്തം ജനസംഖ്യ 27688 പുരുഷൻമാർ 11656 ഉം, സ്ത്രീകൾ 12396 ഉം കുട്ടികൾ 3642 ഉം ആകുന്നു. 1995-'96 ൽ 123 മരണം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മരണനിരക്ക് 4.5 ആകുന്നു. കേരളത്തിലെ മരണനിരക്ക് 5.9 ആണ്. 381 ജനനങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ജനനനിരക്ക് 13.8 ആണ്. കേരളത്തിലെ നിരക്ക് 17 ആകുന്നു. നാല് ചാപിള്ള ജനനം നടന്നിട്ടുണ്ട്.

## പ്രായഘടന

1 വയസ്സിനു താഴെ 414 കുട്ടികളും 5 വയസ്സുവരെയുള്ള കുട്ടികൾ 1166 ആണ്. കുട്ടികളിൽ ലഘുവായ പോഷണകുറവുള്ളവർ 133 ആൺകുട്ടികളും, 176 പെൺകുട്ടികളും ആണ്. മിതമായ പോഷണകുറവുള്ളവർ 223 ആൺകുട്ടികളും 173 പെൺകുട്ടികളും ആണ്. 3150 ദമ്പതിമാരിൽ സ്ത്രീകളുടെ പ്രായപരിധി 15-19 പ്രായക്കാരിൽ 70, 20-24 പ്രായക്കാരിൽ 702, 25-29 പ്രായക്കാരിൽ 839, 30-34 പ്രായക്കാരിൽ 720, 35-39 പ്രായക്കാരിൽ 574, 40-44 പ്രായക്കാരിൽ 245 ദമ്പതിമാർ വീതവും തരം തിരിച്ചിരിക്കുന്നു. ഒരു കുട്ടി മാത്രമുള്ള അമ്മമാർ 601, രണ്ടു കുട്ടി മാത്രമുള്ള അമ്മമാർ 1428, രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ 782 എന്നീ ക്രമത്തിലാണ് കണക്ക്. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരിൽ ഒരു കുട്ടി മാത്രമുള്ളവർ 287, രണ്ട് കുട്ടികൾ വീതം ഉള്ളവർ 1253, രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ 701 ഉം ആകുന്നു.

## വൈകല്യനിരക്ക്

പഞ്ചായത്തിൽ വൈകല്യം ബാധിച്ചവരുടെ നിരക്ക് 1000 ത്തിന് 4 ആണ്. വൈകല്യമുള്ളവരിൽ അന്ധർ 13, ബധിരർ 27, മൂകർ 16, ബധിരമൂകർ - 11, ചലനവൈകല്യങ്ങവർ - 47 എന്നീ ക്രമത്തിൽ മൊത്തം 114 പേർ ആകുന്നു. മന്ദബുദ്ധിയുള്ളവരിൽ 5 വയസ്സുവരെ 5 പേരും, 6 വയസ്സിനു മുകളിൽ 10 വരെ 4 പേരും, 11 മുതൽ 15 വയസ്സുവരെ 4 പേരും, 16-നു മേൽ 13 പേരും ആകെ 26 ഉം ആണ്.

## രോഗാതുരത

സ്ഥായിയായ 573 രോഗബാധിതരിൽ രക്തസമ്മർദ്ദം ഉള്ളവർ 191 ഉം പ്രമേഹരോഗികൾ 215 ഉം, 14 കാൻസർ രോഗികളും, കുഷ്ടം, ക്ഷയം, ഹൃദ്രോഗം എന്നിവ ഉള്ളവർ യഥാക്രമം 11, 22, 106 പേർ വീതവുമാണ്.

പരിസരജന്യ രോഗങ്ങളിൽ വയറിളക്കരോഗമുള്ളവരാണ് പഞ്ചായത്തിൽ P. H. C. യിൽ എത്തുന്നത്. 1995 - 96 ൽ 3423 ജലജന്യരോഗങ്ങളും, വായുജന്യരോഗബാധിതരായ 2942 പേരും 107 പ്രാണിജന്യരോഗികളും മറ്റുള്ള രോഗമുള്ളവർ 6030 എത്തുകയുണ്ടായി.

## ആരോഗ്യരക്ഷാചിലവ്

വേലൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ ലഭിച്ച മരുന്നിന്റെ കണക്ക്

1995 ജനുവരി മുതൽ 1995 ഡിസംബർ 31 വരെ 81084 രൂപ 63 പൈസ

1996 ജനുവരി മുതൽ 31 - 10 - 96 വരെ മരുന്നിന്റെ ആകെ വില 14335 രൂപ 25 പൈസയുമാകുന്നു.

## വിവിധ ചികിത്സാരീതികൾ

ആയുർവ്വേദം, ഹോമിയോ, സിദ്ധ, നാട്ടു ചികിത്സകൾ എന്നിവയ്ക്കുള്ള പൊതുസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. സ്വകാര്യ വൈദ്യപരിശോധനാശാലകൾ നിലവിലുണ്ട്.

പഞ്ചായത്തിൽ മൂന്നാം വാർഡിൽ ഒരു പി. എച്ച്. സി. നിലവിലുണ്ട്. 1961 ൽ ഡിസ്പെൻസറിയായി

ഉദ്ഘാടനം ചെയ്ത ഈ സ്ഥാപനം 1987 ൽ ആണ് പി. എച്ച്. സി. ആയി ഉയർത്തിയത്. 1980 - 81 ൽ ഇവിടെ രോഗികളെ കിടത്തി ചികിത്സിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതിനുള്ള സൗകര്യങ്ങൾ ഇല്ല. വാർഡുമരുന്നുകൾ, ചികിത്സാ ഉപകരണങ്ങൾ, ഡോക്ടർമാർ എന്നിവരുടെ അഭാവം, ക്വാർട്ടേഴ്സ് ഇത്തരം പോരായ്മകൾ നിലവിലുണ്ട്. പി. എച്ച്. സി. യിൽ 21 ജീവനക്കാർ ജോലിചെയ്യുന്നു.

പി. എച്ച്. സി. യിൽ തന്നെ പ്രവർത്തിക്കുന്ന ഒരു സബ്സെന്റർ കിരാലൂർ, കുറുമാൽ, കുറുവന്നൂർ, വെള്ളാറ്റഞ്ഞൂർ, തയ്യൂർ എന്നിവിടങ്ങളിൽ പി. എച്ച്. സി. യുടെ കീഴിൽ സബ്സെന്ററുകൾ പ്രവർത്തിക്കുന്നു. പി. എച്ച്. സി. യുടെ സബ്സെന്റർ കിരാലൂർ, കുറുവന്നൂർ എന്നിവിടങ്ങളിൽ മാത്രമാണ് സൗകര്യത്തിനുള്ള കെട്ടിടമുള്ളത്. തയ്യൂർ, കുറുമാൽ എന്നീ സബ്സെന്ററുകൾക്ക് കെട്ടിടമോ സ്ഥലമോ ഇല്ല. വെള്ളാറ്റഞ്ഞൂരിലുള്ള കെട്ടിടം താമസയോഗ്യമല്ല.

## സന്നദ്ധസംഘടനകളുടെ പ്രവർത്തനം

യുവധാരചുങ്കം, ജനകീയകലാസമിതി വേലൂർ k.c.y.m. വേലൂർ, വെള്ളാറ്റഞ്ഞൂർ പള്ളി സംഘടനജനനീതി വേലൂർ എന്നിവർ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ലിസ്റ്റ് തയ്യാറാക്കി യിട്ടുണ്ട്. പാത്രമംഗലം പള്ളിസംഘടന കുഷ്ഠരോഗനിർണ്ണയക്യാമ്പും നടത്തിയിട്ടുണ്ട്. സന്നദ്ധസംഘടനകൾ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നില്ല.

## *പരിഹാരനിർദ്ദേശങ്ങൾ*

1. കിരാലൂർ സബ്ബ്സെന്റർ ഡിസ്പെൻസറിയായി ഉയർത്തുക.
2. വേലൂർ പി.എച്ച്.സി. യിൽ കൂടുതൽ സ്പെഷലിസ്റ്റ് ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുക. ഒരു വനിതാ ഡോക്ടർ നിർബന്ധമായും വേണം.
3. ഡോക്ടർമാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുക.
4. ആവശ്യത്തിന് മരുന്നുകളും ചികിൽസാ ഉപകരണങ്ങളും ലഭ്യമാക്കുക.
5. രോഗികളെ കിടത്തിചികിൽസിക്കുവാൻ ഉള്ള സൗകര്യം ഉണ്ടാക്കുക.
6. സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പ്, ത്വക്ക് പരിശോധനാ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക.
7. ഫ്രണ്ട്സ് ഓഫ് ഹോസ്പിറ്റൽ എന്ന പേരിൽ രൂപീകരിച്ച സംഘടന ശരിയായ രീയീയിൽ പ്രവർത്തിപ്പിക്കുക, സംഘടനയുടെ പേരിൽ പിരിച്ച സംഖ്യ ഉപയോഗിച്ച് ആവശ്യമായസാമഗ്രികൾ വാങ്ങുക.
8. വാർഡ്, ലാബ്, ക്വാർട്ടേഴ്സ്, തിയേറ്റർ എന്നിവ പണിയുക.
9. കുറുമാൽ, തയ്യൂർ എന്നീ സബ്ബ്സെന്ററുകൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.
10. വെള്ളാറ്റഞ്ഞൂർ നിലവിലുള്ള സബ്ബ്സെന്റർ പുനർനിർമ്മിച്ച് താമസയോഗ്യമാക്കുക. സബ്ബ്സെന്ററിൽ ഡോക്ടറെ സ്ഥിരമായി നിയമിക്കുക.
11. വാർഡ് - 1, വാർഡ് - 3, വാർഡ് -4, വാർഡ് -7, വാർഡ് -9. വാർഡ് - 10 എന്നിവടങ്ങളിൽ ആയുർവ്വേദ ആസ്പത്രി ആരംഭിക്കുക.
12. വാർഡ് 10ൽ ഹോമിയോ ഡിസ്പൻസറി തുറക്കുക.
13. വാർഡ് 4 ൽ പ്രകൃതിചികിൽസാ കേന്ദ്രം ആരംഭിക്കുക.
14. വാർഡ് 7ൽ മാതൃശിശുസംരക്ഷണ കേന്ദ്രം തുറക്കുക.
15. വാർഡ് 9ൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുക.
16. വാർഡ് 5ൽ പ്രൈമറി ഹെൽത്ത് സെന്റർ പരിഗണിക്കുക.

# കുടിവെള്ളം

പഞ്ചായത്തിൽ 37 പൊതുകിണറുകളും 10 കുഴൽകിണറുകൾ പൊതുമേഖലയിൽ ഉണ്ട്. 1594 സാനിറ്ററി വെൽ, സാധാരണകിണർ 1615, പൈപ്പ് 818 പൊതുവിതരണം 4. എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമമുണ്ട്. അഞ്ച് വാട്ടർസപ്ലൈ സ്കീമുകൾ നിലവിലുണ്ട്.

1. 1970 ൽ കമ്മീഷൻ ചെയ്ത വേലൂർ ഹരിജൻ കോളനിക്കുവേണ്ടി നിർമ്മിച്ചത്. 51 ടാപ്പുകൾ ഉണ്ട്.
2. വെള്ളാറ്റഞ്ഞൂർ ശുദ്ധജലപദ്ധതി 83ൽ കമ്മീഷൻ ചെയ്തത്. 10 ടാപ്പുകൾ ഉണ്ട്.
3. പഴവൂർ ശുദ്ധജലപദ്ധതി 91 ൽ കമ്മീഷൻ ചെയ്തു. 10 ടാപ്പുകൾ.
4. കാഞ്ഞിരാൻ പദ്ധതി 84-ൽ കമ്മീഷൻ ചെയ്തു. 34 ടാപ്പുകൾ.
5. കിരാലൂർ അവണപറമ്പ് ശുദ്ധജലപദ്ധതി. 14 ടാപ്പുകൾ.

തയ്യൂർ, പഴവൂർ ഹരിജൻകോളനി സ്കീം തയ്യാറാക്കിയിട്ടുണ്ട്. കോടശ്ശേരിക്കുവേണ്ടി ഒരു പുതിയ പദ്ധതിയും എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡറിനു ക്ഷണിച്ചിട്ടുണ്ട്.

## *പ്രശ്നങ്ങൾ*

1. നിലവിലുള്ള പദ്ധതികളിൽ ജലലഭ്യത കുറഞ്ഞുവരുന്നു.
2. നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കാൻ കഴിയുകയില്ല.
3. നിലവിലുള്ള പദ്ധതികഴുടെ ഉപഭോക്താക്കൾ 7000 പേർ.
4. ഗുണനിലവാരം 60%
5. 30% പൈപ്പുവെള്ളം ദുരുപയോഗം ചെയ്യുന്നു.
6. 200 മീറ്റർ അകലം ടാപ്പുകൾ ഇല്ല.
7. സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. കിരാലൂർ പടിഞ്ഞാറെ കോളനി, ഐക്യനഗർ കോളനി, ആറാം വാർഡിൽ മേൽ തണ്ടിലം കോളനി, ഒമ്പതാം വാർഡിൽ തയ്യൂർ ലക്ഷം വീട് കോളനി, തയ്യൂർ കുന്നത്തുപുരയ്ക്കൽ കോളനി. രണ്ടാം വാർഡിന്റെ വേലൂർ. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തിലെമിക്ക പ്രദേശങ്ങങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. അങ്ങാടിപ്രദേശം, വായനശാല റോഡ്, കുട്ടംകുളം, പാപ്പാനഗർ, മൂന്നാം വാർഡിൽ കോടശ്ശേരി കോളനി, വടക്കുഭാഗം എന്നിവ.
8. പഞ്ചായത്തിലെ പൊതുവെ മിക്ക പ്രദേശത്തും 25-30 അടി താഴ്ന്നാൽ കരിങ്കൽ പാറയാണ്.
9. വ്യവസായ ജലമലിനീകർണം ഇല്ല.
10. പൈപ്പുവെള്ളം മാർച്ചു മുതൽ ജൂൺ 15 വരെ ദുർല്ലഭമാണ്.

## *പരിഹാരമാർഗങ്ങൾ*

1. കുടിവെള്ളക്ഷാമം പരിഹരിക്കാൻ നിലവിലുള്ള പൊതുകിണറുകൾ വൃത്തിയാക്കി ജലലഭ്യത വരുത്തുക.
2. വേനൽകാലത്ത് വാഴാനി ഇരിഗേഷൻ ജലം വിട്ടാൽ വാർഡ് 1, 2, 3, 4, 5, എന്നിവിടങ്ങളിൽ ഭാഗികമായി കിണറുകളിലെ ജലനിരപ്പ് ഉയരുകയും കുടിവെള്ളം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുകയും ചെയ്യും.
3. 1, 3, 9, 8, 4, 10 എന്നീ വാർഡുകളിലെ നിലവിലുള്ള ടാപ്പുകൾ, കേടായത് കാലാകാലങ്ങളിൽ റിപ്പയർ ചെയ്യുക.
4. നിലവിലുള്ള ടാങ്കുകളിൽ അണുനാശിനി ഇട്ട് ജലം അണുവിമുക്തമാക്കുവാൻ നടപടികൾ സ്വീകരിക്കണം.
5. 10 വാർഡുകളിലേയും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഭൂജല പരിവേഷണം നടത്തി. ശാസ്ത്രീയ രീതിയിൽ കുഴൽകിണർ നിർമിച്ച് ജലം ലഭ്യമാക്കുക. കഴിയുന്നതും ഓരോ പ്രദേശത്തും ഹാന്റ് പമ്പ് സ്ഥാപിക്കുക.
6. പഞ്ചായത്തിലെ നിലവിലുള്ള കുഴൽ കിണറുകളിലും നിർമ്മിക്കുവാൻ പോകുന്ന കുഴൽകിണറുകളിലും ജലലഭ്യത കൂടുതൽ ഉള്ളത് പരിശോധിച്ച് ചെറിയ പദ്ധതിയായ മൈക്രോ വാട്ടർ സപ്ലൈ സ്കീം നടപ്പിൽ വരുത്തുക.
7. കടങ്ങോട് സമഗ്രപദ്ധതി നടപ്പിലാകുമ്പോൾ പഞ്ചായത്തിൽ അന്ന് സർവ്വെയിൽ പെടാത്ത പ്രദേശങ്ങളേയും ഉൾപ്പെചടുത്തി പദ്ധതി നടപ്പിലാക്കുക.
8. 3-ാം വാർഡിൽ കോടശ്ശേരി മലയിലുള്ള നീരുറവയിൽ നിന്നും വരുന്ന ജലസ്രോതസ്സിലെ ജലം ഉപയോഗപ്പെടുത്തിയാൽ കോടശ്ശേരി കോളനിയിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

9. 4-ാം വാർഡിൽ തലക്കോട്ടുകര മെയിൻ റോഡ് ഐമുറോഡ്, ബാലകൃഷ്ണൻ നായർ പീടിക മുതൽ കുറുമാൽ പടിഞ്ഞാറെ കര കോളനി വരെ എഴുത്തശ്ശൻ ലക്ഷം വീട് കോളനി എന്നിവയിൽ ശുദ്ധജലം എത്തിക്കാൻ പൈപ്പു ലൈൻ നീട്ടുക.
10. വേലൂർ വടക്കുമുറി കുരിശുപള്ളിക്കു സമീപം കോടശ്ശേരി പദ്ധതിക്കുവേണ്ടി കുഴിച്ച കുഴൽകിണറിൽ നിന്നും, പദ്ധതി നടപ്പിലാക്കുമ്പോൾ സമീപപ്രദേശത്തുള്ള (അഞ്ചാം വാർഡ്) കുടിവെള്ളക്ഷാമം രൂക്ഷമായ സമീപവാസികൾക്കു കൂടി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുക.
11. ആറാം വാർഡിൽ മേൽതണ്ടിലം, മിച്ചഭൂമി കോളനി, തായംപറമ്പ് മേഖല (പൊടിയിട) തണ്ടിലം സെന്റർ എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിച്ച് കൈപമ്പുകൾ സ്ഥാപിക്കുക. പ്രഭാത് നഗർ പ്രദേശത്തും കുഴൽകിണർ കുഴിച്ച് ഹാന്റ് പമ്പ് സ്ഥാപിക്കുക.
12. 7-ാം വാർഡിൽ തോണല്ലൂർ പ്രദേശത്ത് നിലവിലുള്ള പഞ്ചായത്ത് പദ്ധതി കൂടുതൽ സമയം പമ്പ് ചെയ്ത് ടാങ്കിൽ നിറച്ച് വിതരണം ചെയ്യുക. സമാജംവഴി പുതിയ പൈപ്പു ലൈൻ നിർമിക്കുക. കരിയന്നൂർ അതിർത്തിയിലൂടെ പോകുന്ന തോട്ടിലേക്ക് പാത്രമംഗലം പുഴയിൽനിന്ന് വെള്ളം ഏപ്രിൽ മുതൽ ഇടവിട്ടു പമ്പ് ചെയ്ത് കയറ്റിയാൽ ഉറവ വർദ്ധിക്കുകയും കുടിനീർക്ഷാമം കുറയുകയും ചെയ്യും.
13. 8-ാം വാർഡിലെ പമ്പിങ്ങ് കിണർ മണ്ണ് നീക്കം ചെയ്ത് റിങ്ങ് ഇറക്കി പദ്ധതി കാര്യക്ഷമമാക്കുക. പുള്ളുവൻ മൂലയിലെ (വെങ്ങിലിശ്ശേരി) നിലവിലുള്ള പൈപ്പു ലൈൻ കഴിയുന്നതും വടക്കോട്ടു നീക്കി വെള്ളാറ്റഞ്ഞൂർ സെന്ററിലേക്ക് എത്തിക്കുക. പഞ്ചായത്ത് അയ്യമ്പുഴ സ്റ്റോപ്പിൽ നിന്ന് തെക്കോട്ട് മൂന്ന് പൈപ്പ് സ്ഥാപിക്കണം.
14. വാർഡ് ഒമ്പതിൽ ലക്ഷംവീട് പരിസരം, പള്ളി പരിസരം, വാർഡിന്റെ തെക്കുഭാഗം എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് കൈപമ്പ് സ്ഥാപിക്കുക. നിലവിലുള്ള പൈപ്പുലൈൻ പടിഞ്ഞാറു ഭാഗത്തേക്ക് നീക്കി ടാപ്പുകൾ നിർമിക്കുക.
15. പത്താം വാർഡിൽ മഹിളാസമാജം പരിസരത്ത് സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിൽ നിന്ന് പഴവൂർ തയ്യൂർ പ്രദേശം മുഴുവൻ കുടിവെള്ളം കിട്ടത്തക്ക വിധത്തിൽ സൗകര്യം ഏർപ്പെടുത്തുക. നിലവിലുള്ള പൈപ്പുകളിലെ ജലം കോളനികൾ സ്ഥിതിചെയ്യുന്നത് ഉയർന്ന പ്രദേശത്ത് ആയതിനാൽ വെള്ളം ലഭിക്കുന്നില്ല. ഉയർന്ന സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് പരിഹാരം കാണുക, പഴവൂരിലെ മൂന്ന് കോളനിയിലേക്കും ജലം ലഭ്യമാക്കുക.
16. വേനൽകാലത്ത് വാഴാനിയിൽ നിന്നും വിടുന്ന വെള്ളം കിരാലൂർ ശിവക്ഷേത്രക്കുളത്തിലും പുതുവായമനകുളത്തിലും നിറയ്ക്കുകയാണെങ്കിൽ മറ്റു കുളങ്ങളിലേയും, കിണറുകളിലേയും ജലനിരപ്പ് ഉയർത്താൻ കഴിയും. അതിനുവേണ്ട നടപടികൾ തുടങ്ങുക.

## ശുചിത്വം

പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 6267. ടെറസ്സുവീടുകൾ 940 ഉം, ഓട് മേഞ്ഞ വീടുകൾ 4073 ഉം, ഓല മേഞ്ഞ വീടുകൾ 1254. മൊത്തം വീടുകളിൽ 35% വീടുകളിലും കക്കൂസ് സൗകര്യമില്ല. ഓലമേഞ്ഞ വീടുകളിൽ 1254 വീടുകൾക്കും കക്കൂസ് ഇല്ല. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് സ്വന്തമായി കക്കൂസ് പണിയുവാൻ സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്.

### *പ്രശ്നങ്ങൾ മാലിന്യങ്ങൾ*

1. പൊതു ശുചീകരണ സംവിധാനങ്ങൾ പഞ്ചായത്തിൽ ഇല്ല.
2. കാര്യക്ഷമത ഇല്ല.
3. വ്യവസായ മലിനീകരണം, 1, 9, 10 വാർഡുകളിൽ കരിങ്കൽ ക്രഷറിൽ നിന്നുള്ളത്.
4. പൊതുചന്തയിൽ നിന്നും, ഹോട്ടലുകളിലെ മലിന ജലത്തിൽ നിന്നും കൊതുക്, ഈച്ച എന്നിവയുടെ ഉപദ്രവം ഉണ്ട്.
5. ഐക്യനഗറിൽ (വാർഡ് ഒന്ന്) മലിനമായ വിസർജനം നടക്കുന്നു. ഇത് പൊതുജനാരോഗ്യത്തെ ബാധിക്കുന്നു.
6. ചുങ്കം പ്രദേശത്തും മലിനജലം കെട്ടികിടക്കുന്ന പ്രദേശമാണ്.

7. മൂന്നാം വാർഡിലുള്ള പൊതു കക്കൂസ് ഉപയോഗശൂന്യമായി കിടക്കുന്നു.
8. വാർഡ് ഏഴിൽ 25% വീടുകളിൽ കക്കൂസ് ഇല്ലെ.

## പരിഹാരനിർദ്ദേശങ്ങൾ

1. വേലൂർ പഞ്ചായത്തിലെ ജനസമ്പർക്കമുള്ള പ്രദേശങ്ങളായ വേലൂർ സെന്റർ, വേലൂർ ചുങ്കം എന്നീ സ്ഥലങ്ങളിൽ പൊതുകക്കൂസ് നിർമിക്കുക, മൂന്നാം വാർഡിൽ നിലവിലുള്ള പൊതുകക്കൂസ് പുതുക്കിപണിയുക.
2. പഴയതുപോലെ സ്വീപ്പർ പോസ്റ്റ് ഉണ്ടാക്കണം. എല്ലാ വാർഡുകളിലും സ്വീപ്പർമാരെ നിയമിക്കണം.
3. കിരാലൂർ ഐക്യനഗർ കോളനിയിൽ പൊതുകക്കൂസ് നിർമ്മിക്കുക.
4. 35% വീടുകളിലും കക്കൂസ് ഇല്ലാത്തവക്ക് കക്കൂസ് നിർമിക്കുവാൻ ധനസഹായം കൊടുക്കുക.
5. പൊതു അറവുശാലകളിലെ ശുചീകരണ നടപടികൾ നിർബന്ധമായി നടപ്പിലാക്കുക.
6. അറവുശാലകളിൽ മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക. അതിന് വെറ്റി: ഡോക്ടർതന്നെ സർട്ടിഫൈ ചെയ്യുക.
7. റോഡിലേക്ക് ഹോട്ടലുകളിലും വീടുകളിൽ നിന്നും വരുന്ന മലിനജലം നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുക.
8. എല്ലാ അംഗൻവാടികൾ മുഖേന വീട്ടമ്മമാർക്ക് ബോധവത്ക്കരണ ക്ളാസുകൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കണം. മഴക്കാലത്തുണ്ടാകുന്ന സാംക്രമിക രോഗങ്ങളുടെ വിവരങ്ങൾ സമയാ സമയങ്ങളിൽ ബോധവൽകരണ ക്ളാസുകൾ നടത്തി ജനങ്ങളിൽ എത്തിക്കണം.
9. കരിങ്കൽ ക്വാറികളിൽ പരിതസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കുക.

# 5. വ്യവസായം

## പശ്ചാത്തലം

ഭരണപരമായും വാണിജ്യപരമായും പ്രാധാന്യമുള്ള പട്ടണങ്ങളിൽ നിന്നും (തൃശ്ശൂർ, വടക്കാഞ്ചേരി, കുന്നംകുളം) ഇവയെ ബന്ധിപ്പിക്കുന്ന റോഡുകളിൽ നിന്നും വളരെ അകലെ കിടക്കുന്ന ഒരു പ്രദേശമാണ് വേലൂർ പഞ്ചായത്ത്. ഇതിനാൽ ഇവിടെ റോഡ് ഗതാഗതം വളരെ പരിമിതമായിരുന്നു. 40 കളുടെ ആദ്യമാണ് ഇവിടെ ഒരു ബസ്സ് സർവ്വീസ് ആരംഭിച്ചത്. പഞ്ചായത്തിലൂടെ ബസ്സുഗതാഗതമുള്ള റോഡിന്റെ ദൈർഘ്യം ഈ അടുത്ത കാലം വരെ നാലോ അഞ്ചോ കിലോമീറ്റർ മാത്രമായിരുന്നു. ഇതുപോലെ തന്നെ തീവണ്ടിപാതയിൽ നിന്നും ഗതാഗത സൗകര്യമുള്ള ജലപാതകളിൽ നിന്നും വളരെ ദൂരെയാണ് വേലൂർ പഞ്ചായത്ത്. വൈദ്യുതിയും ടെലിഫോണും ഈ പ്രദേശത്ത് എത്തിയതും വളരെ വൈകിയാണ്. വ്യവസായ വൽക്കരണത്തിനാവശ്യമായ മേല്പറഞ്ഞ ഘടകങ്ങളുടെ അഭാവത്താൽ ഉവിടെ പരമ്പരാഗതമായ ചില കൈത്തൊഴിലുകളൊഴികെ (ആശാരി, കരുവാൻ, തട്ടാൻ etc) പറയത്തക്ക മറ്റൊരു വ്യവസായവും ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്ന അടക്ക വെട്ടൽ പലവിധ കാരണങ്ങളാലും ക്രമേണ അപ്രത്യക്ഷമായി. ഇതിന്റെയെല്ലാം ഫലമായി തൊഴിലില്ലായ്മ വലിയൊരു പ്രശ്നമാണ്.

ഈ തൊഴിലില്ലായ്മ പ്രശ്നത്തിന് 8 പഞ്ചവത്സര പദ്ധതികളിലെ വ്യവസായ വൽക്കരണത്തിലൂടെ നേരിട്ട് യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. സ്വകാര്യ വ്യക്തികളുടേയും ചുരുക്കം സഹകരണ സ്ഥാപനങ്ങളുടേയും പരിശ്രമം കൊണ്ട് ഈ അടുത്ത കാലത്തായി ചില സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. (ഇവയൊന്നും തന്നെ ചെറുകിട ഉടത്തര വൻകിട വ്യവസായങ്ങളിൽപ്പെടുന്നില) ഇതിന്റെ ഫലമായി കുറേപേർക്ക് തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്. കരിങ്കൽ, ബീഡി, റബ്ബർ, ഖാദി, കളിമണ്ണ്, കൊപ്ര, വൈരക്കൽ തുടങ്ങി ഇരുപതോളം തുറകളിലായി ഏതാണ്ട് 1924 പേർ വ്യവസായ രംഗത്ത് തൊഴിലാളികളായിട്ടുണ്ട്.

(ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി പട്ടികയിൽ കൊടുത്തിട്ടുണ്ട്)

## സാദ്ധ്യതകൾ

1991 ലെ സ്ഥിതി വിവരക്കണക്കമുസരിച്ച് 22145 ജനസംഖ്യയുള്ള പഞ്ചായത്തിൽ 1924 പേരെ ഭാഗികമായോ മുഴുവനായോ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നുള്ളൂ എന്നത് ഈ പ്രദേശത്തിന്റെ വികസനത്തിന്റെ അഭാവത്തിനുള്ള സാദ്ധ്യതയേയും ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ അദ്ധ്വാനം കൊണ്ടും സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തിയും ഉല്പന്നങ്ങളാക്കി (Value Added Products) മാറ്റാവുന്ന പല പ്രകൃതി വിഭവങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. (ഉദാ : കരിങ്കല്ല്, വെട്ടുകല്ല്, മണൽ, കളിമണ്ണ്, വെള്ളം) ഇതേപോലെ ഉൽപ്പന്നങ്ങളാക്കി മാറ്റാവുന്നവയാണ് നമ്മുടെ പല കാർഷികവിദ്യകളും (ഉദാ: അടക്ക, തേങ്ങ, മാങ്ങ, ചക്ക, കയ, മരം, റബ്ബർ, കശുവണ്ടി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ) മേല്പറഞ്ഞ വിഭവങ്ങളെ സംസ്കരിച്ച് ഉണ്ടാക്കാവുന്ന ഉല്പന്നങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| വിഭവം | ഉല്പന്നം |
|---|---|
| 1. കരിങ്കല്ല് | മെറ്റൽ, ഹോളോബ്രിക്സ്, കൊത്തുപണി |
| 2. അടക്ക | പാക്ക്, അടക്കത്തോടുകൊണ്ടുണ്ടാക്കാവുന്ന കരകൗശല വസ്തുക്കൾ |

| വിഭവം | ഉല്പന്നം |
|---|---|
| 3. ചക്ക, മാങ്ങ, കായ, തേങ്ങ | കേക്ക്, ജ്യൂസ് (juice) അച്ചാർ, വറവ്, ചകിരികൊണ്ട് ബ്രഷ്, ചിരട്ടക്കരി, കരകൗശല വസ്തുക്കൾ, കൊപ്ര, വെളിച്ചെണ്ണ. |

4. മുള — വീട്ടാവശ്യത്തിനുള്ള കൊട്ട, പനമ്പ്, കൂടാതെ വ്യവസായ ആവശ്യങ്ങൾക്കുള്ള കൊട്ടകളും

5. റബ്ബർ — റബ്ബർ ബാന്റ്, ബുഷുകൾ, ഇലാസ്റ്റിക് നൂൽ, ഗ്ലൗസ് (gloves)

6. ഇഞ്ചി, കുരുമുളക്, മഞ്ഞൾ, പച്ചമരുന്ന് — മരുന്നുകൾ

• ആവശ്യമുള്ള സാങ്കേതികപരിജ്ഞാനമുള്ള വ്യക്തികൾ ഉള്ളതിനാൽ, ഇവിടെയില്ലാത്തവയാണെങ്കിൽ പോലും പുറമെനിന്ന് അസംസ്കൃത വസ്തുക്കൾ കൊണ്ടുവന്ന് നമുക്ക് ഉല്പന്നങ്ങളാക്കി മാറ്റാവുന്നതാണ്. ഉദാഃ മെഴുകുതിരി, തീപ്പെട്ടി, കുറ്റി, കൊളുത്ത്, ക്ലാമ്പ്, ആണി, ഇലക്ട്രോണിക് അസംബ്ലിംങ്ങ്, ഷീറ്റ് മെറ്റൽ പണി (കാബിനറ്റ്, അലമാര, മേശ) ഓട്ടോമൊബൈൽ വർക്കഷോപ്പ് പേപ്പർ വ്യവസായം. മേല്പറഞ്ഞ രണ്ടു തുറകളിലും കൂടെ നിരവധി പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകും.
മേൽ വിവരിച്ച വ്യവസായ സംരംഭങ്ങൾക്ക് ജന്മം കൊടുക്കുവാനും കാര്യക്ഷമതയോടെ നടത്തികൊണ്ടുപോകുവാനും താഴെ വിവരിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.

1. റോഡ്, ടെലിഫോൺ വികസനം.
2. സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവരുടെ ഒരു രജിസ്റ്റർ തയ്യാറാക്കണം (ഇവർക്ക് ഏത് വ്യവസായത്തിലാണ് താൽപര്യം എന്ന് സൂചിപ്പിച്ചിരിക്കണം)
3. വിദഗ്ധതൊഴിലാളികളുടെ (Skilled labour) ഒരു രജിസ്റ്റർ ഉണ്ടാക്കണം
4. ഒന്നോ അതിലധികമോ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ അടങ്ങിയ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.
5. സംരംഭകർക്ക് വേണ്ട പ്രാധമിക ആവശ്യങ്ങൾ (ലൈസൻസ്, മൂലധനം, യന്ത്രസാമഗ്രഹികൾ)ലഭ്യമാക്കാൻ സഹായിക്കാൻ ഒരു സെൽ (Cell) ഉണ്ടാക്കണം
6. വ്യവസായത്തിനാവശ്യമായ അസംസ്കൃത വിഭവങ്ങൾ ശേഖരിക്കാനും അത് ഉല്പാദകർക്ക് വിതരണം ചെയ്യാനും അതുപോലെ ഉല്പന്നങ്ങൾ ശേഖരിച്ച് വിവണണം ചെയ്യാനും ഒരു യൂണിറ്റ് (കോ - ഓപ്പ്റേറ്റീവ് സൊസൈറ്റി ആകാം) ഉണ്ടാക്കണം.
7. വ്യവസായത്തിനാവശ്യമായ വിദഗ്ധ പരിശീലനം സംരംഭകർക്ക് കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കണം.
8. വീടുകളിൽ ഇരുന്ന് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ (ഉദാഃ ജാം, അച്ചാർ etc) ഗുണത്തിലും അളവിലും നല്ല നിലവാരമുള്ളവയാണെന്ന് ഉറപ്പ് വരുത്തണം. ഒരേ ഐറ്റത്തിന് പൊതുവായ ബ്രാന്റ് പേരും, ലേബൽ, ബോട്ടിലിംങ്ങ്, പാക്കിങ്ങ് എന്നിവയിൽ ഏകീകരണവും ഉണ്ടായിരിക്കണം.
9. ഇവിടെ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും വില്ക്കുവാനും പ്രദർശനം, ചന്ത, എന്നീ സൗകര്യങ്ങൾ ഉണ്ടാക്കണം. ഉല്പന്നങ്ങളുടെ പരസ്യത്തിന് വേണ്ടി മറ്റു സൗകര്യങ്ങളും ഉണ്ടാക്കണം.
10. വ്യവസായ സംരംഭങ്ങൾ കൊണ്ട് പരിസര മലിനീകരണം ഉണ്ടാക്കില്ലെന്ന് ഉറപ്പ് വരുത്തണം.

• അനുബന്ധം

## നടന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങൾ

| വ്യവസായങ്ങൾ | നടക്കുന്ന സ്ഥലം വാർഡ് | അസംസ്കൃത പദാർത്ഥം അവയുടെ ഉറവിടം | തൊഴിലാളികളുടെ വിവരം | | | | | വിപണി | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | SC/ST % | റിമാർക്സ് | | | |
| കരിങ്കൽ | 3 | പ്രാദേശികം | 55 | 20 | 75 | | ക്വാറി | വേലൂർ പഞ്ചായത്തും പരിസര പ്രദേശങ്ങളും | പരിസര മലിനീകരണം | പൊടി പറന്നുപൊന്താതിരിക്കാൻ ഉള്ള നടപടി വേണം |
| | 8 | | 40 | 10 | 50 | | ക്വാറി | | | |
| | 9 | | 15 | 10 | 25 | | ക്വാറി | | | |
| | 1 | | 80 | 20 | 100 | | ക്രഷർ മുഖ്യമായും തമിഴ് തൊഴിലാളികൾ ക്രഷർ | | | |
| | | | 18 | 7 | 25 | | ക്വാറി | | | |
| | 10 | | 125 | 25 | 150 | | | | | |
| | ആകെ | | 336 | 94 | 430 | | | | | |
| വെട്ടു കല്ല് | 8 | പ്രാദേശികം | 5 | | 5 | | പ്രാദേശികം തൊഴിലാളികൾ | പ്രാദേശികം | | ഷെഡുകൾ തീർത്ത് |
| കളിമണ്ണ് ഇഷ്ടിക | 7 (മൺപാത്രം) | | 25 | | 25 | | | പഞ്ചായത്തും | | ചുത്വർഷകാലത്ത് ഇടാനുള്ള |
| | 10 | | | | | | അധികവും തമിഴർ | പരിസര പ്രദേശങ്ങളും | കാലികം | സൗകര്യം ഉണ്ടാക്കണം |

അനുബന്ധം

| വ്യവസായങ്ങൾ | നടക്കുന്ന സ്ഥലം വാർഡ് | അസംസ്കൃത പദാർത്ഥം അവയുടെ ഉറവിടം | തൊഴിലാളികളുടെ വിവരം | | | | | വിപണി | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | SC/ST % | റിമാർക്സ് | | | |
| വൈരക്കൽ | 1 9<br>4 7<br>5 6 | ഇറക്കുമതി<br>,,<br>,, | | 35<br>10<br>15<br>10<br>12<br>82 | 50<br>20<br>25<br>20<br>22<br>137 | 50<br>15<br>10<br>10<br>10<br>10<br>55 | | പുറത്ത് | വൈരക്കൽ ലഭ്യത ഇടക്ക് നില്ക്കുന്നതിനാൽ ഇടക്കാലം തൊഴിലില്ലാ താവുന്നു | വൈരക്കല്ലിന്റെ ഇറക്കുമതിക്കും പണിതകല്ലിന്റെ വിപണനത്തിനും ഗവൺമെന്റ് സംവിധാനം |
| സ്വർണ്ണപണി | 1<br>4<br>5<br>7<br>8 | സമീപത്തുള്ള പട്ടണങ്ങളിൽ നിന്നും ലഭിക്കുന്നു | | | 5<br>3<br>4<br>16<br>1 | 5<br>3<br>4<br>4<br>1 | | സമീപത്തുള്ള പട്ടണങ്ങൾ | | |
| റൈസ്മിൽ | 1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10 | പ്രാദേശികം<br>,,<br>,,<br>,,<br>,,<br>,,<br>,,<br>,,<br>,,<br>,,<br>ആകെ | | 3<br>-<br>-<br>-<br>1<br>-<br>-<br>-<br>4 | 2<br>10<br>1+2<br>2<br>3<br>2<br>3<br>5<br>1<br>32 | 2<br>7<br>1<br>2<br>2<br>2<br>3<br>5<br>21 | | പ്രാദേശികം<br>,,<br>,,<br>,,<br>,,<br>,,<br>,,<br>,, | വൈദ്യുതി ലഭ്യത കുറവായതിനാൽ ഉല്പാദനത്തിൽ പ്രകടകുറവ് കാലികമായി അനുഭവപ്പെടുന്നുണ്ട് | വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുക |
| പപ്പടം | 4<br>6 | പ്രാദേശികം | | - | 2<br>30 | 1<br>30 | | പ്രാദേശികം | | |

അനുബന്ധം

| വ്യവസായങ്ങൾ | നടക്കുന്ന സ്ഥലം വാർഡ് | അസംസ്കൃത പദാർത്ഥം അവയുടെ ഉറവിടം | തൊഴിലാളികളുടെ വിവരം | | | | | വിപണി | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | SC/ST % | റിമാർക്സ് | | | |
| കൊപ്ര | 1<br>4<br>3<br>6<br>7 | പ്രാദേശികം<br>”<br>”<br>”<br>ആകെ | -<br>1<br>2<br>1<br>2<br>4 | -<br>-<br>-<br>-<br>-<br>0<br>- | 1<br>2<br>1<br>2<br>4 | | | പ്രാദേശികം<br>”<br>” | പ്രവർത്തനമില്ല | സാമ്പത്തിക പ്രശ്നം |
| ബേക്കറി | 5<br>6<br>7<br>9 | ”<br>”<br>”<br>ആകെ | 3<br>4<br>5<br>3<br>15 | -<br>-<br>-<br>0 | 3<br>5<br>5<br>3<br>26 | | | ”<br>”<br>”<br>”<br>” | | |
| ഖാദി | 3<br>7 | 5<br>-<br>ആകെ | 20<br>40<br>60 | 25<br>40<br>65 | | | | | പ്രവർത്തിക്കുന്നില്ല | |

അനുബന്ധം

| വ്യവസായങ്ങൾ | നടക്കുന്ന സ്ഥലം വാർഡ് | അസംസ്കൃത പദാർത്ഥം അവയുടെ ഉറവിടം | തൊഴിലാളികളുടെ വിവരം | | | | | വിപണി | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | SC/ST % | റിമാർക്സ് | | വളരെ സാദ്ധ്യതയുള്ള രംഗം. കേന്ദ്രികരിച്ച് RM സംഭരണവും വ്യക്തികൾക്ക് വുതരണവും ഉല്പന്നങ്ങൾ വ്യക്തികളിൽ നിന്ന് ശേഖരിച്ച് വിപണനവും നടത്തണം | |
| തുന്നൽ പണി | 5 | തുണി നൂൽ | Market | 18 | 18 | | സ്ത്രീ സംരംഭം | | പ്രവർത്തനമില്ല | സാമ്പത്തിക പ്രശ്നം |
| | 1-10 വാർഡുകൾ | | 20<br>Con-<br>sumer<br>ആകെ | 20<br>38 | 40<br>20<br>58 | | വ്യക്തി ഗതം | | | |
| ബീഡി വ്യവസായം | 1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10 | ദിനേശ്, കാജ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചുവരുന്നു | 5 | 40<br>40<br>25<br>50<br>50<br>50<br>45<br>100<br>50 | 20<br>40<br>40<br>25<br>50<br>50<br>50<br>50<br>100<br>50 | | | ദിനേശ്, കാജ എന്നീ സ്ഥാപനങ്ങളും മറ്റു ചെറുകിട സ്വകാര്യ ഏജൻസികൾക്കും കൊടുക്കുന്നു | 50% ത്തിലധകം പേർ സ്വകാര്യ സ്ഥാപനങ്ങളുടെ പരിധിയിലാണ്. അവർക്ക് അർഹമായ വേതനമോ,മറ്റു വ്യവസ്ഥകളോ ഇല്ല | ഒരു ബീഡി നിർമ്മാണ സഹകരണ സംഘം ആരംഭിക്കണം |
| | | ആകെ | | 470 | 495 | | | | | |
| എലാസ്റ്റിക് | 4 | | - | 30 | | | അടച്ചു കിടക്കുന്നു ശമ്പളം കൊടുത്തു വരുന്നു | | | |
| | | ആകെ | - | 30 | | | | | | |

**അനുബന്ധം**

| വ്യവസായങ്ങൾ | നടക്കുന്ന സ്ഥലം വാർഡ് | അസംസ്കൃത പദാർത്ഥം അവയുടെ ഉറവിടം | തൊഴിലാളികളുടെ വിവരം | | | | | വിപണി | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | SC/ST % | റിമാർക്സ് | | | |
| | | | 80 | 20 | 100 | | | | | |
| റബ്ബറധിഷ്ഠിതം | 1 | മാർക്കറ്റ് | 7 | 3 | 10 | | ടയർ | | | |
| | 1 | ,, | 7 | 3 | 10 | | റീസോ | | | |
| | 1 | ,, | 5 | 1 | 6 | | ളിങ്ങ് | | | |
| | 9 | ,, | 4 | 2 | 6 | | | അടുത്തുള്ള | | |
| | 10 | ആകെ | 103 | 29 | 132 | | ഷീറ്റ് | പട്ടണങ്ങൾ | | |
| | | | 6 | 3 | 9 | | | | | |
| | | മാർക്കറ്റ് | 2 | 8 | 10 | | | | | |
| പ്ലാസ്റ്റിക് | 1 | | 10 | 5 | 15 | | പി.വി.സി | | | |
| | 1 | | | | | | വനിത | പ്രാദേശികം | | |
| | 2 | | | | | | ൻഡസ്റ്റ്രി | | | |
| | | ആകെ | 18 | 16 | 34 | | എൽബോ | | | |
| ഗ്രീസ് | 3 | | 25 | 5 | 30 | | | | | |
| | | ആകെ | 25 | 5 | 30 | | | | | |

## "വ്യവസായം" അനുബന്ധം (പുതിയ വ്യവസായ സംരംഭങ്ങൾ)

| വ്യവസായത്തിന്റെ പേര് | ഉല്പന്നം | നിർദ്ദേശം ഉന്നയിച്ച വാർഡുകൾ (നമ്പർ) | റിമാർക്ക്സ് |
|---|---|---|---|
| കളിമൺ | മൺപാത്രങ്ങൾ, പൂച്ചട്ടികൾ, അലങ്കാരത്തിനുള്ള ഓടുകൾ | 4, 1, 7 | കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| കരിങ്കൽ | ഹോളോബ്രിക്സ്, മെറ്റൽ, കരിങ്കൽ പോളിഷിങ്ങ് | 10, 9, 3, 4, 8 | മലിനീകരണം കർശനമായി തടയണം ടെക്നോളജിയും ഫൈനാൻസും ലഭ്യമാക്കണം |
| കരിങ്കൽപൊടി | കമ്പിവേലിക്കുള്ള കാൽ | 10, 3, 8 | -do- |
| അടയ്ക്കാ-- അടയ്ക്കാപൊടി | പാക്ക്, അടയ്ക്കാത്തോട്ഉപയോഗിച്ച് കൗതുകവസ്തുക്കൾ, ചിരട്ടപൊടി | 1, 4, 5, 8 | ഇത് എല്ലാ വാർഡുകളിലും ഉണ്ടാക്കാവുന്നതാണ്. ഇതിനായി ഒരു വനിതാ കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാം |
| തേങ്ങ | കൊപ്ര, വെളിച്ചെണ്ണ, ചിരട്ടക്കരി, ബ്രഷ്, കരകൗശല വസ്തുക്കൾ | 1, 9, 4, 5, 6, 8 | ഇത് എല്ലാ വാർഡുകളിലും ഉണ്ടാക്കാവുന്നതാണ്. ഇതിനും ഒരു കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാം. |
| ചക്ക, മാങ്ങ, നേന്ത്രക്കായ | ജൂസ്, അച്ചാർ, വറവ്, മധുരപലഹാരങ്ങൾ | 5, 4, 6, 7, 9, 10 | എല്ലാ വാർഡുകളും യോജിച്ച് ഒരു വനിതാവ്യവസായം ആക്കാം. ഇതിനായി ഒരു സൊസൈറ്റി രൂപീകരിക്കാം |
| പച്ചമരുന്ന്, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, പച്ചമരുന്ന് കൃഷി വ്യാവസായികാടി സ്ഥാനത്തിൽ | ആയുർവ്വേദ മരുന്നുകൾ, പെയിന്റ്, ചായം | 1, 6, 5, 7, 8, 10 | |
| മുള | കൊട്ട, പനമ്പ് | 1, 4, 6, 7, 9, 10 | ഈറ്റ, തൊഴിലാളി സഹകരണ സംഘം സ്ഥാപിക്കണം |
| റബ്ബർ | റബ്ബർബാന്റ്, ബ്രഷുകൾ, ഇലാസ്റ്റിക്സ്, ഗ്ലൗസ്, ബലൂൺ, ഹവായ് ഷീറ്റ് | 1, 2, 3, 5, 10, 9 | ഇതിന് ഒരു കോഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കാം |
| മരം | ഫർണീച്ചർ | 4, 6, 8, 9 | നിയമ തടസ്സങ്ങൾ ഒഴിവാക്കുക |
| ഖാദി | തുണി സാധനങ്ങൾ | 1, 3, 4, 6. 7, 8, 10 | ഇത് ഒരു വനിതാ വ്യവസായം ആക്കാം. ഇതിനായി ഒരു കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാം |
| തുന്നൽ | റെഡിമെയ്ഡ് വസ്ത്രങ്ങൾ | 4, 5, 8, 9, 10 | 5-ാം വാർഡിൽ നിലവിലുള്ളത് വിപുലീകരിക്കണം. എല്ലാ വാർഡുകളും ചേർന്ന് ഒരു കോഓപ്പറേറ്റീവ് മാർക്കറ്റിങ്ങും സൊസൈറ്റി ഉണ്ടാക്കാം. |
| മെഴുക് | മെഴുകുതിരി | 2, 5, 8, 10 | നിയമ തടസ്സങ്ങൾ ഒഴിവാക്കണം |
| തീപ്പെട്ടി | തീപ്പെട്ടി | 2, 5, 7, 9, 10 | നിയമ വശം നീക്കണം |
| സോപ്പ് | സോപ്പ് | 4, 6, 8 | പ്രായോഗികമല്ല |
| പ്ലാസ്റ്റിക് | കളിപ്പാട്ടം, ബക്കറ്റ്, പി. വി. സി. വിഭാഗം | 2, 5, 6, 1, 7, 9 | ടെക്നോളജിയും റോമെറ്റേരിയൽസും ലഭ്യമാക്കണം |
| പേപ്പർ | കാർഡ് തുടങ്ങിയ, ഹാന്റ്മെയ്ഡ് ഉൽപ്പന്നങ്ങൾ | 1, 3, 4, 6 | ഖാദി ബോർഡിന്റെ കീഴിൽ ആരംഭിക്കണം |
| ബീഡി | ബീഡി | 1, 2, 3, 4, 5, 6, 7, 8, 9, 10 | വ്യവസ്ഥാപിതമല്ലാത്ത കമ്പനികളിലെ തൊഴിലാളികൾക്ക്വേണ്ടി ഒരു കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കണം |
| ഇരുമ്പ് അലുമിനിയം | കുറ്റി, കൊളുത്ത്, ക്ലാമ്പ്, ഓടാമ്പൽ, ടവ്വർബോൾട്ട് | 1, 5, 10 | |
| ഇലക്ട്രോണിക്സ് & ഷീറ്റ്മെറ്റൽ | വിവിധ ഇലക്ട്രോണിക്ക് ഉൽപ്പന്നങ്ങൾ | 5, 10 | വളരെ സാധ്യതയുള്ളതാണ് എല്ലാ വാർഡുകളും ചേർന്ന് ഒരു കോഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കാം. |

## അനുബന്ധം

| വ്യവസായങ്ങൾ | നടക്കുന്ന സ്ഥലം വാർഡ് | അസംസ്കൃത പദാർത്ഥം അവയുടെ ഉറവിടം | തൊഴിലാളികളുടെ വിവരം | | | | | വിപണി | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആകെ | SC/ST % | റിമാർക്സ് | | | |
| ആയുർവ്വേദം | 1<br>7<br>8<br>9<br>10<br>10 | മാർക്കറ്റ്<br>"<br>"<br>"<br>ആകെ | 4<br>1<br>2<br>4<br>2<br>12+1 | 2<br>2<br>4<br>6+2 | 6<br>2<br>10<br>8<br>2<br>28 | | മരുന്നുകൾ<br>മരുന്നുകൾ<br>സുഗന്ധ തൈലം<br>പൽപൊടി<br>പൽപൊടി | പ്രാദേശികം | ഇവിടെ ഉപയോഗിക്കുന്ന മരുന്നുകൾ ഉൽപ്പാദിപ്പിക്കുക | പുതിയ സംരംഭങ്ങൾ ആരംഭിക്കണം. |
| മരപ്പണി | 3<br>4<br>5<br>6<br>7<br>8<br>9<br>10 | മാർക്കറ്റ്<br>ആകെ | 25<br>41<br>10<br>4<br>5<br>5<br>1<br>14<br>105 | | 25<br>41<br>10<br>4<br>5<br>5<br>1<br>14<br>105 | | മിൽ<br>മിൽ<br>കടച്ചിൽ | | | |
| സ്റ്റീൽ ഫർണീച്ചർ ഉണ്ടാക്കൽ | 4<br>10<br>1<br>4 | | 6<br>3<br>5<br>11 | | 6<br>3<br>5<br>14 | | | | | |
| ക്യാബിനറ്റ് ഉണ്ടാക്കൽ | 9 | മാർക്കറ്റ്<br>ആകെ | 2<br>2 | | 2<br>2 | | | | | |

# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

വേലൂർ പഞ്ചായത്തിൽ കൂടെ കടന്നുപോകുന്ന കേച്ചേരി വടക്കഞ്ചേരി റോഡ് ഏകദേശം 80 കൊല്ലം പഴക്കം ഉള്ളതും കരിവണ്ടി ഓടിച്ചിരുന്ന കാലം മുതൽ ബസ്സർവ്വീസ് നടന്നിരുന്നതുമാണ്. 1950 കളിലാണ് വൈദ്യുതി ആദ്യമായി വേലൂർ പ്രദേശത്ത് വരുന്നത്. ആദ്യമായി വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുള്ളത് വിശുദ്ധ ദേവാലയമായ വേലൂർ പള്ളിയിലാണെന്ന് അറിയുന്നു. 1960 കളിലാണ് വേലൂർ പഞ്ചായത്തിൽ ടെലിഫോൺ ആദ്യമായി വരുന്നത്. ഗതാഗതം, ഊർജ്ജം, വാർത്താവിനിമയം ഈ തുറകളിൽ ആദ്യകാലങ്ങളിൽ തന്നെ തുടക്കം കുറിച്ചെങ്കിലും ഈ മേഖലയിലുള്ളവ പടിപടിയായുള്ള വളർച്ച മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് പിന്നോക്കം തന്നെയാണ്.

ഏതൊരു പ്രദേശത്തിന്റെയും സമഗ്ര വികസനത്തിന് അത്യാവശ്യ ഘടകങ്ങളാണല്ലോ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം ഇതിൽ പ്രധാനമായത് ആസൂത്രിതമായ റോഡുകളുടെ ശൃംഖലയും വൈദ്യുതിയുടെ ലഭ്യതയും, മറ്റു ഊർജ്ജ സ്രോതസ്സുകളും, വാർത്താവിനിമയ സൗകര്യങ്ങളുമാണല്ലൊ.

സ്ഥിതി വിവരകണക്കുകളനുസരിച്ച് ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 29 ച. കി. മീറ്റർ ആണെങ്കിലും സഞ്ചാരയോഗ്യമായ റോഡ് താഴെ പറയുംപ്രകാരം മാത്രമാണ്.

| | | |
|---|---|---|
| ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ | - | 24.6 കി. മീ |
| ടാർ ചെയ്ത P.W.D. റോഡുകൾ | - | 10.5 കി.മി |
| ടാർ ചെയ്യാത്ത 8 മീറ്റർ വീതിയുള്ള റോഡുകൾ | - | 25.4 കി. മി. |
| 4 M മുതൽ 8M വരെ വീതിയുള്ള അർദ്ധവികസിത റോഡുകൾ | - | 20.0 കി.മി |
| 4 മീറ്ററിനു താഴെയുള്ള അവികസിത ഇടവഴികൾ | - | 154.0 കി.മ.തി. |

മേലുദ്ധരിച്ച കണക്കുകൾ വെച്ചു നോക്കുമ്പോൾ റോഡുകളുടെ ശൃംഖലാ വികസനത്തിൽ ഈ പ്രദേശം വളരെ പിന്നിലാണെന്ന് കാണാം. പ്രത്യേകിച്ചും നാലു മീറ്ററിനു താഴെയുള്ള റോഡുകളെല്ലാം തന്നെ കുണ്ടും കുഴിയും നിറഞ്ഞതും വളവ് തിരിവുകൾ ഉള്ളതും നിമ്നോന്നതങ്ങളും ആണ്.

റെയിൽ, ജലഗതാഗതത്തിന്റെ കാര്യത്തിൽ പഞ്ചായത്തിൽ സാദ്ധ്യതയില്ലെന്നുള്ളതും എടുത്ത് പറയേണ്ടതാണ്. ഏറ്റവും അടുത്തുള്ള വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിലേക്ക് 12 കിലോമീറ്റർ മാത്രമേയുള്ളൂവെങ്കിലും റെയിൽ ലെവൽ ക്രോസ്സുള്ളതുകൊണ്ട് യാത്ര സുഗമമല്ല. നാഷൺൽ ഹൈവേയും ഡിസ്ട്രിക്ട് ഹൈവേയും ഈ പഞ്ചായത്തിൽ കൂടെ കടന്നുപോകുന്നില്ല.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ഏകദേശം 20 ക്വാറികൾ പ്രവർത്തിക്കുന്നതുകൊണ്ട് ലോറി ഗതാഗതം വളരെ കൂടുതലാണ്.

പ്രധാന റോഡുകളിലൂടെയുള്ള പ്രതിദിന വാഹന ഗതാഗതത്തിന്റെ ഒരു ഏകദേശ കണക്ക് താഴേ കൊടുക്കുന്നു.

അവലംബം - നേരിട്ട് നടത്തിയ ട്രാഫിക് സർവ്വേ

| S.No. | റോഡിന്റെ പേര് | പ്രതിദിനം ഓടുന്ന വാഹനങ്ങൾ | | | | ഉടമസ്ഥത |
|---|---|---|---|---|---|---|
| | | ബസുകൾ | ലോറികൾ | ഇടത്തരം വാഹനങ്ങൾ | ഓട്ടോ ഇരു ചക്രവാഹനങ്ങൾ | |
| 1 | കേച്ചേരി കുറാഞ്ചേരി | 30 | 120 | 140 | 160 | P.W.D |
| 2. | തലക്കോട്ടുകര-പാഴിയോട്ടുമുറി | 14 | 100 | 70 | 60 | P.W.D |
| 3. | തണ്ടിലം-പുലിയന്നൂർ-തയ്യൂർ റോഡ് | 18 | 20 | 25 | 40 | പഞ്ചായത്ത് |

| | | | | | | |
|---|---|---|---|---|---|---|
| 4. | പുലിയന്നൂർ-തയ്യൂർ | 20 | 80 | 24 | 40 | പഞ്ചായത്ത് |
| 5. | വേലൂർ മുണ്ടൂർ-റോഡ് | 4 | 30 | 20 | 30 | പഞ്ചായത്ത് |
| 6. | വേലൂർ-വെള്ളാറ്റഞ്ഞൂർ | | | | | |
| | റോഡ് | - | 30 | 25 | 30 | പഞ്ചായത്ത് |

മുകളിൽകൊടുത്ത കണക്കുകൾ വെച്ച് നോക്കുമ്പോൾ വാഹനങ്ങളുടെ ഗതാഗത നിരക്ക് വളരെ കൂടുതലാണെന്ന് കാണാം.

- ഈ സ്ഥലങ്ങളിൽ ആകെ കൂടി 5 ബസ്സ്റ്റോപ്പുകളിൽ മാത്രമാണ് വെയിറ്റിംഗ് ഷെഡുകൾ ഉള്ളത്. ഓട്ടോസ്റ്റാന്റ്, ബസ്സ്റ്റാന്റ്, ടാക്സി സ്റ്റാന്റ്, ഇവ ഒന്നും തന്നെയില്ല. വാഹനങ്ങൾ റോഡ്സൈഡിൽ തന്നെയാണ് പാർക്ക് ചെയ്യുന്നത്.

ഇന്ന് നിലവിലുള്ള എല്ലാ വിദ്യഭ്യാസ സ്ഥാപനങ്ങളും ആശുപത്രിയും സർക്കാർ സ്ഥാപനങ്ങളും റോഡുകളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട് പുതുതായി വരുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വികേന്ദ്രീകരിക്കേണ്ടത് ആസൂത്രിത വികസനത്തിന്റെ കേന്ദ്രബിന്ദുവാണെങ്കിലും റോഡ് ഉള്ളടെത്തേക്ക് സ്ഥാപനങ്ങൾ കൊണ്ടുപോകുക എന്ന പ്രവണത കണ്ടുവന്നിട്ടുണ്ട്, മറിച്ച് സ്ഥാപനങ്ങൾ വികേന്ദ്രീകൃതമായി ആസൂത്രണം ചെയ്യപ്പെടുകയും അവിടേക്ക് റോഡുകൾ ഉണ്ടാക്കുകയും വേണം. അങ്ങിനെ എല്ലാ പ്രദേശങ്ങളും തുല്യമായി ശ്രദ്ധിക്കപ്പെടേണ്ടുതുണ്ട്.

ഭാവിയിൽ എല്ലാ റോഡുകളിൽകൂടെയും ട്രെയ്ലറുകളും, വൻകിടവാഹനങ്ങളും നീങ്ങുന്ന ഒരവസ്ഥ വന്നുചേരുമെന്നുള്ളതുകൊണ്ട് ഇപ്പോഴുള്ളതും ഭാവിയിൽ വിഭാവനം ചെയ്യുന്ന റോഡുകളും അതിനനുസൃതമായി വികസിപ്പിക്കേണ്ടതുണ്ടെന്ന് നാം മുൻകൂട്ടി കാണേണ്ടിയിരിക്കുന്നു.

റോഡ് ശൃംഖല വികസനത്തിൽ താഴേ വിവരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് നാം ഇന്ന് അഭിമുഖികരിക്കുന്നത്.

1. PWD യും പഞ്ചായത്തും കൈകാര്യം ചെയ്യുന്ന ടാർ റോഡുകളുടെ അവസ്ഥ ശോചനീയമാണ്.
2. വാർഷിക അറ്റകുറ്റപണികൾ തക്ക സമയത്ത് നടക്കുന്നില്ല.
3. കാനകളും പാർശ്വങ്ങളും ആവശ്യാനുസരണം ശ്രദ്ധിക്കപ്പെടുന്നില്ല.
4. റോഡിൽ മിക്ക സ്ഥലങ്ങളിലും മരങ്ങളും വൈദ്യുതി ടെലിഫോൺ പോസ്റ്റുകളും റോഡിന്റെ ടാറിങ്ങിനോട് ചേർന്ന് നില്ക്കുന്നതുകൊണ്ട് ഗതാഗതം ദുർഘടവും പാർശ്വങ്ങളിലേക്കുള്ള റോഡിന്റെ വികസനം അസാദ്ധ്യവും യാത്ര അപകടകരവുമാകുന്നു.
5. വർദ്ധിച്ചു വരുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് റോഡുകളുടെ വീതി കൂടുന്നില്ല.
6. പുതുതായി ഉയർന്നുവരുന്ന സെന്ററുകളിൽ ഓട്ടോറിക്ഷ, ടാക്സി, ബസ്സ് മുതലാവയ്ക്ക് പാർക്കിംഗ് സൗകര്യങ്ങളില്ല.
7. താഴ്ന്ന പ്രദേശങ്ങളിൽ പ്രധാന റോഡുകളിൽ നിന്നും ഒഴുകിപോകുന്ന വെള്ളം ചെറിയ ഇടവഴികളിലൂടെ കുത്തിയൊലിച്ച് പാടശേഖരങ്ങളിൽ ചെന്നുചേരുന്നു. ഉയർന്ന പ്രദേശങ്ങളിൽ ഇടവഴികളിൽനിന്ന് വെള്ളം കുത്തിയൊലിച്ച് പ്രധാന റോഡുകളിലും ചെന്നുചേരുന്നു. ഇതുമൂലം ഇടവഴികൾ തുണ്ടുകുഴിയുമായി കിടക്കുകയും മണ്ണൊലിപ്പ് അതിവേഗത്തിലാവുകയും ഇടവഴികളിൽകൂടിയുള്ള യാത്ര ദുർഘടവും ആകുന്നു. മഴകാലത്ത് പിഞ്ചുവിദ്യാർത്ഥികൾ ഒഴുക്കിൽപ്പെട്ടുപോകുന്ന സംഭവങ്ങൾ വരെയുണ്ടാകുന്നു.
8. പല സ്ഥലങ്ങളിലും ഇരുന്നൂറ് മീറ്റർ മുതൽ അഞ്ഞൂറ് മീറ്റർ വരെയുള്ള ദൂരം പാടശേഖരങ്ങളിൽക്കൂടെയോ മറ്റ് എളുപ്പമാർഗ്ഗങ്ങളിലൂടെയോ നടന്നുപോകാവുന്നത് റോഡ് മാർഗ്ഗം പോകുകയാണെങ്കിൽ 5 മുതൽ 6 കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ടി വരുന്നു. ഇത് ഒരു വൻ ദേശീയ നഷ്ടമായി കണക്കാക്കണം.

9. താരതമ്യേന നിമ്നോത പ്രദേശങ്ങളായ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ഇടവഴികളും മറ്റും കയറ്റിറക്കങ്ങൾ കൂടുന്നവയാണ്.
10. റോഡുകളുടെ നിർമ്മാണ സമയത്ത് സാങ്കേതികമായ ഗുണമേൻ ഉറപ്പ് വരുത്തി കാണുന്നില്ല.

## സാദ്ധ്യതകൾ പരിഹാര നിർദ്ദേശങ്ങൾ

1. PWD ഉൾപ്പെടെയുള്ള എല്ലാ റോഡുകളുടേയും അറ്റകുറ്റ പണികൾ പാർശ്വങ്ങളുടേയും കാനകളുടേയും ജന പങ്കാളിത്തത്തോടെ സമയ ബന്ധിതമായി നടപ്പാക്കുകയും വൃത്തിയുള്ളതും സുഗമവുമായ റോഡുകൾ പഞ്ചായത്തിന്റെ അഭിമാനമാക്കി മാറ്റുകയും വേണം.
2. പ്രയമേറിയതും, വികസനത്തിനുതടസം നില്ക്കുന്നതും ആയ മരങ്ങൾ ലേലം ചെയ്ത് മുറിച്ചു മാറ്റുകയും പഞ്ചായത്തു ഫണ്ടിലേക്ക് മുതൽകൂട്ടുകയും ചെയ്യണം. കാലം പുരോഗമിച്ചതോടുകൂടി റോഡിലൂടെയുള്ള കാൽ നടക്കാരുടെ എണ്ണം കുറയുകയും തണൽ വൃക്ഷങ്ങളുടെ ആവശ്യം കുറഞ്ഞു വരികയുമാണ്. ഇതിന്നുപുറമേ കേരളത്തെപ്പോലെ ഹരിതാഭമായ പ്രദേശത്ത് റോഡുകളിലെ ഇരുപാർശ്വങ്ങളിലും റോഡിന്റെ പരിധിക്ക് പുറത്ത് തന്നെ തണലേകുന്ന ധാരാളം വൃക്ഷങ്ങൾ ഉണ്ട്. അതുകൊണ്ട് റോഡുകൾ വൃക്ഷവിമുക്തമാക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതു കൊണ്ട് ടെലിഫോൺ പോസ്റ്റുകളും വൈദ്യുതി പോസ്റ്റുകളും അതിർത്തിയോടുചെർത്ത് പുനഃസ്ഥാപിക്കുന്നത് സാദ്ധ്യമാവുകയും ചെയ്യും. വീതികൂട്ടുന്നതിന് സാദ്ധ്യതയേറുകയും ചെയ്യുന്നു.
3. അത്യവശ്യമുള്ള സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകളും ഓട്ടോ, ടാക്സി സ്റ്റാന്റുകളും പണിയുക.
4. എല്ലാ ഇടവഴികളും യുദ്ധകാലാടിസ്ഥാനത്തിൽ 4 മീറ്ററായി വീതിക്കൂട്ടി മണ്ണൊലിപ്പ് തടയുന്നതിന് യഥാസ്ഥാനങ്ങളിൽ ഇടക്കെട്ടുകെട്ടി നിർമ്മാണ പ്രവർത്തനങ്ങൾ ശ്രമദാനം വഴി നടപ്പാക്കുക.
6. നിർമ്മാണ ഘട്ടത്തിൽത്തന്നെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനുള്ള സാക്ഭേതികമാന ദണ്ഡങ്ങൾ കർശ്ശനമായി പാലിക്കുക എസ്റ്റിമേറ്റ് സുതാര്യമാക്കുക ബെൽമൗത്ത്, വളവുകൾ എന്നിവയിൽ വീതിക്കുട്ടുക, സൂപ്പർ എലിവേഷൻ , ക്യാമ്പർ മുതലായവ സാങ്കേതി മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പ് വരുത്തുക.

ആധുനിക നിർമ്മാണോപകരണങ്ങളും സാങ്കേതികയോഗ്യതികയോഗ്യതയുള്ള മേൽനോട്ടക്കാരും ഉള്ള കരാറുകാരെ പ്രീ ക്വാളിഫിക്കേഷൻ നിശ്ചയിക്കാനുള്ള മാനദണ്ഡമായി കണക്കാക്കി അർഹതയുള്ള കാരാറുകാരെ മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ ഏല്പിക്കുക.

കമ്പ്രസർ, റോഡ്റോളർ, ടാർബോയ്ലർ ബിറ്റുമിൻ സ്പ്രെയർ, മിക്സർ എന്നിവ സ്വന്തമായുള്ളവരോ ആവശ്യനുസരണം സംഘടിക്കാൻ കഴിയുന്നലരേ ആയിരിക്കണം കാരാറുകാർ എന്ന് ഉറപ്പ് വരുത്തുക.

പഴഞ്ചൻ രീതിയിൽ ടാറിങ്ങ് പ്രവൃത്തികൾ ചെയ്യുകയും കരാറുകാരുടെ ഇഷ്ടപ്രകാരം നിർമ്മാണ പ്രവർത്തനം നടത്തിയശേഷം സാങ്കേതികോദ്യോഗസ്ഥൻമാർ ഓട്ടപ്രദക്ഷിണം നടത്തി അംഗീകാരം നടത്തുന്ന രീതി അവസാനിപ്പിക്കുക.

കർശ്ശന ഗുണമേൻമ ഉറപ്പു വരുത്തിയ റോഡുകൾ അധികകാലം കേടുകൂടാതെ നിലനില്ക്കുന്നതുകൊണ്ട് കാലാകാലങ്ങളിലുള്ള ആവർത്തന ചിലവുകൾ ഗണ്യമായി കുറക്കുകയും അത്രയും തുക പുതിയ നിർമ്മാണങ്ങൾക്ക് ഉപയുക്തമാക്കുകയും ചെയ്യാം.

റോഡുകൾ നിർമ്മിക്കുന്നതിനുള്ള മുൻഗണനാമാന ദണ്ഡങ്ങൾ താഴെ പറയും വിധം ക്രമീകരിക്കേണ്ടത് അഭികാമ്യമാണ്.

1. പഞ്ചായത്തിൽ 4 മീറ്ററിൽ താഴെ മാത്രം വീതിയുള്ള എല്ലാ ഇടവഴികളും 4 മീറ്ററാക്കി വീതികൂട്ടുക.
2. 8 മീറ്റർ വീതിയുള്ളതും മെറ്റലിങ്ങ് കഴിഞ്ഞതുമായ റോഡുകൾ മെറ്റലിളകി പോകുന്നതിനുമുമ്പ് തന്നെ ടാറ് ചെയ്ത് ആവർത്തന ചിലവ് ഒഴിവാക്കുക.

3. രണ്ടു പഞ്ചായത്തുകളെ യോജിപ്പിക്കുന്നതും നിർമ്മാണം തീർന്നാൽ ഉടനെ ബസുഗതാഗതം ഉറപ്പുള്ളതുമായ റോഡുകൾ.
4. ഏറ്റവും കുറഞ്ഞദൂരം റോഡ് നിർമ്മിച്ച് പ്രധാന റോഡുകളെ ബന്ധിപ്പിച്ച് യാത്രദൂരം ഗണ്യമായി കുറയ്ക്കാവുന്നതാണ്.
5. ഹരിജൻ കോളനിയുമായി ബന്ധിപ്പിച്ചിരിക്കുന്നവ
6. കാർഷിക വ്യവസായിക മേഖലകളുടെ ശീഘ്രമായ വികസനത്തിന് ഗണ്യമായ പ്രയോജനം നല്കുന്നവ
7. പഞ്ചായത്തിന്റെ ഭൂപടം പഠിച്ച് റോഡ് ശൃംഖല ശാസ്ത്രീയമായി അടയാളപ്പെടുത്തേണ്ടതുണ്ട്.
8. നിരത്തു നിർമ്മാണത്തിനാവശ്യമായ 4", 11/2" മുതലായ മെറ്റൽ ക്വാറികൾക്ക് സമീപം കേന്ദ്രീകൃതമായി ഉടച്ച് ആവശ്യാനുസരണം നിരത്തുകളിൽ ലോറികളിൽ ഇറക്കുക. റോഡിൽ അട്ടിയിട്ട് അളക്കുന്നതിന് പകരം ലോറികളിൽ അളവെടുത്ത് ലോഡുകളുടെ എണ്ണം അളവിന്റെ മാനദണ്ഡമാക്കുക. ഇതുമൂല് കാലതാമസം ഗതാഗത തടസ്സം അളവ്വെട്ടിപ്പ് ഇവ നിശ്ശേഷം ഒഴിവാക്കാവുന്നതാണ്.
9. നിരത്തു നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിച്ച മെറ്റൽ, ചെറുമെറ്റൽ മുതലായവ അളന്ന് ബില്ലുണ്ടാക്കുന്നതിന് പകരം പണിതീരുന്ന മുറയ്ക്ക് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന കനങ്ങൾ

ഉദാഃ 4" സോളിങ്ങ്, 3" മെറ്റലിങ്ങ്, 3/4 " ടാറിങ്ങ് ഉണ്ടോയെന്ന് പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തിയതിന്ശേഷം മാത്രം പെയ്മെന്റ് നടത്തുക.

10. റോഡുസൈനുകൾ ആവശ്യാനുസരണം സ്ഥാപിക്കുക.

പഞ്ചായത്ത് പ്രദേശത്ത് പരിഗണിക്കപെടേണ്ട റോഡുകളുടെ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

വാർഡ് I

1. കിരാലൂർ - താമരത്തിരുത്തി അമ്പലം വഴി റോഡ്
2. കിരാലൂർ - മനപ്പടി - മാടമ്പ് മന റോഡ്
3. കുറുമാൽ - കിരാലൂർ - അമ്പലനട മാടമ്പ് മന റോഡ്
4. കിരാലൂർ വായനശാല - പടിഞ്ഞാറ്റുമുറി റോഡ്
5. കിരാലൂർ കുരിശുപള്ളി - ഐക്യനഗർ - കാരോർ റോഡ്
6. കിരാലൂർ പള്ളി ആറംപുള്ളിറോഡ്
7. കിരാലൂർ - അമ്പലനട റോഡ്
8. കിരാലൂർ - കുണ്ടിലങ്ങാടി റോഡ്
9. കിരാലൂർ - പുല്ലം പറമ്പ് റോഡ്
10. കിരാലൂർ - അമ്പലനട - വേലൂർ കുരിശുപള്ളി റോഡ്
11. കിരാലൂർ കോണിപ്പടി കിരാലൂർ പാടം വഴി

വാർഡ് II

1. കുട്ടംകുളം റോഡ്
2. വേലൂർ തെക്കേകര റോഡ്
3. ഐമു റോഡ്
4. ലിസ്യുഭവൻ - നാണുപടി - കുറുമാൽ പള്ളി റോഡ്
5. മുകളിൽ പറഞ്ഞ റോഡുകളെ ബന്ധിപ്പിക്കുന്ന എല്ലാ ഇടവഴികളും

വാർഡ് III

1. പള്ളികുളം കാഞ്ഞിരാൽ തയ്യൂർ റോഡ് (ഹരിജൻ കോളനി റോഡ്)
2. ചിങ്ങപുരം റോഡ് മാങ്കുളം

3. കടവന റോഡ്
4. പള്ളി - അയ്യപ്പൻക്കുന്ന് റോഡ് പള്ളികുളം റോഡുമായി ബന്ധിപ്പിക്കുക
5. അയ്യപ്പൻകുന്ന് - ആശാരി കോളനി - ആലറോഡ്
6. ആല തയ്യൂർ റോഡ് പാടം വഴി ബന്ധിപ്പിക്കുക
7. ആല ആശുപത്രി റോഡ്
8. പഴയങ്ങാടി വടുക്കുമുറി റോഡുമായി ബന്ധിപ്പിക്കുക
9. പോസ്റ്റ് ഓഫീസ് വെള്ളാറ്റഞ്ഞൂർ റോഡ്
10. കുറാഞ്ചേരി കേച്ചേരി റോഡ് അറ്റകുറ്റപണികൾ

വാർഡ് IV

1. ശാന്തി നഗർ - കനാൽ ക്വാർട്ടേഴ്സ് റോഡ്
2. പുത്തനങ്ങാടി റോഡ്
3. കുറുമാൽ ആറമ്പുള്ളി അതിർത്തി റോഡ്
4. മമ്പറമ്പിൽ വാസുവീടുമുതൽ തെക്കോട്ട് മാക്കേത്ത് ഗോവിന്ദൻ കുട്ടി റോഡ് കൈപ്പറമ്പ് റോഡുമായി ബന്ധിപ്പിക്കുക.
5. കുറുമാൽ കൈപ്പറമ്പ് അതിർത്തി റോഡ്
6. കുറുമാൽ വായനശാല പുത്തനങ്ങാടി റോഡ്
7. പുത്തനങ്ങാടി തലക്കോട്ടുകര റോഡ്
8. ശാന്തി നഗർ പാറകുളം ആറംപുള്ളി അതിർത്തി റോഡ്
9. ലക്ഷം വീട് കോളനി ഷാപ്പ് റോഡ്
10. കുറുമാൽകാവ് കറവത്തൂർ ക്ഷേത്രം റോഡ്
11. കുറുമാൽ കാവ് അമ്പലം - കടവോട്ടി പാലം റോഡ്
12. ശ്രീനാരായണ നഴ്സറി പാടം റോഡ്
13. വായനശാല - ആറംപുള്ളി റോഡ്

വാർഡ് V

1. R. M. S. കോളനി റോഡ്
2. കുതിര പുരവഴി പൂക്കാട്ട് റോഡ്
3. കാർത്ത്യായനി അമ്പലം R.M.S. കോളനി റോഡ്
4. ബാലകൃഷ്ണൻ നായർ മൂല - പാത്രമംഗലം റോഡ്
5. അപ്പുണ്ണിപ്പടി പാടം വെള്ളാറ്റഞ്ഞൂർ കുരിശുപള്ളി റോഡ്
6. വടക്കുമുറി പഴയങ്ങാടി പള്ളി റോഡ്
7. വീരാൻപ്പടി - പൈനിപ്പാടം റോഡ്
8. മേച്ചേരിക്കാവ് - മാടാവ്മന റോഡ്
9. വടക്കുമുറി - കുണ്ടുകുളങ്ങര റോഡ്
10. അമ്പലവട്ടം റോഡ്

വാർഡ് VI

1. നിലവിലുള്ള എല്ലായിടവഴികള്ക്ക് 4 മീറ്ററാക്കി വീതികൂട്ടുക
2. തണ്ടിലം - കുരുവന്നൂർ - പുലിയന്നൂർ റോഡ്
3. തണ്ടിലം - ഞാലിക്കര - പ്രഭാത്നഗർ റോഡ്

4. തണ്ടിലം - പാറപ്പുറം - കരുവന്നൂർ റോഡ്
5. തണ്ടിലം - തിരുത്ത് - മണലി റോഡ്
6. തണ്ടിലം - ഇയ്യാൽ റോഡ് - പുഴയിൽ ചിറയോടുകൂടിയ പാലവും നിർമ്മിക്കുക
7. തണ്ടിലം - മണലി റോഡ് - അറ്റകുറ്റപണികൾ
8. അയ്യപ്പൻകാവ് മോഹൻദാസ് പീടിക റോഡ്
9. പാങ്കോട്ട് ഇടവഴി വീതികൂട്ടി പാടത്തേക്ക്
10. അയ്യപ്പൻകാവ് - കള്ളകടം റോഡ് - മണക്കാടത്ത് വീട്ടിലേക്കുള്ള വഴി ഉൾപ്പടെ
11. താഴിശ്ശേരി മൂല റോഡ്
12. ഡോക്ടർപ്പടി തെക്കേപ്പാടം റോഡ്
13. അമ്പല് - പടിഞ്ഞാറുമുറി ഇടവഴി - പാറപ്പൂറം
14. നാട്ടുക്കല്ല് - കറുവന്നൂർ പാടം
15. മിച്ചഭൂമി റോഡുകൾ
16. ചാർത്താവിൽ പറമ്പ് - വടക്കുമുറി റോഡുകൾ
17. അയ്യപ്പൻകാവ് - വടക്കുമുറി രവി റോഡ്
18. കറുവന്നൂർ ദേവരംമ്പലം റോഡ്
19. മനപ്പടി വഴി കണ്ണഞ്ചാട്ടിൽ കടവ്റോഡ്
20. ചോഴി അടു റോഡ്
21. പാത്തികല്ല് കണ്ണച്ചാട്ടിൽ പാറ റോഡ് - ഇരിങ്ങപ്പുറ് പടി വഴി
22. തരകൻ - കറുവന്നൂർ തണ്ടിലം - പാറപ്പുറം റോഡ്
23. കറുവന്നൂർ പള്ളി - പൊറിഞ്ചുകുട്ടി റോഡ്
24. ശങ്കരൻ മാസ്റ്റർ റോഡ്
25. ആശാരി ഗംഗ വീടുമുതൽ കിഴക്കോട്ടുള്ള റോഡ്

വാർഡ് **VII**

1. തോന്നല്ലൂർ അമ്പലനട കരുവന്നൂർ റോഡ്
2. ഖാദി റോഡ്
3. പാത്രമംഗലം - സാംസ്കാരിക നിലയം ചണ്ടിപ്പാറ റോഡ്
4. പാത്രമംഗലം സെന്റർ കറുവന്നൂർ റോഡ്
5. പാത്രമംഗലം സെന്റർ -അവണാവുമന - ആതൂർ റോഡ്
6. തോന്നല്ലൂർ ഹരിജൻ കോളനി റോഡ്
7. പാരിക്കൽ റോഡ്
8. പുലിയന്നൂർ പറയകോളനി റോഡ്

വാർഡ് **VIII**

1. കരുവാൻപടി പാറക്കടവ് റോഡ്
2. കുരിശുപള്ളി - വടക്കുമുറി - ശാഖ റോഡുകൾ
3. കരുവാൻപടി - ലക്ഷം വീട് കോളനി
4. ഏറക്കാട് ക്ഷേത്രം റോഡ്
5. ചേറൂർ മേനോൻ റോഡ്
6. ഗോതമ്പ്റോഡ്
7. പള്ളി വടക്കുമുറി റോഡ്
8. പള്ളി തെക്കുമുറി റോഡ്

9. പുള്ളുവൻ കോളനി റോഡ്, ലക്ഷം വീട് കോളനി റോഡ് ടാറിടുക
10. വെള്ളാറ്റഞ്ഞൂർ തയ്യൂർ റോഡ് റീടാറിംഗ് ചെയ്യുക

വാർഡ് **IX**

1. MLA റോഡ്
2. യൂണിയൻ ഷെഡ് - MLA റോഡ്
3. ഹൈസ്ക്കൂൾ - MLA റോഡ്
4. യേശുദാസ് റോഡ്
5. അറങ്ങാശ്ശേരി റോഡ്
6. തയ്യൂർപള്ളി - ഹൈസ്ക്കൂൾ - പാടം വഴി
7. തയ്യൂർപള്ളി - കാംങ്കാട് റോഡ്
8. വെള്ളാറ്റഞ്ഞൂർ പള്ളി - പറയകോളനി റോഡ്
9. തയ്യൂർ സ്ക്കൂൾ വെള്ളിപറ്റ് കുന്ന് റോഡ്
10. തേറ്കുളം - വെള്ളാറ്റഞ്ഞൂർ റോഡ്
11. ചെങ്ങോട്ട് - MLA റോഡ്
12. തേറുമഠം കുന്നത്തുപുര കോളനി റോഡ്
13. കുന്നത്തുപുര കോളനി ( ദാമോദരന്റെ വീടുമുതൽ ചെമൺചിറ വരെ)
14. കാഞ്ഞിരാൽ കോളനി റോഡ്
15. MLA മാങ്കുളം റോഡ്

വാർഡ് **X**

1. പഴവൂർ - ലോഗ്രത്തിക്കാവ് റോഡ്
2. ആര്യംപാടം കുറുക്കൻകുന്ന് റോഡ്
3. പഴവൂർ - മഹിളാസമാജം - പമ്പുഹൗസ് - കോട്ടപ്പുറം റോഡ്
4. അയ്യപ്പൻക്കാവ് - പള്ളി - പാറക്കടവ് റോഡ്
5. ആലിക്കൻചിറ തയ്യൂർ സ്ക്കൂൾ റോഡ്
6. പഴവൂർകോളനി പമ്പഹൗസ് റോഡ്
7. പള്ളി - പഴവൂർ കോളനി റോഡ്
8. കോട്ടപ്പുറം കോളനി റോഡ്
9. വായനശാല പൂക്കാട്ട്മുക്ക് റോഡ്
10. തയ്യൂർ മുസ്ലീം പള്ളി റോഡ്
11. സൊസൈറ്റി ഫോറസ്റ്റ് റോഡ്
12. പഴവൂർ റോഡ് - കോമാട്ട് കുറുക്കൻ കുന്ന് റോഡ്
13. പഴവൂർ പള്ളി തെക്കുമുറിറോഡ്
14. ഏതെങ്കിലും റോഡുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ സമയാസമയങ്ങളിൽ പരിഗണിക്കപ്പെടേണ്ടതാണ്

## ഊർജ്ജം

വേലൂർ പഞ്ചായത്തിൽ പ്രധാന ഊർജ്ജ സ്രോതസ്സ് വിറക് , വൈദ്യുതി, മണ്ണെണ്ണ, ഡീസൽ മുതലായ പെട്രോൾ ഉല്പന്നങ്ങളുമാണ്. വ്യവസായികമേഖല കാര്യമായ വികസന പ്രാപ്തിയിലെത്താത്തതുകൊണ്ട് ഇപ്പോൾ വൈദ്യുതി, മണ്ണെണ്ണ മുതലായ ഗാർഹിക കാർഷികമേഖലയിലാണ് ഉപയോഗിക്കപ്പെടുന്നത്. വിറക് ജൈവഇന്ധനമായ ചാണകം ഇവമാത്രമെ തദ്ദേശീയമായി ഉത്പാതിപ്പിക്കപ്പെടുന്നുള്ളൂ. കഴിഞ്ഞ ഇരുപത് വർഷങ്ങളിൽ വൃക്ഷങ്ങൾ മുറിക്കാനുള്ള പ്രവണത കൂടുതലു

വെച്ചുപിടിപ്പിക്കാനുള്ള പ്രവണത കുറവുമായാണ് കണ്ടുവരുന്നത്. ഇന്ന് നമ്മുടെ റോഡുകളിൽ മാത്രമാണ് 60 വർഷത്തിൽ കൂടുതൽ പ്രായമുള്ള വൃക്ഷങ്ങൾ കണ്ടുവരുന്നുത്. മറ്റ് സ്ഥലങ്ങളിൽ പ്രായമായ വൃക്ഷങ്ങൾ ഏതാണ്ട് അപ്രത്യക്ഷമായി എന്നുതന്നെ പറയാം. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ തെങ്ങുകൃഷി വ്യാപകമായതോടെ ചിരട്ട, ചകിരി, മടൽ മുതലായവയുടെ ലഭ്യതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഊർജ്ജ മേഖലയിൽ പ്രഥമ സ്ഥാനം വൈദ്യുതിക്ക് തന്നെയാണല്ലോ. 1950 ലാണ് ആദ്യമായി വേലൂരിൽ വൈദ്യുതി എത്തുന്നത്. ഘട്ടം ഘട്ടമായി എല്ലാപ്രദേശങ്ങളിലും വൈദ്യുതി എത്തിയെങ്കിലും ഇനിയും വൈദ്യുതികരിക്കാത്ത വീടുകളും പ്രദേശങ്ങളും നിലവിലുണ്ട്.

വൈദ്യുതി സംബന്ധിച്ച ഏകദേശ സ്ഥിതി വിവര കണക്കുകൾ താഴെ കൊടുക്കുന്നു.

അവലംബം - വൈദ്യുതി ഓഫീസ് രേഖകൾ

നിലവിലുള്ള ഉപഭോക്താക്കൾ

a) ഗാർഹികം - 2255
b) വ്യാപാരം - 207
c) വ്യവസായികം - 48
d) കാർഷികം - 995

കണക്ഷൻ ലഭിക്കാൻ ബാദ്ധ്യതയുള്ള
അപേക്ഷകരുടെ എണ്ണം

a) Ordinary - 388
b) OTP - 36
c) OYEC - 38

വൈദ്യതി ലൈനുകളുടെ നീളം

11 KV - 20.28 KM
L.T - 72 KM

അവസാനം നല്കിയ കണക്ഷന്റെ അപേക്ഷ തിയ്യതി

വ്യവസായികം - 15 - 10 - 1996
OYEC - 25 - 7 - 1996
Ordinary - 19 - 1 - 1994
OTP - 29 - 1 - 1996

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a) ബൾബ് - 387 എണ്ണം
b) ട്യൂബ് - 12 എണ്ണം
c) മെർക്കുറി വേപ്പർ - ഇല്ല
d) സോഡിയം വേപ്പർ - ഇല്ല

ആകെ വൈദ്യുതികരിച്ച ഹരിജൻ കോളനികൾ -7

1996 ലെ കണക്ഷൻ വിവരം

ordinary - 27
OTP - 22
OYEC -104

പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ വിവരം

1. കാഞ്ഞിരാൽ - 63 KVA
2. ,, - 100 KVA
3. കോടശ്ശേരി - 100 KVA
4. ലിസ്യു ഭവൻ - 100 KVA
5. ചുങ്കം - 100 KVA
6. വേലൂർ - 160 KVA
7. തങ്ങാല്ലൂർ - 100 KVA
8. കുട്ടംകുളം - 100 KVA
9. കുറുമാൽ - 100 KVA
10. ,, - 160 KVA
11. ,, - 160 KVA
12. തണ്ടിലം - 160 KVA
13. പുലിയന്നൂർ - 250 KVA
14. വെള്ളാറ്റഞ്ഞൂർ - 250 KVA
15. തയ്യൂർ - 50 KVA
16. പഴയങ്ങാടി - 63 KVA
17. വേലൂർII - 100 KVA

ആകെ 17 എണ്ണം

ഹരിജൻ കോളനി വൈദ്യുതികരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻകോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവർ |
|---|---|---|---|
| 1. | വില്ലംകോട് | 15 | - |
| 2. | കോടശ്ശേരി | 29 | 2 |
| 3. | എഴുത്തശ്ശുൽകുന്ന് | 42 | 3 |
| 4. | R.M.S. | 25 | 1 |
| 5. | പുലിയന്നൂർ | 6 | 5 |
| 6. | വെള്ളാറ്റഞ്ഞൂർ | 12 | 5 |
| 7. | കാഞ്ഞിരാൾ | 18 | 2 |
| 8. | തയ്യൂർ | 19 | 2 |

നിലവിലുള്ള സ്ഥിതിവിവരകണക്കുകൾ വെച്ചുനോക്കുമ്പോൾ വ്യവസായിക കണക്ഷൻ നാമമാത്രമെ

നമ്മുടെ പഞ്ചായത്തിലുള്ളൂ. അപേക്ഷ കൊടുത്ത് മാസങ്ങളായി കാത്തുനില്ക്കുന്നവർ ധാരാളമുണ്ട്. ഇനിയും വൈദ്യുതികരിക്കാത്ത വീടുകളും പ്രദേശങ്ങളും ഉണ്ട്. വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമറുകൾ ഇനിയും സ്ഥാപിക്കേണ്ടതുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വളരെ കുറവാണ്. ഉള്ളവയെല്ലാം ദക്ഷതയില്ലാത്ത ബൾബുകളാണ്. ആകെ 387 ബൾബുകൾ ഉള്ളവയിൽ 200 എണ്ണം മാത്രമെ കത്തുന്നുള്ളൂ. ദക്ഷതയുടെ ഗണത്തിൽ പെടുത്താവുന്ന ട്യൂബ്ലൈറ്റുകൾ 12 എണ്ണം മാത്രമാണ് ഉള്ളത്.

നാടിന്റെ നാനാതുറകളിലും വികസനത്തിന്റെ മുഖ്യസ്രോതസ്സായ വൈദ്യുതോർജ്ജം കാര്യക്ഷമത കുറഞ്ഞ രീതിയിലാണ് ഇന്ന് ഉപയോഗിക്കപ്പെടുന്നത്. നവീനവും സാങ്കേതിക പിൻബലത്തോടെ രൂപകല്പന ചെയ്ത ഉപകരണങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരികയാണെങ്കിൽ ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ഊർജ്ജം കൊണ്ടുതന്നെ ഇരട്ടി കാര്യങ്ങൾ നടത്താമെന്നാണ് ഒരു ഏകദേശ കണക്ക്. ആകെയുള്ള 4326 വീടുകളിൽ 300 വീടുകളിൽ മാത്രമെ പുകയില്ലാത്ത അടുപ്പുകൾ ഉള്ളൂ. ഉള്ളവയിൽ തന്നെ പകുതിയും പ്രവർത്തനരഹിതമാണ്.

## ഊർജ്ജ മേഖലയിൽ നമ്മൾ നേരിടുന്ന പ്രശ്നങ്ങൾ

പ്രധാന ഗാർഹിക ഇന്ധനമായ വിറകിന് ക്ഷാമവും വിലയും കൂടുതലാണ്

വിറക് കത്തിക്കുന്ന വീടുകളിൽ ഉണ്ടാകുന്ന പുക വീടിനേയും പരിസരങ്ങളേയും മലിനികരുക്കുന്നു, കുട്ടികൾക്കും സ്ത്രീകൾക്കും രോഗങ്ങൾക്ക് കാരണമാകുന്നു.

വൈദ്യുതി വോൾട്ടേജ് പല പ്രദേശങ്ങളിലും കുറവാണ്.

ക്ണക്ഷൻ കിട്ടുന്നതിന് അധികനാൾ കാത്തിരിക്കേണ്ടി വരുന്നു.

ഗാർഹിക, കാർഷികാവശ്യത്തിന് റേഷൻ ഷാപ്പുകളിൽ നിന്ന് കിട്ടുന്ന മണ്ണെണ്ണ മതിയാവുന്നില്ല - പെർമിറ്റ് കിട്ടുവാനുള്ള ബുദ്ധിമുട്ടുകളും ഏറെയാണ്.

പെട്രോളിയം ഇന്ധനങ്ങളുടെ വില കൂടുതലാണ്. വാഹനങ്ങൾക്ക് വേണ്ടി വരുന്ന ഇന്ധനവില സാധാരണക്കാർക്ക് താങ്ങാനാവുന്നതല്ല.

വൈദ്യുത പ്രവാഹം ലൈൻ തകറാറുകൾമൂലം പലപ്പോഴും നിലക്കുന്നു. വൈദ്യുതി പ്രശ്നങ്ങൾ വന്നാൽ ഉടനടി ഇലക്ട്രിസിറ്റി ഓഫീസിൽ അറിയിക്കാനുള്ള സംവിധാനമില്ല. പലസ്ഥലങ്ങളിൽ നിന്നും 5 കി. മിറ്ററോളം യാത്ര ചെയ്തു വേണം വൈദ്യുതി ഓഫീസിൽ എത്തി പ്രശ്നങ്ങൾ എഴിതുവെക്കാൻ.

വൈദ്യുതി ലഭ്യത വളരെ ഉപയോഗപ്രദമാണെങ്കിലും വൈദ്യുതി പോസ്റ്ററുകൾ പലയിടങ്ങളില് റോഡിന്റെ നടുഭാഗങ്ങളിൽ നില്ക്കുന്നതുകൊണ്ട് ഗതാഗതതടസ്സങ്ങൾ ഉണ്ടാകുന്നു.

ഭവനനിർമ്മാണത്തിനാവശ്യമായ താത്ക്കാലിക കണക്ഷൻ കിട്ടാൻ താമസം നേരിടുന്നു.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

സപ്ലൈ ഓഫീസിൽ നിന്നും മണ്ണെണ്ണ പർമിറ്റ് കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ദ്രുതഗതിയിലാക്കണം.

വിറകിന്റേ ക്ഷാമവും വിലയും പരിഗണിച്ച് പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നതിന് സബ്സീഡി അനുവദിക്കുക.

വോൾട്ടേജ് കുറച്ച് പരിഹരിക്കുന്നതിന് നടപടികൾ എടുക്കുക.

വൈദ്യുതി കണക്ഷൻ ദ്രുതഗതിയിലാക്കുക

വൈദ്യുതി ആഫിസിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക.

ദക്ഷതകൂടിയ വൈദ്യുതോപകരണങ്ങൾ, സ്റ്റൗ, സൗരോർജ്ജ വാട്ടർഹീറ്റർ മുതലായവ സബ്സീഡിയോടെ വിതരണം ചെയ്യുക.

വീടുകളിൽ ബൾബുകൾക്ക് പകരം ദക്ഷതകൂടിയ ട്യൂബുലൈറ്റുകൾ പ്രചരിപ്പിക്കുക. ഇതിന്റെ മുന്നോടിയായി നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളെല്ലാം ട്യൂബ് ലൈറ്റുകളാക്കുക.
ലോഡ് ഷെഡിങ്ങ് ഒഴിവാക്കുക.

വൈദ്യുത കമ്പിയിൽ മുട്ടിനില്ക്കുന്ന വൃക്ഷശാഖകൾ യഥാസമയം വെട്ടിക്കളയുന്നതിന് ജനകീയ സംരംഭങ്ങൾ കൈകൊള്ളുക.

വൈദ്യുത ലൈനുകൾ കേബിളുകളാക്കിമാറ്റുക.

ഗോബർ ഗാസിന്റെ ഉപയോഗം പ്രചരിപ്പിച്ച് നടപ്പാക്കുക.

വൃക്ഷങ്ങൾ ധാരാളമായി വച്ചു പിടിപ്പിക്കുക.

മേൽപറഞ്ഞ കാര്യങ്ങളിലും വ്യത്യസ്തമായി വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിന് സുപ്രധാനമായ ഒരു നിർദ്ദേശമാണ് ചുവടെ ചേർക്കുന്നത്.

1. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹനങ്ങളുടെ എൻജിന്റെ രൂപ കല്പനയിൽ മാത്രമാണ് ഇന്ന് നാം ശ്രദ്ധിക്കുന്നത്. ഇതിനോടൊപ്പം തന്നെ ഇന്ന് റോഡുകളുടെ അവസ്ഥയിലും ഗുണമേൻമയിലും സത്വരശ്രദ്ധ ആവശ്യമാണ്. വളവുതിരിവുകളും കയറ്റിറക്കങ്ങളും കുണ്ടുംകുഴികളുമുള്ള റോഡുകൾ വാഹനം ഓടിക്കുന്നതിനുള്ള ഇന്ധനചിലവ് 5% വർദ്ധിപ്പിക്കുന്നു എന്നാണ് ഒരു ഏകദേശ കണക്ക്. ഇതിനോടൊപ്പം തന്നെ റോഡുനിർമ്മാണ ഘട്ടത്തിൽ ടാർ ഉരുക്കുന്നതിനും ചൂടാക്കുന്നതിനും വിലയേറിയ വിറകുപയോഗിക്കുന്നത് അശാസ്ത്രീയവും ദക്ഷതയില്ലാത്തതുമാണ്. പകരം ഫർണസ്ഓയിൽ ഉപയോഗിക്കുന്ന ടാർ ബോയ്ലറുകളും മിക്സ്റുകളും നിർബ്ബന്ധമാക്കണം.
2. വൈദ്യുതി, ഡീസ്സൽ, മണ്ണെണ്ണ, മുതലായവ ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് കാർഷിക മേഖലയിൽ വേനൽക്കാലത്ത് വെള്ളം പമ്പുചെയ്യുന്നതിനാണ്. ഈ മേഖലയിൽ വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിന് പ്രായോഗികമാക്കേണ്ട ഒരു നൂതന പരീക്ഷണം താഴെ വിവരിക്കുന്നു. വേനൽക്കാലത്ത് നാണ്യവിളകൾക്കാണല്ലോ നാം വെള്ളം പമ്പു ചെയ്ത് ജലസേചനം നടത്തുന്നത്. വേനൽക്കാലത്ത് കിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പ് ഉയർത്താൻ സാധിച്ചാൽ മോട്ടോറുകൾ പ്രവർത്തിപ്പിക്കേണ്ട സമയവും പ്രവർത്തന സമയത്തെ വൈദ്യുതി ഉപയോഗത്തിന്റെ കാര്യക്ഷമതയും വാദ്ധിപ്പിക്കാൻ കഴിയും.

പോംവഴികൾ

a) വാഴനിഡാമിന്റെ ആയക്കട്ട് പ്രദേശമാണല്ലൊ വേലൂർ പഞ്ചായത്ത്. ഡാമിലെ വെള്ളം വർഷക്കാലങ്ങളിൽ തുറന്നു വിടാതെ കഴിയാവുന്നത്ര സംഭരിച്ചുനിർത്തി സമയ ബന്ധിതമായി വേനൽക്കാലത്തുമാത്ര് തുറന്നുവിടുക.

b) വാഴാനിഡാമിന്റെ കീഴ്ഭാഗത്ത് പുഞ്ചകൃഷി നടത്തുന്നത് നിരുത്സാഹപ്പെടുത്തുക

c) പുഴകളിലും പാടശേഖരങ്ങളിലും മറ്റു തോടുകളിലും ധാരാളം തടയണകൾ നിർമ്മിച്ച് വെള്ളം ശേഖരിക്കുന്നു.

d) തോട്ടങ്ങളിൽ ഡ്രിപ്പ്, സ്പ്രിംക്ളർ എന്നീ ജലസേചനമാർഗ്ഗങ്ങൾ സ്വീകരിക്കുക.

e) മണ്ണൊലിപ്പ് തടഞ്ഞ് ഭൂമിയുടെ ജൈവാവരണം നിലനിർത്തുക.

f). വേനൽക്കാലത്ത് തെങ്ങ്, കവുങ്ങ് മുതലായവയുടെ തടങ്ങൾ ചപ്പുചവറുകൾ, ഓല, ചകിരി മുതലായവയിട്ട് മൂടുക. ഇതുമൂലം ഓരോ നനയുടേയും ഇടവേള വർദ്ധിപ്പിക്കാവുന്നതാണ്.

g) പാടശേഖരങ്ങളിൽ കൂടെ കടന്ന്പോകുന്ന റോഡുകളിലുള്ള ചെറുപാലങ്ങൾക്ക് ഷട്ടറുകൾ നിർമ്മിച്ച് തുലാ വർഷവസാനം അറബിക്കടലിലേക്ക് ഒഴുകി പോകുന്ന ജലത്തെ തടഞ്ഞുനിർത്താനുള്ള ബണ്ടുകളാക്കിമാറ്റുക.

h) പുഴയിൽചെന്ന് ചേരുന്ന തോടുകളുടെ പാർശ്വവരമ്പുകളിലൂടെ വൈദ്യതിലൈൻ വലിച്ച് തടയണകൾക്ക് സമീപം മോട്ടോറുകൾ സ്ഥാപിച്ച് പുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് ഏറ്റവും ഉയർന്ന പാടശേഖരങ്ങളിലെത്തിക്കാനുള്ള ഒരു പമ്പിങ്ങ് ശൃംഖല നിർമ്മിക്കുക.

i) ഏറ്റവും ഉയർന്ന നിരപ്പിലുള്ളതും താരതമ്യേന വിസ്തൃതി കുറഞ്ഞ പാടങ്ങളിൽ കരകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ബണ്ടുകൾ നിർമ്മിച്ച് തുലാവർഷത്തിന്റെ അവസാനഘട്ടങ്ങളിൽ ചെയ്യുന്ന മഴവെള്ളം ശേഖരിക്കാനുള്ള റിസർവോയറുകളാക്കി മാറ്റുക പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യാവുന്ന ചില ഉദാഹരണങ്ങൾ താഴെ പറയുന്നവയാണ്.

1. വേലൂർ കാർത്ത്യാനി ക്ഷേത്രത്തിനുപടിഞ്ഞാറുള്ള പാടശേഖരം.

2. വേലൂർ കോടശ്ശേരി കുന്നിനുതഴെയുള്ള കിടായിപ്പാടം

3. തയ്യൂർ ഹൈസ്ക്കൂളിലേക്കുള്ള റോഡിന്റേ കിഴക്കുവശത്തുള്ള പാടം തുടങ്ങിയവ.

എല്ലാറ്റിനുമുപരിയായി കൃഷിക്കാരുടെ ഇടയിൽ ഇന്ന് നിലനില്ക്കുന്ന നിസ്സഹകരണ മനോഭാവം മാറ്റി കൂട്ടായ്മയിലേക്കുള്ള ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

ഇത്രയും കാര്യങ്ങൾ കൂട്ടായ്മയുടെയും അർപ്പണബോധത്തോടെയും കാര്യക്ഷമമായി സമയബന്ധിതമായി നടപ്പാക്കിയാൽ 8മാസം മഴതിമിർത്ത് പയ്യുന്ന പഞ്ചായത്തിൽ വേനൽക്കാലത്ത് കുടിവെള്ളം പോലും അന്യമാണെന്ന അവസ്ഥ നമ്മളെ അപമാനിതരാക്കുകയില്ല. ഇവിടെയാണ് ആസൂത്രണത്തിന്റെ പ്രസക്തി, വൈദ്യുതി 50% ലാഭിക്കാവുന്നതും ആണ്. ഇത്തരം വികസന പ്രവർത്തനങ്ങൾ പ്രായോഗികമല്ലെന്ന വാദഗതി ഉയർന്നു വന്നേക്കും. അത് തരണം ചെയ്ത് മുന്നേറാൻ നമ്മൾക്കു കഴിയണം, കഴിയും.

## ടെലിഫോൺ ശൃംഘലയുടെ വികസനം

ടെലിഫോൺ ശൃംഘലയുടെ വികസനം ജനങ്ങളുടെ അനാവശ്യയാത്രകൾ ഒഴിവാക്കുവാനും അതുവഴി ഇന്ധന ഉപയോഗം കുറക്കുവാനും ഉപയുക്തമാകും. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ടെലിഫോൺ സൗകര്യവും ഏർപ്പെടുത്തേണ്ടതത്ത്യാവശ്യമാണ്. പ്രാദേശിക വികസനത്തിനുള്ള പശ്ചാത്തല സൗകര്യമൊരുക്കലിന് ടെലിഫോൺ ശൃംഘലയുടെ വികസനം ഒരു സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ടെലിഫോൺ എക്സ്ചേഞ്ച് നവീകരിച്ച് കൂടുതൽ കണക്ക്ഷൻ കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

## ചന്തകൾ

പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ കാർഷികോൽപന്ന വിപണന ചന്തകൾ ഉണ്ടാക്കണം. ആഴ്ചയിൽ ഒരു ദിവസമോ രണ്ട് ദിവസമോ ആകാം. ആവശ്യക്കാർക്ക് ഉൽപ്പന്നങ്ങൾ വാങ്ങാനും വിൽക്കാനും സൗകര്യം ഉണ്ടാകണം. നഗരവാസികൾക്ക് കാർഷികോൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിച്ച് അവർ നിശ്ചയിക്കുന്ന വിലയ്ക്ക് അവിടെ എത്തിച്ചുകൊടുക്കുന്ന രീതി മാറി നഗരവാസികൾക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ നമ്മൾ നിശ്ചയിക്കുന്ന വിലയ്ക്ക് ഇവിടെ വന്നു വാങ്ങികൊണ്ടുപോകുന്ന അവസ്ഥ വന്നുചേരണം. അതാണ് കൃഷിക്കാരന്റെ വിജയം എല്ലാ വാർഡിലും ഓരോ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയേണ്ടിയിരിക്കുന്നു. രണ്ട് വാർഡുകൾക്ക് ഓരോ കമ്മ്യൂണിറ്റി ഹാൾ വീതം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

# 7. ഭവന നിർമ്മാണം ക്ഷേമ പ്രവർത്തനങ്ങൾ

ആഹാരവും വസ്ത്രവും കഴിഞ്ഞാൽ പിന്നെ മനുഷ്യന് ഏറ്റവും പ്രധാനമായത് പാർപ്പിടമാണ്. കാലകാലമായി പാർപ്പിടങ്ങളിൽ നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. കൊട്ടാരം മുതൽ കുടിൽ വരെയും സാമ്പത്തിക സ്ഥിതി അനുസരിച്ച് പാർപ്പിടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് നമ്മുടെ മുൻപിൽ കാണുന്നുണ്ട്. ഈ പഞ്ചായത്തിലെ ഭവനങ്ങളുടെ ഒരു സ്ഥിതി വിവര കണക്ക് താഴെ കൊടുക്കുന്നു.

വേലൂർ പഞ്ചായത്തിൽ മൊത്തം 6267 വീടുകളിലായി 11287 പുരുഷൻമാരും 11809 സ്ത്രീകളും അടക്കം 23096 ജനങ്ങൾ താമസിക്കുന്നു. ഇവരിൽ 2148 പേർ പട്ടിക ജാതിക്കാരാണ്. സ്വന്തമായി വീടില്ലാത്ത 968 കുടുംബങ്ങൾ ഉണ്ട്. അവർ വാടക സ്ഥലത്തോ ഒരു വീട്ടിൽ തന്നെ പലകുടുംബാംഗങ്ങളായോ താമസിക്കുന്നു. 10% വർദ്ധനവ് കണക്കാക്കുന്നു.

## മാതൃകകൾ

ഫ്യൂഡൽ കാലഘട്ടത്തിലെ നാല് കെട്ട് പടിഞ്ഞാററി. മുതലായ വാസ്തുശില്പമാതൃകയിലുള്ള കെട്ടിടങ്ങൾ ഉള്ള മുപ്പതോളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കാലഘട്ടത്തിന്റെ മാറ്റത്താൽ കൂട്ടുകുടുംബ വ്യവസ്ഥ കുറഞ്ഞു വരുന്നതു കൊണ്ട് പുതുതായി അത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നില്ല. മറിച്ച്, ഒരു കുടുംബത്തിനു താമസിക്കാവുന്ന ചെറിയ വീടുകളാണ് നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് . അവയിലും പുതിയ ഡിസൈനുകളിൽ അപൂർവ്വം പുതിയ വീടുകൾ നിർമ്മിക്കുന്നുണ്ട്. പഴയ രീതിയിലുള്ള പടിഞ്ഞാററിയും കോലായിയുമായുള്ള വീടുകൾ ഇപ്പോഴും നിർമ്മിച്ചുകൊണ്ടിരിക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെ 6267 വീടുകൾ ഉണ്ട്. വർഷം തോറും വേർപിരിഞ്ഞ് താമസിക്കുന്നതുകൊണ്ട് ഏതാണ്ട് 10% വാർഷിക വർദ്ധന ഉണ്ടാകുന്നുണ്ട്.

## നിർമ്മാണസാമഗ്രി

1. നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും ഭൂമിയുടെ ദൗർലഭ്യവും, നിർമ്മാണ സാമഗ്രികൾ ആവശ്യത്തിനുള്ള കിട്ടാനുള്ള ദൗർലഭ്യവും ഈ രംഗത്ത് സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്ന പ്രശ്നങ്ങളാണ്. സമർത്ഥരായ നിർമാണ തൊഴിലാളികളുടെ അഭാവം എടുത്തു പറയത്തക്കതാണ്. ഗൾഫ് മേഖലയുടെ കടന്നു കയറ്റത്തിന്റെ ഫലമായി നിർമ്മാണത്തൊഴിലാളികൾക്ക് കൂലി വർദ്ധിച്ചതുകൊണ്ട് മറ്റ് പരമ്പരാഗതമായി തൊഴിൽ പ്രവർത്തിച്ചിരുന്നവരോടൊപ്പം പരിശീലനം കുറഞ്ഞ തൊഴിലാളികളും ഈ രംഗത്തേക്ക് പ്രവേശിക്കുകയാണ്.
2. ചെറുകിട വരുമാനക്കാരെ സംബന്ധിച്ചിടത്തോളം കുറഞ്ഞ പലിശക്ക് സഹകരണ ബാങ്കുകളിൽ നിന്നോ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കടം കിട്ടുവാനും ഉള്ള ബുദ്ധിമുട്ട് വലുതാണ്.
3. വർദ്ധിച്ച ഭൂമിയുടെ വില സാധാരണക്കാരന് വീടു വെയ്ക്കുന്നതിന് തടസം നിൽക്കുകയാണ്.
4. ഭൂരഹിതക്കും കർഷക തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും ലക്ഷംവീട് കോളനിയിലും പാർപ്പിട സൗകര്യങ്ങൾ സർക്കാർ ഉണ്ടാക്കികൊടുത്തിട്ടുണ്ടെങ്കിലും അത്തരം സ്ഥലങ്ങളിൽ വെള്ളവും വെളിച്ചവും പ്രാഥമിക സൗകര്യങ്ങളും ഈ ഇല്ലായ്മ മൂലം ജനങ്ങൾക്കുണ്ടാകുന്ന വിഷമതകൾ നിരവതിയാണ്.
5. ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിനുള്ള വിദഗ്ദരുടെ അഭാവം.
6. ഹൗസിങ്ങ് സൊസൈറ്റികളുടെ അഭാവം.

## പരിഹാരമാർഗ്ഗങ്ങൾ

1. ഈ പഞ്ചായത്തിൽ തന്നെ ലഭിക്കുന്ന നിർമാണ സാമഗ്രികൾ കൂടുതലായി ഉപയോഗിക്കുവാൻ ശ്രമിക്കുകയും വീടു നിർമാണ സാമഗ്രികൾക്കുമാത്രമായി ഒരു മാർക്കറ്റിങ്ങ് സഹകരണ സംഘം രൂപികരിച്ച് വിലക്കയറ്റത്തിന്റെ രൂക്ഷതിയിൽ സാധരണക്കാരനെ രക്ഷിക്കുകയും ചെയ്യണം.

2. വീടു നിർമ്മാണത്തിനാവശ്യമായ ലോണുകൾ ചുരുങ്ങിയ പലിശക്ക് നീണ്ട വർഷത്തേക്കു ലഭിക്കുവാൻ ഉപകരിക്കുന്ന ഹൗസിങ്ങ് സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും "ഹഡ്കോ" മുതലായ സ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭിക്കുവാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

3. കുറഞ്ഞ വിലക്ക് സ്ഥലം കിട്ടുന്ന പ്രദേശത്ത് പഞ്ചായത്തിന്റെ സഹായത്തോടെ ഹൗസിങ്ങ് കോളനികൾ സ്ഥാപിക്കുക.

4. കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിന് മുൻഗണന നൽകുകു. കേടുവന്ന വീടുകൾ അടിയന്തരമായി യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മാണം ചെയ്തുകൊടുക്കുക.

5. "നിർമ്മിതി" കേന്ദ്രത്തിന്റെ ഒരു യൂണിറ്റു സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.

6 ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കുക. (Housing Society)

## ചെലവ് കുറയ്ക്കുന്നതിന് വേണ്ടി.

1. ജൈവ വേലികൾ ഉപയോഗിക്കേണ്ടതാണ്. കരിങ്കല്ല്, കല്ല്, ഇഷ്ടിക മുതലായവകൊണ്ട് പണ്ട് കയ്യാലകൾ ഉണ്ടാക്കിയിരുന്നതിന് പകരമായി ഇപ്പോൾ മതിൽ കെട്ടുന്നത് സർവ്വസാധരണമായിരികയകയാണ്. ആ സ്ഥാനത്ത് മൈലാഞ്ചി, ബുഷ്, മുൾച്ചെടികൾ മുതലായവ നട്ടുവളർത്തി വീടിന് സംരംക്ഷണം ഉണ്ടാക്കാവുന്നതാണ്. മുൻ ചെലവിനേക്കാൾ 90% വ്യത്യാസം കാണും.

2. വിവാഹം ഗൃഹനിർമ്മാണം എന്നിവയിൽ സാധാരണക്കാരനും, ദരിദ്ര വിഭാഗങ്ങളും, ധനികരും ഒരുപോലെ ധനവിനിയോഗം പ്രൗഢിയോടെ നടത്തുന്നു. തൻമൂലം വമ്പിച്ച പാഴ്ചെലവ് വന്നുകൊണ്ടിരിക്കയാണ്. കൊല്ലം തോറും പെയിൻറിംഗിനും മററുമായി നിർമ്മാണത്തിന്റെ 20% ത്തോളം ചെലവിടുന്നു.

3. ഈ പഞ്ചായത്തിൽ ഇരുപതോളം കുടുംബങ്ങൾ പുറുംപോക്കിൽ കുടിൽ കെട്ടി താമസിക്കുന്നു. കൂടാതെ കട തിണ്ണകളിലും മറ്റും അന്തിയുറങ്ങുന്നവർ 50 പേരുണ്ട്. ഇതിനു പുറമെ മററു സംസ്ഥാനങ്ങളിൽ നിന്ന് കച്ചവടത്തിനും താറാവുവളർത്തലിനും ധാരാളം ആളുകൾ തമ്പടിക്കന്നവരുമുണ്ട്.

4. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം മൂലം നിരവധി തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ബീഡി മേഖലയിലേക്ക് തെഴിലാളികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, പ്രചരണമാധ്യമങ്ങളുടെ പ്രലോഭനങ്ങളാൽ പരിഷ്കാര ഭ്രമം കാരണം, വരുമാനം കുറഞ്ഞാലും സ്ഥിരമായ ജോലി സാധ്യതയുള്ളതുകൊണ്ട്, കാർഷിക മേഖല അഭികാമ്യമല്ലാതായിത്തീരുന്നു. കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടുക വിഷമമായിത്തീർന്നിരിക്കുന്നു.

5. സ്വർണ്ണപ്പണി, മരപ്പണി, ഇരുമ്പുപണി, ക്വാറിപ്പണി, മൺപാത്ര നിർമാണം കല്ല് കെട്ട്, നെയ്ത്ത്, വസ്ത്രം-പായ പനമ്പ്, മൊസേക്ക് പണി, തേപ്പ് പണി മുതലായവയും ഭവന നിർമ്മാണം, വുഡൻനെയ്ത്ത്, ബീഡിനിർമ്മാണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും കർഷക മേഖലയും, റോഡ് നിർമ്മാണം, തോട്ടപ്പണി മുതലായ മേഖലയും ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ തൊഴിലാളികളും ഉണ്ട്. അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിതാവശ്യങ്ങൾ നിറവേറ്റാൻ മാത്രം വരുമാനമില്ലാത്തവർ അദ്ധ്വാന ശക്തിക്കൊത്ത വിലകിട്ടാത്ത ഇവർ വാങ്ങിയ കടത്തിന് പലിശ കൊടുക്കുവാൻ കടം വാങ്ങേണ്ടിയിരിക്കുന്നു. ഇവർക്ക് ജോലി സ്ഥിരത, ബോണസ് ആനുകൂല്യം, ഇൻഷുറൻസ് ആനുകൂല്യം ഇ.എസ്.ഐ, എന്നിവ ഒന്നും തന്നെ ലഭ്യമല്ല. പ്രതിഫലത്തിന്റെ കാര്യത്തിൽ ഭവനം, റോഡുനിർമ്മാണം എന്നീ മേഖലകളാണ് ഇപ്പോൾ മുൻപന്തിയിൽ നിൽക്കുന്നത്. അതുകൊണ്ടുതന്നെ കൽപ്പണി മുതലായവയിൽ ധാരാളം തൊഴിലാളികൾ ആകർഷിക്കപ്പെടുന്നു.

മണ്ണിന്റെ ലഭ്യതകുറവ് നിർമ്മിത വസ്തുക്കളുടെ വിപണന സാധ്യതക്കുറവ് എന്നിവയാൽ മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. "ദേശസാൽകൃതബാങ്കുകൾ" അടക്കം അവർക്ക് വായ്പ നൽകാൻ വിസമ്മതിക്കുന്നു. അതുകൊണ്ട് ബ്ലേഡ് കമ്പനികളേയും പലിശ ക്ക് പണം കൊടുക്കുന്ന സ്വകാര്യ വ്യക്തികളേയും ആശ്രയിക്കേണ്ടിയിരിക്കുകയാണിവർ.

## പരിഹാര നിർദ്ദേശങ്ങൾ

അർഹരായവർക്ക് വീട് നിർമ്മിച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം. ഓരോ വർഷത്തിലും 10% നിരക്കിൽ പുതിയ പാർപ്പിടങ്ങൾ നിർമ്മിക്കണം. ഭവന നിർമ്മാണത്തിൽ ആഡംഭരം കുറക്കാൻ ബോധവൽക്കരണം നടത്തണം. "നിർമ്മിതി" "കാൻഫെഡ് " മുതലായവയുടെ പ്രവർത്തനം പഞ്ചായത്തിൽ ഏർപ്പെടുത്തണം. തൊഴിലാളികൾക്ക് ഇൻഷുറൻസ്, ബോണസ്, ഇ.എസ്.ഐ. പെൻഷൻ മുതലായവ ഉറപ്പാക്കണം. പൊതു കൂലി നിരക്ക് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കി ഗ്രാമസഭകളിലൂടെ നടപ്പാക്കണം. വിവിധ മേഖലയിലെ നിർമ്മാണ തൊഴിലാളികളുടെ ലഭ്യത വാർഡുതലത്തിൽ ശേഖരിച്ച് പഞ്ചായത്ത് തലത്തിൽ ക്രോഡികരിക്കണം. കർഷക മേഖലയിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ബോധവൽക്കരണം നടത്തണം. വിവിധ നിർമ്മാണ മേഖലകളിൽ സങ്കേതിക പരിശീലനം കൊടുക്കുവാൻ പഞ്ചായത്ത് തലത്തിലെങ്കിലും സെന്ററുകൾ സ്ഥാപിക്കണം.

## സാമൂഹ്യക്ഷേമം

ദേശീയമായ സാമ്പത്തിക നയത്തിലെ പാളിച്ചകൾ സാധാരണക്കാരെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു. എന്നാൽ ദേശീയ സാമ്പത്തിക സ്ഥിതിയിലുണ്ടായ വർദ്ധന ഒരുപിടി കുത്തകൾക്ക് സഹായമാവുകയാണുണ്ടായത്. മാത്രമല്ല സാധാരണക്കാരിൽ നല്ലൊരുഭാഗം ദാരിദ്ര്യമേഖലകളിലേക്ക് അധഃപതിക്കുകയും ചെയ്തു. ഇതിനെ വിലയിരുത്തി നാലാം പഞ്ചവൽസരപദ്ധതി ദാരിദ്ര്യ നിർമാർജ്ജനത്തിന് മുൻതൂക്കംകൊടുത്തുകൊണ്ട് ദാരിദ്ര്യത്തിന്റേയും തൊഴിലില്ലായ്മയുടേയും പ്രശ്നങ്ങൾ സസൂഷ്മം വിലിയിരുത്താനും ദാരിദ്ര്യ നിർമാർജ്ജന സമീപനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

## 1. സ്ഥിതി വിവിരക്കണക്ക്.

8-ാം പഞ്ചവൽസരപദ്ധതികാലത്ത് IRDP UBS ലിസ്റ്റിലുള്ള കുടുംബങ്ങളുടെ എണ്ണം 2514 ആണ്. ആനുകൂല്യം ലഭിച്ചവർ 625 ഉം ട്രൈസം പരിശീലനം 91 പേർക്കും ആണ്. ആ മേഖലയിൽ ജോലിചെയ്യുന്നവർ 60 ആളാണ്.

അവരുടെ അവസ്ഥ തൊഴിലില്ലാതെ തന്നെ തുടരുന്നു. തൊഴിൽ ചെയ്യാത്തതിന്റെ കാരണം മുടക്ക് മൂലധനം ഇല്ലാത്തതാകുന്നു. ചില അപൂർവ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെങ്കിലും വേണ്ടത്ര പ്രവർത്തന ക്ഷമതയില്ല. ഇതുമൂലം പുതിയതായി തൊഴിലവസരം ഉണ്ടാകുന്നില്ല. ഈ യൂണിറ്റുകളുടെ പ്രവർത്തന നിലവാരം മോശമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളാൽ മഹിളാ സമാജത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.

## സഹായപദ്ധതികൾ

| സഹായത്തിന്റെ പേര് | ലഭിക്കുന്നവരുടെ എണ്ണം | തുക | തീരുമാനമാകാത്ത അപേക്ഷയുടെ എണ്ണം |
|---|---|---|---|
| 1. കർഷകത്തൊഴിലാളി പെൻഷൻ | 217 | 100 | 48 |
| 2. വികലാംഗ പെൻഷൻ | 30 | 100 | 26 |
| 3. വാർദ്ധക്യകാല പെൻഷൻ | 74 | 100 | 32 |
| 4. വിധവാ പെൻഷൻ | 52 | 85 | 10 |
| 5. കുഷ്ഠരോഗികൾക്കുള്ള പെൻഷൻ | 2 | 100 | ഇല്ല |
| 6. ക്ഷയരോഗികൾക്കുള്ള പെൻഷൻ | 3 | 100 | ഇല്ല |
| 7. തൊഴിലില്ലായ്മ വേതനം | 69 | 100 | 18 |

| | | | |
|---|---|---|---|
| 1. വികലാംഗരുടെ എണ്ണം | 230 | - | |
| 2. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 52 | - | |
| 3. തൊഴിൽ പരിശീലന സ്കോളർഷിപ്പ് | 205 | - | |
| 4. മന്ദബുദ്ധികൾക്കുള്ള സ്കോളർഷിപ്പ് | ഇല്ല | - | |
| 5. മിശ്രവിവാഹ ദമ്പതികൾക്കായുള്ള സഹായം | ഉണ്ട് | 3000 | |

## മഹിളാ സമാജങ്ങൾ

**1.**

മഹിളാ സമാജങ്ങൾ റജിസ്റ്റർ ചെയ്തത് - 4

മഹിളാ സമാജങ്ങൾ റജിസ്റ്റർ ചെയ്യാത്തത് - 15

സ്വന്തമായി കെട്ടിടമുള്ളവ - 4

സ്വന്തമായി സ്ഥലമുള്ളവ - 1

**2.**

ബാലവാടികൾ ആകെ - 19 എണ്ണം
ആകെ കുട്ടികൾ - 1516
അദ്ധ്യാപകരുടെ പരീക്ഷാ യോഗ്യത - S.S.L.C
കളിപ്പാട്ടങ്ങൾ വളരെ പരിമിതമാണ്

**3.** വൃദ്ധ മന്ദിരങ്ങൾ ഒന്നുമില്ല

**4.** പ്രശ്നങ്ങൾ

ദാരിദ്ര നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല. രാഷ്ട്രീയ പക്ഷപാതപരമായ പ്രവർത്തനം. ഉദ്യോഗസ്ഥരുടെ അലംഭാവം. സാമൂഹ്യമായ ബോധമില്ലായ്മ.

**5.** ട്രൈസം പരിപാടി

കിട്ടിയവർ പരിപാടി നടത്തുവാൻ പ്രാപ്തരായിരുന്നില്ല. സ്വന്തമായി സാമ്പത്തിക ലഭ്യതയില്ലായ്മ. സഹായ പദ്ധതികളെക്കുറിച്ച് ജനങ്ങളുടെ ബോധകുറവ്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ. അർഹതപ്പെട്ട പലർക്കും സഹായം ലഭിക്കാത്ത അവസ്ഥ. ബാലവാടികളുടെ പ്രശ്നം കാര്യക്ഷമമാകുന്നില്ല.

**6.** പരിഹാരങ്ങൾ

ഇടത്തട്ടുക്കാരിൽ നിന്നും ഹുണ്ടികക്കാരിൽ നിന്നും മോചനം കിട്ടുവാൻ ഉതകുന്ന സാമ്പത്തിക സംവിധാനം കാര്യക്ഷമമാക്കണം. II) തൊഴിലാളികളുടെ അദ്ധ്വാനം ചൂഷണത്തിൽ നിന്ന് വിമുക്തമാക്കണം. III) IRDP മുതലായവയിൽ ഉദ്യോഗസ്ഥന്മാരുടെ അർപ്പണബോധം വളർത്തണം. IV) സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹവും സാമ്പത്തികസഹായവും കൊടുക്കണം. V) ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളെകുറിച്ച് പരിശീലനം കൊടുക്കുവാൻ "ട്രെയിനിങ്ങ്" സെന്ററുകൾ സ്ഥാപിക്കണം. VI) വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ച നടത്തണം. VII) വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് സഹായകരമാം

വിധം എക്സചേഞ്ച് ഓഫീസ് പ്രവർത്തനം പഞ്ചായത്ത് തലത്തിൽ സംവിധാനം വേണം. പഞ്ചായത്തിന് പ്രത്യേകമായി ഒരു എഞ്ചിനിയർ വേണം. IX) ഒരു പെൻഷൻ പദ്ധതിയിലും പെടാത്ത മറ്റു ജീവിതമാർഗ്ഗം ഇല്ലാത്ത എല്ലാ അവശർക്കും പെൻഷൻ അനുവദിക്കുക.

കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ വേണ്ട സംവിധാനം ഉണ്ടാക്കണം. മഹിളകൾക്ക് നേതൃത്വ പരിശീലന ക്ലാസ്സ് പഞ്ചായത്ത് തലത്തിൽ കൊടുക്കണം. മാസത്തലൊരിക്കലെങ്കിലും ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കണം. " അംഗൻവാടികളുടെ വെൽഫെയർ കമ്മിറ്റി" കാര്യക്ഷമമാക്കണം. ആധുനിക കുടുംബസംവിധാനത്തിലെ മാറ്റം കാരണം (ചെറിയ കുടുംബം സന്തുഷ്ട കുടുംബം) കൂട്ടുകുടുംബ വ്യവസ്ഥ തകരാറിലാണ്. അതുകൊണ്ട് വൃദ്ധ ജനങ്ങൾക്ക് കുടുംബജീവിതം ചിലരെ സംബന്ധിച്ചെങ്കിലും സുഖപ്രദമല്ല. അത്തരക്കാരുടെ സംരക്ഷണത്തിന് വേണ്ടി ഒരു മന്ദിരം നിർമ്മിക്കുന്നത് അഭികാമ്യമാണ്.

## <u>നിർദ്ദേശങ്ങൾ</u>

**1. IRDP** സർവ്വേ നടത്തുന്നതിന് അതാതു വാർഡുകളിൽ ഉള്ള വിദ്യാസമ്പന്നരായ യുവതീയുവാക്കൾ VEO ടൊപ്പം സർവ്വേ നടത്തി രേഖകൾ തയ്യാറാക്കേണ്ടതാണ്. എന്നാൽ ദാരിദ്ര രേഖക്ക് താഴെയുള്ള എല്ലാവരേയും ഉൾപ്പെടുത്തികൊണ്ട് ലിസ്റ്റ് തയ്യാറക്കാൻ കഴിയുന്നതാണ്.

**2.**മേൽപറഞ്ഞ കാര്യങ്ങൾ നടത്തുന്നതിന് തൊഴിലില്ലാത്ത ചെറുപ്പക്കാരായ യുവതീയുവാക്കൾക്ക് പരിശീലനം കൊടുക്കുന്നതിനും ഇത് ഉപകരിക്കുന്നതാണ്. നിലവിലുള്ള VEO തസ്തിക ഓരോപഞ്ചായത്തിലും രണ്ടുപേർ വീതം നിയമിക്കേണ്ടതാണ്. ഈ പഞ്ചായത്ത് മറ്റു പഞ്ചായത്തിനെ അപേക്ഷിച്ച് ജോലിഭാരം കൂടുതലുള്ളത്കൊണ്ട് നിർബന്ധമായും രണ്ട് VEO മാർ വേണം.

**3.** തലപ്പിള്ളി താലൂക്കിൽ വേലൂർ പഞ്ചായത്തിൽ ഏറ്റെടുത്തിട്ടുള്ള എല്ലാ മിച്ച ഭൂമികളും ഏറ്റെടുത്ത് കർഷകതൊഴിലാളികൾക്ക് പതിച്ചുകൊടുക്കേണ്ടതാണ്. കർഷകതൊഴിലാളികളുടെ ക്ഷേമനിധി പഞ്ചായത്ത് തലത്തിൽ വിപുലീകരിക്കേണ്ടതാണ്. എല്ലാ പെൻഷനുകളും മാസാമാസം വിതരണം ചെയ്യേണ്ടതാണ്. പതിച്ചുകൊടുത്ത മിച്ചഭൂമികൾ ക്രയവിക്രയം ചെയ്യാൻ പാടുള്ളതല്ല. കർശ്ശനമായി നിരോധിക്കേണ്ടതാണ്.

# 8. സംസ്കാരം

പഞ്ചായത്തിന്റെ സാംസ്കാരിക പാരമ്പര്യവും പൈതൃകവും ആമുഖത്തിൽ വളരെ വിശദമായി പ്രതിബാദിച്ചിട്ടുണ്ട് എന്നതിനാൽ ആ വിഷയം ഇവിടെ പരാമർശിക്കുന്നില്ല. സാഹിത്യം, കല, കായികരംഗം. എന്നിവയുടെ സ്ഥിതിവിവരകണക്കുകളും പ്രശ്നങ്ങളും സാധ്യതകളും മാത്രമാണ് ചർച്ചാ വിഷയമാക്കിയിട്ടുള്ളത്. വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, മഹിളാ സമാജങ്ങൾ, കലാ സമിതികൾ, സ്പോർട്സ് ക്ലബുകൾ, പുരോഗമന, കലാ, ശാസ്ത്ര, സംഗീത, സാഹിത്യാദി സംഘടനകൾ, ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, എന്നിവയുടെ സ്ഥിതി വിവര കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

## 1. വിദ്യാലയങ്ങൾ

രണ്ട് ഹൈസ്കൂളുകളും, രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും രണ്ട് പ്രൈമറി സ്കൂളുകളുമാണ് നിലവിലുള്ള വിദ്യാലയങ്ങൾ. ഇവയിൽ ആറ് സ്കൂളുകളിലും ഗ്രന്ഥശാലകളുണ്ട് വിദ്യാലയങ്ങളിൽ കലാപരമായ പ്രവർത്തനങ്ങൾക്ക് നാമമാത്രമായ ഉപകരണങ്ങൾ മാത്രമേയുള്ളൂ. പല , സ്കൂളുകളിലു കളിസ്ഥലമോ, അതുപോലെതന്നെ കായിക അദ്ധ്യാപകരോ ഇല്ല. കായിക ഇനങ്ങളിൽ പരിമിതമായ ഉപകരണങ്ങളേ ഉള്ളൂ.

സാഹിത്യ സമാജം, കയ്യെഴുത്ത് മാസിക,. അക്ഷരശ്ലോകം, കാവ്യകേളി എന്നിവയുടെ സംഘം പ്രവർത്തിക്കുന്നില്ല. റീഡിംഗ് റൂം നിലവിലുള്ള സ്കൂളുകൾ വിരളമാണ്. സ്കൂൾ പാർലിമെന്റ് പ്രവർത്തനം ഇല്ല.

## 2. പഞ്ചായത്ത് സാംസ്കാരിക നിലയം

അടിസ്ഥാന സൗകര്യങ്ങളുള്ള പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഗ്രന്ഥശാലയും, ടി. വി. യും നിലവിലുണ്ട്. കലാകായിക രംഗങ്ങളിൽ പ്രോത്സാഹനം നൽകുവാനുള്ള ഉപകരണങ്ങളോ, മറ്റ് സൗകര്യങ്ങളോ ഇല്ല.

## 3. വായനശാലകൾ

വേലൂർ പഞ്ചായത്തിൽ സാംസ്കാരിക നിലയം ഉൾപ്പെടെ 12 ഗ്രന്ഥശാലകളുണ്ട്. ഇവയിൽ രജിസ്റ്റർ ചെയ്തവ 5 ഉം ബാക്കിയുള്ളവ രജിസ്റ്റർ ചെയ്യാത്തവയുമാണ്.

ആകെ ഗ്രന്ഥശേഖരം 16362

വർഷംതോറും കിട്ടുന്ന ഗ്രാന്റിന്റെ വിലയ്ക്ക് പുസ്തകങ്ങൾ വാങ്ങാറുണ്ട്.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ

| | |
|---|---|
| 1. പത്രങ്ങൾ | 571 |
| 2. വാരികകൾ | 286 |
| 3. മാസികകൾ | 30 |

സാഹിത്യേതര പ്രവർത്തനങ്ങൾക്ക് സൗകര്യങ്ങളില്ല

## 4. കലാസമിതികൾ

രജിസ്റ്റർ ചെയ്ത 35 കലാസമിതികളും രജിസ്റ്റർ ചെയ്യാത്ത 11 കലാ സമിതികളും അടക്കം ആകെ 36 സമിതികൾ ഈ രംഗത്തുണ്ട്. ദൈനംദിന പ്രവർത്തനങ്ങളും വാർഷിക ആഘോഷങ്ങളും നടത്തുന്ന കലാസമിതികൾ വളരെ വിരളമാണ്. സംഗീതവാദ്യാദി ഉപകരണങ്ങൾ സ്വന്തമായി ഇല്ല എന്നു തന്നെ പറയാം.

## 5. കായികസമിതികൾ

രസിജ്റ്റർ ചെയ്ത 23 ഉം ചെയ്യാത്ത 22 ഉം കൂടി ആകെ 45 സ്പോർട്സ് ക്ലബ്ബുകൾ നിലവിലുണ്ട്. കളിസ്ഥലം ഒന്നിനും ഇല്ല, ഇൻഡോർ, ഔട്ട്ഡോർ കളികൾക്കുള്ള ഉപകരണങ്ങൾ നാമമാത്രമാണ്.

6. മഹിളാ സമാജങ്ങൾ

പഞ്ചായത്തത്തിന് സംബന്ധിച്ചിടത്തോളം ആകെ 19 മഹിളാസമാജങ്ങളാണ് ഉള്ളത്. അവയിൽ 4 എണ്ണം രജിസ്റ്റർ ചെയ്തതും 4 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉള്ളതുമാണ്. 380 വനിതകൾ മഹിളാ സമാജത്തിലെ അംഗങ്ങളാണ്. എല്ലാ സമാജങ്ങളുടേയും കീഴിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് കേന്ദ്രീകരിച്ചുള്ള പ്രവർത്തനം മാത്രമേയുള്ളൂ. മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇവർ പങ്കാളികളാവുന്നില്ല.

7. ശാസ്ത്ര സാഹിത്യ പരിഷത്ത്

ആദ്യകാലങ്ങളിൽ ശാസ്ത്ര സാഹിത്യ പരിഷത്ത് സജീവമായിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനത്തിൽ മാന്ദ്യം സംഭവിച്ചിട്ടുണ്ട്.

8. മറ്റുള്ളവ

സാക്ഷരത സമിതി, പുരോഗമന കലാ സാഹിത്യ സംഘം, ജനനീതി എന്നിവയുടെ യൂണിറ്റ് നിലവിലുണ്ടെങ്കിലും പ്രവർത്തനം നാമമാത്രമാണ്.

9. പാരമ്പര്യ നാടൻ കലാരൂപങ്ങൾ

കാളകളി, തിറ, പൂതൻ, മുടിയാട്ട്, ആണ്ടി, കുതിരക്കളി, പാന, പുത്തൻപാന, തിരുവാതിരപ്പാട്ട്, കളമെഴുത്ത്, പരിചമുട്ട്കളി, പാമ്പുകളം, പുള്ളുവൻപാട്ട്, ശാസ്താംപ്പാട്ട്, ബ്രഹ്മണി പാട്ട്, നന്തുണിപാട്ട്, സംഘകളി എന്നീ പാരമ്പര്യ കലാരൂപങ്ങളിൽ അധികവും നാശോന്മുഖമായി കൊണ്ടിരിക്കുന്നു. ഈ മേഖലയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ സംഘടിത സംഘവുമില്ല.

വാദ്യകല

പരമ്പരവാദ്യകലകളും, നാടൻ കലകളും നിലനിർത്തുന്നതിനും വളർത്തുന്നതിനും ഒരു കലാകേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.

*പ്രശ്നങ്ങൾ*

1. വിദ്യാലയങ്ങൾ

സ്കൂളുകളിലെ പുസ്തകങ്ങളിലധികവും റഫ്രൻസ് പുസ്തകങ്ങളും പാഠപുസ്തകങ്ങളുമാണ്. കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യാൻ ലൈബ്രേറിയൻ ഇല്ല. ചാർജ്ജുള്ള അദ്ധ്യാപകനിൽ നിന്ന് ക്ലാസിന്റെ ചുമതലയുള്ള അധ്യാപകർ പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്ന സംവിധാനമാണുള്ളത്. പുസ്തകങ്ങൾ നിലവാരമനുസരിച്ചോ, അഭിരുചി അനുസരിച്ചോ കുട്ടികൾക്ക് ലഭ്യമല്ല. കലാപരമായി അഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനം കൊടുക്കുവാൻ അദ്ധ്യാപകരോ സംഗീത വാദ്യാദി ഉപകരണങ്ങളോ ഇല്ല. കലാമേളകളിൽ (യുവജനോത്സവത്തിൽ) പങ്കാളിത്തം ധാരാളം ഉണ്ടാവുന്നുണ്ടെങ്കിലും പരിശീലനം സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുന്നില്ല. പുറത്ത് നിന്നാണ് അധികവും.

സ്കൂളുകളിൽ കായികാദ്ധ്യാപനത്തിന് അദ്ധ്യാപകരുണ്ട്. ഹൈസ്ക്കൂളുകളോട് അനുബന്ധിച്ച് കളിസ്ഥലമുണ്ട്. എന്നാൽ വേണ്ടത്ര കളി സാമഗ്രിഹികൾ ഇല്ല. പ്രൈമറി സ്കൂളുകൾ കലാകായിക രംഗത്ത് തികച്ചും അവഗണിക്കപ്പെട്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ സ്കൂളിൽ സാഹിത്യസമാജം, കയ്യെഴുത്ത്, മാസിക, അക്ഷരശ്ലോകം, കാവ്യകേളി എന്നിവ വിദ്യാർത്ഥികളിൽ കലാ സാഹിത്യ അഭിരുചി വളർത്തിയിരുന്നു. ഇവയൊന്നും ഇന്ന് നിലവില്ലാത്തതിന്റെ ഫലമായി പ്രസംഗം, കവിതാ കഥാദി രചനകളും, സാഹിത്യാസ്വാദനത്തിലും മുരടിപ്പ് നേരിട്ടിട്ടുണ്ട്. പാർലിമെന്ററി പ്രവർത്തനത്തെകുറിച്ച് ധാരണ ഉണ്ടാവുന്നില്ല.

2. സാംസ്കാരിക നിലയം

ഒരു സാംസ്കാരിക കേന്ദ്രമാകേണ്ട പഞ്ചായത്ത് സാംസ്കാരിക നിലയം ഗ്രന്ഥശാല പ്രവർത്തനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇവിടുത്തെ പുസ്തങ്ങളുടെ നിലവാരത്തിലും, വിതരണ സംവിധാനത്തിലും വളരെയധികം പാകപ്പിഴവുണ്ട്. കലാകായിക രംഗത്ത് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയോ പഞ്ചായത്തിന്റെ

മറ്റു ഭാഗങ്ങളിലുള്ള പ്രസ്ഥാനങ്ങളെ ബന്ധപ്പെടുത്തുകയോ ചെയ്യുന്നില്ല. സാഹിത്യ രംഗത്ത് ചർച്ചകളോ സംവാദങ്ങളോ സംഘടിപ്പിക്കുന്നില്ല.

3. **വായനശാലകൾ**

വായനശാലയിലെ അംഗങ്ങളിൽ നിന്നും കിട്ടുന്ന വരിസംഖ്യയും ഗ്രന്ഥശാല സംഘത്തിൽ നിന്നുള്ള സഹായവുമാണ് പ്രവർത്തനധനം. പ്രതിഫലം പറ്റുന്ന ലൈബ്രേറിയൻമാർ ഉണ്ട്. പ്രതിവർഷം വാങ്ങുന്ന പുസ്തകങ്ങൾ വളരെ പരിമിതമാണ്. ഇവിടെ വരുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളും പരിമിതമാണ്, പത്രങ്ങൾ, വാരികകൾ, മാസികകൾ എന്നിവ വരുത്തുന്നുണ്ട്.

4. **കലാസമിതികൾ**

നിലവിലുള്ള കലാസമിതികളിൽ സംഗീതവാദ്യാദി ഉപകരണങ്ങൾ ദുർലഭമാണ്. വാർഷികം ആഘോഷിക്കുന്നതിലുപരി കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. അംഗങ്ങളുടെ വരിസംഖ്യയും സംഭാവനയും മാത്രമാണ് ധനാഗമമാർഗ്ഗം. പാരമ്പര്യ നാടൻ കലകൾക്കും പരിശീലനവും നൽകുന്ന ഒരു കലാകേന്ദ്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

5. **സ്പോർട്സു ക്ലബ്ബുകൾ (കായിക സമിതി**

മേൽപറഞ്ഞ കായിക സമിതികൾക്കൊന്നും കളി സ്ഥലമില്ല. ഇൻഡോർ, ഔട്ട്ഡോർ കളികൾക്ക് നാമമാത്രമായ ഉപകരണങ്ങളേ സ്വന്തമായുള്ളു. മിക്കവയും സ്പോർട്സ് മത്സരങ്ങൾ നടത്താറുള്ളവയുമാണ്. സംഭാവന മാത്രമാണ് സാമ്പത്തിക വരുമാന മാർഗ്ഗം..

6. **മഹിളാ സമാജങ്ങൾ**

നിലവിലുള്ള 19 മഹിളാ സമാജത്തിൽ 15 എണ്ണത്തിന് സ്വന്തമായി കെട്ടിടം പോലുമില്ല. ഇവയിലെല്ലാംകൂടി 380 അംഗങ്ങളേ ഉള്ളൂ. ഇത് പഞ്ചായത്തിലെ സ്ത്രീജനസംഖ്യയുടെ 3.5% മാത്രമേ ആകുന്നുള്ളൂ. ഇവയുടെ പ്രവർത്തനം വിദ്യാഭ്യാസ ആരോഗ്യ വിഷയങ്ങളിലും അംഗൻവാടികളുടെ പ്രവർത്തനത്തിലും, ഒതുങ്ങി നിൽക്കുന്നു. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവന മാത്രമാണ് ധനാഗമമാർഗ്ഗം.

7. **ശാസ്ത്രസാഹിത്യ പരിഷത്ത്**

ഒരു പഞ്ചായത്ത് ഘടകമായി പ്രവർത്തിക്കുന്ന ഈ സംഘടനയ്ക്ക് സ്വന്തമായ കെട്ടിടമോ, മറ്റ് സൗകര്യങ്ങളോ ഇല്ല. അതുകൊണ്ട് തന്നെ നിരന്തര പ്രവർത്തനങ്ങളിൽ പങ്കാളിത്തം കുറവാണ്. വിദ്യാഭ്യാസരംത്ത് പ്രവർത്തനം നടത്തുന്നുണ്ട്.

8. **മറ്റുള്ളവ**

സാക്ഷരതാ സമിതി, പുരോഗമന കലാ സാഹിത്യ സംഘം, ബാലസംഘം ഇവയ്ക്കൊന്നും സ്വന്തമായി കെട്ടിടമോ സാമ്പത്തിക സഹായമോ ഇല്ലാത്തതുകൊണ്ട് ഇവയുടെ പ്രവർത്തനത്തിന് മാന്ദ്യം നേരിട്ടിട്ടുണ്ട്. ജനനീതി എന്ന സംഘടന രണ്ടു വാർഡുകളിൽ പ്രവർത്തിക്കുന്നു.

***പരിഹാരമാർഗ്ഗങ്ങൾ***

1. വിദ്യാലയങ്ങളിൽ സാഹിത്യം, കലാ കായിക പരിശീലനത്തിനു വേണ്ട സാഹചര്യങ്ങൾ ഒരുക്കുക പാർളിമെന്റ് ചേരണം.
2. സാംസ്കാരിക പ്രവർത്തനങ്ങളിൽ കലാകാരൻമാരുടേയും ബഹുജനങ്ങളുടേയും ക്രിയാത്മക പങ്കാളിത്തം ഉറപ്പു വരുത്തി വേലൂർ പഞ്ചായത്തിലുള്ള കലാ സാഹിത്യ സംഘടനകളെ സാംസ്കാരിക നിലയത്തിൻ കീഴിലാക്കി അക്കാദമിക് കൗൺസിൽപോലുള്ള ഭരണസമ്പ്രദായം നിലവിൽ വരുത്തുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ വായനശാലകളെ ഗ്രേഡ് തിരിച്ച് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിക്കുക.
4. സ്പോർട്സ് ക്ലബുകൾ, ആർട്സ് ക്ലബുകൾ, മഹിളാ സമാജങ്ങൾ പാരമ്പര്യ കലോദ്ധാരണത്തിന് തയ്യാറാക്കുക സംഘടനകൾക്കും സാമ്പത്തിക സഹായം നൽകുക.
5. സാംസ്കാരിക നിലയത്തിൽ ക്ളാസികൊ കലകൾക്കും പാരമ്പര്യ കലകൾക്കും പ്രവർത്തന പ്രാതിനിധ്യം

ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കുക.

6. അർഹതയുള്ള കായികതാരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷിപ്ത താല്പര്യക്കാർ നടത്തുന്ന കിടമത്സരങ്ങളിൽ നിന്ന് ഈ മേഖലയെ വിമുക്തമാക്കുന്നതിനുമാവശ്യമായ സംവിധാനമുണ്ടാകേണ്ടതാണ്. സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും തയ്യാറാക്കുന്നതിന് വിപുലമായ പദ്ധതികൾ ഏർപ്പെടുത്തണം.
7. കലാ കായിക മത്സരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിലെ മത്സരമാക്കി മാറ്റണം.
8. പരിതസ്ഥിതി സംരക്ഷണം ജാതി മത നിരപേക്ഷത, കലാ സാഹിത്യാദി ബോധവൽക്കരണ ക്യാമ്പകൾ പഞ്ചായത്തടിസ്ഥാനത്തിൽ മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കുക.
9. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാളും മിനി സ്റ്റേഡിയവും ഉണ്ടാകണം.

## വിനോദസഞ്ചാരം

വേലൂർ പഞ്ചായത്തിൽ വിനോദ സഞ്ചാരത്തിന്റെ അനന്ത സാദ്ധ്യതകൾ മനസ്സിലാക്കി അവ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സമഗ്ര പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

ഉദാ:- 1. അർണോസ് പാതിരി ഭവനം
2. തയ്യൂർ കോട്ട

## ഇലക്ട്രോണിക് മാധ്യമങ്ങളുടെ പങ്ക്

നിലവിലുള്ള സിനിമാ ശാലയിൽ സാംസ്കാരികവും, ധാർമ്മികവും, വിജ്ഞാനപ്രദവുമായ സിനിമകളും, ന്യൂസ് റീലുകളും പ്രദർശിപ്പിക്കുക. ഗുണനിലവാരമുള്ള സിനിമകൾക്ക് പഞ്ചായത്ത് നികുതി കുറച്ച് കൊടുക്കുക. ഫിലിം സൊസൈറ്റി സംഘടിപ്പിക്കുകയും നല്ല സിനിമകൾ പ്രദർശിപ്പിക്കുകയും ചെയ്യുക.

# വനിത

## ആമുഖം

നൂറ്റാണ്ടുകളായി പുരഷ മേധാവിത്വത്തിന്റെ ചവിട്ടടിയിൽ കഴിഞ്ഞു വരുന്ന ഒരു വിഭാഗമാണ് വനിതകൾ. ജീവിതത്തിൽ അനുഭവപ്പെടുന്ന എല്ലാ വിഷമതകളും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ദൂഷ്യഫലങ്ങളും സ്ത്രീകളെയാണ് ബാധിക്കുന്നത്. വികസന രംഗത്തും, സാമൂഹ്യ രംഗത്തും പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ സ്ഥിതിയും വ്യതസ്തമല്ല. ഈ പൊതുവായ പിന്നോക്കാവസ്ഥ മാറ്റിയെടുത്ത് അവരെ ജീവിതത്തിന്റെ വഴിത്താരയിൽ സാമൂഹ്യ പരിവർത്തനത്തിന് പുരുഷനോടൊപ്പം പ്രവർത്തിക്കുന്ന തുല്യ ശക്തിയായി വളർത്തിയെടുക്കണമെങ്കിൽ ഈ രംഗത്ത് ശ്രദ്ധാപൂർവ്വമുള്ള പരിശ്രമം ആവശ്യമാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി സ്ത്രീകളുടെ ഉന്നമനത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് ഉദ്ദേശിക്കുന്നത് ആശാവഹമാണ്.

1996-ൽ അംഗനവാടി ടീച്ചേഴ്സ് എടുത്ത കണക്കു പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 23098 ആണ്. അതിൽ 11809 സ്ത്രീകളും 11289 പുരുഷൻമാരും ആണ് ഉള്ളത്. ഇതിൽ പട്ടിക ജാതിയിൽ ഉള്ളത് 2148 പേരാണ്. പ്രാഥമിക വിദ്യ്യാസമെങ്കിലും നേടിയ പുരുഷൻമാർ 6738 ഉം സ്ത്രീകൾ 3417 ഉം ആണ്. ഇതിൽ നിന്ന് സ്ത്രീകളുടെ വിദ്യഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ അറിയാമല്ലോ. ആരോഗ്യ രംഗത്തും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ഥിതി മോശമാണ്. ഈ പഞ്ചായത്തിലെ ശരാശരി രോഗികളുടെ എണ്ണം 5398 പുരുഷൻമാരും 6304 സ്ത്രീകളുമാണ്. ഈ പഞ്ചായത്തിലെ ശരാശരി ജനന നിരക്ക് ആൺ 5.3% ശതമാനവും പെൺ 6.5% ശതമാനവുമാണ്. വിദ്യഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. 1961- ലെ കാനേഷുമാരി കണക്ക് പ്രകാരം തൊഴിലെടുക്കുന്ന സ്ത്രീകളുടെ അനുപാതം 20 : 100 എന്നായിരുന്നുവെങ്കിൽ 91-ലെ കണക്കനുസരിച്ച് അത് 60 : 100 എന്നായി ഉയർന്നിട്ടുണ്ട്.

പുരുഷൻമാർ വൈരക്കൽ, ചെത്ത്, ഹെഡ് ലോഡ്, കൃഷി പണികൾ കെട്ടിട നിർമ്മാണത്തിനോടനുബന്ധിച്ച വിവിധ മേഖലകൾ, സ്വർണ പണി, ഓട്ടോമൊബൈൽ, കളിമൺ പാത്ര നിർമ്മാണം കരിങ്കൽ കോറികൾ, ഇല്ക്ട്രിക്കൽ വർക്കുകൾ, പ്ലംബർ ജോലികൾ, തെങ്ങുകയറ്റം മത്സ്യ വിപണനം, മരപ്പണി എന്നീ വിവിധ മേഖലകളിൽ പണിയെടുക്കുന്നു. ഈ മേഖലകളിലെല്ലാം ഉള്ള സ്ത്രീകളുടേയും പുരുഷൻമാരുടേയും കൂലികൾ തമ്മിലുള്ള അന്തരം വളരെ വലുതാണ്. പുരുഷൻമാർക്ക് പത്ത് രൂപ കൂലി വർദ്ധിച്ചാൽ തന്നെ സ്ത്രീകൾക്ക് രണ്ടോ മൂന്നോ ആണ് വർദ്ധിക്കുന്നത്. വാർപ്പ് മേഖലയിലാണ് സ്ത്രീകൾക്കുള്ള കൂലിയിൽ അല്പ മെങ്കിലും വ്യത്യാസമുള്ളത്. അദ്ധ്വാനമുള്ള ജോലികളിൽ പോലും കൂലിയിലുള്ള തുല്യത പാലിക്കപ്പെടാത്തത് തികഞ്ഞ വിവേചനമാണ്.

യന്ത്രവത്കരണവും കാർഷിക രംഗത്തെ മുരടിപ്പും, കാർഷികോല്പന്നങ്ങളുടെ വിലയിടിവും, കൃഷിക്കാരുടെ സാമ്പത്തിക നിലവാരത്തിലെ തകർച്ചയും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളുടെ തൊഴിൽ മേഖലയെയാണ്. വീട്ടുജോലി ചെയ്യുന്ന സ്ത്രീകളെ തൊഴിലില്ലാത്തവരുടെ പട്ടികയിലാണ് ഉൾപ്പെടുത്താറെങ്കിലും യഥാർത്ഥത്തിൽ കുടുംബം നിലനിർത്തുന്നതിൽ അവരുടെ വിശ്രമമില്ലാത്ത അദ്ധ്വാനം ശ്രദ്ധേയമാണ്. ഈ സ്ഥിതിക്കൊരു അറുതി വരുത്താനും, കുടുംബ നാഥകളുടെ ആരോഗ്യം നിലനിറുത്തേണ്ട കാര്യത്തിലും അവരുടെ അന്തസ് ഉയർത്തിപ്പിടിക്കുന്നതിനും അനുയോജ്യമായി നടപടി ഉണ്ടായേതീരൂ.

## വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ:-

1. സ്ത്രീകളുടെ സമത്വം സമൂഹത്തിൽ പൂർത്തിയായിട്ടില്ല. അതുകൊണ്ട് പെൺകുട്ടിളുടേതിനേക്കാൾ ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് രക്ഷിതാക്കൾ മുൻഗണന കൊടുക്കുന്നു.
2. കുടുംബ ജോലികൾ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളെക്കൊണ്ട് കൂടുതൽ ചെയ്യിക്കുന്നു. അതുവഴി പഠന നിലവാരം താഴുന്നു.
3. ആരോഗ്യത്തിന് വിശ്രമം ആവശ്യമാണ്. പഠനത്തിനും, വിശ്രമത്തിനും പെൺകുട്ടികൾക്ക് സമയക്കുറവുണ്ടാകുന്നു.
4. ആരോഗ്യപരമായി പെൺകുട്ടികൾ അധികം ശ്രദ്ധിക്കപ്പെടുന്നില്ല.

5. സാധാരണക്കാരിൽ ദാരിദ്ര്യ രേഖയ്ക്ക് കീഴേയുള്ളവരായ രക്ഷിതാക്കൾ മനപ്രയാസത്തോടെയാണെങ്കിലും പെൺകുട്ടികളെ തൊഴിൽ മേഖലയിലേക്ക് പറഞ്ഞു വിടുന്നു.
6. സാമ്പത്തിക പരാധീനതയാൽ പെൺകുട്ടികൾക്ക് ഉപരി വിദ്യാഭ്യാസത്തിന് സൗകര്യം കുറയുന്നു.
7. സ്വയം തൊഴിൽ സമർത്ഥമാക്കാൻ വേണ്ടി അക്കാദമി വിദ്യഭ്യാസത്തിനേക്കാൾ തയ്യൽ, ടൈപ്പ്റൈറ്റിംഗ് എന്നീ മേഖലകളിലേക്ക് പെൺകുട്ടികളെ തിരിച്ചു വിടുന്നു.
8. തൊഴിലില്ലായ്മ:- പഞ്ചായത്തിലെ പ്രധാന തൊഴിൽ മേഖല കാർഷിക രംഗമായിരുന്നു. യന്ത്രവത്ക്കരണത്താൽ തൊഴിലവസരങ്ങൾ കുറയുന്നു. എന്നാൽ പുതിയ തൊഴിൽ മേഖലകൾ വർദ്ധിച്ചു വരുന്നുമില്ല. അതുകൊണ്ട് നിസ്സാരമായ കൂലിക്ക് ബീഡിക്കമ്പനി, ഖാദി കേന്ദ്രം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയിൽ അഭയം തേടുന്നു.
9. തൊഴിലെടുക്കുന്നവരുടെ സ്ഥിതി:- അധ്വാന ശക്തിക്ക് തുല്യമായ പ്രതിഫലം കിട്ടുന്നില്ല. ബോണസ്സ്, പെൻഷൻ, പ്രസവ അവധി, ഇ.എസ്.ഐ ആനുകൂല്യം എന്നിവ ലഭിക്കുന്നില്ല. (കാരണം ദിവസക്കൂലി, കോൺട്രാക്റ്റ് എന്നീ അടിസ്ഥാനത്തിലുള്ള ജോലികളാണ്.)
10. ചെറിയ കുട്ടികളുള്ള അമ്മമാർക്ക് തൊഴിലും, ശിശുപരിപാലനവും ഒന്നിലും നടത്താൻ പ്രയാസമാണ്. പെൺകുട്ടികളെ സ്കൂളിൽ പറഞ്ഞയക്കാതിരിക്കാൻ കാരണവും ഇതാണ്.
11. ദാരിദ്ര്യം:- സ്ത്രീ സ്വാതന്ത്ര്യ മർഹതി എന്ന തത്വം, മാറിയ സാമൂഹ്യ പരിതസ്ഥിതിയിലും നാട്ടിൻപുറങ്ങളിൽ പ്രസക്തമാണ്. ശാസ്ത്ര സാങ്കേതിക ജ്ഞാനം, ഉദ്പാദന ഉപകരണങ്ങൾ എന്നിവ പുരുഷ മേധാവിത്വത്തിലാണ്.
12. പട്ടിണി കിടന്നാലും സ്ത്രീകളെ ജോലിക്കയക്കുന്നത് ആഭിമാന പ്രശ്നമായി കാണുന്നു.
13. പല സ്ത്രീകളും കുടുംബ നാഥകളായിട്ടുണ്ട്. ഭർത്താവ് മരിക്കുകയും, കുട്ടികൾ പ്രായ പൂർത്തിയാകാതിരിക്കുകയും, പാരമ്പര്യ സ്വത്ത് പരിതാപകരവുമായ കുടുംബങ്ങൾ ഈ പഞ്ചായത്തിൽ നിരവധിയാണ്. അവർ കുടുംബ സംരക്ഷണത്തിന് കഷ്ടപ്പെടുന്നു.
14. അങ്കണവാടികൾ:- പഞ്ചായത്തിൽ ആകെ '19' അങ്കണവാടികളുണ്ട്. '15' അങ്കണവാടികൾക്കും പ്രത്യേകമായ (സ്വന്തമായി കെട്ടിടമില്ല. കൂടാതെ കുട്ടികൾക്ക് കളിക്കാനുള്ള ഉപകരണങ്ങളും ഇല്ല. ഭക്ഷണം, പ്രാഥമിക ചികിത്സ എന്നിവ മാത്രം ലഭിക്കുന്നു.
15. സ്ത്രീകൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങളെക്കുറിച്ചും പ്രോഗ്രാമുകളെക്കുറിച്ചും അധികം സ്ത്രീകളും അജ്ഞരാണ്.
16. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം നിയമം മൂലവും, ബോധവത്ക്കരണം മൂലവും കർശനമായി ഇല്ലാതാക്കുക.
17. DWCRA-പ്രോഗ്രാമനുസരിച്ച് ഏക തൊഴിൽ യൂണിറ്റ് മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഈ യൂണിറ്റിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ തെക്കെ അറ്റത്ത് മാത്രമായി ഒതുങ്ങി നിൽക്കുന്നതു കാരണം പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ ഇതിന്റെ പ്രവർത്തനം കാര്യമായി പ്രയോജനപ്പെടുന്നില്ല.
18. സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്ന ക്വാറികളിലെ സ്ത്രീകളെ ഇൻഷൂർ ചെയ്യുക. അങ്ങനെ സുരക്ഷ ഉറപ്പ് വരുത്തുക.
19. എല്ലാ അങ്കണവാടികളിലും വെൽഫെയർ കമ്മറ്റികൾ രൂപികരിക്കുക.
20. ഹരിജൻ കോളനിയിലെ വനിതകളുടെ സംരക്ഷണത്തിനായി ഇൻഷൂറൻസ് ഏർപ്പെടുത്തുക. കോളനികളിൽ വനിതകൾക്കായുള്ള കൊട്ടനെയ്ത്ത്, പായ നെയ്ത്ത് പോലുള്ള തൊഴിലുകൾ സഹകരണ സംഘങ്ങൾ പോലെ ഏർപ്പെടുത്തുക.

## സാധ്യതകൾ പരിഹാര നിർദ്ദേശങ്ങൾ:-

1. വേലൂർ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള P.H.C.യിൽ വനിതാ ഡോക്ടറെ സ്ഥിരമായി നിയമിക്കുക.
2. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ മൂന്ന് ദിവസം ഒരു വനിതാ ഡോക്ടറെ സ്ഥിരമായി നിയമിക്കുക.
3. മെഡിക്കൽ കോളേജ് ഡോക്ടർമാരെ പഞ്ചായത്ത് അതിർത്തിയിൽ താമസമാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
4. പ്രസവ കാല ലീവ് '6' മാസമാക്കുക.
5. ആരോഗ്യപരമായ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

6. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.
7. താഴ്ന്ന വരുമാനക്കാരായ സ്ത്രീകളുടെ പ്രസവ ശുശ്രൂഷക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.
8. നിരാലംബരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.
9. കുട്ടികളുടെ വിദ്യഭ്യാസ മേഖലയിൽ പഠനക്രമവും പാഠ്യ പുസ്തകങ്ങളും ലളിതമാക്കുക.
10. നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ്ടു സംവിധാനം ഏർപ്പെടുത്തുക.
11. തൊഴിലിതിഷ്ഠിത വിദ്യഭ്യാസം സ്കൂളിൽ നടപ്പിലാക്കുക.
12. അങ്കണവാടികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. സ്വന്തമായി കെട്ടിടം നിർമ്മിച്ചും കൊടുക്കുക.
13. സ്കൂൾ മേഖലയിൽ രാഷ്ട്രീയ വിദ്യഭ്യാസം നടപ്പിലാക്കി പൗരബോധം വളർത്തുക.
14. വനിതാ ഗ്രന്ഥശാലകൾ തുടങ്ങുക.
15. ഒരു വനിതാ പോളിടെക്നിക് സർക്കാർ തലത്തിൽ സ്ഥാപിക്കുക.
16. വിദ്യഭ്യാസം തുടർന്ന് പോകാത്ത വിദ്യാർത്ഥികൾക്ക് വേണ്ടി വെൽഫെയർ കമ്മറ്റികൾ രൂപികരിച്ച് തുടർ വിദ്യഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
17. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ട്യൂഷൻ സെന്റർ സ്ഥാപിക്കുക.
18. ഒരു സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുടങ്ങുക.
19. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പുവരുത്തുക.
20. മെഴുകുതിരി നിർമ്മാണം, സോപ്പ്, ബീഡി, കുട എന്നിവയുടെ നിർമ്മാണം റെഡിമെയ്ഡ് ഗാർമെന്റ്സ്, ഡ്രൈക്ലീനിങ്ങ്, പ്രിൻറിംഗ് പ്രസ്സ്, ആയുർവേദ മരുന്നുകൾ, പലഹാര നിർമ്മാണം എന്നിവയുടെ ഓരോ യൂണിറ്റുകൾ വനിതാ സംരംഭകരെക്കൊണ്ട് തുടങ്ങാൻ സംവിധാനമുണ്ടാക്കുക.
21. കരകൗശല വസ്തുക്കളുടെ ഒരു വിപണന കേന്ദ്രം തുടങ്ങുക.
22. വീടുകളിൽ പച്ചക്കറി തോട്ടം നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
23. സ്ത്രീകൾക്കുമാത്രം ഇരുചക്ര വാഹനങ്ങൾ ഓടിക്കാനുള്ള ഒരു പരിശീലന കേന്ദ്രം ആരംഭിക്കുക.
24. ഖാദി കേന്ദ്രങ്ങൾ വ്യാപകമായി തുടങ്ങുക. ഖാദി വിപണന കേന്ദ്രവും തുടങ്ങുക.
25. വിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കുക.
26. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക.
27. വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം വർദ്ധിപ്പിക്കുക.
28. വനിതാ സംവരണം 50% ശതമാനമായി ഉയർത്തുക.
29. അശ്ലീല പരസ്യങ്ങൾ നിർബന്ധമായി നിർത്തലാക്കുക.
30. പ്രസവാനുകൂല്യം യഥാസമയം ലഭിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.
31. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുടുംബ കോടതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.
32. എല്ലാ അങ്കണവാടികളിലും മഹിളാ സ്വസ്ത് സംഘ് രൂപീകരിക്കുക.
33. പഞ്ചായത്ത് തലത്തിൽ ഒരു ക്രഷ് നടപ്പിലാക്കുക.
34. ബസ്സുകളിൽ സ്ത്രീകളുടെ സീറ്റ് സ്ത്രീകൾക്കുമാത്രമാക്കുക.
35. പഞ്ചായത്ത്-സ്കൂൾ തലങ്ങളിൽ സ്ത്രീകൾക്കുവേണ്ടി പ്രത്യേക കലാകായിക കേന്ദ്രങ്ങൾ നടപ്പിലാക്കുകയും കോച്ചിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.
36. തിരുവാതിരക്കളി, ഒപ്പന, ഓട്ടൻതുള്ളൽ, കൈകൊട്ടികളി, നൃത്തങ്ങൾ, ശാസ്ത്രീയ സംഗീതം ഇവ പരിശീലിപ്പിക്കുന്നതിന് കേന്ദ്രങ്ങൾ വാർഡുതലത്തിൽ തുടങ്ങുക.
37. അങ്കണവാടികളിൽ രണ്ട് ടീച്ചർമാരെ വീതം നിയമിക്കുകയും, സേവനത്തിന് അനുകൂലമായ അംഗീകാരം നൽകുകയും ചെയ്യുക.
38. സ്ത്രീ സൗന്ദര്യ മത്സരങ്ങൾ നടത്തുന്നത് നിയമം മൂലം നിരോധിക്കുക.
39. വനിതാ പോലിസ് സ്റ്റേഷൻ താലൂക്കുകൾ തോറും ആരംഭിക്കുക.

# 10. സഹകരണം

<u>ആമുഖം</u>

വേലൂർ പഞ്ചായത്തിൽ നിലവിലുള്ള മൂന്നു ക്രഡിറ്റ് സർവ്വീസ് സഹകരണ ബാങ്കുകളിൽ ആദ്യമായി രൂപീകരിച്ചത് തയ്യൂർ സഹകരണ ബാങ്കാണ് ഇതിന്റെ പ്രവർത്തന പരിധി തയ്യൂർ വില്ലേജ് മാത്രമണ്. ഇതിനുശേഷം വേലൂർ കിരാലൂർ വില്ലേജുകൾ ചേർത്തുകൊണ്ട് വേലൂർ സർവ്വീസ് സഹകരണ സംഘവും വെള്ളാറ്റഞ്ഞൂർ ഇയ്യാൽ എന്നീ വില്ലേജുകൾ ചേർത്ത് വെള്ളാറ്റഞ്ഞൂർ സഹകരണസംഘവും രൂപീകരിച്ചു. ബാങ്കുകളുടെ പ്രവർത്തന പരിധിയിൽപെട്ട എല്ലാ വീടുകളിൽനിന്നും ബാങ്കിൽ മെമ്പർമാരുണ്ട്. ഇവർ ബാങ്കുമായി നല്ല രീതിയിൽ സഹകരിച്ചു വരുന്നു. ഈ മൂന്നു സഹകരണ ബാങ്കുകളിലുമായി മൊത്തം 11992 അംഗങ്ങളും 29 ജീവനക്കാരും ഉണ്ട്.എല്ലാ നിത്യോപയോഘസാധനങ്ങളും ബാങ്ക് സ്റ്റോറുംകൾ വഴിയായി വിതരണം ചെയ്തു വരുന്നു.

## സഹകരണ മേഖല റിപ്പോർട്ട്

ഈ പദ്ധതിയിൽ ക്രെഡിറ്റ് ഇനത്തിൽ മൂന്നും, നോൺ ക്രെഡിറ്റ് ഇനത്തിൽ അഞ്ചും സ്കൂൾ സഹകരണ സംഘങ്ങൾ രണ്ട് എണ്ണവും ഉണ്ട്.

### ക്രെഡിറ്റ് സംഘങ്ങൾ

**1. തയ്യൂർ സവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 95**

| | |
|---|---|
| ആരംഭിച്ചത് | 5 - 9 - 1096 (കൊല്ലവർഷം) |
| പ്രവർത്തനമേഖല | തയ്യൂർ വില്ലേജ് മാത്രം (9, 10 വാർഡുകൾ) |
| ആകെ അംഗങ്ങൾ | 2100 |
| ഓഹരി വില | 5 - 00 |
| അംഗീകൃത ഓഹരി മൂലധനം | Rs. 500000/- |
| പിരിഞ്ഞു കിട്ടിയ ഓഹരി | Rs. 350000/- |
| സർക്കാർ ഓഹരി | Rs. 50000/- |
| ജീവനക്കാരുടെ എണ്ണം | 4 |
| ക്ലാസിഫിക്കേഷൻ | C |
| ഡെപ്പോസിറ്റ് | Rs. 50.57 ലക്ഷം |
| ഹ്രസ്വകാലം | Rs. 10.19 ലക്ഷം |
| വായ്പകൾ നിലവിൽ | |
| വിള വായ്പ | Rs. 24.90 ലക്ഷം |
| ദീർഘകാല വായ്പ | Rs. 4.90 ലക്ഷം |
| കാർഷികേതര വായ്പ | Rs. 19.60 ലക്ഷം |
| സ്വർണ്ണ പണ്ട വായ്പ | Rs. 14.00 ലക്ഷം |
| വളം, കീടനാശിനി, തുണിച്ചരക്ക് എന്നീ | |

**2. വേലൂർ സർവ്വീസ് സഹകരണസംഘം ക്ലിപ്തം 465**

| | |
|---|---|
| പ്രവർത്തനമേഖല | വേലൂർ, കിരാലൂർ 1, 2, 3, 4, 5, വാർഡുകൾ |
| ആരംഭിച്ചത് | 14 - 8 - 1118 (കൊല്ലവർഷം) |
| ആകെ അംഗങ്ങൾ | 6482 |

| | |
|---|---|
| ഓഹരി വില | Rs. 10-00 |
| അംഗീകൃത ഓഹരി മൂലധനം | Rs. 1500000/- |
| പിരിഞ്ഞു കിട്ടിയ ഓഹരി | Rs. 1297880/- |
| സർക്കാർ ഓഹരി | Rs. 110000/- |
| <u>ക്ലാസിഫിക്കേഷൻ</u> | (B) |

നിക്ഷേപങ്ങൾ

| | |
|---|---|
| സ്ഥിരനിക്ഷേപം | Rs. 27461179 |
| ഹ്രസ്വകാല നിക്ഷേപം | Rs. 2299881 |

<u>വായ്പകൾ</u>

| | |
|---|---|
| കാർഷികവിള വായ്പകൾ | Rs. 7013330 |
| മദ്ധ്യകാല വായ്പകൾRs. 290189 | |
| ദീർഘകാല വായ്പകൾ | Rs. 1371770 |
| സാധാരണ വായ്പകൾ | Rs. 9145121 |
| ഭവനനിർമ്മാണ വായ്പകൾ | Rs. 51969 |
| സ്വയംതൊഴിൽ വായ്പകൾ | Rs. 75498 |
| ഹയർപർച്ചേയ്സ് | Rs. 1055486 |
| പണ്ടംപണയം | Rs. 10556300 |
| പ്രതിമാസ നിക്ഷേപപദ്ധതി | Rs. 4393387 |
| ജീവനക്കാരുടെ എണ്ണം | 19 |

മൂന്നു റേഷൻ കടകളും, മൂന്ന് കൺസ്യൂമർ സ്റ്റോറുകളും തുണികടയും വളം കീടനാശിനി കാർഷികോപകരണങ്ങൾ എന്നിവയും വ്യാപാരം ചെയ്തുവരുന്നു.

### 3. <u>വെള്ളാറ്റഞ്ഞൂർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3906</u>

| | |
|---|---|
| വില്ലേജുകൾ | |
| ആരംഭിച്ച വർഷം | 10 - 6 - 1956 AD |
| ആകെ അംഗങ്ങൾ | 3410 |
| ഓഹരി വില | Rs. 10 |
| അംഗീകൃ ഓഹരി മൂലധനം | Rs. 500000 |
| പിരിഞ്ഞുകിട്ടിയ ഓഹരി | Rs. 384900/- |
| സർക്കാർ ഓഹരി | Rs.5500/- |
| ജീവനക്കാരുടെ എണ്ണം | 6 |

<u>നിക്ഷേപങ്ങൾ</u>

| | |
|---|---|
| സ്ഥിരനിക്ഷേപം | Rs. 3956775/- |
| ഹ്വസ്വകാല നിക്ഷേപം | Rs. 1459468/- |

<u>വായ്പകൾ</u>

| | |
|---|---|
| വിള വായ്പ | Rs. 3259641/- |
| മദ്ധ്യകാല വായ്പ | Rs.56775/- |
| ദീർഘകാല വായ്പ | Rs. 54772/- |
| പണ്ടം പണയം | Rs. 5170985/- |

| | |
|---|---|
| ഭവനനിർമ്മാണം | Rs. 73484/- |
| വീടു നന്നാക്കൽ | Rs. 91076/- |
| കക്കൂസ് നിർമ്മാണം | Rs. 1989/- |
| വീട്ടാവശ്യത്തിന് | Rs. 777457/- |
| ഐ. ആർ. ഡി. പി. വായ്പ | Rs. 281618/- |
| ഏരിയ ഡവലപ്മെന്റ് | Rs. 322617/- |
| നാളികേര വികസനം | Rs. 45430/- |
| ക്ലാസിഫിക്കേഷൻ | C (സി) |

## നോൺ ക്രഡിറ്റ് സഹകരണ സംഘങ്ങൾ

1. തയ്യൂർ ക്ഷീര സഹകരണ സംഘം
   ആരംഭിച്ച തിയ്യതി 23 - 9 - 1996
   ആകെ അംഗങ്ങൾ 406

2. പുലിയന്നൂർ ക്ഷീരസഹകരണ സംഘം No. R. 202 (D)
   ആരംഭിച്ച തിയ്യതി 13 - 9 - 1995
   ആകെ അംഗങ്ങൾ 94

3. വേലൂർ, കുറുമാൽ ക്ഷീരസഹകരണ സംഘം
   ആരംഭിച്ച തിയ്യതി 13 - 9 - 1995
   ആകെ അംഗങ്ങൾ 50

4. കിരാലൂർ ക്ഷീരസഹകരണ സംഘം പ്രവർത്തനസജ്ജമായിരിക്കുന്നു.

## സ്കൂൾ സഹകരണ സംഘങ്ങൾ

1. വേലൂർ ഹൈസ്കൂൾ സഹകരണ സംഘം
2. വേലൂർ പള്ളി സ്കൂൾ സഹകരണ സംഘം

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കണം.
2. പഞ്ചായത്ത് തലത്തിൽ ഒരു വനിത ക്ഷേമസഹകരണ സംഘം രൂപീകരിക്കണം.
3. കാംകോ അടക്ക മാർക്കറ്റിങ്ങ് സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ച് അനുവദിക്കണം.
4. കൊപ്ര സംഭരണത്തിന് ആവശ്യമായ ധനസഹായം കേരഫെഡിൽ നിന്നും അനുവദിക്കണം.
5. സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി വർദ്ധിപ്പിക്കുക.
6. സഹകരണ ബാങ്കുകളിലെ ഓഡിറ്റിങ്ങിന് ഓഡിറ്റിങ്ങ് ചാർജ്ജ് സർക്കാർ വഹിക്കേണ്ടതാണ്.
7. ബ്ലെയ്ഡു കമ്പനികളും, സ്വകാര്യ ധനസ്ഥാപനങ്ങളും, ചിട്ടി കമ്പനികളും നിയന്ത്രിക്കുക.
8. അർഹരായ സാധുക്കളായ അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സഹകരണസംഘങ്ങൾ വഴി ലോൺ സർക്കാരിൽ നിന്നും വിതരണം ചെയ്യുക.
9. സാങ്കേതികമായ നവീകരണത്തിന് കംപ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം സഹകരണബാങ്കുകൾക്ക് അനുവദിക്കുക.
10. ബാങ്ക് ജീവനക്കാർക്കും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും പരിശീലനം നൽകുക.
11. തയ്യൂർ, വെള്ളാറ്റഞ്ഞൂർ സഹകരണ ബാങ്കുകൾക്ക് ഒന്നു വീതവും വേലൂർ സഹകരണബാങ്കിന് രണ്ടും ബ്രാഞ്ചുകൾ അനുവദിക്കുക.
12. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ സൗകര്യത്തിനും സഹകരണ ബാങ്കുകളുടെ ഉന്നമനത്തിനും

വേണ്ടി സഹകരണ ബാങ്കുകളിൽ NRE, NRENI എന്നീ എക്കൗണ്ടുകൾ അനുവദിക്കുക.

13. മറ്റു ബാങ്കുകളേക്കാൾ നിക്ഷേപങ്ങൾക്ക് സഹകരണ ബാങ്കുകളിൽ കൂടുതൽ പലിശ നൽകുന്നതി സംവിധാനമുണ്ടാക്കുക.
14. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിജയത്തിന് പദ്ധതിക്ക് അനുവദിക്കുന്ന സം സഹകരണസംഘങ്ങൾക്ക് മുൻകൂറായി നൽകുക.
15. കർഷകർക്ക് കാർഷിക വായ്പക്ക് അനുവദിക്കുന്ന പലിശ സബ്സിഡി ലോൺ അടക്കു അവസരത്തിൽ തന്നെ കൊടുക്കുന്നതിന് സംവിധാനമുണ്ടാക്കുക.
16. ഡിപ്പാർട്ട്മെന്റ് ജീവനക്കാരുടെ മേൽക്കോയ്മ അവസാനിപ്പിച്ച് സഹകരണ സംഘങ്ങളുടെ വളർച്ചക ആവശ്യമായ സഹകരണം ഉറപ്പാക്കുക.
17. പഞ്ചായത്ത് തലത്തിൽ ഒരു കാർപെന്റർ സഹകരണസംഘം രൂപീകരിക്കുക.
18. പഞ്ചായത്ത് തലത്തിൽ ഒരു റബ്ബർ കർഷകസഹകരണസംഘം ആവശ്യമാണ്.
19. പച്ചക്കറി സഹകരണ സംഘവും, ഹൗസിംങ്ങ് സഹകരണസംഘവും, ബീഡിതൊഴിലാളി സഹകരണസംഘവും ആരംഭിക്കുക.
20. സഹകരണസംഘങ്ങളെ കാർന്നു തിന്നുന്ന കുടിശ്ശിക പിരിക്കുന്നതിന് സർക്കാർ ഊർജ്ജിത നടപടിക സ്വീകരിക്കുക. ജപ്തി നടപടികൾ സമയാസമയങ്ങളിൽ നടത്തുക.

# 11-പട്ടിക ജാതി വികസനം

## ആമുഖം

കേരള ഗ്രാമങ്ങളുടെ ശരാശരി നിലവാരത്തിൽ നിന്നും എല്ലാതലങ്ങളിലും പിന്നോക്കം നിൽക്കുന്ന വേലൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ജീവിതത്തിലേക്ക് ചെറിയതോതിൽ നടത്തിയ അന്വേഷണത്തിൽ അറിഞ്ഞകാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ 10 വാർഡുകളിലായി 3218 പേർ പട്ടികജാതി വിഭാഗത്തിൽപെടുന്നവരുണ്ട്. 1552 പുരുഷന്മാരും 1661 സ്ത്രീകളും. മുപ്പത് കോളനികളിലും മറ്റ് അധിവാസ സ്ഥലങ്ങളിലുമായി പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 15 ശതമാനം വരുന്ന പട്ടിജാതിക്കാർ താമസിക്കുന്നു.

എണ്ണം കൊണ്ട് ഏറെയുണ്ടെങ്കിലും, ഭൂസ്വത്തിൽ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 2 ശതമാനം പോലും ഇവരുടേതായിട്ടില്ല. മാത്രമല്ല തമിഴ് പലിശക്കാർ തൊട്ട് ദേശാൽസകൃത ബാങ്കുകൾ വരെ ബന്ധപ്പെട്ട് ഈ സമൂഹം കടത്തിന്റെ കെട്ടിൽപ്പെട്ടിരിക്കുന്നു. തൊഴിൽ ദിനങ്ങളിലെ കുറവും സുരക്ഷിതജോലി ഇല്ലായ്മയും മൂലം ഭൂരിഭാഗം പട്ടികജാതിക്കാരും ഇന്നും ദരിദ്രർ തന്നെ.

വിദ്യാഭ്യാസ രംഗത്ത് പാരമ്പര്യമായി വിദ്യാസമ്പന്നരായിരുന്നവരുമായി താരതമ്യം ചെയ്യുമ്പോൾ ഇവരുടെ കുട്ടികൾ ഏറെ പിന്നിലാണ്. എന്നിരുന്നാലും പഠിയ്ക്കേണ്ട പ്രായത്തിലുള്ള കുട്ടികൾ മിക്കവാറും എല്ലാവരും വിദ്യാർത്ഥികളാണ്. പഞ്ചായത്തിലെ നൂറ് വിദ്യാലയങ്ങളിലായി 591 പട്ടികജാതി വിദ്യാർത്ഥികളുണ്ട്. 281 ആൺകുട്ടികളും 310 പെൺകുട്ടികളും. കൂടാതെ നിരവധി വിദ്യാർത്ഥികൾ സർവ്വകലാശാലകളിലും, പാരലൽ കോളേജുകളിലും പഠിയ്ക്കുന്നു.

സാമൂഹ്യ രംഗത്തെ സ്ഥിതി ആരോഗ്യകരമാണ്. സാമൂഹികമായ ഉച്ചനീചത്വങ്ങൾ ഇല്ലെന്നു തന്നെ പറയാം. സാമുദായിക സ്പർദ്ധയോ തൊട്ടുകൂടായ്മയോ നിലനിൽക്കുന്നില്ല. വിശേഷാവസരത്തിൽ എല്ലാ സമുദായക്കരും പങ്കെടുക്കുന്ന സ്ഥിതിയുണ്ട്. ജാതിയെ അധിക്ഷേപിക്കുന്നതോ താഴ്ത്തി കാണിക്കുന്നതോ ആയ പ്രശ്നങ്ങൾ തീരെ ഉണ്ടാകാറില്ല.

കാർഷിക മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ് ഏറെപേരും. സ്വന്തം ഭൂമിയിൽ കൃഷിചെയ്ത് ഉപജീവനം നടത്തുന്നവർ ഇല്ലെന്ന് തന്നെ പറയാം. കർഷകതൊഴിലാളികളാണ് മഹാഭൂരിപക്ഷവും. കരിങ്കൽ ക്വാറികളിലും മറ്റു വ്യവസായ മേഖലകളിലും കുറച്ച് പട്ടികജാതിക്കാരുണ്ട്. എങ്കിലും സ്വകാര്യ വിദ്യാലയങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയിലെ കൂടുതൽ സുരക്ഷിതമായ ജോലികൾ ഇന്നും അവർക്ക് അന്യം തന്നെയാണ്. കർഷകതൊഴിലാളികൾക്കാകട്ടെ ഭേദപ്പെട്ട വേതനം ലഭിക്കുന്നുണ്ടെങ്കിലും തൊഴിൽ ദിനങ്ങൾ വളരെ കുറവ് മാത്രമേ ലഭിക്കാറുള്ളൂ. കുലത്തൊഴിലായ കൊട്ടനെയ്ത്ത് പോലുള്ളവ മിക്കവാറും അവസാനിച്ചിരിക്കുന്നു. ഭേദപ്പെട്ട തൊഴിലുകളുള്ള ചുരുക്കം ചിലരുണ്ടെന്നുമാത്രം. കേരളത്തെ സമ്പന്നമാക്കിയ ഗൾഫ് മേഖലയിലും അപൂർവ്വം ചിലർക്കേ കടന്നു ചെല്ലാൻ സാധിച്ചിട്ടുള്ളൂ.

30 കോളനികളിലായി 600 കുടുംബങ്ങളാണ് ജീവിക്കുന്നത്. 228 കുടുംബങ്ങൾക്ക് ഇനിയും സ്വന്തമായി വീടുകളില്ല. 10 കുടുംബങ്ങൾക്ക് പുരയിടം തന്നെയില്ല. അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ഇനിയും ഏറെ സ്ഥലത്തും എത്തേണ്ടതുണ്ട്.

സ്ത്രീകൾക്ക് സമുദായങ്ങളിൽ മാന്യമായ, ഏകദേശം തുല്യമായ പദവി ഉണ്ട്. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ഒരളവോളം ബാക്കി നിൽക്കുന്നുണ്ട്. മദ്യപാനം തകർത്ത കുടുംബങ്ങളും ഒട്ടേറെയുണ്ട്. അതുകൊണ്ട് തന്നെ ഇത്തരം തിന്മകൾക്കെതിരെ ശക്തമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ഓരോ വാർഡിലും എത്തിക്കേണ്ട ഏറ്റവും അത്യാവശ്യമായ കാര്യങ്ങൾ താഴേ ചേർക്കുന്നു.

വാർഡ് I

ഏഴ് കോളനികളുണ്ട്

1. ലക്ഷംവീട് കോളനി
2. അവണപ്പറമ്പ് കോളനി
3. താമരത്തിരുത്തി കോളനി
4. പുല്ലോറ കോളിനി
5. പറയ കോളനി
6. വില്ലംക്കോട് കോളനി
7. പടിഞ്ഞാറ്റുമുറി കോളനി

ഏഴ് കോളനികളിലുമായി ആകെ 120 കുടുംബങ്ങൾ ഉണ്ട്. ഇനിയും 70 വീടുകൾ പുതുതായി നിർമ്മിക്കണം. 74 വീടുകൾക്ക് കക്കൂസ്, 74 വീടുകളിൽ വൈദ്യുതി എന്നിവയും വേണം. 6 കിണറുകളും 5 കുഴൽ കിണറുകളും നിർമ്മിക്കേണ്ടതുണ്ട്. I.R.D.P. പ്രകാരം 50 പശുക്കളും 70 ആടുകളെയും പന്നി, മുയൽ, കോഴി, കാട എന്നിവയും വികസനത്തിനുവേണ്ടി നൽകണം. 6 കേന്ദ്രങ്ങളിൽ ടി. വി. സ്ഥാപിക്കുകയും, അംങ്കണവാടി അനുവദിക്കുകയും വേണം. രണ്ടു കോളനികളിലായി 55 സെന്റ് പറംമ്പോക്കിൽ മൈക്രോ വാട്ടർ സപ്ലൈ സ്കീം പ്രകാരം കുഴൽ കിണറും അവണപ്പറമ്പ് പുറംപോക്കിലെ കുളത്തിന്റെ വർക്കും ഉടനടി നടപ്പാക്കണം. പടിഞ്ഞാറ്റുമുറി കോളനികളിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുകയും 30 കാലുകൾ കോളനിക്കുള്ളിൽ സ്ഥാപിച്ച് വൈദ്യുതി സൗകര്യം വിപുലപ്പെടുത്തുകയും വേണം. തെരുവുവിളക്കുകൾ കത്തിക്കുകയും വേണം.

വാർഡ് II

ഒറ്റ കോളനി

1. കുട്ടം കുളം കോളനി

ഈ കോളനിയിൽ ആകെ 9 വീടുകളാണുള്ളത്. 2 പേർ പുറംപോക്കിലാണ് താമസിക്കുന്നത്. ഇവർക്ക് വീടുകൾ, കക്കൂസ്, വൈദ്യുതി, വെള്ളം 3 പേർക്ക് വീടും, 3 പേർക്ക് കക്കൂസും, 3 പേർക്ക് വൈദ്യുതിയും എത്തിക്കണം. 1 കിണർ കുഴിക്കണം. 2 പേർക്ക് വീടുനുള്ള സ്ഥലവും നല്കണം. I.R.D.P. പ്രകാരം 2 പശു 10 ആടുകൾ എന്നിവയെയും നൽകണം. ഒരു T.V. കേന്ദ്രവും സ്ഥാപിക്കണം. കിരാലൂർ റോഡിൽ നിർമ്മിച്ചിട്ടുള്ള കുഴൽ കിണറിലെ വെള്ളം പ്രധാനപ്പെട്ട ലൈനോട് ബന്ധിപ്പിക്കുകയും, ശ്രീ. ടി. പി. വർഗ്ഗീസിന്റെ സ്ഥലത്ത് ഒരു കുഴൽ കിണർ കുഴിക്കുകയും ചെയ്യുന്നതുമൂലം 2, 3, വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

വാർഡ് III

മൂന്നാം വാർഡിൽ ആകെ രണ്ട് കോളനികൾ ഉണ്ട്

1. നടുവിലങ്ങാടി കോളനി
2. കോടശ്ശേരി കോളനി

47 വിടുകൾ ഉണ്ട്. 10 പുതിയ വീടുകൾ വേണം. 10 വീടുകൾക്ക് കക്കൂസും 10 വീടുകളിൽ വൈദ്യുതിയും എത്തിക്കേണ്ടതുണ്ട്. 2 കിണറുകളും ഒരു കുഴൽ കിണറും ഈ വാർഡിൽ സ്ഥാപിക്കണം. 10 പശുക്കളെയും 40 ആടുകളെയും IRDP പ്രകാരം നൽകണം. 2 കേന്ദ്രങ്ങളിൽ ടി. വി. സ്ഥാപിക്കണം. കോടശ്ശേരി റോഡ് കനാലിന്റെ ബണ്ടിനോട് യോജിപ്പിക്കണം. പൊട്ടിനിച്ചിറ വൃത്തിയാക്കി സൈഡ് കെട്ടണം.

വാർഡ് IV

ഈ വാർഡിൽ മൂന്ന് കോളനികളുണ്ട്

1. കുറുമാൽ പടിഞ്ഞാറെ കോളനി
2. മിച്ചഭൂമി കോളനി
3. എഴുത്തശ്ശൻ കോളനി

മൊത്തം 63 കുടുംബങ്ങൾ ഉണ്ട്. 2 കുടുംബങ്ങൾ പുറംപോക്കിൽ താമസിക്കുന്നു. അവർക്ക് പുരയിടം അടക്കം 38 കുടുംബങ്ങൾക്ക് പുതിയ വീടുകൾ നൽകുക. 38 വീടുകളിൽ കക്കൂസ്, 38 കുടുംബങ്ങൾക്ക് വൈദ്യുതി എന്നിവ നൽകുക. 3 കിണറുകൾ (സാധ- കുഴൽ) കൂടിയുണ്ടായാൽ കുടിവെള്ള പ്രശ്നത്തിന് പരുഹാരമാകും. IRDP യിൽ നിന്ന് 20 പശു 35 ആടുകൾ എന്നിവ ലഭ്യമാക്കണം. 3 കേന്ദ്രങ്ങളിൽ ടി. വി. സ്ഥാപിക്കേണ്ടതുണ്ട്. അവശ, അഗതി, കലാകാരൻമാർ മുതലായവർക്ക് പെൻഷനും, ക്ഷേമനിധി സൗകരവും നൽകണം. തൊഴിൽ പരിശീലനത്തിന് സ്റ്റൈപ്പന്റ് നൽകുക. ദരിദ്രരായ പട്ടികജാതിക്കാർക്ക് വിവിധ മേഖലകളിൽ ധനസഹായ നൽകുക. കുടിയേറിയ പട്ടികവർഗ്ഗക്കാർക്ക് (നായാടികൾ) മിച്ച ഭൂമി പട്ടയ ക്യാമ്പ് പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുക. അതിന് കെട്ടിടവും സത്രവും ഉണ്ടായിരിക്കണം. വസ്ത്രവും, ഭക്ഷണവും ഉണ്ടായിരിക്കണം.

**വാർഡ് V**

രണ്ട് കോളനികൾ ഉണ്ട്

1. വടക്കുമുറി കോളനി
2. R.M.S. കോളനി

26 കുടുംബങ്ങൾ ഉണ്ട്. 9പുതിയ വീടുകൾ ലഭ്യമാക്കണം. 9 കക്കൂസ് വൈദ്യുതിയടക്കം. 2 സ്ഥലത്ത് സാധാരണ കിണറുകളും ഒരു കുഴൽ കിണറും വേണം. IRDP പ്രകാരം 9 പശു 20 ആടുകൾ എന്നിവ വേണം. രണ്ട് കേന്ദ്രങ്ങളിൽ ടി. വി. സ്ഥാപിക്കണം.

**വാർഡ് VI**

മൂന്ന് കോളനികൾ ഉണ്ട്

1. മിച്ചഭൂമി കോളനി
2. പാണൻ കോളനി
3. കുറുവന്നൂർ കോളനി

മൂന്ന് കേന്ദ്രങ്ങളിലായി 41 കുടുംബങ്ങൾ ഉണ്ട്. 20 പുതിയ വീടുകൾ ഉണ്ടാക്കുമ്പോൾ 20 ഉം വൈദ്യുതിയും ഇപ്പോൾ ഇല്ലാത്തത് അടക്കം 20 പുതിയ കക്കൂസുകളും നിർമ്മിക്കേണ്ടതുണ്ട്. ഒരു കുഴൽ കിണർ കുഴിക്കുകയാണെങ്കിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. 14 പശുക്കളേയും 20 ആടുകളേയും IRDP ൽ നിന്ന് ലഭിക്കാനുള്ള ഏർപ്പാടുണ്ടാക്കണം. 3 കേന്ദ്രങ്ങളിൽ ടി. വി. സ്ഥാപിക്കണം.

**വാർഡ് VII**

ഒരു കോളനി

1. തോന്നല്ലൂർ കോളനി

വാർഡിലാകെ 38 വീടുകളുണ്ട്. 5 പുതിയ വീടുകൾ വേണ്ടതുണ്ട്. അവർക്കടക്കം 17 വീടുകളിൽ കക്കൂസും 14 വീടുകളിൽ വൈദ്യുതി കണക്ഷനുകളും നൽകുക. ഒരു സാധ കിണറും ഒരു കുഴൽ കിണറും ആവശ്യമാണ്. 5 പശുക്കളും 10 ആടുകളും IRDP പ്രകാരം നൽകാവുന്നതാണ്. ഒരു ടി. വി. കേന്ദ്രവും നിർമ്മിക്കണം. കോളനിയിലുള്ള റോഡ് ടാറിടണം.

**വാർഡ് VIII**

മൂന്ന് കോളനികളുണ്ട്

1. ലക്ഷം വീട് കോളനി
2. പുള്ളവ കോളനി
3. ചെറുകുന്ന് കോളനി

മൂന്ന് കോളനികളിലായി 38 വീടുകൾ ഉണ്ട്. 21 പുതിയ വീടുകൾ നിർമ്മിച്ച അവക്കടെക്കം 21 കക്കൂസ് 21 വൈദ്യുതി കണക്ഷനുകൾ എന്നിവ നൽകണം. 2 കിണറും 2 കുഴൽ കിണറും നൽകുക. 15 പശുവും 15 ആടുകളേയും കൊടുക്കുക. പുള്ളവ കോളനിയിലേക്ക് കാഞ്ഞിരാൽ പൈപ്പ് ലൈനിൽ നിന്ന് എക്സ്റ്റന്റ് ടേപ്പ് ഇടുക. ലക്ഷം വീട് കോളനി റോഡ് സൈഡ് കെട്ടി സഞ്ചാര യോഗ്യമാക്കുക. ലക്ഷം വീട് കോളനിയിലെ ഇടിഞ്ഞ കിണർ കെട്ടി ഇറക്കി സംരക്ഷിക്കുക. ചെറുകുന്ന് കോളനിയിൽ ഒരു ഹാന്റ് പമ്പ് IRDP വഴി നൽകണം. 3 ടി. വി. കേന്ദ്രങ്ങളും ആവശ്യമാണ്. പുള്ളവ കോളനി റോഡ് ടാറ് ചെയ്യണം.

**വാർഡ് IX**

മൂന്ന് കോളനികൾ ഉണ്ട്

1. വെള്ളിപ്പറ്റ് കോളനി
2. കാഞ്ഞിരാൽ കോളനി ( I.H. D. P)
3. കുന്നത്തു പുരയ്ക്കൽ കോളനി

ആകെ 71 കുടുംബങ്ങൾ ഉണ്ട്. 47 പുതിയ വീടുകളും 47 കക്കൂസുകളും 47 വീടുകൾക്ക് വാദ്യുതിയുംഅത്യവശ്യമാണ്. മറ്റ് വയറിംഗ് കഴിഞ്ഞ ഹരിജൻ കുടുംബങ്ങൾക്ക് അടിയന്തിരമായി കണക്ഷൻ കൊടുക്കുവാൻ ഏർപ്പാട് ചെയുക. 2 ഇടങ്ങളിൽ കുഴൽകിണറുകൾ വേണം. വെള്ളിപ്പറ്റ് കോളനിയിലേക്ക് 500 മീറ്റർ അകലെയുള്ള കാഞ്ഞിരാൽ പൈപ്പ് ലൈനിൽ നിന്നും എക്സ്റ്റന്റം ചെയ്തു ടംപ്പ് സഞ്ചാരയോഗ്യമാക്കുക. കാഞ്ഞിരാൽ കോളനിയിൽ നിന്നും തിറവരെ റോഡുണ്ടാക്കുക. പൈപ്പ്ലൈൻ മൂന്ന് കോളനികളേയും ബന്ധിപ്പിച്ച് നടപ്പാക്കുക. അല്ലെങ്കിൽ കൊടുവള്ളി പാടത്ത് പുറം പോക്ക് സ്ഥലത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി സപ്ലൈ ചെയ്യാനുള്ള നടപടി ഏർപ്പെടുത്തുക. ചെറിയ ചെറിയ യൂണിറ്റുകൾ ഉണ്ടാക്കി തൊഴിൽ സംരംഭം വളർത്തിയെടുക്കുക. ദരിദ്ര വിഭാഗത്തിൽപ്പെട്ട IRDP ലിസ്റ്റിൽപ്പെട്ടവർക്ക് 3 കേന്ദ്രങ്ങളിലും ടി.വി. കേന്ദ്രം സ്ഥാപിക്കുക. 2 സാധകിണറുകൾ വെണം.

**വാർഡ് X**

മൊത്തം 5 കോളനികൾ

1. പഴവൂർ തെക്കേ കോളനി
2. „ വടക്കേ കോളനി
3. „ കിഴക്കേ കോളനി
4. തയ്യൂർ വായനശാല കോളനി
5. കോട്ടപ്പുറം കോളനി ( I.H.D.P)

120 വീടുകൾ 90 പുതിയ വീടുകൾ വേണം. 90 കക്കൂസുകളും 90 വൈദ്യുതികണക്ഷനുകളും വേണം. ഒരു സാധരണ കിണറും. 5 കുഴൽ കിണറുകളും 30 പശുക്കൾ 50 ആടുകൾ എന്നിവ IRDP പ്രകാരം കിട്ടണം. 4 ടി.വി. കേന്ദ്രങ്ങൾ സ്ഥാപിക്കുക. കുടി വെള്ള പ്രശ്നം എരുമപ്പെട്ടി പഞ്ചായത്തുമായി സഹകരിച്ച് പരിഹരിക്കണം. വാർത്താവിനിമയ സൗകര്യങ്ങൾ ഇനിയും വേണം. പ്രധാനമായും ഈ പ്രദേശത്ത് ഒരു വിദ്യലയം ഏർപ്പാടാക്കുക. പഴവൂരിൽ ഒരു ടി.വി. സെന്റർ സ്ഥാപിക്കുക.

മൊത്തം പട്ടികജാതിക്കാരുടെ ക്ഷേമത്തിനുവേണ്ട പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാൻ വേണ്ട സൗകര്യങ്ങളിണ്ടാക്കേണ്ടതുണ്ട്. കൂടുതൽ വിദ്യഭ്യസത്തിനുള്ള പ്രോത്സാഹനവും സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണവും ആവശ്യമാണ്.

സംവരണ മേഖല വിപുലമാക്കണമെന്നും പട്ടികജാതിക്കാർക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രത്യേകം വേണമെന്നും ഗ്രാമസഭയിൽ ആവശ്യമുയർന്നിട്ടുണ്ട്. അഭ്യസ്ത വിദ്യർക്ക് തൊഴിൽ നൽകുകയും ധനസഹായം കിട്ടാനുള്ള വഴികൾ ലഘൂകരിക്കുകയും വേണം. കോളനികളിൽ വായനശാലകളുണ്ടാക്കുകയും സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും വേണം. വഴികളും വഴി വിളക്കുകളും ഇനിയും ഏറെ ഉണ്ടാക്കണം. ഹെൽത്ത് സെന്ററുകൾ കൂടുതൽ വേണം പട്ടികജാതിക്കാർക്കായി സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. കുട്ടികൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്കോളർ ഷിപ്പുകളും നൽകേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സർവ്വേ നടത്തി വേണം കിണറുകൾ കുഴിക്കേണ്ടത്.

പ്രധാനമായി വാഴാനി കനാൽ വേണ്ട രീതിയിൽ ഉപയോഗിച്ച് 1,2,3,4,5 വാർഡുകളും തയ്യൂർ പുഴ, ചെക്കഡാമുകളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പണിത് 6,7,8,9,10 വാർഡുകളും കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയേ തീരൂ.

കർഷകതൊഴിലാളി, ആർട്ടിസാൻ, എന്നിവർക്കുള്ള ക്ഷേമനിധികൾ ഇനിയും ഏറെ പ്രയോജനപ്പെടുത്തണം കർഷക തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാലപെൻഷൻ, തൊഴിലില്ലായ്മ വേതനം, വികലാംഗ പെൻഷൻ എന്നിവയ്ക്ക് അർഹതയുണ്ടായിട്ടും ലഭിക്കാത്ത എത്രയോ പേരുണ്ട്. അവർക്ക് പെൻഷൻ എത്തിക്കുക. സർവ്വോപരി വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഗുണഫലം എല്ലാ തലത്തിലും എത്തിക്കുകയും പട്ടികജാതി സമൂഹത്തിന്റെ എല്ലാതരത്തിലുമുള്ള വിഭവശേഷിയും സമൂഹത്തിന്റെ വളർച്ചക്കുള്ള അടിയത്തറയായി രൂപാന്തരപ്പെടുന്നതുമാകണം. 9-ാം പദ്ധതിയിലൂടെ നാം പ്രാവർത്തികമാക്കേണ്ട ചുമതല കൂടാതെ പഞ്ചായത്തിലെ ഓരോ വാർഡിലും പട്ടികജാതി ക്കാർക്കായി പ്രത്യേക ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തുക. പഞ്ചായത്തിൽ ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക എന്നിവയും വേണം.

നിലവിലുള്ള കോളനികളിൽ ആവശ്യത്തിനും അനാവശ്യത്തിനും ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന അവസ്ഥ നിലനിന്നു വരുന്നു. സാമ്പത്തിക ലാഭം മാത്രം ലാക്കാക്കി നടത്തപ്പെടുന്ന ഈ പ്രവർത്തനങ്ങൾ ഒരുകൂടി ഒഴിപ്പിക്കൽ പ്രവണയുടെ ഫലങ്ങളാണ് ഉളവാക്കുന്നത്. ഈ സ്ഥിതി ഗതികൾ ഒഴിവാക്കുന്നതിനുള്ള നിയമ നിർമ്മാണം എത്രയും വേഗം കൊണ്ടുവന്നാൽ മാത്രമേ ഈ അവസ്ഥയെ മറികടക്കാൻ കഴിയൂ.

# 12-വിഭവ സമാഹരണം

## ആമുഖം

കാലവും മനുഷ്യദ്ധ്വാനവുമാണ് വിഭവ സമാഹരണത്തിന്റെ നാഡീയന്ത്രം. ഭൂഗോളത്തിന്റെ ചലനങ്ങൾക്ക് ഘടികാരത്തിന്റെ വേഗത പ്രതീകമാകുമ്പോൾ നഷ്ടപ്പെടുന്ന നിമിഷങ്ങളെ ഉപയോഗപ്രദമാകുവാൻ മനുഷ്യന്റെ അദ്ധ്വാനശേഷി വിനിയോഗിക്കാൻ മനുഷ്യൻ തയ്യാറായാൽ വിഭവ സമാഹരണത്തെ വിഭവസമൃദ്ധിയിലേക്ക് എത്തിക്കുവാൻ കഴിയും. വേലൂരിനെ സംബന്ധിചിടത്തോളം കാലത്തിന് മനുഷ്യാദ്ധ്വാനവും മനുഷ്യാദ്ധ്വാനത്തിന് കാലവും ഇണചേരുന്നതാണ്.പ്രകൃതി ഏറ്റവും അനുഗ്രഹിച്ചിട്ടുള്ള ഒരു ഭൂപ്രദേശം എന്ന് വേണമെങ്കിൽ വേലൂരിനെ വിശേഷിപ്പിക്കാം. കാർഷിക അഭിവൃദ്ധിക്ക് അനുഗ്രഹമാകുന്ന നല്ല വളകൂറുള്ള മണ്ണ്. അഞ്ച് വാർഡുകളെ തൊട്ടുരുമ്മി പോകുന്ന പുഴ. മറ്റ് കനാലും തോടുകളും എല്ലാം തന്നെ നല്ല രീതിയിൽ ഉപയോഗിച്ചാൽ കാർഷികമായുള്ള ഭക്ഷ്യവിളകളുടേയും നാണ്യവിളകളുടേയും അഭിവൃദ്ധിക്ക് അനുഗ്രഹമാണ്. ആവശ്യമായ മത്സ്യവിഭവ സമാഹരണത്തിനും മൃഗസംരക്ഷണത്തിനും പരിപാലനത്തിനും ഒട്ടേറെ പ്രതീക്ഷകൾ ഈ പ്രകൃതിയുടെ അനുഗ്രഹത്തിലൂടെ ഉള്ളത്താണ്. കുന്നിൻ ചെരുവുകളിൽ ചാരുതയോടെ കഴിയുന്ന 600 ഏക്കറിൽ കൂടുതൽ വരുന്ന വനമേഖല വേലൂരിന്റെ വടക്കു കിഴക്ക് മേഖലയ്ക്ക് ദാനമായി ലഭിച്ച കരിമ്പാറ കൂട്ടങ്ങൾ. മനുഷ്യദ്ധ്വാനത്തെ ഉപയോഗിച്ച് നാണയങ്ങൾ തൊയ്തെടുക്കാവുന്ന പ്രകൃതി സമ്പത്ത്. എല്ലാം പ്രകൃതി നൽകുന്ന വിഭവങ്ങൾ.

ഈ പ്രകൃതി സമ്പത്തിനെ പുഷ്ടിപ്പെടുത്തി ലഭിക്കുന്ന വുഭവസമ്പത്തുക്കളും മറ്റ് തൊഴിൽ മേഖലകളിൽ നിന്നും ബാങ്കിൽ നിന്നും സർക്കാറിൽ നിന്നും അർദ്ധസർക്കാൻ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിഭവസമ്പത്തുക്കളും പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന തനത് നികുതി വരുമാനവും നികുതിയേതര വരുമാനങ്ങളും എല്ലാം ഈ പഞ്ചായത്തിന്റെ ധൃതഗതിയിലുള്ള വികസനത്തിന് ഏറ്റവും ഉപയോഗപ്രദമാകും.

## അവലോകനം

വേലൂർ പഞ്ചായത്തിന്റെ ധനസ്ഥിതിയെകുറിച്ച് ആദ്യമായി അവലോകനം ചെയ്യാം. കഴിഞ്ഞ വർഷം. അതായത് 1995 -96 വർഷത്തിലെ വരവിനങ്ങളേയും ചെലവിനങ്ങളേയും ആദ്യമായി പരിശോധിക്കാം. പഞ്ചായത്തിന്റെ തനത് നികുതി വരുമാനമാനം 19, 10, 209 രൂപയായിരുന്നു. ഇതിൽ സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള നികുതി വിഹിതം 4, 08, 221 രൂപയാണ്. ഗ്രാന്റ് ഇനത്തിൽ ലഭിച്ചിട്ടുള്ള സംഖ്യ 1, 95, 000 രൂപയാണ്. അൺടൈഡ് ഫണ്ട് 3 ലക്ഷം രൂപയും JRY ഫണ്ട് 3 ലക്ഷം രൂപയുമാണ്. ഇതുപോലെ കഴിഞ്ഞ 10 വർഷത്തെ കണക്കുകളെടുത്ത് പരിശോധിച്ചാൽ 1985-86 മുതൽ 94-95 വരെ ശരാശരി 10% മുതൽ 15% വരെയുള്ള വർദ്ധനവ് വർഷം തോറും സർക്കാർ വിഹിതത്തിൽ പ്രകടമായി കാണുന്നുണ്ട്. പഞ്ചായത്തീരാജ് നിയമം വന്നതിന് ശേഷം പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നല്കപ്പെടുന്നതോടുകൂടി 95-96 വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള വിഹിതം താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ട്. ഉദാഃ 94-95 വർഷത്തിൽ 4,48,000/- രൂപയായിരുന്നു സർക്കാർ വിഹിതം എങ്കിൽ 95-96 വർഷത്തിൽ 11, 80, 894 രൂപയായി ഉയർന്നിട്ടുണ്ട്. കൃഷി, ആരോഗ്യം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപരിപാടികൾക്ക് മാത്രമായി 1,76,000 രൂപ ലഭിച്ചിട്ടുള്ള പഞ്ചായത്തിന്റെ ഒരു വർഷത്തെ മൊത്തം വരുമാനത്തിൽ ഏറ്റവും വർദ്ധനവ് കാണുന്നത് തൊഴിൽ നികുതിയിനത്തിലാണ് ശരാശരി 15 മുതൽ 22% വരെയുള്ള വർദ്ധനവ് വർഷം തോറും കണ്ട്വരുന്നു. അതുപോലെ മറ്റൊരു വർദ്ധനവ് ലൈസൻസ് ഫീസ് ഇനത്തിലാണ്. ശരാശരി 12 മുതൽ 17 ശതമാനം വരെ വർദ്ധനവ് ഈ ഇനത്തിൽ കാണുന്നു. മറ്റെല്ലാ ഇനങ്ങളിലും ശരാശരി 7% മുതൽ 10% വരെയുള്ള വർദ്ധനവ് മാത്രമേ കാണുന്നുള്ളൂ. നാമമാത്രമായ മറ്റൊരു വരുമാനം കൂടിയുള്ളത് ഫലവൃക്ഷങ്ങൾ പുഴ മത്സ്യം എന്നിവയുടെ ലേലത്തിലാണ്. Establishment Grand ന്റെ അളവ് വർഷം തോറും നേരിയ തോതിൽ കുറഞ്ഞ് വരുന്നതായി കാണുന്നു.

ചിലവിനങ്ങളിൽ ഏറ്റവും കൂടുതൽ വർദ്ധനവ് കാണുന്നത് Establishment ചിലവ് തന്നെയാണ്. 1995 -96 വർഷത്തിൽ പൊതുമരാമത്ത്, വിദ്യഭ്യാസം, ജലവിതരണം, പൊതുജനാരോഗ്യം, വൈദ്യുതി ,മറ്റുള്ളവയടക്കം 3, 55, 128 രൂപയുടെ ചിലവ് വന്നിട്ടുള്ളതിൽ 3,89, 850 രൂപയും Establish ചിലവിനത്തിൽ വന്നിട്ടുള്ളതാണ്. ഇതിൽ പൊതുമതത്തിന്റെ ചിലവിനത്തിൽ കാര്യമായ വർദ്ധനവ് കാണുന്നില്ല. പൊതുമരാമത്ത് രംഗത്തെ പണികൾ ജനകീയ കമ്മിറ്റികൾ എന്ന പേരിലാണ് പണികൾ ഭൂരിഭാഗവും നടത്തുന്നതെങ്കിലും കമ്മിറ്റികൾ കോൺട്രാക്ടർമാരെ ഏല്പിച്ചാണ് പണികൾ നടത്തുന്നത്. മറ്റ് പ്രത്യക്ഷ ഉൽപ്പാദന മേഖലകളിൽ പഞ്ചായത്ത് യാതൊരു പ്രവൃത്തിയും നടത്തി കാണുന്നില്ല. അതുകൊണ്ട് തന്നെ മറ്റൊരു സ്ഥാപനത്തിൽ നിന്നും സർക്കാർ തലത്തിൽ നിന്നും ടി പഞ്ചായത്തിന് കടബാദ്ധ്യതകളൊന്നും ഇല്ല.

അടുത്തതായി ധനകാര്യ സ്ഥാപനങ്ങളേകുറിച്ച് വിലയിരുത്താം. വേലൂരിലെ SIB യാണ് പഞ്ചായത്തിനകത്തെ ഏക വാണിജ്യബാങ്ക്. എന്നാൽ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന കാത്തലിക് സിറിയൻ ബാങ്ക് മുണ്ടത്തിക്കോട്, എരുമപ്പെട്ടി SIB, മരത്തംകോട് SBT, കേച്ചേരി SIB, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കുന്നംകുളം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തുടങ്ങിയ ബാങ്കുകളിലും വേലൂരിലെ ഒട്ടനവധി ജനങ്ങൾ ഇടപാടുക്കാരാണ്. പ്രധാനമായും ബാങ്ക് നിയമമനുസരിച്ച് Service Area Banks ആയി തിരിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിന് പുറത്തുള്ള ബാങ്കുകളിൽ ഇടപാട് നടത്തുവാൻ സാഹചര്യം ഉണ്ടായത്. Banking നിലവാരമനുസരിച്ച് ആകെയുള്ള Advance ന്റെ 40% Priority Sector ൽ പണം വായ്പയായി നല്കണം എന്നാണ് Banking നയം എന്നുണ്ടെങ്കിലും ഏകദേശം 60% ത്തോളം IRDP, അഗ്രികൾച്ചറൽ ആവശ്യങ്ങൾക്ക്, മറ്റ് Priority Sector മേഖലകളിലായി ലോൺ കൊടുക്കുന്നുണ്ട്. ഭവന നിർമ്മാണത്തിന് Loan കൊടുക്കുന്നുണ്ടെങ്കിലും സർക്കാർ ജീവനക്കാർക്ക് കൊടുക്കുവാൻ മാത്രമേ ബാങ്ക് താല്പര്യം കാണിക്കുന്നുള്ളു. വസ്തു ഈട് നൽകികൊണ്ടുള്ള വായ്പകൾ ഒരു തരത്തിലും ബാങ്ക് പ്രോത്സാഹിപ്പിക്കുന്നതായി കാണുന്നില്ല. അഥവാ ഉണ്ടെങ്കിലും വ്യക്തമായും ലോൺ കുടിശ്ശിക കൂടാതെ തിരിച്ചടക്കം എന്ന് ബാങ്കിന് ഉറപ്പുള്ളവർക്ക് മാത്രമേ വസ്തുക്കളിൽ വായ്പ നൽകുന്നുള്ളൂ. ചെറുകിട വ്യാപാര ആവശ്യങ്ങൾക്കും ലോൺ നൽകുന്നുണ്ട്. ഏകദേശം ഒരു ലക്ഷം രൂപവരെയാണ് 85% വായ്പയും നൽകിയിട്ടുള്ളത്. അതും വളരെ അപൂർവ്വമായി മാത്രം. പ്രധാന മന്ത്രിയുടെ തൊഴിൽ ദാനപരിപാടി പോലുള്ള തൊഴിൽ സംരംഭങ്ങളിൽ ഒരു വർഷത്തിൽ ആകെ 6 പേർക്ക് മാത്രമേ വായ്പ അനുവദിച്ചിട്ടുള്ളൂ. ഈ നയം ഇവിടുത്തെ യുവതിയുവാക്കളുടെ സ്വയം തൊഴിൽ തേടിയുള്ള പ്രയാണത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടയിൽ വർഷംതോറും Bank നിക്ഷേപത്തിന്റെ 65% മുതൽ 75% വരെ നിക്ഷേപ വർദ്ധനവ് കാണുന്നുണ്ട്.

സഹകരണബാങ്കുകൾ : വേലൂർ പഞ്ചായത്തിൽ മൂന്ന് സഹകരണ ബാങ്കുകളാണ് പ്രവൃത്തിക്കുന്നത്. അതിൽ ഏറ്റവും കൂടുതൽ ഇടപാടുകൾ നടത്തി മുൻനിരയിൽ നിൽക്കുന്നത് വേലൂർ സർവ്വീസ് സഹകരണ ബാങ്കാണ്. ഇവിടെ സ്ഥിരം ഡെപ്പോസിറ്റുകളും ഹ്രസ്വകാലഡെപ്പോസിറ്റുകളുമായി 3, 29, 53, 050 രൂപയുണ്ട്. കാർഷികവായ്പ, ദീർഘകാലവായ്പ മധ്യകാലവായ്പ, സാധാരണ വായ്പ, ഭവനനിർമ്മാണ വായ്പ സ്വയം തൊഴിൽ വായ്പ, ഹൈയർ പർച്ചേഴ്സ് വായ്പ, പണ്ടം പണയം സെക്യൂർ ലോൺ തുടങ്ങിയ മേഖലകളിൽ ഇടപാടുകൾ നടുത്തുന്നുണ്ട്. ചിട്ടികൾ, കൺസ്യൂമർ സ്റ്റോർ, റേഷൻ ക്എടകൾ, തുണിവ്യപാരം, വളം കീടനാശിനി , ഇരുമ്പ്, ഓണചന്ത, മാവേലി സ്റ്റോർ എന്നീ മേഖലകളിലും ബാങ്ക് പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകൾ തയ്യൂർ സർവ്വീസ് സഹകരണ ബാങ്കും, വെള്ളാറ്റുഞ്ഞുർ സർവ്വീസ് സഹകരണ ബാങ്കുമാണ്. ഇവിടെ യഥാക്രമം 60, 78,000 രൂപയും 54, 16, 250 രൂപയുമാണ് നിക്ഷേപമുള്ളത്. കാർഷിക വായ്പകൾ, മധ്യകാല ദീർഘകാല വായ്പകൾ, കാർഷികേതരവായ്പകൾ, പണ്ടം പണയം ഭവനനിർമ്മാണം, IRDP എന്നീ മേഖലകളിൽ വായ്പ ഇടപാട് നടത്തുണ്ട്. വളം, കീടനാശിനി, റേഷൻ കട, തുണിചരക്ക് വ്യാപാരം എന്നി രംഗങ്ങളും ബാങ്കിനോടനുബന്ധിച്ച് നടക്കുന്നുണ്ട്.

ഇത്തരം ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിനകത്തുണ്ടെങ്കിലും ഒട്ടേറെ അംഗീകൃതവും അംഗീകൃതമല്ലാത്ത

ഫൈനാൻസ് സ്ഥാപനങ്ങൾ പഞ്ചായത്തിനകത്തുണ്ട്. വൻപലിശ കൊടുത്തുകൊണ്ടുള്ള ഇത്തരം. ഇടപാടുകൾ സാധാരണക്കാരായ ജനങ്ങൾക്ക് വല്ലാത്ത ഭാരം അനുഭവിക്കുവാൻ ഇടവരുന്നുണ്ട്. സാമ്പത്തികമായി വളരെ അത്യവശ്യം വരുന്ന സന്ദർഭങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കുകളിലും മറ്റും ആവശ്യമായി വരുന്ന രേഖകൾ തയ്യാറാക്കാൻ വരുന്ന കാലതാമസം കണക്കിലെടുത്ത് പലരും ഇത്തരം ഫൈനാൻസ് സ്ഥാപനങ്ങളെ ആശ്രയിക്കാറുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ ബന്ധപ്പെട്ടുകഴിഞ്ഞാൽ ഇടപ്പാട് തീർത്ത് പോരുവാൻ ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രമകരമാണ്.

ഇത് കൂടാതെ തന്നെ എല്ലാ വാർഡുകളിലും ചുരുങ്ങിയത് ഏഴോ, എട്ടോ, സൗഹാർദ്ദകുറികൾ നിലവിലുണ്ട്. കൂടാതെ ഉത്സവ കമ്മിറ്റികളോടനുബന്ധിച്ചുള്ള കുറികളും ധനകാര്യ (ഫൈനാൻസ്) പരിപാടികളും നിലവിലുണ്ട്. ഇത്തരം എല്ലാ മേഖലകളിലും നൂറ് രൂപയ്ക്ക് 10 പണം 8 പണം പലിശ എന്ന നിരക്കിൽ മാസം തോറും ഈടാക്കുന്നുണ്ട്. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി വെള്ളാറ്റഞ്ഞൂർ പ്രദേശത്ത് ഒരു സമിതി പ്രവർത്തിക്കുന്നുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി Share പിരിച്ചെടുത്ത് നാടിന്റെ വികസന പ്രവർത്തനങ്ങളും സാധാരണക്കാർക്ക് സാമ്പത്തിക സൗകര്യങ്ങളും ഈ സമിതി ചെയ്തുകൊടുക്കുന്നു ണ്ട് വളരെ ലളിതമായ പലിശനിരക്ക് മാത്രമേ ഈ സമിതി ഈടാക്കുന്നുള്ളൂ.

ഗൾഫ് : തൊഴിൽ ലഭ്യതയും അതുപോലെ തന്നെ സാമ്പത്തിക ഭദ്രതയും കണക്കാക്കിയാണ് വിദേശങ്ങളിലേക്ക് സാധാരണക്കാരായ ചെറുപ്പക്കാർ ചേക്കേറിയിട്ടുള്ളതെങ്കിലും ഇതിൽ ഒരു നേരിയ ശതമാനത്തിന് മാത്രമേ ലക്ഷ്യത്തിന് അടുത്തെത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇതുകൊണ്ട് പ്രധാനമായും ഉണ്ടായ ദോഷം സാങ്കേതിക മേഖലയിലുള്ള ഉന്നത ബിരുദമുള്ളവൻ വിദേശങ്ങളിലേക്ക് പോവുന്നതുകൊണ്ട് നല്ല സാങ്കേതിക വിദഗ്ധരുടെ കുറവ് അനുഭവപ്പെടുന്നണ്ട്. അതുപോലെ ഗൾഫ് സ്വപ്നം തുടർ വിദ്യാഭ്യാസത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. 70 കളിൽ ആരംഭിച്ചകുടിയേറ്റം ഇപ്പോൾ മന്ദഗതിയിലായിട്ടുണ്ട്. ഇവരുടെ സാമ്പത്തികഭാഗം അവലോകനം ചെയ്താൽ അധികഭാഗവും കെട്ടിട നിർമ്മാണത്തിനും ഉപഭോഗവസ്തുക്കൾ വാങ്ങിക്കുന്നതിനുമാണ് ചെലവഴിക്കുന്നത്. കാർഷിക വ്യവസായിക സാംസ്കാരിക മേഖലകളിൽ ഇവരുടെ സേവനം നാമമാത്രമാണെങ്കിലും സംഭാവനയുടെ രംഗത്ത് ഇവൾ കറവപശുക്കൾ കൂടിയാണ്.

## സന്നദ്ധസേവനം

സന്നദ്ധസംഘടനകൾ എന്ന പേരിൽ ചിലത് നമ്മളുടെ പഞ്ചായത്തിൽ കാണാമെങ്കിലും അവയുടെ പ്രവർത്തനമേഖല ചില രംഗങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. അവ വളരെ ബഹുജനപങ്കാളിത്തം കുറഞ്ഞവയുമാണ്. ഇപ്പോൾ പ്രധാനമായും നടന്നുവരുന്ന സന്നദ്ധ പ്രവർത്തനം അതാതു പ്രദേശങ്ങളിലെ പ്രധാന റോഡുകളുടെ അറ്റകുറ്റ പണികൾ മുതലായവയാണ്. ഇത്തരം സന്നദ്ധ പ്രവർത്തനം നേരായ ദിശയിലേക്ക് തിരിച്ചു വിടുകയാണെങ്കിൽ ഒരു പരിധി വരെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മനുഷ്യദ്ധ്വാനം ലഭ്യമാക്കാൻ സാധ്യതയുണ്ട്.

## വനം

വേലൂരിന്റെ വടക്കുകിഴക്കൻ മേഖലയിൽ 600 ഏക്കറോളം വനഭൂമി ഉണ്ടായിരുന്നു. ഇന്ന് ഈ പ്രദേശങ്ങളിൽ വ്യവസായിക ആവശ്യത്തിന്റെ പേരിൽ വനം നശിപ്പിച്ച് യൂക്കാലിപ്പ്സ്, അക്കേഷ്യ മുതലായവ വെച്ചു പിടിപ്പിച്ചിട്ടുള്ളതാണ്. ഇതുകൊണ്ട് ഈ പഞ്ചായത്തിലെ നിവാസികൾക്ക് മരം മുറിക്കുകയും നടുകയും ചെയ്യുന്ന അവസരങ്ങളിലെങ്കിലും വനമേഖലയിൽ നിന്ന് ലഭിക്കേണ്ട മറ്റ് വിശേഷപ്പെട്ട ഗുണങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് നിവാസികൾക്ക് ഇല്ല.

പഞ്ചായത്തിൽ നികുതി ഏർപ്പെടുത്തുന്നത് സാമ്പത്തിക അനുപാതപരമായിരുക്കണം. ആഡംബരങ്ങൾക്കും, ആലങ്കാരികപരമായ കാര്യങ്ങൾക്കും കൂടുതൽ നികുതി ഏർപ്പെടുത്തി

സാധാരണക്കാരന് കൂടുതൽ നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. വലിയ വീടുകൾക്കും ഷോപ്പിങ്ങ് കോംപ്ലക്സുകൾക്കും കൂടുതൽ നികുതി ഏർപ്പെടുത്താവുന്നത്. വൻകിട വ്യവസായങ്ങൾ പ്രകൃതിയെ ചൂഷണം ചെയ്യുന്ന വ്യവസായങ്ങൾ വൻകിട വ്യപാരങ്ങൾ എന്നിവയ്ക്ക് കൂടുതൽ ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്.

Estabilishment ചിലവ് വർഷം തോറും ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി കാണുന്നു. ഇത് നിന്ത്രണ വിധേയമാക്കേണ്ടതാണ്.

പൊതുമരാമത്ത് രംഗത്ത് കോൺട്രാകൂർമാരുടേയും ഇടത്തട്ടുകാരുടേയും സ്വാധീനം വർദ്ധിക്കുന്നത് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ജനകീയ കമ്മിറ്റികൾക്ക് ഈ രംഗത്ത് സ്വാധീനമുണ്ടെങ്കിലും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ കഴിയാത്തത് സാമ്പത്തിക പരാധീനത കൊണ്ടാണ്. ഇതൊഴിവാക്കി നടത്താനുദ്ദേശിക്കുന്ന പരിപാടിയുടെ പൂർണ്ണ വിവരം പ്രസിദ്ധം ചെയ്യുകയും അതിന് ഉദ്യോഗസ്ഥ തലത്തിൽ വരുന്ന "കാലതാമസം"(അഴിമതി) ഒഴിവാക്കി പണി ആരംഭിക്കുന്നതോടൊപ്പം തന്നെ ഗഡുക്കളായി സാമ്പത്തിക സഹായം കമ്മറ്റികൾക്ക് നൽകുകയും ചെയ്താൽ ഒരു പരിധിവരെ ഇടത്തട്ടുക്കാരേയും കോൺട്രാക്ടർമാരേയും ഒഴിച്ചുനിർത്തി ചോർച്ച തടയുവാൻ കഴിയും.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവമായ മാനവവിഭവശേഷിയെ പരിപോഷിപ്പിക്കാൻ സാങ്കേതികവും വിദ്യഭ്യാസപരവുമായ പരിശീലനം നൽകുവാൻ സംവിധാനം ഉണ്ടാകണം. അങ്ങിനെ വരുന്ന യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ, കുടിൽ വ്യാവസായം തുടങ്ങിയ മേഖലകളിലൂടെ പഞ്ചായത്തിന്റെ മാനവവിഭവശേഷി ഉയർത്താം. ബാങ്കിങ്ങ് വായ്പ സുതാര്യപ്പെടുത്തുകയും, ബാങ്ക് നിർദ്ദേശിക്കുന്ന സ്ക്കീമുകൾ വിട്ട് ജനങ്ങളുടെ ആവശ്യപ്രകാരമുള്ള സ്ക്കീമുകൾ പരിശോധിച്ച് വായ്പ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതാണ്. അങ്ങിനെ വന്നാൽ സാമ്പത്തിക പരാധീനത മൂലം തടസ്സപ്പെട്ട് നിൽക്കുന്ന കാർഷിക - തൊഴിൽ - മേഖലകളിൽ കൂടുതൽ മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്തുവാനും സ്വയം പര്യാപ്തതയിലേക്ക് പഞ്ചായത്തിനെ എത്തിക്കുന്നതിനും സാധിക്കും.

പൊതുസേവന പ്രവർത്തന രംഗങ്ങളിൽ ജനങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം കൊടുക്കുവാൻ കഴിഞ്ഞാൽ (സാക്ഷരത) കൂടുതൽ സന്നദ്ധപ്രവർത്തന രംഗങ്ങളിൽ വ്യക്തികളേയും സംഘടനകളേയും കൊണ്ടുവരുവാൻ കഴിയുന്നതാണ്. അതിലൂടെ സംഘടിത ശക്തികളുടെ പ്രവർത്തനം ലഭ്യമാവുന്നതാണ്.

പ്രകൃതിയുടെ അനുഗ്രഹത്തിലൂടെ വേലൂർ പഞ്ചായത്തിനെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുവാൻ കാർഷികമായ ഒരു കുതിച്ചുകയറ്റത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. കൃഷിക്കാരൻ ഇന്നനുഭവിക്കുന്ന ദുരിതങ്ങളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ അത്യാധുനിക കാർഷിക ഉപകരണങ്ങൾ ആവശ്യമായ ഘട്ടങ്ങളിൽ ലഭ്യമാക്കുകയും, കാർഷിക ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിന് ഇന്നുള്ള ബാങ്കിങ്ങ് സംവിധാനം മെച്ചപ്പെടുത്തുകയും വേണം. കൃഷികാരന് ആവശ്യമായ ഘട്ടങ്ങളിൽ വിളകൾ ഇറക്കുന്നതിനും വിളകൾ പരിപോഷിപ്പിക്കുന്നതിനും സാമ്പത്തിക - സാങ്കേതിക സഹായം സർവ്വീസ് സഹകരണ ബാങ്കുകളും കാർഷിക ഉദ്യോഗസ്ഥ മേഖലകളിൽ നിന്നും സമയാസമയാങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

കർഷകന് ഇടത്തട്ടുക്കാരിൽ നിന്ന് മോചിപ്പിക്കുവാൻ കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് വിപണി ഉണ്ടാക്കികൊടുക്കേണ്ട ചുമതല പഞ്ചായത്ത് വഹിക്കണം. അതിനായി ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും ഉള്ള കേന്ദ്രങ്ങൾ ആരംഭിച്ചാൽ വിപണനം എളുപ്പമായി തീരും. ഇവിടങ്ങളിൽ തന്നെ മത്സ്യ-മാംസ - പച്ചക്കറി വിപണന കേന്ദ്രങ്ങളും നല്ല രീതിയിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാനായാൽ കാലത്തിനൊപ്പം മനുഷ്യദ്ധ്വാനവും മനുഷ്യദ്ധ്വാനത്തിനൊപ്പം കാലത്തേയും യോജിപ്പിച്ച് കൊണ്ടുപോകുവാൻ സാധിക്കാവുന്നതാണ് !

# വേലൂർ ഗ്രാമ പഞ്ചായത്ത്
# വിഭവ ഭൂപടം



ട്രാൻസെക്റ്റ - I

# പഠന പര്യടനം

| ഭൂപ്രകൃതി | കുന്നിൻ മണ്ട | കുത്തനെ ചരിവ് | താഴ്‌വര | ഉയർന്ന പീഠഭൂമി | താഴ്‌വര | ഉയർന്ന പീഠഭൂമി | താഴ്‌വര | ഉയർന്ന പീഠഭൂമി | താഴ്‌വര |
|---|---|---|---|---|---|---|---|---|---|
| മൺതരം | കരിങ്കൽ | കരിങ്കൽ, എക്കൽ മിശ്രിതം | പശിമാരാശി മണ്ണ് | ചരൽ മണ്ണ്, വെട്ടുകല്ല് | പശിമരാശിമണ്ണ് | ചരൽ മണ്ണ്, വെട്ടുകല്ല് | പശിമരാശിമണ്ണ് | ചരൽ മണ്ണ് | പശിമരാശിമണ്ണ് |
| സസ്യാവരണം | പാഴ്മരങ്ങൾ (കശുമാവ്, മാവ്) വെള്ള മരങ്ങൾ) | തേക്ക്, തെങ്ങ് കവുങ്ങ്, ഫലവൃക്ഷങ്ങൾ വാഴ, കപ്പ | നെല്ല് | കവുങ്ങ്, തേക്ക്. തെങ്ങ്, ഇടവിളകൾ, വാഴ, കപ്പ | നെല്ല് | കവുങ്ങ്, തെങ്ങ്, ഫലവൃക്ഷങ്ങൾ, കശുമാവ്, വാഴ | നെല്ല് | തെങ്ങ്, കവുങ്ങ്, ഫലവൃക്ഷങ്ങൾ, വാഴ | നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ്, പാറപൊട്ടിക്കൽ | മണ്ണൊലിപ്പ്, പാറപൊട്ടിക്കൽ | വെള്ളക്കെട്ട് | വരൾച്ച | വെള്ളക്കെട്ട് | വരൾച്ച | വെള്ളക്കെട്ട് | | — |



## അച്ചടിയിൽ വന്നിട്ടുള്ള താഴെ പറയുന്ന പിശകുകൾ അതിന് നേരെ എഴുതിയ പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| പേജ് 29 | - വളർത്തു പശു | - വളർത്തുപക്ഷി | |
| പേജ് 32 | ഖണ്ഡിക -1 ചെറുകഥകളും | - ചെറുകുന്നുകളും | |
| പേജ് 33 | ആർ. എം. എൽ. പി. സ്കൂൾ, കിരാലൂർ | - ആർ. എം. എൽ. പി. സ്കൂൾ, വേലൂർ | |
| പേജ് 34 | PULIYOOR U.P | - PULIYANNUR U.P | |
| പേജ് 38 | 95-96 ലെ ജനസംഖ്യ സ്ത്രീ 12396 | സ്ത്രീ 12390 | (ആരോഗ്യ വകുപ്പ് 95-96 വർഷത്തേക്ക് എടുത്ത സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള കണക്ക്) |
| പേജ് 51 | വിസ്തീർണ്ണം 29 ച. കി | - 28.32 ച.കി | |
| പേജ് 63 | പുരു 11287<br>സ്ത്രീ 11809<br>ആകെ 23096 | - പുരു 11347<br>- സ്ത്രീ 11689<br>- ആകെ 23036 | വടക്കാഞ്ചേരി ശിശു വികസന ഓഫീസർ അയച്ചുതന്ന സ്റ്റേറ്റുമെന്റ് പ്രകാരം |

പേജ് 3 പ്രകാരം കൊടുത്തിരിക്കുന്ന ജനസംഖ്യ കണക്ക് 22/55 എന്നുള്ളത് 1991 ലെ സെൻസ്സസു റിപ്പോർട്ടുപ്രകാരമുള്ളതാകുന്നു.

പഞ്ചായത്ത് വികസന റിപ്പോർട്ട് 16-11-1996 ൽ വേലൂർ ഗവഃ ഹൈസ്ക്കൂളിൽ കൂടിയ വികസന സെമിനാറിൽ അവതരിപ്പിച്ചു.